U8:2:N2
32F5

2 32F5
MMA (T.).
a yatra.

MUL
051146

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number U8:2:N2 32 F5

Accession Number 51146

Available for loan from

This book should be returned on or before the date last marked below.

12 DEC 1946

9 ... 1953

O. 61

# ഒരു തീർത്ഥയാത്ര.

തരവത്ത് അമ്മാളുഅമ്മ.

(പ്രകാശ്യപ്രകാശം)

UNIVERSITY LIBRA[RY]
APR. 19 9
MADRAS

1-ാം പതിപ്പ്

Norman Printing Bureau

Calicut.

1925.

വില അണ 10

5118
U8:25 N2
32F5

UNIVERSITY LIBRARY
APR. 19 9
MADRAS

# മുഖവുര.

വിശ്വവിശ്രുതമായ ശ്രീകാശിയെപ്പററി കേൾക്കാത്തവർ അധികം പേരുണ്ടായിരിപ്പാനിടയില്ല. ഹിന്തുക്കളുടെ ഭക്തിവിശ്വാസങ്ങൾക്കിരുപ്പിടമായ ഈ ദിവ്യസ്ഥലത്തെ ദർശിപ്പാനുള്ള ആഗ്രഹം ആദ്യമായി എന്റെ മനസ്സിൽ അങ്കുരിച്ചതു, ഉദ്ദേശം പതിനാലു കൊല്ലങ്ങൾക്കു മുമ്പു പേരൂർ ക്ഷേത്രത്തിൽ ഒരു ബ്രാഹ്മണൻ കാശീമാഹാത്മ്യം വായിക്കുന്നതു കേട്ട സമയം മുതല്ക്കായിരുന്നു. എനിക്ക് അതിൽ അതിശ്രദ്ധ തോന്നിയതിനാൽ പിന്നീടു ഞാൻ കാശീകാണ്ഡം മുഴുവനും വായിച്ചു. എന്നാൽ അതു എന്റെ ഉൽക്കണ്ഠയെ പതിന്മടങ്ങു വർദ്ധിപ്പിക്കുകയാണുണ്ടായതു. അവസാനം ഈ ആഗ്രഹത്തെ ഞാൻ എന്റെ അമ്മയെ അറിയിക്കുകയും ആയതിന്നു 'ഇപ്പോൾ പോകുന്നതിനേക്കാൾ താൻ മരിച്ചശേഷം ആ അസ്ഥിയുംകൊണ്ടു കാശിയിൽ ചെന്നു ഗയാശ്രാദ്ധം ഊട്ടുന്നതായിരിക്കും ഔചിത്യമെന്നും അതു സാധിപ്പാൻ താൻ അനുഗ്രഹിക്കാമെന്നും' അമ്മ മറുവടി പറയുകയും ചെയ്തതനുസരിച്ച് ഞാൻ തല്ക്കാലം ആ ആഗ്രഹം ഒതുക്കി. എന്നാൽ ഭൂലോകപത്മത്തിന്നു കർണ്ണികയെന്നപോലെയുള്ള മണികർണ്ണികയേയും, മുക്തിപ്രദനായ വിശ്വേശ്വരനേയും ദർശിക്കാൻ എന്നു സാധിക്കുമോ എന്ന ഏക

വിചാരംകൊണ്ടു കൃത്യാന്തരങ്ങളെല്ലാം എനിക്ക് ഉപദ്രവമായി തോന്നിത്തുടങ്ങി.

"ഗംഗാതീരമനന്തമംഹി സകലം
തത്രാപികാശ്യുത്തമാ
തസ്യാംസാ മണികൎണ്ണികോത്തമതമാ
യത്രേശ്വരോ മുക്തിദഃ
ദേവാനാമപിദുല്ലഭം സ്ഥലമിദം
പാപൌഘനാശക്ഷമം
പൂൎവ്വോപാർജിത പുണ്യപുഞ്ജഗമകം
പുണ്യൈൎജ്ജനൈഃ പ്രാപ്യതെ
ദുഃഖാംഭോധി ഗതോഹി ജന്തുനിവഹ
സ്തേഷാംകഥം നിഷ്കൃതിഃ
ജ്ഞാത്വാതദ്ധിവിരിഞ്ചിനാ വിരചിതാ
വാരാണസീ ശൎമ്മദാ
ലോകാഃ സ്വൎഗ്ഗസുഖാസ്തതോ പിലഘവോ
ഭോഗാന്തപാത പ്രദാഃ
കാശീമുക്തിപുരീ സദാശിവകരീ
ധൎമ്മാൎത്ഥ മോക്ഷപ്രദാ."

ഇത്യാദി ശങ്കരാചാൎയ്യ സ്വാമികളുടെ ഭക്തിരസപ്രവാഹിനികളായ പദ്യങ്ങളെ സദാ മനനം ചെയ്തുകൊണ്ടും എൻെറ ആഗ്രഹത്തെ ഈ ജന്മത്തിൽ തന്നെ സാധിപ്പിച്ചു തരേണമേ എന്നു ഈശ്വരനോടു പ്രാൎത്ഥിച്ചുകൊണ്ടും ദിവസം കഴിച്ചുപോന്നു. എൻെറ സ്ഥൂല ദേ

ഹത്തിന്നു ഗംഗാസ്നാനം ലഭിച്ചില്ലെങ്കിലും സൂക്ഷ്മദേഹത്തിന്നു ആയതു സിദ്ധിച്ചിട്ടുള്ളതായി എന്റെ സ്വപ്നങ്ങളാൽ എനിക്കനുഭവപ്പെട്ടിരുന്നു. പത്തു സംവത്സരങ്ങൾക്കു മുമ്പ് ജ്യേഷ്ഠനും അമ്മയും അടുത്തടുത്തായി ചരമഗതി പ്രാപിച്ചപ്പോൾ മാതൃവാക്യാനുസരണാർത്ഥം ഇനി ഇക്കാൎയ്യം നിൎവ്വഹിക്കേണമെന്നു ഞാൻ എന്റെ അനുജനായ ഡാക്റ്റർ നായരോടു പറഞ്ഞു. അമ്മക്കും ജ്യേഷ്ഠനും വേണ്ടി ചെയ്യുന്ന ക്രിയകളിൽ താനും ഭാഗഭാക്കായതിനാൽ രണ്ടു പേർക്കുംകൂടെ ഒരുമിച്ചു കാശിയിൽച്ചെന്നു ശാസ്ത്രോക്തപ്രകാരമുള്ള കൎമ്മങ്ങൾ ചെയ്യാമെന്നും ഇപ്പോൾ താൻ ആരംഭിച്ചിരിക്കുന്ന പ്രവൃത്തിയെ വിജയകരമാംവണ്ണം കലാശിപ്പിച്ചശേഷം താൻതന്നെ കൂട്ടിക്കൊണ്ടുപോകാമെന്നും എന്റെ സഹോദരൻ അ:ൟ എന്നെ പറഞ്ഞു സമാധാനിപ്പിച്ചു. ഇങ്ങിനേയും കുറച്ചുകാലം കഴിഞ്ഞു. മേല്പറഞ്ഞ കാൎയ്യത്തിന്നായി 1919-ൽ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടപ്പോൾ കൂടിയും എന്റെ അനുജൻ എന്നോടു ഇപ്രകാരംതന്നെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വരവിനേയും പ്രതീക്ഷിച്ചിരുന്ന എനിക്കു ഹതവിധിവൈഭവത്താൽ പിന്നീടു കേൾപ്പാനിടയായതു ആ പ്രിയ സഹോദരന്റെ മൎമ്മഭേദകമായ ചരമവൃത്താന്തമായിരുന്നു. അതോടുകൂടെ ദേഹവും മനസ്സും ക്ഷീണിച്ച് ഞാൻ തീരെ കിടപ്പിലായി. ഇനി ഇജ്ജന്മത്തിൽ ഗംഗാസ്നാനമോ വിശ്വനാഥദൎശനമോ അസാദ്ധ്യമാണെന്നും തോന്നിത്തുടങ്ങി. ഇംഗ്ലണ്ടിൽവെച്ചു മരിച്ചുപോയ അനുജന്റെ അസ്ഥി എന്റെ കൈവശം വന്നെത്തിയപ്പോൾ

"അന്യത്രാപി പ്രമീതാനാം ശ്രാദ്ധം ശ്രദ്ധാസമേധിനാം
അത്രദീയേതതേനസ്യാത്തേഷാം കൈലാസസംഗമഃ"

എന്നും,

"കീകടേപി പ്രമീതസ്യ പാപകൎമ്മരതസ്യച
യദ്യസ്ഥിഖണ്ഡംഗംഗായാം നിപതേദ്ദൈവയോഗതഃ
തദാസംക്ഷീണപാപസ്സൻ ദിവ്യഭോഗസമന്വിതഃ
ഷഷ്ടിവൎഷസഹസ്രാണി സ്വൎഗ്ഗലോകെ മഹീയതെ"

എന്നും ഞാൻ മുമ്പു കാശീഖണ്ഡത്തിൽ വായിച്ചതു ഓൎമ്മവന്നു. അപ്പോഴേക്കും എൻെറ ദേഹാസ്വാസ്ഥ്യത്തിന്നു ഡാക്ടർ നായരുടെ ഭാഗ്യാതിരേകത്താലോ, മാതാവിൻെറ പൂൎണ്ണാനുഗ്രഹത്താലോ അല്പാല്പം ഭേദം കണ്ടുതുടങ്ങി. ഇനി താമസിക്കുന്നതു ഉചിതമല്ലെന്നും മരിച്ചുപോയവരുടെ സൽഗതിക്കാവശ്യമുള്ള ക്രിയാദികൾ ചെയ്യേണ്ടതു എൻെറ ബാദ്ധ്യതയാണെന്നും മററു ഉടമസ്ഥന്മാരില്ലാത്ത സ്ഥിതിക്ക് ഞാൻതന്നെ അതിന്നു ശ്രമിക്കേണ്ടതാണെന്നും തീൎച്ചപ്പെടുത്തി അതിന്നുള്ള ശ്രമങ്ങൾ തുടങ്ങി. എങ്കിലും 1921 ജൂലായിമാസത്തിൽ മാത്രമേ പുറപ്പെടുവാൻ സാധിച്ചുള്ളു.

യാത്രയിൽ ഓരോരോ സ്ഥലങ്ങൾ ദൎശിക്കുമ്പോഴുള്ള സന്തോഷാതിരേകം നിമിത്തം അതാതു സ്ഥലങ്ങളിലെ കാഴ്ചകളേയും ചരിത്രങ്ങളേയും മാഹാത്മ്യങ്ങളേയും ഞങ്ങൾ അപ്പപ്പോൾ അന്വേഷിച്ച് കുറിച്ചുവെക്കുക പതിവായിരുന്നു. എന്നെപ്പോലെ ഈ വക തീൎത്ഥയാത്രക്കാഗ്രഹിക്കുന്നവൎക്ക് ഇതു സുഖപ്രദമായിരിക്കുമെന്നും അതിനാ

ൽ പിന്നീട് ഇവയെയെല്ലാം പരിശോധിച്ച് ഭേദപ്പെടുത്തി ഒരു പുസ്തകമാക്കിത്തീൎക്കേണമെന്നും ഞങ്ങൾ ഉദ്ദേശിച്ചിരുന്നു. എന്നാൽ സംസാരസാഗരതരംഗങ്ങൾ മററൊരു ദിക്കിലേക്ക് അടിച്ചുതള്ളുക നിമിത്തം ഈ കുറിപ്പുകളെ തിരുത്തി നന്നാക്കുവാനോ ഉടൻതന്നെ പ്രസിദ്ധപ്പെടുത്തുവാനോ എനിക്കു സാധിച്ചില്ല. എന്റെ ദേഹസ്ഥിതിക്ക് അതു മേലിൽ തീരെ അസാദ്ധ്യമാണെന്നു തോന്നുകയാൽ അവയെ ഇപ്പോൾ അതേ സ്ഥിതിയിൽ പ്രസിദ്ധപ്പെടുത്തുവാൻ ഒരുങ്ങിയതാണ്. ഇതിൽ കാണുന്ന ചരിത്രസംബന്ധമായ വിവരങ്ങളും മററും എന്റെ ഒരുമിച്ചുണ്ടായിരുന്ന എന്റെ മരുമകൻ ഗോവിന്ദൻനായരുടെ യാത്രാക്കുറിപ്പുകളിൽ നിന്നെടുത്തു ചേൎത്തിട്ടുള്ളതാകുന്നു. അപ്പപ്പോൾ എഴുതിച്ചേൎത്തതാകയാൽ ഭാഷാശുദ്ധി വളരെ കുറഞ്ഞുകാണ്മാനിടയുണ്ട്. അതിനെ മഹാജനങ്ങൾ ക്ഷമിക്കുമെന്നു കരുതുന്നു.

ദിവ്യക്ഷേത്രങ്ങളുടേയും ദിവ്യതീൎത്ഥങ്ങളുടേയും മാഹാത്മ്യങ്ങളറിവാൻ ആഗ്രഹമുള്ളവർ നമ്മുടെയിടയിൽ പലരും ഉണ്ടായിരിക്കുമല്ലോ. അത്തരക്കാരുടെ സന്തോഷത്തിന്നായി ഇതിനെ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്

പാലക്കാട്,<br>8-1-25. } **തരവത്ത് അമ്മാളുഅമ്മ.**

Oru theertha yathra

# ഒരു തീർത്ഥയാത്ര.

—— :o: ——

## 1-ാം അദ്ധ്യായം.

———

### ശ്രീജഗന്നാഥപുരി (പുരുഷോത്തമ ക്ഷേത്രം.)

———

പാലക്കാട്ടുനിന്നു് ഡാക്ടർ നായരുടെ അസ്ഥിയുംകൊണ്ടു് ഞങ്ങൾ മദ്രാശിയിൽ ചെന്നിറങ്ങിയ ശേഷം അവിടെ നടന്ന വിശേഷങ്ങളുടെ ഒരു ചുരുക്കവിവരണം ഈ പുസ്തകത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ടു്. മദ്രാശിയിൽ നിന്നും 1921 ജൂലായി മാസം 30-നു ഞങ്ങൾ ജഗന്നാഥത്തേക്കു പുറപ്പെട്ടു. ജഗന്നാഥത്തെ റെയിൽവെ സ്റ്റേഷന്റെ പേർ 'പൂരി' എന്നാണ്. അവിടേക്കു മദ്രാസിൽനിന്നും 776 നാഴിക ദൂരമുണ്ടു്. ഞങ്ങൾ നേരിട്ടു് പൂരിയിലേക്കു ടിക്കററു വാങ്ങി, മദ്രാശിയിൽ നിന്നു രാത്രി 7 മണിക്കു പുറപ്പെടുന്ന കല്ക്കത്താമെയിലിൽകയറി. മദ്രാശിയിൽ നിന്നു കല്ക്കത്തക്കു പോകുന്ന തീവണ്ടിപ്പാത 'വാൾട്ടയർ' സ്റ്റേഷൻവരെ *M. & S. M.* കമ്പിനിക്കാരുടെ വകയും അതുമുതൽ കല്ക്കത്തവരെ *B. N. R.* കമ്പിനിക്കാരുടേതും ആണ്. അതിനാൽ മദ്രാശിയിൽനിന്നു പുറപ്പെടുന്ന വണ്ടികളിൽ

രണ്ടോ മൂന്നോ ഒഴികെ മററുള്ളവയെല്ലാം വാൾംട്ടയറിൽ നിത്തുന്നു. അതുകൊണ്ടു മദ്രാശിയിൽനിന്നു വണ്ടിയിൽ കയറുന്നതിന്നു മുമ്പായി ഓരോ വണ്ടിയിന്മേലും ഉള്ള ബോർഡുകൾ നോക്കണം. എന്നാൽ ആ വണ്ടി ഏതുവരെ പോകുമെന്നറിയാം. നേരെ കല്ക്കത്തക്കു പോകുന്ന വണ്ടി നോക്കി കയറാത്തപക്ഷം വാൾംട്ടയറിൽ ഇറങ്ങി കയറേണ്ടിവരും. മദ്രാശിയിൽനിന്നു ബോമ്പെ, കല്ക്കത്ത എന്നീ ദിക്കുകളിലേക്കു പോകുന്ന തീവണ്ടികളിൽ വടക്കെ ഇന്ത്യയിലെ വണ്ടികളിലെന്നപോലെ 4 ക്ലാസ്സുകൾ ഉണ്ട്. രണ്ടിന്നും മൂന്നിന്നും മദ്ധ്യെയുള്ളതായ ഇൻററർക്ലാസ്സിൽ 2-ാം ക്ലാസ്സിലെന്നപോലെയുള്ള മിക്ക സൌകൎയ്യങ്ങളും ഉണ്ടു. ചില ദിവസങ്ങളിൽ 8 ആളുകൾക്കു മാത്രം കയറാവുന്ന ചെറിയ ഇൻററർക്ലാസ്സു മുറികൾ ഉണ്ടായിരിക്കും. ചെറിയ സംഘക്കാൎക്കു ഇതു വളരെ സൌകൎയ്യമാണ്.

ഞങ്ങളുടെ ഈ യാത്ര വളരെ സുഖപ്രദമായിരുന്നു. വഴിയിൽ മിക്കസ്ഥലത്തും ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ കിട്ടും. വണ്ടി മദ്രാശിവിട്ടാൽ അധികം താമസിയാതെ തെലുങ്കുരാജ്യത്തിൽ പ്രവേശിക്കുന്നു. പെണ്ണാർ, പാലാർ, മുതലായ പലെ നദികളും കടന്ന് പുലച്ചെ 4 മണി 20 മിനുട്ടിന്നു 'കൃഷ്ണാ'നദീതീരത്തുള്ളതായ ബജവാഡാ എന്ന വലിയ ജങ്ക്ഷനിൽ എത്തുന്നു. ഇതിന്നു മുമ്പായി കൃഷ്ണാനദിയുടെ പാലം കടക്കണം. ഈ പാലത്തിന്നു ഉദ്ദേശം 1 നാഴിക ദൂരമുണ്ട്. കൃഷ്ണാനദി 'പുഷ്കരം' എന്ന ഉത്സവം കൊണ്ടാടുന്നതായ 12 നദികളിൽ ഒന്നാകകൊ

ണ്ടു ഇതിനെ വളരെ മഹത്വമുള്ളതായിട്ടാണു കരുതിവരു ന്നതു. ബജവാഡ സ്റ്റേഷനിൽ "വേററിംഗ്റൂം" "റെഫറ ഷ്മെൻററൂം" മുതലായ സൌകൎയ്യങ്ങളെല്ലാം ഉണ്ട്. തീ വണ്ടിമാൎഗ്ഗമായും കൃഷ്ണാനദിയിൽനിന്നുള്ള തോടുകൾവഴി യായും ഇവിടെ വലിയ കച്ചവടം നടക്കുന്നു. ബുദ്ധമതകാ ലത്തുള്ളതും പാറവെട്ടിയുണ്ടാക്കിയതുമായ അനേകംക്ഷേ ത്രങ്ങളും വളരെ പുരാതനങ്ങളായ ഹിന്തുക്ഷേത്രങ്ങളും ഇ ട്ടിക്കിലുണ്ടുപോൽ. ബജവാഡയിൽ വണ്ടി 20 മിനുട്ടു താ മസിക്കും. അവിടെ നിന്നും 4-40നു പുറപ്പെട്ട് രാവിലെ 5-55നു 'എല്ലൂർ' സ്റ്റേഷനിൽ എത്തുന്നു. ഇവിടെ 12 മി നുട്ടേ താമസമുള്ളു. ഈ സ്റ്റേഷനിലും ഭക്ഷണസാധനങ്ങ ൾ കിട്ടും. 8 മണി 5 മിനുട്ടിന്നു 'ഗോദാവരി' സ്റ്റേഷനിൽ എത്തും. ഇതു ഗോദാവരിനദിയുടെ വലത്തെക്കരെക്കും 'രാ ജമഹേന്ദ്രി' സ്റ്റേഷൻ ഇടത്തെക്കരെക്കും ആകുന്നു. ഇതിന്നു രണ്ടിന്നും മദ്ധ്യത്തിലുള്ള സ്ഥലം മുഴുവനും ഗോദാവരിയു ടെ വമ്പിച്ച പാലമാണ്. ഈ പാലത്തിന്നു 160 അടിക ൾ അകലെ ആയി 56 തൂണുകൾ ഉണ്ടു. പാലത്തിൻെറ ഒട്ടാകെ നീളം 1¾ നാഴികയാണ്. തീവണ്ടി പാലത്തിന്മേ ൽക്കൂടി വളരെ സാവധാനത്തിലെ പോവുകയുള്ളു. ഇതു മുഖ്യമായ ഒരു കാഴ്ചതന്നെയാണ്. ഇന്ത്യയിൽ ഉള്ള തീ വണ്ടിപ്പാലങ്ങളിൽ നീളംകൊണ്ടു ഒന്നാമത്തേതു 'ശോ ണഭദ്ര'യുടെ പാലവും രണ്ടാമത്തേതു ഗോദാവരിയുടേതു മാകുന്നു. ഗോദാവരി തീവണ്ടിപ്പാലത്തിന്നു 3 നാഴിക കീ ഴ്പോട്ടായിട്ടാണു സുപ്രസിദ്ധമായ 'ധവളേശ്വരം' അണ

ക്കെട്ട്. ഇതിന്നു 3½ നാഴിക നീളമുണ്ട്. ഗോദാവരിയുടെ ഉത്ഭവം ബോംബെസംസ്ഥാനത്തിൽ 'നാസിക്' ജില്ലയിലുള്ള 'ത്ര്യംബകം' എന്ന സ്ഥലത്തിൽ നിന്നാണ്. പന്ത്രണ്ടു ജ്യോതിർല്ലിംഗങ്ങളിൽ ഒന്നായ പ്രസിദ്ധപ്പെട്ട ത്ര്യംബകേശ്വരക്ഷേത്രം ഇവിടെയായതിനാലാണ് ഈ സ്ഥലത്തിന്നു ഇപ്പേർ സിദ്ധിച്ചതു. ഇവിടെ ഗൌതമാശ്രമമാകയാൽ ഇതിൽ നിന്നു പുറപ്പെടുന്നതുകൊണ്ടു ഈ നദിക്കു 'ഗൌതമി' എന്നുകൂടെ ഒരു പേരുണ്ട്. രാമായണത്തിൽ പ്രസ്താവിച്ചുകാണുന്ന ഗൌതമീനദി ഈ ഗോദാവരിയാണ്. ഗോദാവരീസ്നാനം അതിപുണ്യകരമായി കരുതിവരുന്നതിനാൽ രാജമഹേന്ദ്രിയിലും ഗോദാവരിയിലും നല്ലസ്നാനഘട്ടങ്ങൾ ധാരാളം ഉണ്ട്. എന്നാൽ സ്നാനത്തിന്നു വിശേഷം 'ധവളേശ്വരം' അല്ലെങ്കിൽ കോടിലിംഗം എന്നു പറയുന്ന സ്ഥലത്തിലാണു. രാജമഹേന്ദ്രിയിൽ യാത്രക്കാൎക്കു താമസിപ്പാനായി സത്രങ്ങളുണ്ടു. ഇതിൽ പ്രധാനപ്പെട്ടതു 'നാളം' കുടുംബക്കാരുടെ വക സത്രമാണ്. എല്ലാവിധ സൌകൎയ്യങ്ങളും ഈ സത്രത്തിലുണ്ട്. സത്രക്കിണറുകളിലെ വെള്ളത്തിന്നു അല്പം ഉപ്പുരസമുള്ളതിനാൽ വെപ്പിന്നാവശ്യമായ ജലം ഗോദാവരിനദിയിൽ നിന്നാണ് എടുക്കുന്നതു്. കുടമൊന്നിന്നു ¼ ണ വീതം കൊടുത്താൽ വെള്ളം കൊണ്ടുവന്നു തരുവാൻ എത്ര ബ്രാഹ്മണരെയെങ്കിലും കിട്ടും. സത്രം നദീതീരത്താകയാൽ ജലസൌകൎയ്യം ധാരാളത്തിലുണ്ടു. രാജമഹേന്ദ്രിയിൽ വണ്ടി 7 മിനുട്ടേതാമസിക്കയുള്ളൂ. 8-18ന്ന് അവിടം വിട്ടാൽ പിന്നെ മെയി

ൽ നില്ക്കുന്നതു 'സാമൽകോട്ട' ജങ്ക്ഷനിൽ ആണ്. ഇവിടെ 9-14ന്ന് എത്തുന്നു. 12 മിനുട്ട് താമസമുണ്ടു. ഇവിടെ ശക്കര, പഞ്ചസാര, നാടൻചെരുപ്പുകൾ മുതലായവ സഹായവിലക്കു കിട്ടും. സാമൽകോട്ട ഒരു വലിയ കച്ചവടസ്ഥലമാണ്. ഈ ഭാഗത്തെ പ്രധാനതുറമുഖമായ 'കൊക്കനാഡ'യിലേക്കു തീവണ്ടി പോകുന്നതു ഇവിടെ നിന്നാകുന്നു. അവിടേക്കു 9½ നാഴികയുണ്ട്. സാമൽകോട്ടയിലും "റെഫ്റഷ്മെൻറ റൂം" ഉണ്ട്. ഇതിന്നടുത്ത സ്റ്റേഷനാണ് പിത്തപ്പുരം. ഈ സ്ഥലം ഓട്ടുപാത്രങ്ങൾക്കു ശ്രുതിപ്പെട്ടതാകുന്നു. ഇവിടെ സുപ്രസിദ്ധമായ ഒരു വിഷ്ണുക്ഷേത്രവും ശിവക്ഷേത്രവും ഉണ്ടു. ഇവിടം കഴിഞ്ഞാൽ 10-31ന്നു 'ടാണി' സ്റ്റേഷനിൽ എത്തും. ഇവിടെ അര മണിക്കൂർ താമസിക്കുന്നു. പിന്നീട് അപ്രധാനങ്ങളായ ചില സ്ഥലങ്ങളെല്ലാം കടന്ന് 1 മണി 5 മിനുട്ടിന്നു *M. & S. M.* റയിൽവെ കമ്പിനിക്കാരുടെ അതൃത്തിയായ 'വാൾട്ടയർ' സ്റ്റേഷനിൽ എത്തുന്നു. യാത്രക്കാർ സാധാരണ ഉച്ചക്കു ഭക്ഷണം കഴിക്കുന്നതു ഇവിടെയാകയാൽ വണ്ടി അര മണിക്കൂർ താമസിക്കും. പ്ലാററുഫോറത്തിൽ ബ്രാഹ്മണരുടെ നല്ല ഹോട്ടലും 'റെഫ്റഷ്മെൻറ റൂമും' ഉണ്ടു. ഇതു വിശാഖപട്ടണംജില്ലയുടെ തലസ്ഥാനമാകുന്നു. വിശാഖപട്ടണം തുറമുഖത്തേക്കു ഇവിടെനിന്നു രണ്ടു നാഴിക ദൂരമുണ്ട്. ഇത് ദന്തപ്പണികൾക്കു ശ്രുതിപ്പെട്ട സ്ഥലമാണ്. അതിന്നും പുറമെ ഇവിടെ കപ്പൂരംകൊണ്ടു പലേതരത്തിലും വലുപ്പത്തിലും ഉള്ളതായ ചില മാലകൾ ഉണ്ടാക്കിവരുന്നു.

മറെറങ്ങും ഇത്തരത്തിലുള്ള മാല ഞാൻ കണ്ടിട്ടില്ല. വാാം ട്ടയർ സ്റ്റേഷനിൽ ഞങ്ങൾ എത്തുമ്പോഴേക്കും അബ്രാഹ്മണസംഘത്തിലുൾപ്പെട്ടവരായി അനേകം ജനങ്ങൾ ഡാക്ടർ നായരുടെ അസ്ഥികണ്ടു വന്ദിപ്പാനായി വന്നുകൂടിയിരുന്നു. അവരാൽ ആ അസ്ഥിയിന്മേൽ നമസ്കാരപൂൎവ്വം സമൎപ്പിച്ച കൎപ്പൂരമാലകൾ മുല്ലമൊട്ടിനാൽ കെട്ടപ്പെട്ടതായിരിക്കുമെന്നാണ് ഞങ്ങൾ ആദ്യം കരുതിയതു. അത്രയേറെ ധാവള്യവും നിൎമ്മലതയും അവക്കുണ്ട്. അതി മനോഹരമായ ആ മാലകൾ കുരുമുളകിട്ടു സൂക്ഷിച്ചാൽ കുറെക്കാലം ഇരിക്കുമെന്നും ഈ പണി ആ ദിക്കിൽ മാത്രമേ ചെയ്യുവരുന്നുള്ളുവെന്നും അവർ പറയുകയുണ്ടായി.

വാാംട്ടയർ വിട്ടാൽപിന്നെ രാത്രി 8 മണിക്കു ഗഞ്ചാംജില്ലയുടെ തലസ്ഥാനമായ 'ബർഹാംപൂരി'ൽ എത്തുന്നു. ഇതിന്നിടക്കു ചില സ്ഥലങ്ങളിൽ അല്പാല്പം താമസിക്കും. 'സിംഹാചലം' എന്ന ശ്രുതിപ്പെട്ട വിഷ്ണുക്ഷേത്രം വാാംട്ടയറിൽ നിന്നു രണ്ടുനാഴിക ദൂരത്താണ്. ലാംഗുലിയ്, വംശധാര എന്നീ പേർ കേട്ട പുഴകളും 'മഹേന്ദ്രഗിരി'എന്ന പൎവ്വതവും ഇതിന്നിടക്കാകുന്നു. പുരാതനകാലത്തിൽ ചോളരാജ്യത്തെ ഒരു രാജാവ് മഹേന്ദ്രപൎവ്വതംവരെയുള്ള ഭൂമിയെ സ്വാധീനപ്പെടുത്തുകയും ഈ മലമുകളിൽ ഒരു ക്ഷേത്രം പണിചെയ്യിച്ച് തന്റെ ഈ വക പ്രവൃത്തികളെ ഒരു കല്ലിന്മേൽ കൊത്തി അവിടെ സ്ഥാപിക്കുകയും ചെയ്തതായി ചരിത്രത്തിൽ കാണ്മാനുണ്ടു. ബർഹാംപൂരിൽ എത്തുന്നതുവരെയുള്ള പ്രദേശങ്ങൾ കുന്നുകളാലും, മ

ലകളാലും, ചെറുപുഴകളാലും ഇരുവശത്തും ദൂരത്തിൽ കാണുന്നതായ കൃഷിപ്പണികളാലും വളരെ മനോഹരമായിരിക്കുന്നു. ബർഹാംപൂർ മദ്രാശി സംസ്ഥാനത്തിന്റെ വടക്കെ അതൃത്തിയിലുള്ളതായ ഒരു വലിയ പട്ടണമാണ്. ഇവിടേയും "റെഫ്റെഷ്മെൻറ റൂം"ഉണ്ട്. സ്റ്റേഷനിൽ നിന്നു ½ നാഴികദൂരത്തിലുള്ളതായ സത്രത്തിൽ ജാതിഭേദം കൂടാതെ സകലൎക്കും ഭക്ഷണം നൽകിവരുന്നു.

വണ്ടി ഇവിടെ നിന്നും രാത്രി 8-38നു പുറപ്പെട്ടു 12 മണിക്കു 'ഒറീസ്സാ' സംസ്ഥാനത്തിൽ ചെന്നു 'കുർതാറോഡ്' ജങ്ക്ഷനിൽ എത്തുന്നു. ഇവിടെ ഇറങ്ങി പൂരിയിലേക്കുള്ള വണ്ടിയിൽ കയറണം. ആ വണ്ടി രാത്രി 1-50നു പുറപ്പെടുന്നു. മദ്രാശിയിൽ നിന്നു കല്ക്കത്താ മെയിലിൽ വരുന്നവൎക്കു ഈ വണ്ടി സൌകൎയ്യമാണ്. ഇതു വളരെ വലിയ ജങ്ക്ഷനായതിനാലും ഇറങ്ങുന്നതു അസമയത്താകകൊണ്ടും പ്രത്യേകം ശ്രദ്ധവെക്കാത്തപക്ഷം കള്ളന്മാരുടെ ശല്യം ഉണ്ടാവാനിടയുണ്ടു. ഇവിടുത്തെ നാട്ടുഭാഷ 'ഉറിയ'യാണ്. മദ്രാശി വിട്ടാൽ ബർഹാംപൂർവരെ തെലുങ്കും ബർഹാംപൂരിന്നുശേഷം ജഗന്നാഥംവരെ ഉറിയയും ആണു ഭാഷ. സ്റ്റേഷനിൽ കൂലിക്കാരെ യഥേഷ്ടം കിട്ടും. ഒരു തലച്ചുമടിനു വണ്ടി മാററാൻ 2ണയിലധികം കൂലിവേണ്ട. ജഗന്നാഥത്തേക്കു ചെല്ലുന്ന യാത്രക്കാരെ അന്വേഷിച്ചുകൊണ്ടു പോകുന്നതിന്നായി പൂരിയിലെ പുരോഹിതന്മാരായ പണ്ടാക്കൾ ഓരോരുത്തരും തങ്ങളുടെ ഏജൻറുമാരെ കുർതാറോഡിലേക്കയക്കുക പതിവാണ്. ഇവ

രുടെ ശല്യംക്രൂടാതെ കഴിച്ചുക്രൂട്ടുവാൻ അല്പം സാമൎത്ഥ്യം വേണം. രാജ്യവും ഭാഷയും നമുക്കു പരിചയമില്ലാത്തതിനാൽ ഇക്കൂട്ടരുടെ സഹായം ആവശ്യവുമാണ്. പക്ഷെ വല്ല കളവും പറഞ്ഞു യാത്രക്കാരുടെ വക്കൽനിന്ന പണം അപഹരിക്കുന്നവരാണ് അവരിൽ അധികവും. നിസ്സഹായികളായ യാത്രക്കാൎക്കു സഹായങ്ങൾ ചെയ്തുകൊടുത്തു അവൎക്കു തൃപ്തിതോന്നി നൽകുന്നതായ പ്രതിഫലം മാത്രംവാങ്ങി സന്തോഷിക്കുന്നവർ നന്നെ ചുരുക്കമൊണ്. ഇപ്രകാരം പുരോഹിതവേഷം കെട്ടി തീൎത്ഥയാത്രക്കാരെ ഉപദ്രവിക്കുന്ന ഇക്കൂട്ടരാൽ തീൎത്ഥയാത്രക്കാരുടെ ഭക്തിവിശ്വാസങ്ങൾക്കു വാസ്തവത്തിൽ കുറവു സംഭവിക്കയാണു ചെയ്യുന്നതു. അതാതു സമയത്തു നിത്യകൎമ്മങ്ങൾ ചെയ്യാതെയും സ്പഷ്ടമായി മന്ത്രങ്ങൾ ഉച്ചരിപ്പാൻക്രൂടെ സാധിക്കാതേയും ധനാപഹരണത്തിൽ മാത്രം ബദ്ധശ്രദ്ധരായിരിക്കുന്ന ഇത്തരം ബ്രാഹ്മണരെ പുരോഹിതന്മാരായി വരിച്ചു ചെയ്യുന്ന കൎമ്മങ്ങൾ എത്രകണ്ടു ഫലപ്രദമാകുമെന്നു ഊഹിച്ചാൽ അറിയാവുന്നതാണ്. ഞങ്ങൾ ഈ അപകടത്തിൽ പെടാതിരിപ്പാനായി വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നു. ഒരു മാന്യനും സാമാന്യം അറിവുള്ള ആളുമായ ഒരു പണ്ഡാവിനെ അന്വേഷിച്ചറിഞ്ഞിരുന്നതിനാൽ മററുള്ളവരുടെ വലയിൽ പെടാതെ അദ്ദേഹം അയച്ചിരുന്ന ആളുടെക്രൂടെ ഞങ്ങൾ ജഗന്നാഥത്തേക്കു പോയി.

കുർത്താറോഡിൽ നിന്നു 1 50ന്നു പുറപ്പെട്ടു പുലച്ചെ 3-30ന്നു പൂരിസ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽനിന്നു ജഗന്നാഥക്ഷേത്രത്തിലേക്കു 2 നാഴികയുണ്ടു. സ്റ്റേഷനിൽ വണ്ടികൾ ധാരാളം കിട്ടും. നാലാൾക്കു കയറാവുന്നതും രണ്ടു കുതിരയെ കെട്ടിയതുമായ ബ്രൗവും വണ്ടിക്കു 8ണ വീതമാണ് ഞങ്ങൾ കൂലികൊടുത്തതു. സാമാന്യവണ്ടിക്കു 5ണ കൊടുത്താൽ മതി. ക്ഷേത്രത്തിൽ നിന്നു അരനാഴിക ദൂരത്തിലായി ധൎമ്മശാലകൾ ഉണ്ടെങ്കിലും കഴിയുന്നത്ര ക്ഷേത്രത്തിന്നു സമീപം താമസിക്കേണമെന്നു കരുതി ഞങ്ങൾ സത്രത്തിലിറങ്ങാതെ നേരെ പണ്ടാവിൻെറ ഗൃഹത്തിലേക്കു പോയി. പുലച്ചെക്കു അവിടെ എത്തി. അദ്ദേഹം ഒരു പ്രത്യേകസ്ഥലവും മററു വേണ്ടപ്പെട്ട സൌകൎയ്യങ്ങളും ചെയ്തുതന്നു. സ്നാനം മുതലായതു ചെയ്യിപ്പാനായി ഞങ്ങളൊന്നിച്ചു കുർത്താറോഡിൽ നിന്നും വന്ന ആളെ വിട്ടുതന്നിരുന്നു. രാവിലത്തെ പല്ലുതേപ്പും മററും കഴിഞ്ഞ ശേഷം സ്നാനത്തിന്നായി 'മാൎക്കണ്ഡേയതീൎത്ഥ'ത്തിലേക്കു പോയി. അവിടേക്കു ക്ഷേത്രത്തിൽ നിന്നു ഒരു നാഴികക്കു കുറവില്ല. ആ തീൎത്ഥത്തിൽ സങ്കല്പസ്നാനം ചെയ്തു തീൎത്ഥക്കരയിലുള്ള മാൎക്കണ്ഡേശദൎശനവും കഴിച്ചു 8 മണിക്കു ജഗന്നാഥദൎശനത്തിന്നായി ക്ഷേത്രത്തിൽ എത്തി.

## ജഗന്നാഥക്ഷേത്രം.

ലോകപ്രസിദ്ധമായ ജഗന്നാഥക്ഷേത്രം വളരെ മഹത്വമുള്ളതും ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കായി ജനങ്ങൾ വന്നു ദൎശിച്ചു പോകുന്നതുമായഒരു

പുണ്യസ്ഥലമാകുന്നു. ഇതു ഒറീസ്സാസംസ്ഥാനത്തിൽ ബങ്കാൾ കടലോരത്തിലുള്ള ഒരു സുഖപ്രദേശത്താകുന്നസ്ഥിതിചെയ്യുന്നതു. ഈ പ്രദേശത്തെ ശീതോഷ്ണസ്ഥിതി വളരെ സുഖകരമായതിനാൽ രോഗികൾ ദേഹസുഖത്തിന്നായി ഇവിടെ വന്നു താമസിക്കാറുണ്ടു. ക്ഷേത്രം വളരെ പുരാതനമായതാകുന്നു. ഇപ്പോൾ കാണുന്നതായ ക്ഷേത്രം അനംഗഭീമദേവരാജാവിനാൽ ക്രിസ്ത്വാബ്ദം 1174-ൽ കെട്ടുവാനാരംഭിച്ചു 1198-ൽ അവസാനിപ്പിച്ചതാണുപോലും. ഈ ക്ഷേത്രത്തിന്നു 652 അടി നീളവും 630 അടി വീതിയും ഉണ്ടു. 20 അടി ഉയരമുള്ള മതിലുകളാൽ നാലുഭാഗവും ചുററപ്പെട്ടിരിക്കുന്നു. ഇതിന്നു ഒട്ടാകെ 7,5,0,000 കചെലവുണ്ടെന്നു കാണുന്നു. ക്ഷേത്രത്തിന്നുള്ളിൽ അനേകം പ്രതിഷ്ഠകളുണ്ടു. അവയിൽ മുഖ്യമായതു മൂന്നു സന്നിധികളാണ്. അതായതു ശ്രീജഗന്നാഥസ്വാമി, വിമലാദേവി, ലക്ഷ്മീദേവി എന്നിവയാകുന്നു. ഇതിൽവെച്ചു 'ശ്രീമന്ദിര' മെന്നജഗന്നാഥസന്നിധിക്കാണു പ്രാധാന്യം. അകത്തേക്കു കടപ്പാൻ മൂന്നു വഴികളുണ്ടു. പ്രധാനമാർഗ്ഗത്തിന്നു സിംഹദ്വാരം എന്നു പറയപ്പെടുന്നു. വാതിലിന്നിരുവശവും കരിങ്കല്ലിനാൽ കൊത്തപ്പെട്ട രണ്ടു സിംഹങ്ങൾ ദ്വാരപാലന്മാരെന്നവിധം നില്ക്കുന്നതിനാലായിരിക്കാം ഇപ്പേർ സിദ്ധിച്ചതു.

ഈ മാർഗ്ഗത്തിൽ കൂടെ 22 ഒതുക്കുകൾ കയറിച്ചെന്നാൽ അവിടെ മനോഹരമായ ഒരു സഭാമണ്ഡപം കാണാം. ഈ മണ്ഡപം കടന്നു ചെന്നാൽ വിസ്താരമായ ഒരു

സ്ഥലവും തന്മദ്ധ്യേ ജഗന്നാഥസ്വാമിയുടെ പ്രകാശമാനമായ ദിവ്യസന്നിധിയും കാണാം. ഈ സഭാമണ്ഡപത്തിൽ തിരക്ക അധികരിക്കാതിരുപ്പാൻവേണ്ടി ജനങ്ങളെ ഓരൊ ചെറിയ കൂട്ടമായി അകത്തേക്ക പ്രവേശിപ്പിക്കുന്നു. ഈ സന്നിധിയുടെ മദ്ധ്യത്തിലുള്ള സിംഹാസനത്തിന്മേൽ ശ്രീജഗന്നാഥമാധവനും, ജ്യേഷ്ഠനായബലഭദ്രനും ഇരുവശത്തും, ഇവർ രണ്ടുപേൎക്കും മദ്ധ്യത്തിലായി സുഭദ്രാദേവിയും ഇവരുടെ മുൻവശത്തായി സുദൎശനചക്രവും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സാധാരണ ബിംബങ്ങളേക്കാൾ ഇതിന്നുള്ള ഒരു വിശേഷം ഇവ മരത്താൽ നിൎമ്മിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഈ ബിംബങ്ങളെ പ്രതിഷ്ഠിച്ചതു ഏതുകാലത്താണെന്നു തീൎച്ചയില്ല. ക്രിസ്ത്വാബ്ദം 318-ാം കൊല്ലത്തിൽ ഇവ അവിടെ ഉള്ളതായി അറിയുന്നു. ഇത്രയും വളരെക്കാലം യാതൊരു ഭേദവും കൂടാതെ ഈ മരബിംബങ്ങൾ ഇരിക്കുന്നതുകൊണ്ടുതന്നെ അവക്ക എന്തോ അവാച്യമായ ഒരു ചൈതന്യവിശേഷം ഉണ്ടെന്നു നിശ്ചയിക്കാം. ഇത്രയും വലിപ്പമുള്ള ബിംബങ്ങൾ വേറെ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ആദ്യമായി കാണുന്നവൎക്ക ഇതു അത്യാശ്ചൎയ്യമായി തോന്നും. ഈ ബിംബങ്ങളിൽ ജഗന്നാഥസ്വാമിക്കും ബലരാമസ്വാമിക്കും കൈയ്യിന്റെ പടങ്ങൾ ഇല്ലാതേയും സുഭദ്രാദേവിക്ക കൈകൾതന്നെ ഇല്ലാതെയും കാണപ്പെടുന്നു. ഇതിന്നു കാരണം ഈ ബിംബങ്ങളുടെഉല്പത്തികാലത്ത് ശ്രീമഹാവിഷ്ണുതന്നെ ശില്പിരൂപം ധരിച്ചുവന്നു 15 ദിവസത്തേക്ക യാതൊരാളും

വാതിൽ തുറക്കരുതെന്ന കരാറിന്മേൽ ബിംബങ്ങളെ പ ണിഞ്ഞിരുന്നതായും ആ രാജ്യത്തെ രാജാവിൻെറ ഭാൎയ്യ അതിന്നിടക്കു ബദ്ധപ്പെട്ടു വാതിൽതുറന്നു നോക്കിയെന്നും തൽസമയം ആശാരിയായിരുന്ന മഹാവിഷ്ണു ബിംബങ്ങളു ടെ പണി പൂൎത്തിയാക്കാതെ പെട്ടെന്നു മറഞ്ഞതായും ത ന്നിമിത്തം ഭംഗിയും മിനുസവും കൈകളും ഇല്ലാത്ത പ്ര തിമകളായി തീൎന്നതാണെന്നും മററും ഇവിടുത്തെ പണ്ടാ ക്കൾ പറഞ്ഞുവരുന്നു. ക്ഷേത്രമഹാത്മ്യത്തിൽ ഇതു കാ ണുന്നില്ല. ക്ഷേത്രോല്പത്തിയെപ്പററി ജഗന്നാഥമാഹാത്മ്യ ത്തിൽ പ്രസ്താവിച്ചിരിക്കുന്നതിനെ താഴെ ചേൎക്കുന്നു.

ജഗന്നാഥക്ഷേത്രമാഹാത്മ്യ സംഗ്രഹം.

പുരാതനകാലത്തു് കൃതയുഗത്തിൽ സൂൎയ്യവംശജനാ യി ഇന്ദ്രദ്യുമ്നനെന്ന ഒരു മഹാരാജാവുണ്ടായിരുന്നു. വി ഷ്ണുഭക്തന്മാരിൽ അഗ്രേസരനായ അദ്ദേഹം ഒരു ദിവസം സഭാമദ്ധ്യത്തിൽ പുരോഹിതസഹിതം ഇരിക്കുന്ന സമയ ത്തു അനേകം മഹൎഷികൾ അദ്ദേഹത്തെ കാണ്മാനായി വന്നു. അവരെ യഥാവിധി പൂജിച്ചിരുത്തിയ ശേഷം മ ഹാരാജാവ് വിഷ്ണുക്ഷേത്രമാഹാത്മ്യങ്ങളെപ്പററി അവരോ ടു സംസാരിച്ച കൂട്ടത്തിൽ മാംസചക്ഷുസ്സുകൊണ്ടു കാണ ത്തക്കവണ്ണം മഹാവിഷ്ണു പ്രത്യക്ഷമായി എവിടെയെങ്കി ലും സ്ഥിതിചെയ്യുന്നുണ്ടോ എന്നു ചോദിച്ചു. തൽസമയം അപരിചിതനായ ഒരു ജടാധാരി അവിടെ പ്രത്യക്ഷനാ യി "ശ്രീമഹാവിഷ്ണു നീലമാധവനെന്ന പേരോടെ നീലാ ചലത്തിലുള്ള പുരുഷോത്തമക്ഷേത്രത്തിൽ ദേവാദികളാ

ൽ അഭ്യൎച്ചിതനായി സ്ഥിതിചെയ്യുന്നു. ഭവാൻ അവിടെ ച്ചെന്നു ക്ഷേത്രനിൎമ്മാണാദികൾ ചെയ്യുക" എന്നു പറഞ്ഞു അന്തൎദ്ധാനം ചെയ്തു. ഈ അത്ഭുതസംഭവത്തെ കണ്ടു ഉടനെ ഇന്ദ്രദ്യുമ്നൻ ആ സ്ഥലം കണ്ടറിഞ്ഞു വരുവാനായി തന്റെ പുരോഹിതന്റെ സഹോദരനെ നിയോഗിച്ചയച്ചു. 'വിദ്യാപതി' എന്ന ആ ബ്രാഹ്മണൻ ശ്രീപുരുഷോത്തമക്ഷേത്രത്തിന്നരികിൽ ചെന്നു തൽസമീപമുള്ള വേടരാജാവിന്റെ സഹായത്താൽ ശ്രീമഹാവിഷ്ണുവിനെ പ്രത്യക്ഷമായി ദൎശിച്ചുഭജിച്ച് ആനന്ദചിത്തനായിതീൎന്നു. അന്നു രാത്രി വേടന്മാരുടെ ഗൃഹത്തിൽ അദ്ദേഹം ഭക്ഷണംകഴിപ്പാനാരംഭിച്ചപ്പോൾ മനുഷ്യദുൎല്ലഭങ്ങളായ ദിവ്യഭക്ഷണത്തെ വേടന്മാർ നൽകിയതുകണ്ടു അത്ഭുതപ്പെട്ടു അതിനെപ്പററി അന്വേഷിക്കുകയും ദേവന്മാർ രാത്രിതോറും കൊണ്ടുവന്നു നിവേദിക്കുന്ന നൈവേദ്യാവശേഷത്തെ പിറേറദിവസം തങ്ങൾ കൊണ്ടുവന്നു ഭുജിക്കുന്നതാണ് പതിവെന്നു വേടന്മാർ പറഞ്ഞതുകേട്ടു അവരുടെ ഭാഗ്യത്തെ പ്രശംസിച്ചുംകൊണ്ടു ആ പ്രസാദത്തെ ഭക്ഷിച്ചു കൃതാൎത്ഥനാവുകയും ചെയ്തു. പിറേറന്നു മഹാരാജാവിനെക്കണ്ടു വിവരം പറവാനായി വിദ്യാപതി ബ്രാഹ്മണൻ നാട്ടിലേക്കുപോന്നു. രാജാവിനെക്കണ്ടു വിവരം പറഞ്ഞു അദ്ദേഹത്തിന്നു മഹാവിഷ്ണു പ്രസാദത്തെയും നൽകി.

ഈ സന്തോഷവാൎത്തകൾ കേട്ടു തുഷ്ടനായ മഹാരാജാവ് ഉടൻതന്നെ സകലവിധ സംഭാരങ്ങളോടുകൂടെ യാത്രക്കൊരുങ്ങി. തൽസമയം ബ്രഹ്മാവിന്റെ നിയോഗത്താ

ൽ നാരദമഹൎഷി അവിടെ എത്തിച്ചേൎന്നു. അവർ ഒരുമിച്ചു യാത്ര പുറപ്പെടുകയും ചെയ്തു.

ഇങ്ങിനെയിരിക്കെ ശ്രീപുരുഷോത്തമക്ഷേത്രത്തിൽ വിദ്യാപതി ബ്രാഹ്മണൻ ചെന്നു കണ്ടതിന്നു പിറേറദിവസം സന്ധ്യാസമയത്തു, ദേവകൾ പൂജക്കായി ചെന്ന സമയം ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടാവുകയും ആ കൊടുങ്കാററു ശമിച്ചു നോക്കിയപ്പോൾ ശ്രീമഹാവിഷ്ണു വസിച്ചിരുന്ന സ്ഥലം മുഴുവനും സ്വൎണ്ണവൎണ്ണമായ മണൽകുന്നിനാൽ മൂടപ്പെട്ടതായി കാണുകയും ചെയ്തു. ദുഃഖപരവശന്മാരായ ദേവന്മാർ മഹാവിഷ്ണുവിനെക്കാണാതെ സ്തുതിച്ചപ്പോൾ, 'ഇനി മേലാൽ വിഷ്ണുവിനെ പ്രത്യക്ഷരൂപത്തിൽ കാണുകയില്ലെന്നും, എന്നാൽ ഇന്ദ്രദ്യുമ്നമഹാരാജാവു ഇവിടെ വന്നു ആയിരം അശ്വമേധയാഗം ചെയ്തു വിഷ്ണുവിനെ പ്രസാദിപ്പിച്ചു ദാരുരൂപത്തിൽ പ്രത്യക്ഷപ്പെടുത്തു'മെന്നും അശരീരവാക്കു കേട്ടു.

നാരദനോടുകൂടെ പുറപ്പെട്ട മഹാരാജാവു നീലാചലത്തിൽ എത്തിയപ്പോൾ നീലമാധവന്നു പകരം മണൽകുന്നിനെക്കണ്ടു വ്യസനഭാരത്താൽ മോഹാലസ്യപ്പെട്ടുവീണു. ബോധം വന്ന സമയം നാരദമഹൎഷി കാൎയ്യങ്ങളെല്ലാം പറഞ്ഞു ധരിപ്പിച്ചു. തന്നെ ഇതെല്ലാം മുൻകൂട്ടി കണ്ടറിഞ്ഞു ബ്രഹ്മാവിനാൽ ലോകോപകാരാൎത്ഥം അയക്കപ്പെട്ടതാണെന്നും അതിനാൽ ഉടനെ അശ്വമേധയാഗത്തിന്നാരംഭിക്കേണമെന്നും രാജാവിനോടു പറഞ്ഞു. അദ്ദേഹത്തെ അതിന്നായി പ്രേരിപ്പിച്ചു. മഹാരാജാവു അതുപ്രകാരം

1000 യാഗവും ചെയ്തു. അവസാനത്തെ ദിവസം അവഭൃഥസ്സ്നാനത്തിന്നായി സമുദ്രത്തിലുണ്ടാക്കിയ സ്നാനഘട്ടത്തിൽ വളരെ വലിപ്പമുള്ളതും ശംഖ, ചക്രാദിചിഹ്നങ്ങളാൽ ശോഭിതവും, അതിസുരഭിലവുമായ ഒരു മഹാവൃക്ഷം വീനാടിഞ്ഞിരിക്കുന്നതായി കാണുകയും നാരദോട്ട വിവരം പറഞ്ഞതിൽ അതുകൊണ്ടു ഈശ്വരബിംബങ്ങളെ നിൎമ്മിക്കേണ്ട ഉദ്ദേശത്തിന്മേൽ ഈശ്വരേഛയാ വന്നു ചേൎന്നതാണെന്നു പറഞ്ഞു പരിജനങ്ങളെക്കൊണ്ടു ആ വൃക്ഷത്തെ കരക്കു കയററിച്ചു. അതിനാൽ ബിംബനിൎമ്മാണം ചെയ്യുന്നതെങ്ങിനെയാണെന്നു ചിന്തിച്ചുകൊണ്ടിരിക്കുന്ന മഹാരാജാവിന്നു ഇപ്രകാരം അശരീരവാക്കു കേൾക്കാറായി. "ഹേ മഹാരാജാവെ, ഭവാൻെറ ഭക്തിയാൽ സന്തുഷ്ടനായ മഹാവിഷ്ണു ലോകാനുഗ്രഹാൎത്ഥം ദാരുരൂപത്തിൽ പ്രത്യക്ഷപ്പെട്ടുവാനാരംഭിക്കുന്നു. ഈ വൃക്ഷംകൊണ്ടു പണിചെയ്യുവാൻ മനുഷ്യൎക്കു സാദ്ധ്യമല്ല. ബിംബങ്ങളെ പ്രതിഷ്ഠിക്കേണ്ടുന്ന വേദിയിൽ ഈ മരത്തെ കയററിവെച്ചു ആ വേദിയെ നല്ലവണ്ണം മറക്കുക. ആ സമയം വൃദ്ധനായ ഒരു ആശാരി അവിടെ സ്വയമേവ ആഗതനാകും. അവനെ ആ മറക്കകത്താക്കി ബിംബനിൎമ്മാണം ചെയ്വാൻനിയോഗിക്കുക. മരം മുറിക്കുന്നതും പണിയുന്നതുമായ ശബ്ദം പുറമെ കേൾക്കുന്നതു ദോഷകരമായതിനാൽ അതു കേൾക്കാതിരിക്കത്തക്കവണ്ണം പുറമെ വാദ്യഘോഷങ്ങൾചെയ്യേണ്ടതാണ്. 15-ാംദിവസം ഭവാൻെറആഗ്രഹം പൂൎത്തിയാകും." ഇതുകേട്ടു മഹാരാജാവ് വളരെ സന്തോഷിച്ചു.

ഉടൻതന്നെ വേദിയെ മറച്ചു വൃക്ഷത്തേയും അതിന്നക ത്താക്കി. തൽസമയം ഒരു വൃദ്ധശില്പി അവിടെ വരുകയും ആയാളെ പണിചെയ്വാൻ നിയോഗിക്കയും ചെയ്തു.

15-ാംദിവസം 'മഹാവിഷ്ണു അവതരിച്ചിരിക്കുന്നു'എന്ന അശരീരോക്തി കേട്ടു രാജാവും പരിവാരങ്ങളും മറവുകൾ നീക്കിനോക്കിയപ്പോൾ ദാരുസ്വരൂപങ്ങളായ നാലു ബിംബങ്ങളെ കണ്ടു. നീലജീമൂതസങ്കാശനായ ജഗന്നാഥ മാധവൻ ഒരു വശത്തും, ശ്വേതരൂപധരനായ ബലഭദ്രദേവൻ മറുവശത്തും, സാക്ഷാൽ മഹാലക്ഷ്മീരൂപിയായ സുഭദ്രാദേവി മദ്ധ്യഭാഗത്തും സുദൎശനചക്രം ഇവൎക്കു മുമ്പിലായും പരിലസിക്കുന്നു. ആനന്ദസാഗരമഗ്നനായ മഹാരാജാവു ഉടൻതന്നെ ക്ഷേത്രത്തിന്നു വളരെ കേമമായി പ്രാസാദങ്ങളും പ്രാകാരങ്ങളും മററും നിൎമ്മിച്ചശേഷം ബിംബപ്രതിഷ്ഠക്കു ബ്രഹ്മാവിനെത്തന്നെ വരുത്തേണമെന്നു കരുതി നാരദമഹൎഷിയോടുകൂടെ ബ്രഹ്മലോകത്തിൽ ചെന്നു ബ്രഹ്മാവിനെക്കണ്ടു തൻെറ അപേക്ഷയെ അറിയിച്ചു. അവിടുത്തെ സ്വല്പസമയത്തെ താമസത്താൽ ഭൂലോകത്തിൽ അനേകയുഗങ്ങൾ മാറിയെങ്കിലും ജഗന്നാഥക്ഷേത്രത്തിന്നു മാത്രം ലയം ഭവിച്ചില്ല. ബ്രഹ്മാവിൻെറ ആജ്ഞപ്രകാരം മഹാരാജാവു ഭൂലോകത്തിലേക്കു വന്നു പ്രതിഷ്ഠാസംഭാരങ്ങൾ ഒരുക്കി ബ്രഹ്മാവിനെ വരുത്തി പ്രതിഷ്ഠയേയും മററും യഥാവിധി നിൎവ്വഹിച്ചു. മഹാരാജാവു ശ്രീവിഷ്ണുപദം പ്രാപിക്കയും ചെയ്തു.

അന്നുമുതൽ സാക്ഷാൽ പരബ്രഹ്മമൂൎത്തിയായ ജഗന്നാഥസ്വാമി ലോകാനുഗ്രഹാൎത്ഥം അവിടെ വസിച്ചുവരുന്നു. ഇപ്രകാരമാണു മാഹാത്മ്യത്തിൽ കാണുന്നതു. ഇന്ദ്രദ്യുമ്നമഹാരാജാവിന്റെ നാമധേയത്തിൽ 'ഇന്ദ്രദ്യുമ്നതീൎത്ഥ'മെന്ന ഒരു പുണ്യസരസ്സ് ഇപ്പോഴും സാഗരതീരത്തിൽ പരിലസിക്കുന്നുണ്ടു.

ജഗന്നാഥക്ഷേത്രത്തിൽ കൃത്യസമയങ്ങളിലല്ലാതെ ദൎശനത്തിന്നു പ്രവേശനം ലഭിക്കുന്നതല്ല. ബിംബങ്ങളിൽ സദാസമയവും വിലയേറിയ രത്നാഭരണങ്ങൾ ചാൎത്തിയിരിക്കും. ശ്രീജഗന്നാഥസ്വാമിയുടെ നെററിയിൽ വിലമതിപ്പാൻ കഴിയാത്ത ഒരു വൈരക്കൽ സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഓരൊ നേരവും നിവേദ്യം കുന്നുപോലെ കൂട്ടിയിരിക്കുന്നതു കാണാം. മററു പ്രദേശങ്ങളിലെവിടേയും ഈ ഒരു കാഴ്ച അപൂൎവ്വമാണ്. ഈ പ്രസാദത്തിന്റെ അധിക ഭാഗവും മുൻകൂറായി പണം കൊടുത്തവൎക്കു കൊടുക്കപ്പെടുന്നു. അവിടെ ദൎശനാൎത്ഥം വരുന്നവരിൽ മിക്കവരും യഥാശക്തി നിത്യ നൈവേദ്യത്തിന്നായി ഒരു സംഖ്യ പണ്ടാവിന്റെ വശം ഏല്പിക്കാറുണ്ട്. ഒരാൾ 100 ക കൊടുക്കുന്നപക്ഷം അതിന്റെ പലിശകൊണ്ടു ¾ സേർ അരികൊണ്ടുള്ള നിവേദ്യം അതിന്നു തക്ക ഉപപദാൎത്ഥങ്ങളോടുകൂടെ ഉണ്ടാക്കി ദേവന്നു നിവേദിക്കുകയും ആ പ്രസാദത്തെ ആ പണ്ടാതന്നെ എടുക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഒരാൾക്കു നിത്യത അനവധി നിവേദ്യം ലഭിക്കും. ആവശ്യമുള്ളതു കഴിച്ചു ശേഷിപ്പുള്ളവയെ

ക്ഷേത്ര പ്രാകാരത്തിൽതന്നെയുള്ള 'ആനന്ദവീഥി' എന്ന സ്ഥലത്തുവെച്ച് പൊതുജനങ്ങൾക്കു വില്ക്കപ്പെടുന്നു. അതു വാങ്ങിയാണ് ഈ ക്ഷേത്രത്തിന്നു ചുററുമുള്ള ഹിന്തുക്കൾ മിക്കവരും ഭക്ഷണം കഴിച്ചുവരുന്നതു. ഉദ്ദേശം ഒരു ലക്ഷത്തിൽ അധികം ആളുകൾക്കു വേണ്ടത്ര ഭക്ഷണം അവിടെ പ്രതിദിനം നിവേദിച്ചു വരുന്നുപോൽ. സാധാരണ നിവേദ്യത്തിന്നു ചോറ്, പൊങ്കൽ, കുരുമുളകു ചേത്ത ഒരു കറി, പുളിരസമുള്ള മറെറാരു കറി, പരുപ്പ്, ഉഴുന്നപ്പം, ഗോതമ്പപ്പം ഇതുകളാണ്. വിശേഷ നിവേദ്യത്തിന്നു ഇതു കൂടാതെ അനേകവിധ പലഹാരങ്ങൾ ഉണ്ട്. മിക്കതും മധുരം ചേത്തതാണ്. അവ ഏതു ജാതിക്കാക്കും രുചികരമായിരിക്കും. നിവേദ്യം പാകം ചെയ്യുന്നതിലേക്കു മാത്രമായി ഇവിടെ 200 ആളുകൾ ഉണ്ട്. ദശനത്തിന്നു വരുന്ന ബ്രാഹ്മണരും മററു നാനാ ജാതിക്കാരും ഈ നിവേദ്യത്തെ ഒട്ടും മടികൂടാതെ .ഭജാറിൽ നിന്നു വാങ്ങി ഭക്ഷിക്കുന്നു. ആർ തൊട്ടാലും ഈ പ്രസാദത്തിന്നു അശുദ്ധിയില്ല. ഞങ്ങളുടെ പുരോഹിതൻ ഞങ്ങളുടെ കയ്യിൽനിന്നു പ്രസാദം വാങ്ങി ഭക്ഷിച്ച് ഇതിനെ ദൃഷ്ടാന്തപ്പെടുത്തിത്തന്നു. നിവേദ്യം പാകം ചെയ്യുന്നതു സാക്ഷാൽ മഹാലക്ഷ്മിയാണെന്നു വിശ്വസിച്ചുപോരുന്നതിനാലും ശ്രീജഗന്നാഥസ്വാമിയെ പരബ്രഹ്മസ്വരൂപനായി കരുതുന്നതുകൊണ്ടും.ഇവിടെ യാതൊരു ഭേദവും ഇല്ല. എന്നു മാത്രമല്ല, നിവേദ്യത്തെ ഭക്ഷിപ്പാൻ സംശയിക്കുന്നതു തന്നെ മഹാ പാപമാണെന്നുകൂടിയും ഇട്ടിക്കു

കാർ വിശ്വസിച്ചുവരുന്നു. അതിന്നു ദൃഷ്ടാന്തമായി അവർ പലേ സംഗതികളും പറയുന്നുണ്ട്. നിവേദ്യമാഹാത്മ്യത്തെപ്പററി സ്ഥലപുരാണത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.

"ജഗന്നാഥസ്യനൈവേദ്യം മഹാപാതകനാശനം
ഭക്ഷണാൽഫലമാപ്നോതി കപിലാകോടിദാനജം
ചണ്ഡാലാദിദ്വിജസ്പൃഷ്ടം തദന്നംദ്വിജസത്തമാഃ
ഭോക്തവ്യംസഹസാവിപ്രൈഃ പാവനംസുരദുല്ലഭം
യജ്ഞാംസ്തപാംസിവിപ്രേന്ദ്രാഃ വ്രതാനിവിവിധാനിച
തീൎത്ഥാടനാനിതേനൈവ കൃതാനിസകൃതാനിച
പിതരസ്തൃപ്തിതാസ്തേന തഥാദേവാമഹൎഷയഃ
ഗവാംകോടിപ്രദാനഞ്ച വാജപേയശതംതഥാ
അശ്വമേധസഹസ്രസ്യ രാജസൂയശതംചയൽ
വ്രതോപവാസതോവിപ്രാഃ യൽഫലംജായതേഭുവി
തൽഫലംസമവാപ്നോതി ജഗന്നാഥാന്നഭക്ഷണാൽ
കുക്കുരസ്യമുഖാൽഭ്രഷ്ടം തൽഗ്രാഹ്യംദൈവതൈരപി
തസ്മാൽതദന്നംസഹസാ പ്രാപ്തമാത്രംതദശ്നിയാൽ
വിചാരണാനകൎത്തവ്യാ നകൎത്തവ്യാകദാചന
സാക്ഷാൽബ്രഹ്മസ്വരൂപോയം ജഗന്നാഥോനസംശയഃ
പ്രാപ്തമാത്രേണഖാദന്തി ഹൃഷ്യന്തിച പുനഃ പുനഃ
തേപിനീലാചലസ്ഥായീ ഹരേദ്ദൎശനതഃ ഫലം
യസ്യാപിപാചികാലക്ഷ്മീ ൎയ്യസ്യഭോക്താ ജഗൽപതിഃ
തദന്നാശനതോവിപ്രാഃ വിഷ്ണുലോകേ മഹീയതേ."

ഞങ്ങൾ അന്നു ദൎശനം കഴിഞ്ഞു മടങ്ങിയപ്പോൾ 12 മണിയായി. പണ്ടാ അയച്ചുതന്ന ആൾ ഞങ്ങളെ ക്ഷേത്രത്തിന്നകത്തുള്ള എല്ലാ സന്നിധികളിലും കൊണ്ടു പോയി കാണിച്ചുതന്നു. ജഗന്നാഥസ്വാമി സന്നിധിയിൽ വളരെ തിരക്കുള്ളതിനാൽ സമയം നോക്കിപോയാൽ മാത്രമേ സൌകൎയ്യമായി ദൎശനം ചെയ്യാൻ സാധിക്കയുള്ളൂ. ഈ ക്ഷേത്രത്തിന്നുള്ളിൽ വളരെ പ്രായം ചെന്നതായ ഒരു വടവൃക്ഷമുണ്ട്. ഇതു വളരെ മഹത്വമുള്ളതാണ്. അതിന്നു ചുവട്ടിൽ നീലമാധവസ്വാമി സ്ഥിതിചെയ്യുന്നു. ഇവിടെ മുഖ്യമായി ദൎശനം ചെയ്യണം. ഇതുകൂടാതെ ഈ ക്ഷേത്രത്തിന്നകത്ത് വിമലാദേവി, ലക്ഷ്മീദേവി, ഹനുമാൻ, നരസിംഹമൂൎത്തി എന്നീ സന്നിധികളിലും ദൎശനം കഴിഞ്ഞശേഷം ക്ഷേത്രത്തിന്നകത്തുള്ളതായ രോഹണീ കുണ്ഡം, പുരുഷോത്തമതീൎത്ഥം എന്നീ തീൎത്ഥജലങ്ങളെ പ്രോക്ഷിച്ച് പോരുന്ന സമയത്ത് ജഗന്നാഥദൎശനത്തിന്നു സാക്ഷിയായിരിക്കുന്ന 'സാക്ഷിഗോപാല'നെക്കൂടെ ദൎശിക്കണം.

ജഗന്നാഥത്തുള്ള അഞ്ചു തീൎത്ഥങ്ങളിൽ വെച്ചു മുഖ്യവും മഹാപുണ്യകരവുമായ തീൎത്ഥം മഹോദധിയാണ്. ജഗന്നാഥദൎശനമെന്നപോലെ അവശ്യം സമുദ്രസ്നാനവും ചെയ്യേണ്ടതാണ്. ഇതു സാക്ഷാൽ ബങ്കാൾ ഉൾക്കടലിന്റെ ഒരു ഭാഗം തന്നെയാണ്. അമ്പലത്തിൽനിന്നു ഈ സ്നാനഘട്ടത്തിലേക്കു ഉദ്ദേശം ½ നാഴികയുണ്ട്. ഇരട്ടക്കുതിരവണ്ടി ധാരാളം കിട്ടും. സങ്കല്പത്തിന്നും മററുമായി പ

ണ്ടാ ആളെ അയക്കും. ഇവിടെ അല കലശലായുണ്ട്. പക്ഷെ പരിചയമില്ലാത്തവർ സൂക്ഷിക്കേണമെന്നേയുള്ളു. സമുദ്രസ്നാനം കഴിഞ്ഞ ഉടൻ കുളിപ്പാനായി ശുദ്ധജലവും അവിടത്തന്നെ കിട്ടും. ഇതിന്നു കടൽവക്കത്തുതന്നെ ഒരു കിണർ ഉണ്ട്. ഒരാൾക്കു കുളിപ്പാനുള്ള മൂന്നോ നാലോ പക്കററ് വെള്ളത്തിന്നു ¼ ണ കൊടുത്താൽമതി. പോരുന്ന വഴിക്ക് യാചകന്മാർ അതിധാരാളമുണ്ട്. വഴിയിലുള്ള ചില അമ്പലങ്ങളിൽ ദൎശനം ചെയ്യേണ്ടതാണ്. ഇതിന്നെല്ലാററിന്നും പുറമെ അവിടെ ഒരു 'ഗോശാല' കാണാം. കാളകളും പശുക്കളും കുട്ടികളുമായി അനവധി എണ്ണം അതിൽ നില്പുണ്ട്. ചില അസാധാരണ സൃഷ്ടികളായ പശുക്കളേയും കാണാം. സ്നാനത്തിന്നു വരുന്നവർ യഥാശക്തി യാചകന്മാൎക്കു ധൎമ്മം കൊടുക്കുകയും ഈ പശുക്കൂട്ടത്തിന്നു ധൎമ്മപ്പുല്ലു വാങ്ങിക്കൊടുക്കുന്നതും പതിവാണ്. പുല്ല് അവിടെത്തന്നെ വാങ്ങുവാൻ കിട്ടും. സ്നാനം കഴിഞ്ഞാലുടനെ ജഗന്നാഥദൎശനം അവശ്യം ചെയ്യണം. സമുദ്രസ്നാനം കഴിഞ്ഞു ഞങ്ങൾ 10¼ മണിക്ക് ക്ഷേത്രത്തിൽ എത്തി. 11¼ മണിക്ക് ഒരു ദീപാരാധനയുണ്ട്. വളരെ കേമമാണ്. ആ സമത്ത് ദൎശനം ചെയ്യാനുള്ള ഭാഗ്യം ഞങ്ങൾക്കു ലഭിച്ചു.

ഇവിടെ എല്ലാ കൊല്ലങ്ങളിലും ജൂൻ, ജൂലായി മാസത്തിൽ രഥോത്സവം മഹാ കേമമായി നടന്നുവരുന്നു. ഇതിന്നു ചുരുങ്ങാതെ 2 ലക്ഷം ജനങ്ങളോളം കൂട്ടം. ക്ഷേത്രത്തിൽനിന്നു ഒരു നാഴിക ദൂരത്തുള്ള 'ഇന്ദ്രദ്യുമ്നം' എന്ന

സ്ഥലത്ത് രഥോത്സവകാലത്തിൽ 8 ദിവസം സ്വാമി എഴുന്നെള്ളി താമസിക്കുന്നു. 'രഥയാത്ര' എന്ന ഈ ബ്ര ഹ്മോത്സവത്തിന്നു 14 ദിവസങ്ങൾക്കുമുമ്പ് ജഗന്നാഥ സ്വാമിയുടെ 'സമുദ്രതീർത്ഥയാത്ര,' ഉത്സവം ആഘോഷി ക്കുന്നു. അതായതു സമുദ്രസ്നാനം കഴിഞ്ഞശേഷം അന്നു മുതൽ രണ്ടാഴ്ച സ്വാമി ഏകാന്തമായി വസിക്കുന്നു. ഈ ദിവസങ്ങളിൽ നട തുറക്കുന്നതല്ല. ഇതു ഇവിടുത്തെ ഉ ത്ഭവത്തെപ്പററി പ്രസ്താപിച്ച 15 ദിവസത്തെ സൂചിപ്പി ക്കുകയായിരിക്കാം. 16 ചക്രങ്ങളുള്ള ഒരു വലിയ തേർ ജഗന്നാഥസ്വാമിക്കും അതിൽ താഴെയുള്ള ചെറിയ രണ്ടു രഥങ്ങൾ ബലരാമസ്വാമിക്കും സുഭദ്രാദേവിക്കും ഉണ്ട്. ഇവ ക്ഷേത്രസമീപം നില്ക്കുന്നതു കാണാം. ഉത്സവദിവ സങ്ങളിൽ കല്ക്കത്ത മുതലായ സമീപദിക്കുകളിൽപോ ലും കല്പന കൊടുക്കുന്ന പതിവുണ്ട്.

"ജഗന്നാഥക്ഷേത്രത്തിന്റെ പ്രാസാദത്തിന്നു ഗംഗാ നദിക്കെന്നപോലെ മനസ്സിനെ ഭക്തിപരവശമാക്കിത്തീ ക്കത്തക്ക മഹത്തായ ഒരു ശക്തിയുണ്ടെ"ന്നു ശ്രീരാമകൃഷ്ണ പരമഹംസർ പറഞ്ഞിട്ടുള്ളതു എത്രയോ വാസ്തവമാണെ ന്നു ഈ ക്ഷേത്രം കണ്ടവക്കെല്ലാം ബോദ്ധ്യപ്പെടും. ഈ ശ്വരബിംബങ്ങൾ കാഴ്ചക്കു ഒട്ടും ആനന്ദകരമല്ലെങ്കിലും ആ ദിവ്യസന്നിധിയിൽ നില്ക്കുമ്പോൾ അനിർവ്വചനീയമാ യ ഒരു ആനന്ദം മനസ്സിൽ ഉദിക്കുന്നുണ്ടെന്നതിന്നു സം ശയമില്ല.

ഈശ്വരഭജനത്തിന്നു ജാതിവ്യത്യാസമില്ലെന്നും സ ൎവ്വേശ്വരന്റെ മുമ്പിൽ ബ്രാഹ്മണാബ്രാഹ്മണഭേദമില്ലെ ന്നും ഈ ക്ഷേത്രനടവടി പ്രത്യക്ഷപ്പെടുന്നു. ഇങ്ങിനെയു ള്ള ക്ഷേത്രങ്ങൾ നിലനില്ക്കുന്നേടത്തോളം കാലം നമ്മുടെ ഹിന്തുമതത്തിന്നു ലയം ഭവിക്കുന്നതല്ല. തെക്കെ ഇന്ത്യയി ലും വിശേഷിച്ചു മലയാളത്തിലും കണ്ടുവരുന്ന നടവടി—ജ നനംകൊണ്ടു മാത്രം താഴ്ന്നജാതിക്കാരായി കരുതിപ്പോ രുന്ന ആചാരം—യഥാൎത്ഥഹിന്തുമതസിദ്ധാന്തത്തിന്നു വി രോധമായിട്ടുള്ളതാണെന്നും വല്ല ശാസ്ത്രത്തിലും അങ്ങി നെ കാണുന്നുണ്ടെങ്കിൽ ആയതു സ്വാൎത്ഥതല്പരന്മാരായ ഉന്നതജാതിക്കാർ കെട്ടിയുണ്ടാക്കിയതാണെന്നും ഉള്ളതി ന്നു ഖ്യാതിയേറിയ ഈ പുരാതനക്ഷേത്രം ഒരു ജീവൽ ദൃ ഷ്ടാന്തമാകുന്നു. എന്നാൽ അനേകം കാലമായി ആചരി ച്ചുവരുന്ന ഒരു നടവടിയെ പെട്ടെന്നു ഇല്ലായ്മ ചെയ്വാൻ ശ്രമിക്കുന്നതു സമുദായനന്മക്കു ഹാനികരമായേക്കും. താ ഴ്ന്ന ജാതിക്കാരായി കരുതിപ്പോരുന്നവൎക്ക് അവരുടെ ജീ വിതം അനവധി കാലമായി താണ സ്ഥിതിയിൽ കഴി ഞ്ഞുപോയതുകൊണ്ട് മനസ്സിന്നു മററുള്ളവരെപ്പോലെയു ള്ള വികാസം സിദ്ധിച്ചിരിപ്പാനിടയില്ല. അങ്ങിനെയിരി ക്കെ അവൎക്കു മനഃപരിഷ്കാരം സിദ്ധിച്ച വൎഗ്ഗക്കാരോടു പെട്ടെന്നു സമത്വം നൽകുന്നതു സമുദായസ്വസ്ഥതക്കു കാര ണമാവുന്നതാണ്. ക്രമത്തിൽ അവരെ ഉയൎത്തിക്കൊണ്ടു വരുവാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഞങ്ങൾ 'പൂരിഎക്സ്പ്രസ്സിൽ' കല്ക്കത്തക്കു പുറപ്പെട്ടു. യാത്ര അയപ്പാനായി പണ്ടാ പ്രസാദങ്ങളും മററുംകൊണ്ടു വന്നു. യാത്രാനുവാദം തരുന്നതിന്നു പ്രതിഫലമായി ഇക്കൂട്ടർ വലിയ സംഖ്യ ആവശ്യപ്പെടാറുണ്ടത്രെ. അവർ ചോദിക്കുന്നതു കൊടുത്ത് അനുഗ്രഹം വാങ്ങിയാൽ മാത്രമേ യാത്രാഫലം സിദ്ധിക്കുകയുള്ളുവെന്നു അവർ ശഠിക്കും. ഞങ്ങളുടെ പുരോഹിതൻ കുറെ മര്യാദക്കാരനാകയാലും നിത്യനൈവേദ്യത്തിന്നു ഒരു സംഖ്യ അദ്ദേഹത്തെ ഏല്പിച്ചതുകൊണ്ടും ഞങ്ങൾക്കു അധികം ഉപദ്രവമുണ്ടായില്ല.

## 2-ാം അദ്ധ്യായം.

### കല്ക്കത്താ.

ജഗന്നാഥത്തിൽ നിന്നു രാത്രി 7 മണിക്കു പുറപ്പെടുന്ന 'പൂരിഎക്സ്പ്രസ്സിൽ ഞങ്ങൾ കല്ക്കത്തക്കു പുറപ്പെട്ടു. ഈ വണ്ടിയിൽ കയറിയാൽ കർത്താറോഡിൽ ഇറങ്ങിക്കയറേണ്ടുന്ന ബുദ്ധിമുട്ടില്ല. ഇതു നേരെ കല്ക്കത്തക്കു പോകുന്നതാണ്. ഈ വണ്ടി പുറപ്പെടുന്നതു ഇവിടെനിന്നാകയാൽ 6 മണിക്കുതന്നെ ഞങ്ങൾ വണ്ടിയിൽ കയറിക്കൂടി, 1-2 ക്ലാസ്സ ടിക്കററുകൾ മാത്രമെ സ്റ്റേഷനിൽ കിട്ടുകയുള്ളൂ. 3-ാംക്ലാസ്സ ടിക്കററു കൊടുക്കുന്ന സ്ഥലത്തേക്കു സ്റ്റേ

ഷനിൽനിന്നു അരഫല്ലോങ്ങ് പോണം. പൂരിയിൽ നിന്നു അടുത്ത സ്റ്റേഷനായ 'സാക്ഷിഗോപാൽ' എന്ന ദിക്കിലേക്കു 12 നാഴിക ദൂരമുണ്ടു. ദൎശനാൎത്ഥം ചിലർ ഇവിടെ ഇറങ്ങാറുണ്ട്. ഇവിടെനിന്നു കല്ക്കത്തക്കു പോകുന്ന വഴിയിലുള്ള കർത്താറോഡിന്റെ അടുത്ത സ്റ്റേഷനായ 'ഭുവനേശ്വര'വും ഒരു വിശേഷപ്പെട്ട സ്ഥലമാണ്. ഭുവനേശ്വരത്ത് കരിങ്കല്ലുകളാൽ ഭംഗിയായി പണിയപ്പെട്ട ഒരു വലിയ ശിവക്ഷേത്രമുണ്ട്. ഈ സ്ഥലം ക്രിസ്ത്വാബ്ദം 500 മുതൽ 1130 വരെ ഒറീസ്സാദേശത്തിലുള്ള 'കേസരി'വംശക്കാരുടെ തലസ്ഥാനമായിരുന്നു. ഇവിടെയുള്ള 'ബിന്ദുസാരം' എന്ന തടാകത്തിന്റെ ചുററുമായി 7000 ത്തിലധികം ആലയങ്ങൾ ഉണ്ടായിരുന്നുവെന്നും ഇപ്പോഴും 500 എണ്ണത്തോളം നില്പുണ്ടെന്നും ചരിത്രങ്ങളിൽ കാണുന്നു.

കട്ടാക്ക്. (Cuttack) ഭുവനേശ്വരത്തുനിന്നു 18 നാഴിക അകലെയുള്ള ഈ സ്റ്റേഷനിലാണു പുണ്യതീൎത്ഥമായ 'മഹാനദി'യിൽ സ്നാനത്തിന്ന് ഇറങ്ങേണ്ടതു. യാത്രക്കാൎക്കു താമസിപ്പാനായി ഇവിടെ അനേകം ധൎമ്മശാലകൾ ഉണ്ട്. കട്ടാക്കിൽ വണ്ടി എത്തിയതു രാത്രി 9-56നാണ്. പിറെറദിവസം രാവിലെ B. N. R, കമ്പിനിക്കാരുടെ പണിസ്ഥലവും ഒരു വലിയ ജങ്ക്ഷനുമായ 'കരകപ്പൂർ' എന്ന സ്റ്റേഷനിൽ എത്തി. മദ്രാസ്, ബോമ്പെ, നാഗപ്പൂർ, ആഗ്ര, ഗോമോ എന്നീ ദിക്കുകളിൽ നിന്നുള്ള വണ്ടികൾ ഈ ജെങ്ക്ഷനിൽവെച്ചാണ് കൂടിച്ചേരുന്നത്. ഇവിടെനിന്നു 'ഹൌറ'യിലേക്കു 72 നാഴികയേഉള്ളു. കാ

ശിയിലേക്കു ഇവിടെനിന്നു കല്ക്കത്തയിൽ പോകാതെ ആ ദ്രാ,ഗോമോ വഴിയായി പോകാം. ഇതു എളുപ്പവും ക്രൂലിക്കു കുറവുള്ളതുമാണ്. എന്നാൽ വഴിക്കു രണ്ടുമൂന്നു ദിക്കിൽ ഇറങ്ങി കയറേണ്ടതുകൊണ്ടും വഴി വളരെ ബുദ്ധിമുട്ടുള്ളതായതിനാലും സാമാനങ്ങളും മററും കൊണ്ടുപോകുന്ന അപരിചിതരായ യാത്രക്കാൎക്കു സൌകൎയ്യമുള്ളതല്ല. കള്ളന്മാരുടെ ശല്യവും ഉണ്ടെന്നു കേൾക്കുന്നു. കരകപ്പൂരിൽ ധൎമ്മശാലകൾ ഉണ്ട്. ഇവിടെനിന്നു ജനങ്ങൾ നേരിട്ടു കാശിക്കു പോകാറുള്ളതുകൊണ്ട്, കാശിയിലെ പുരോഹിതന്മാരായ ഗംഗാപുത്രന്മാർ യാത്രക്കാരെ കൊണ്ടുചെല്ലുന്നതിന്നായി ഏജൻറുമാരെ ഇസ്ഥലത്തേക്കയക്കാറുണ്ടു. ഞങ്ങൾ ഇവിടെ വെച്ചു ഒരു കാശിയിലെ തീൎത്ഥപുരോഹിതനായ 'രാമകുമാരജി'യുടെ ഏജൻറും ഒരു മലയാളിയുമായ 'രാഘവവാരിയർ' എന്നാളെക്കണ്ടെത്തി. രാമകുമാരജിയുടെ യോഗ്യതയെപ്പററി മനസ്സിലാക്കി സ്ഥലം ഏൎപ്പാടുചെയ്യാനും മററും മുൻകൂട്ടി എഴുതി അയച്ചു മറുവടി വരുത്തിയിരുന്നതിനാൽ വാരിയരെ കണ്ടതുമുതൽ ആയാളേയും ഞങ്ങളുടെ കൂട്ടത്തിൽ കൂട്ടി. ഇവിടുത്തെ ഭാഷ ബങ്കാളിയും ഹിന്തുസ്ഥാനിയുമാകുന്നു. വാരിയൎക്കു ഈ രണ്ടു ഭാഷയും അറിവുണ്ടായിരുന്നതിനാൽ ഞങ്ങൾക്കു വളരെ സഹായമായിതീൎന്നു. കരകപ്പൂരിൽ ചായ മുതലായവയെല്ലാം കിട്ടും. ഇവിടെനിന്നു പുറപ്പെട്ടു 7-25നു കല്ക്കത്തയുടെ പടിഞ്ഞാറെ സ്റ്റേഷനായ 'ഹൌറ'യിൽ എത്തി.

കല്ക്കത്ത—ഈനഗരം ഗംഗാനദിയുടെ പ്രധാന ശാഖയായ 'ഹൂഗ്ലി' നദിയുടെ കിഴക്കെ കരക്കാണ്. കല്ക്കത്തക്കു എതിരായി ഹൂഗ്ലിയുടെ പടിഞ്ഞാറെ തീരത്താണ് ഹൌറ. മദ്രാശി, ബോമ്പെ, ഡൽഹി മുതലായ ദിക്കുകളിൽ നിന്നും വരുന്നതായ തീവണ്ടികൾ ഇവിടെയാണ് അവസാനിക്കുന്നതു. ഹൌറയെ കല്ക്കത്തയോടു കൂട്ടിച്ചേൎത്തിരിക്കുന്നതു ഹൂഗ്ലി നദിക്കു മേലെ ഇട്ടിരിക്കുന്ന പാലത്താലാകുന്നു. ഹൌറ റയിൽവെസ്റ്റേഷൻ ഇന്ത്യയിലെ വലിയ റയിൽവെ സ്റ്റേഷനിൽ ഒന്നാകുന്നു. ഇവിടെ E. I. R. കമ്പനിക്കാരുടെയുംB. N. R. കമ്പനിക്കാരുടേയും പാതകൾ അവസാനിക്കുന്നു. സ്റ്റേഷനിൽ ഈ രണ്ടുകമ്പനിക്കാരുടേയും പ്രത്യേക ആപ്പീസുകൾ ഉണ്ടു. ടിക്കററുകൾ കൊടുക്കുന്നസ്ഥലങ്ങൾ മാത്രം ഒന്നിച്ചാണ്. സ്റ്റേഷനിൽ 3-ാം ക്ലാസ്സു യാത്രക്കാൎക്കു ഇരിപ്പാനുള്ള വലിയ ഹാളിൽ E. I. കമ്പനിക്കാർ ആദ്യം ഇന്ത്യയിൽ ഓടിച്ചതായ തീവണ്ടിയന്ത്രം ഓൎമ്മക്കായി സൂക്ഷിച്ചിരിക്കുന്നു. ഈ സ്റ്റേഷനിൽ ഒട്ടാകെ 10 പ്ലാററുഫോറങ്ങൾ ഉണ്ട്. ഇതിൽ ഓരോന്നിൽനിന്നും ദിവസന്തോറും അനേകം വണ്ടികൾ പുറപ്പെടുകയും വന്നെത്തുകയും ചെയ്യുന്നു. സ്റ്റേഷന്റെ നടുക്കിൽകൂടിയും ഒരു ഭാഗത്തും ഓരോ റോഡുണ്ട്. ഈ റോഡുകളിൽ സദാ സമയവും അനവധി 4 ചക്രമുള്ള ഒററക്കുതിരവണ്ടികളും, മോട്ടോർ കാറുകളും വാടകക്കു കൊടുപ്പാനായി നിൎത്തിയിരിക്കും. ഓരോ മോട്ടോർ വണ്ടിയിലും കൂലി കണക്കാക്കുന്ന ഒരു യന്ത്രം ഉണ്ടായിരിക്കും. 1 നാ

ഴികക്ക് 1 ക വീതം എത്ര ദൂരം പോകുന്നുവോ അത്ര ദൂരത്തേക്കുള്ള കൂലി ഇത്ര ഉറുപ്പിക ഇത്ര അണ എന്ന് ആ യന്ത്രം നോക്കിയാൽ അറിയാം. കുതിരവണ്ടികൾ മൂന്നു തരം ഉണ്ട്. ഈ വണ്ടികളുടെ മുകളിൽ സാമാനങ്ങൾ വെക്കുവാനുള്ള ഏർപ്പാട് വളരെ ഉപയോഗകരമായിരിക്കുന്നു. ഈ സ്റ്റേഷനിൽ റയിൽവെ കമ്പനിക്കാരുടെ വകയായി, നടപ്പാൻ കഴിയാത്തവരും രോഗികളുമായ യാത്രക്കാൎക്കു ആസ്പത്രിയിലേക്കു പോകുന്നതിന്നു 'അമ്പുലൻസ്കാർ' (Ambulance Car) ഉണ്ടു. മുൻകൂട്ടി അപേക്ഷിച്ചാൽ കമ്പനിക്കാർ തരുന്നതാണ്. ഒരു യാത്രക്കു 5 ക യാണ് കൂലി.

ഹൌറയെ കല്ക്കത്തയോടു കൂട്ടി യോജിപ്പിച്ചിരിക്കുന്ന പാലം അസാധാരണ വിധത്തിലാണു പണി ചെയ്തിരിക്കുന്നതു. സാധാരണ പാലങ്ങൾപോലെ ഇതു പുഴയുടെ അടി മുതൽ കെട്ടിപ്പൊന്തിച്ച തൂണുകളിന്മേലല്ല നിൎത്തിയിരിക്കുന്നതു. പുഴ വളരെ അഗാധമായതുകൊണ്ടും കപ്പലുകൾക്കു യഥേഷ്ടം അങ്ങുമിങ്ങും ഗതാഗതം ചെയ്യേണ്ടിയിരിക്കുന്നതിനാലും ഇതിനെ വെള്ളത്തിന്മീതെ പൊന്തികിടക്കുന്ന ഒരു പാലമായിട്ടാണ് (Floating Bridge) പണി ചെയ്തിരിക്കുന്നതു. ഹൂഗ്ലിയിൽ സദാസമയത്തും സമുദ്രത്തിൽ സഞ്ചരിക്കുന്ന വലിയ തീക്കപ്പലുകൾ അസംഖ്യം ഉണ്ടായിരിക്കും. കപ്പൽ അകത്തേക്കു കടക്കുന്ന സമയം പാലത്തിന്റെ നടുഭാഗം തുറക്കപ്പെടുന്നു. ജനങ്ങളുടെ സൌകൎയ്യത്തിന്നുവേണ്ടി അധികവും രാത്രി സമയങ്ങളിലാണു തുറക്കാറുള്ളതു. പാലം വളരെ വീതിയും ഉറപ്പും ഉള്ള

താണ്. ജനങ്ങളുടെ പോക്കുവരവിന്നു ഇരു വശത്തും വഴികളുണ്ട്. നടുവിൽക്കൂടെ വണ്ടികൾ പോകുന്നു. ഹൌറ സ്റ്റേഷനിൽ തീവണ്ടി ഇറങ്ങി പാലത്തിൽക്കൂടെ നടന്നും വണ്ടിമാൎഗ്ഗമായും ആളുകൾ തിക്കിത്തിരക്കി കല്ക്കത്തക്കു പോകുന്ന കാഴ്ച കാണേണ്ടതു തന്നെയാണ്.

ഹൌറയിൽനിന്നു പാലം വഴിയായി നേരെ കല്ക്കത്തക്കു പോകുന്ന റോഡാണ് 'ഹാരിസൺ റോഡ്' ഇതിനെ മുറിച്ചുകൊണ്ടു 'സ്ട്രാഡ് റോഡ്' (Strand Road) 'ക്ലൈവ് സ്ട്രീററ്' (Clive Street) 'ചിത്പൂർ റോഡ്' (Chitpur Road) 'സെൻററൽ റോഡ്' (Central Road) കോളേജ് സ്ട്രീററ്' (College Street) എന്നു പ്രധാനപ്പെട്ട സ്ഥലങ്ങൾ കാണാം. റോഡുകളുടേ ഇരുവശത്തും ആറും ഏഴും നിലകളുള്ള മാളികകളല്ലാതെ മറെറാന്നും കാണുകയില്ല. റോഡുകൾ മഴയില്ലാത്തപക്ഷം തരക്കേടില്ല. എന്നാൽ ഒരു ചെറിയ മഴ പെയ്തപ്പോഴേക്കും വിശേഷിച്ചു ചിത്പൂർ റോഡ് ചളിമയമായി തീൎന്നതു ഞങ്ങൾ കണ്ടു. യൂറോപ്യരുടെ പ്രധാന വാസസ്ഥലമായ ചൌരങ്കി റോഡ് (Chowrangee Road) മാത്രം യാതൊരു ചളിയും ഇല്ലാതെ സദാ വൃത്തിയായി കിടക്കുന്നു. ഇതു കണ്ടപ്പോൾ മഹാകവി രവീന്ദ്രനാഥ ടാഗോർ തന്റെ ഒരു ഉപന്യാസത്തിൽ ചിത്പൂർ ചൌരങ്കി റോഡുകളെ താരതമ്യപ്പെടുത്തി എഴുതിയിരുന്നതു ഓൎമ്മവന്നു. അതി വിശാലവും യാതൊരു പൊടിയോ ചളിയോ ബാധിക്കാത്ത വിധത്തിൽ ടാർ ഇട്ടു ഉറപ്പിച്ചതും ഇരുവ

ശത്തും വൃത്തിയും ഭംഗിയുമുള്ള അത്യുന്നത സൌധങ്ങളാൽ ശോഭിതവുമായ കല്ക്കത്തയിലെ ചൌരങ്കി റോഡിനോടുപമിക്കത്തക്ക മററൊരു പാത ഞാൻ ഇതേവരെ കണ്ടിട്ടില്ല. കല്ക്കത്തയിലെ വളഞ്ഞു തിരിഞ്ഞു വീതിയില്ലാതെ കിടക്കുന്ന തെരുവുകളെയെല്ലാം നേരെയാക്കി വലുതാക്കുവാൻ അവിടുത്തെ 'ടൌൺ ഇംപ്രൂവ്മെൻറ് ട്രസ്ററു'കാർ (Town Improvement Trust) ചെയ്തുവരുന്ന ശ്രമങ്ങൾ വളരെ സ്തുത്യർഹമായിരിക്കുന്നു. ഓരോ ഭാഗങ്ങളായി ഇവർ പരിഷ്കരിച്ചുവരുന്നു. ഇടതിങ്ങിയതും ഇരുട്ടടഞ്ഞതുമായ പഴയ വീടുകൾ നിറഞ്ഞു വൃത്തിയില്ലാതെ കിടക്കുന്ന സ്ഥലങ്ങളെ ഇവർ അല്പാല്പമായി വിലക്കു വാങ്ങി, കെട്ടിടങ്ങളെല്ലാം പൊളിച്ചു മാററി ഭൂമി സമനിരപ്പാക്കി, വളവോ ചെരിവൊ കൂടാതെ വിസ്താരമേറിയ റോഡുകൾ വെട്ടിയുണ്ടാക്കിയശേഷം ബാക്കി ഇരുവശത്തുമുള്ള സ്ഥലങ്ങളെ പുതിയ വീടുകൾ പണിചെയ്യേണ്ടവക്കു ലേലത്തിൽ വില്ക്കുന്നു. ഇങ്ങിനെയുള്ള ലേലവില് വാങ്ങിയ വിലയേക്കാൾ അധികരിച്ചു വരുന്നതുകൊണ്ടു ട്രസ്ററുകാക്കു യാതൊരു നഷ്ടവും നേരിടുന്നില്ല.

ക്രിസ്താബ്ദം 1911 ഡിസമ്പ്രിൽ ഉണ്ടായ അഞ്ചാം ജോർജ്ജ് ചക്രവത്തിയുടെ കിരീടധാരണ മഹോത്സവം പ്രമാണിച്ച് ഇന്ത്യയുടെ തലസ്ഥാനത്തെ ഡൽഹിയിലേക്കു മാററുന്നതു വരെ തലസ്ഥാന നഗരം കല്ക്കത്തയായിരുന്നുവല്ലോ. ജനസംഖ്യകൊണ്ടും വലുപ്പംകൊണ്ടും കല്ക്കത്ത ഇന്ത്യയിൽവെച്ചു ഇപ്പോഴും ഒന്നാമത്തേതാണ്. ബ്രിട്ടീഷ

സാമ്രാജ്യത്തിൽ യോഗ്യതകൊണ്ടു ദ്വിതീയസ്ഥാനം വഹിക്കുന്ന ഈ കല്ക്കത്താനഗരത്തെ ഇംഗ്ലീഷുകാർ The City of Palaces എന്നു വിളിച്ചുവരുന്നതു എത്രയോ അൎത്ഥവത്താണെന്നു ഇവിടെ ഒരിക്കൽ വന്നു കണ്ടവൎക്കു ബോദ്ധ്യപ്പെടും. ഇവിടെയുള്ള ചരിത്രസംബന്ധവും, ശാസ്ത്രസംബന്ധവുമായ വിശേഷങ്ങൾ നോക്കി ഗ്രഹിപ്പാൻ ധൃതിപ്പെട്ടു പോകുന്ന ഒരു തീൎത്ഥയാത്രക്കിടയിൽ കിട്ടുന്നതായ ഒന്നൊ രണ്ടൊ ദിവസങ്ങൾ ഒട്ടും മതിയാകുന്നതല്ല. ഒരു മാസത്തെ താമസംകൊണ്ടു പോലും കണ്ടറിയുവാൻ അസാദ്ധ്യമായ കാൎയ്യങ്ങൾ കല്ക്കത്തയിൽ ഉണ്ട്. അതിനാൽ ഞങ്ങളുടെ സ്വല്പദിവസങ്ങൾക്കുള്ളിൽകാണ്മവാൻ സാധിച്ച സ്ഥലങ്ങളുടെ വിവരം മാത്രം താഴെ ചേൎക്കുന്നു.

<u>കാളിക്ഷേത്രം.</u> കല്ക്കത്തയിലെ ബംഗാളികൾ വളരെ മുഖ്യമായി കരുതിപ്പോരുന്ന ഈ ക്ഷേത്രം ഹാരിസൺ റോഡിൽനിന്നു തെക്കോട്ടായി ഉദ്ദേശം 3 നാഴിക ദൂരത്തിലാകുന്നു. ഈ ക്ഷേത്രത്തിൽ സദാ സമയവും അസംഖ്യം ജനങ്ങൾ വന്നുംപോയുമിരിക്കും. വെള്ളിയാഴ്ച തുടങ്ങിയ വിശേഷ ദിവസങ്ങളിലെ തിരക്കു പറയേണ്ട. ശ്രീകോവിൽ വളരെ ചെറിയതാണ്. ബിംബം ക്ഷേത്രത്തിനകത്തു ഒരു താണസ്ഥലത്താണു പ്രതിഷ്ഠിച്ചിരിക്കുന്നതു. തിരക്കു കൂടാതെ അകത്തുകടന്നു തൊഴുതു പോരുന്നതിനായി ഞങ്ങൾ കാവല്ക്കാൎക്കു 1 ക സംഭാവന ചെയ്തു. ക്ഷേത്രത്തിന്നുള്ളിൽ കടന്നാൽ പുറത്തേക്കുള്ള വാതിൽ അടച്ചുകളയും. ഇരുട്ടു നിറഞ്ഞതായ ആ സ്ഥലത്തു, വിളക്കുകളു

ടെ പ്രകാശത്താൽ വെള്ളികൊണ്ടുണ്ടാക്കി വെച്ചിരിക്കുന്ന ദംഷ്ട്രകളോടും കപാലമാലയോടും കൈയ്യിൽ രക്തം പുരണ്ട വാളും പിടിച്ച് സിംഹവാഹനത്തിന്മേൽ രക്താംബരധാരിയായി സ്ഥിതിചെയ്യുന്ന അത്യുഗ്രമൂർത്തിയായ മഹാകാളീ ദേവിയെ കാണാം. ബിംബം ഒരു വലിയ ആളോളം വലുപ്പമുണ്ട്. ആകൃപ്പാടെ അതി ഭയങ്കരം തന്നെ. ബലി മുതലായവയിൽ പരിചയം കുറഞ്ഞവൎക്ക് അവിടം മഹാഭയ ജനകമായിരിക്കുമെന്നതിന്നു സംശയമില്ല. ദൎശനം ചെയ്യാനായി ചെല്ലുന്നവൎക്ക് ബിംബം തൊട്ട് അൎച്ചന മുതലായവ ചെയ്യാം. ബലി ദിവസേന ഇവിടെ അനവധി നടക്കുന്നുണ്ട്. ഞങ്ങൾ അവിടെച്ചെന്നതു ഏകദേശം ഉച്ചക്കു 2 മണിക്കായിരുന്നു. അപ്പോൾ ക്ഷേത്രത്തിന്റെ ശ്രീകോവിലിന്നു പുറത്തായി അഞ്ചെട്ടു ആട്ടിൻതലകളും കുറെ രക്തവും മാംസശിഥിലങ്ങളും കിടക്കുന്നതു കണ്ടു. വിശേഷദിവസങ്ങളിൽ പോത്തിനെക്കൂടെ ബലി കഴിക്കാറുണ്ടെന്നു ജനങ്ങൾ പറയുന്നു. ഈ ക്ഷേത്രത്തിന്നു സമീപം വരെ ട്രാം വണ്ടികൾ ഉണ്ട്. ഇവിടുത്തെ ട്രാം വണ്ടികളെല്ലാം രണ്ടെണ്ണം കൂടിച്ചേൎന്നതാകുന്നു. ആദ്യത്തേതു ഒന്നാം ക്ലാസ്സും പിന്നിൽ ഉള്ളതു രണ്ടാം ക്ലാസ്സും ആകുന്നു. ഇതിന്നും പുറമെ എല്ലാ ട്രാം പാതകളിലും ഇരട്ടവഴികളും ഉണ്ട്.

<u>കാഴ്ചബംഗ്ലാവ്.</u> കാളീക്ഷേത്രത്തിൽനിന്നു കാഴ്ചബംഗ്ലാവിലേക്കു വളരെ ദൂരമില്ല. ഇതു 'ചൌരങ്കി റോഡി'ലാണ്. കെട്ടിടം വളരെ വലിയതാകുന്നു. സാവധാനത്തി

ൽ എല്ലാം നടന്നു കാണുന്നതായാൽ ഒരു ദിവസത്തെ സമയം പോരാ. അത്ഭുതകരങ്ങളായ പലേ കാഴ്ചകളും ഇവിടെ ഉണ്ടെന്നു പറയേണ്ടതില്ലല്ലോ. ഞങ്ങൾ ഇവിടെ മൂന്നുനാലു മണിക്കൂർ മാത്രമേ താമസിച്ചുള്ളു. അതിനാൽ മുഴുവനും നടന്നു കാണ്മാൻ സാധിച്ചില്ല. ഇവിടുത്തെ 'മൃഗശാല' ഇവിടെനിന്നും കുറെ ദൂരത്തിലുള്ള 'ആലിപ്പൂർ' എന്ന സ്ഥലത്തും, ഇതോടു ചേൎന്നതായ 'ശൃംഗാരത്തോട്ടം' 'സാപ്പൂർ' എന്ന ദിക്കിലും ആകുന്നു. ഈ കാഴ്ചത്തോട്ടത്തിൽ അനേക തരം വൃക്ഷങ്ങളും സസ്യങ്ങളും ഉള്ളതിന്നു പുറമെ 145 കൊല്ലങ്ങൾക്കു മുമ്പുള്ളതായ ഒരു ആൽവൃക്ഷവും ഉണ്ട്.

മാൎക്കററ് (*New Market.*) ഇവിടുത്തെ പ്രധാനപ്പെട്ട ഒരു സ്ഥലമാണ് പുതിയ മാൎക്കററ്. ഇതു ഇന്ത്യാരാജ്യത്തിൻെറ തലസ്ഥാനമായിരിപ്പാനുള്ള യോഗ്യത കല്ക്കത്തക്കു സൎവ്വപ്രകാരത്തിലും ഉണ്ടായിരിക്കേണമെന്നു കരുതി 'കർസൻപ്രഭു' തൻെറ ഭരണകാലം മുഴുവൻ ചെയ്ത അശ്രാന്തപരിശ്രമത്തിൻെറ ഒരു സൽഫലമാണ്. ഈ രമണീയമായ കെട്ടിടത്തിൻെറ മനോഹരതയും ഇതു സൂക്ഷിച്ചു പോരുന്ന വൃത്തിയും സാമാനങ്ങൾ വില്പാനുള്ള ഏൎപ്പാടുകളും ഒരുപോലെ പ്രശംസാൎഹങ്ങളാകുന്നു. ആടു മുതലായ ജന്തുക്കളെ അറുക്കുകയും വില്ക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ കണ്ടാൽ ഇങ്ങിനെ ചില കാൎയ്യങ്ങൾ അവിടെ നടക്കുന്നുണ്ടെന്നു സംശയിപ്പാൻപോലും ഇടയില്ലാത്ത വിധത്തിൽ അത്രയേറെ ശുചിയായും വെടിപ്പായും

കിടക്കുന്നു. രാത്രി സമയത്തു ചലനമില്ലാതെ കത്തിക്കൊണ്ടിരിക്കുന്ന വൈദ്യുത വിളക്കുകളുടെ ശോഭ ഇസ്ഥലത്തിന്റെ രമണീയതയെ ദ്വിഗുണീഭവിപ്പിക്കുന്നു. കല്ക്കത്ത സന്ദർശിക്കുന്നവർ നിശ്ചയമായും ഈ സ്ഥലം കാണേണ്ടതു തന്നെയാണ്.

ചൌരങ്കിറോഡിന്നു പടിഞ്ഞാറു ഭാഗത്തായിട്ടാണ് ചരിത്രപ്രസിദ്ധമായ 'ഫോർട്ട്‌വില്യം' എന്ന കോട്ട. ഇതിന്നടുത്തു വരിവരിയായി അസംഖ്യം കെട്ടിടങ്ങൾ കാണാം. ഇവയെല്ലാം കോടതികളും ഗവർമ്മേണ്ടാഫീസ്സുകളുമാണ്. ഇതിന്നിടയിൽ 'കല്ക്കത്തയിലെ ഇരുട്ടറ' (Black Hole of Calcutta) എന്ന സ്ഥലവും ഉണ്ട്. ഈ കോട്ട ഹൂഗ്ലി നദിക്കരയിലാകുന്നു. ഇതിന്റെ മൂന്നു ഭാഗവും ഒഴിഞ്ഞ മൈതാനമാണ്. കോട്ടയുടെ വടക്കുവശമുള്ള മൈതാനത്തിൽ ഹൂഗ്ലി നദിയുടെ കരക്കായിട്ടാണ് 'ഈഡൻഗാർഡൻ' എന്ന ഉദ്യാനം. ഇതിന്റെ കിഴക്കുഭാഗത്താണ് ഗവർമ്മേണ്ട് ഹൌസ്. ഹൂഗ്ലി പാലത്തിന്നടുത്തായി 'ഹൂഗ്ലിഘാട്ട്' എന്ന സ്നാനഘട്ടം ഉണ്ട്. ഇവിടെനിന്നു മേല്പോട്ടും കീഴ്പോട്ടുമായി അനേകം ബോട്ടുകൾ പോകുന്നുണ്ട്.

## ദ ക്ഷി ണേ ശ്വ രം.

ഹൂഗ്ലിഘാട്ടിൽനിന്നു സുമാർ 5 നാഴിക വടക്കായിട്ടാണ് ശ്രീരാമകൃഷ്ണപരമഹംസർ കാളീപൂജ ചെയ്തിരുന്ന ദക്ഷിണേശ്വരമെന്ന പുണ്യക്ഷേത്രം. ഇതു ഹൂഗ്ലിയുടെ കിഴ

ക്കെ കരക്കാണ്. ഹൂഗ്ലിഘാട്ടിൽനിന്നു തീബോട്ടു കയറി നാലാമത്തെ സ്റ്റേഷനായ 'ഷെബുടോലാ'ഘാട്ടിൽ ഇറങ്ങി അവിടെനിന്നും 1¼ നാഴിക തെക്കോട്ടു നടക്കണം. ഹൂഗ്ലിഘാട്ടിൽനിന്നു ഷെബുടോലക്കു 1-ാം ക്ലാസ്സു ബോട്ടുക്കൂലി 6 ണ യാണ്. കാളീക്ഷേത്രം ഹൂഗ്ലിയുടെ കിഴക്കെ കരക്കുള്ള വിശാലമായ ഒരു ഒഴിഞ്ഞ സ്ഥലത്താണ് പണിചെയ്തിരിക്കുന്നതു. ഇവിടുത്തെ പ്രധാന സന്നിധിയിൽ കാളിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതിന്നു മറെറാരു ഭാഗത്തുള്ള ശ്രീകോവിലിൽ രാധാകൃഷ്ണന്മാരെയും പ്രതിഷ്ഠിച്ചിരിക്കുന്നു. നിലത്തെല്ലാം മാർബൾ കല്ലു പതിച്ചിട്ടുണ്ടു. കാളീബിംബം ചെറിയതാണ്. വളരെ സൌമ്യഭാവത്തിലാണ് കാണപ്പെടുന്നതു. അതു അവിടുത്തെ സാത്വീകപ്രധാനമായ പൂജയുടേയും ഉപാസകനായ ആ മഹാൻ ഭാവൻെറ മനോഗുണവൈശിഷ്ട്യത്തിൻേറയും സങ്കല്പ ശക്തിയുടേയും ഫലമായിരിക്കാം. ഈ രണ്ടു ശ്രീകോവിലുകൾക്കു ചുററുമായി പ്രദക്ഷിണം ചെയ്യാനും മററും കരിങ്കല്ലുകൾ പതിച്ച കുറെ ഒഴിഞ്ഞ സ്ഥലമുണ്ടു. ഇതും അമ്പലമതിലിന്നകത്താണ്. ക്ഷേത്രം ഇപ്പോൾ കുറെ ജീൎണ്ണപ്പെട്ടുകിടക്കുന്നുണ്ടെങ്കിലും അതു ഒരു കാലത്തു വളരെ നല്ല സ്ഥിതിയിലായിരുന്നുവെന്നു ഇപ്പോഴും കണ്ടാൽ അറിയുന്നുണ്ട്. പൂജകൾ ശരിക്കു നടക്കുന്നുണ്ടെന്നല്ലാതെ മതിലിന്നു ചുററുമുള്ള പ്രദേശങ്ങൾ-കുറച്ചു കാലത്തിന്നു മുമ്പു അതിസുരഭിലങ്ങളായ പുഷ്പസമൂഹങ്ങൾ നിറഞ്ഞ ഉദ്യാനങ്ങളായി ശോഭിച്ചിരുന്ന സ്ഥലങ്ങൾ—ഇപ്പോൾ പടുവൃക്ഷങ്ങ

ളും മററും മുളച്ചു നിറഞ്ഞു കാട്ടുപിടിച്ചു കിടക്കുന്നു. ക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്ത് ഹുഗ്ലി നദിയിലേക്കു പടവുകൾ കെട്ടിയിറക്കി സ്നാനത്തിന്നു സൌകര്യപ്പെടുത്തീട്ടുണ്ട്. നദീതീരത്തിൽ ഈ കടവിന്നു ഇരുവശത്തുമായി 12 വലിയ ശിവലിംഗങ്ങളെ ചെറിയ ഓരോ വെണ്മാടങ്ങൾക്കുള്ളിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. നദിയിലെ കാററു വിശ്രമിപ്പാനായി അവിടെ തറകൾ കെട്ടിയിട്ടിട്ടുണ്ട്. ഈ പടവിൻെറ വടക്കുവശമായി വളരെ ജീർണ്ണിച്ച ഒരു ചെറിയ പുര കാണാം. ശ്രീരാമകൃഷ്ണപരമഹംസർ ഭക്ഷണാദികളെല്ലാം ത്യജിച്ചു ഉഗ്രസമാധിസ്ഥനായിരുന്നതു ഈ ചെറുസ്ഥലത്തായിരുന്നു. ക്ഷേത്രത്തിനോട്ടു തൊട്ടുള്ളതായ മറെറാരു കെട്ടിടത്തിന്നുള്ളിൽ ശ്രീരാമകൃഷ്ണപരമഹംസരുടെ ശയനമുറിയും അതിന്നകത്തു അദ്ദേഹം ഉപയോഗിച്ചുവന്നതായ കട്ടിൽ, കിടക്ക, തലയണ, ചില പൂജാപാത്രങ്ങൾ മുതലായവയും വരുന്നവൎക്കു കാണ്മാനായി സൂക്ഷിച്ചിരിക്കുന്നു. പ്രശാന്തരമണീയമായ ഈ ദിവ്യസ്ഥലം ഭക്തന്മാരുടെ മനസ്സിനെ ബലാദാകൎഷിക്കത്തക്കതാണെന്നതിന്നു സംശയമില്ല. നിരുപദ്രവമായിരുന്ന് ധ്യാനസമാധികൾ പരിശീലിക്കുന്നതിന്നു ഇത്ര യോഗ്യതയുള്ള സ്ഥലം വേറെ കാണ്മവാൻ പ്രയാസം. അത്യുൽകൃഷ്ടമായ ഹിന്തുമതം, യഥാൎത്ഥതത്വാനുഷ്ഠാനങ്ങളെ നിലനിത്തിപ്പോരേണ്ടുന്ന ഭാരവാഹിത്വമുള്ളവരുടെ സ്വാൎത്ഥതല്പരത നിമിത്തം പരമാൎത്ഥതത്വങ്ങൾ മറഞ്ഞ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ് നാശോന്മുഖ

മായി തീൎന്ന സമയം, ആ ഹിന്തുമതത്തെ പുനരുദ്ധാരണം ചെയ്യേണ്ടതിന്നായി അവതരിച്ച് സ്വശിഷ്യമുഖേന യൂറോപ്പ്, അമേരിക്ക, ചൈന, ജാപ്പാൻ തുടങ്ങിയ അന്യരാജ്യങ്ങളിൽ അതിൻെറ ഖ്യാതിയെ പരത്തി ആ ദിക്കുകളിലെ തത്വജ്ഞാനികളെക്കൂടെ വിസ്മയപരതന്ത്രന്മാരാക്കിത്തീൎത്ത ആ വന്ദ്യപുരുഷൻെറ ആരാധനാമന്ദിരമായ ഈ വിശിഷ്ടസ്ഥലത്തെ ഇപ്രകാരം അനാഥസ്ഥിതിയിലിട്ടേക്കുവാൻ അനുവദിക്കുന്നതു അത്യന്തം കഷ്ടം തന്നെ.

'ഷെബിടോല'യിൽനിന്നു നേരെ തെക്കെ സ്റ്റേഷനായ 'കുററിംഘാട്ടി'ൽ ഇറങ്ങി ഒരു വഞ്ചി പിടിച്ച് ഹൂഗ്ലിയിൽക്കൂടെ നേരെ പടിഞ്ഞാറെ കരക്കു ചെന്ന് അവിടെനിന്നും സ്വല്പദൂരം നടന്നാൽ ശ്രീവിവേകാനന്ദസ്വാമികളാൽ സ്ഥാപിക്കപ്പെട്ടതായ പ്രസിദ്ധപ്പെട്ട 'ബേലൂർ മഠ'ത്തിൽ എത്തും. ഇതും ഹൂഗ്ലിയുടെ കരക്കാണ്. അവിടെ രാമകൃഷ്ണമിഷ്യനിൽ ചേൎന്ന സന്യാസികൾ ഇപ്പോഴും താമസിച്ചുവരുന്നു. പരമഹംസരുടെ പത്നിയായ ശ്രീശാരദാമണീദേവി അടുത്തകാലത്തു പരമപദം പ്രാപിച്ചതു ഇവിടെ വെച്ചാണ്.

കല്കത്തയിൽ മററുദിക്കുകളിലെന്നവിധംതന്നെ പാലക്കാടൻ പട്ടർ ഹോട്ടൽ വെച്ചിട്ടുണ്ട്. ഇവിടെ മലയാളരീതിയിൽ ഉള്ള ഭക്ഷണം കിട്ടും. ഇതുകൂടാതെ പരിഷ്കൃതരീതിയിലുള്ള അനേകം ഇന്ത്യൻ ഹോട്ടലുകളും ഉണ്ട്.

പണം ധാരാളം ചെലവഴിക്കുന്നവൎക്ക ഈ വക ഹോട്ടൽ കളിൽ ഒന്നോ രണ്ടോ മുറികൾ വാടകക്കു മേടിച്ചാൽ സുഖമായി താമസിക്കാം. ഇപ്രകാരത്തിൽ നാട്ടുകാൎക്കുള്ള ഒരു ഹോട്ടലാണു 'കല്ക്കത്താബോൎഡിങ്ങ്ഹൌസ്'. ഇതു ഹാരിസൺറോഡിൽ 28-ാംനമ്പ്ര് കെട്ടിടത്തിലാകുന്നു. ഇവിടെ പ്രത്യേക ക്ലാസ്സുകാൎക്ക് ദിവസത്തിൽ 5കയും ഒരു മാസത്തേക്കു 120 കയുമാണ് ചാൎജ്. ഒന്നാംക്ലാസ്സുകാൎക്ക് 3½ കയും ഒരു മാസത്തേക്കാണെങ്കിൽ 85 കയും കൊടുക്കണം. 2-ാംക്ലാസ്സിന്നു ദിവസം 2 കയും മാസത്തിൽ 50 കയും കൊടുത്താൽ മതി. വാലിയക്കാൎക്ക ദിവസം 10 ണയാണ്. കല്ക്കത്തയിൽ ധൎമ്മശാലകൾ ധാരാളമുണ്ട്. ഹൌറ റയിൽവെ സ്റ്റേഷന്നു വളരെ സമീപത്തിലായി 'സുബൎണ്ണബൎണ്ണ'രാജാവിന്റെ വക ഒരു സത്രമുണ്ട്. പ്രധാനപ്പെട്ടതു ബാറാബസാറിൽ ശ്യാമാഭായിലയിനിലുള്ള 'പൂൎണ്ണചന്ദ്മുക്കിംജയിൻ ധൎമ്മശാല'യാകുന്നു. ഇതു ഹിന്ദു ജയിനയാത്രക്കാരുടെ ഉപയോഗത്തിന്നായി കെട്ടപ്പെട്ടതും വാടകക്കൂടാതെ താമസിക്കാവുന്നതുമാകുന്നു. 'ബാറാബസാറി'ൽ 'ഹാരിസൻറോഡി'ൽ 150-ാം നമ്പ്രായി ഒന്നും, 'മള്ളിക്ക് സ്ട്രീററിൽ 6-ാംനമ്പ്രായി മറെറാന്നും, 'ബാൻസലാസ്ട്രീററി'ൽ 51-ാംനമ്പ്രായി വേറെയൊന്നും ആയി ഹിന്തുക്കൾക്കു മൂന്നു ധൎമ്മശാലകൾ വേറെയുമുണ്ട്. ഇവിടങ്ങളിലൊന്നും വാടക കൊടുക്കേണ്ടതില്ല.

UNIVERSITY LIBRARY MADRAS 3 APR 1939

## 3-ാം അദ്ധ്യായം.

### ശ്രീകാശീയാത്ര.

ഞങ്ങൾ കല്ക്കത്തയിൽനിന്നു ബോമ്പെ മെയിലിൽ കാശിക്കു പുറപ്പെട്ടു. റയിൽവെ സമയം എല്ലാ ദിക്കിലും ഒന്നാണെങ്കിലും ചില ദിക്കിൽ അല്പം വ്യത്യാസം കാണും. മദ്രാശിയിൽ 12 മണി ആകുമ്പോൾ കല്ക്കത്തയിലുംബോമ്പെയിലും 12 മണി ആയിരിക്കയില്ല. റയിൽവെക്കാരുടെ സമയം (Standard) കല്ക്കത്താമണിക്കൂറിനേക്കാൾ 24 മിനുട്ട് കുറവാണ്. അതായതു കല്ക്കത്തയിലെ മണിമാളികകളിലെ നാഴിക മണികളിൽ 8 മണിയായാൽ റയിൽവെ മണിയിൽ 7 മണി 36 മിനുട്ടായിരിക്കും. എന്നാൽ മദ്രാസിൽ ഈ വ്യത്യാസം കാണുന്നതല്ല.

കല്ക്കത്തയിൽനിന്നു കാശിക്കു അനേകം വണ്ടികൾ ഉണ്ട്. അവയെല്ലാം കാശിയിൽനിന്നു 7 നാഴിക ദൂരമുള്ള 'മുഗൾസറ' എന്ന സ്റ്റേഷനിൽകൂടെ ഓരോ ദിക്കിലേക്കു പോകുന്നവയാണ്. അതിനാൽ മുഗൾസറയിൽ ഇറങ്ങി കാശിയിലേക്കുള്ള പ്രത്യേകവണ്ടിയിൽ കയറേണ്ടിവരുന്നു. എന്നാൽ കല്ക്കത്തയിൽനിന്നു പുറപ്പെടുന്ന 'ത്രുബെനാറീസ്പാസ്സിഞ്ചർ (Through Benares Passengar) എന്ന വണ്ടി മാത്രം നേരെ കാശിക്കു പോകുന്നു

ണ്ടു്. ഇവിടെനിന്നു പുറപ്പെടുന്ന വണ്ടികളിൽ പ്രധാന മായതു ബോമ്പെ മെയിലും, പഞ്ചാബ്മെയിലുമാകുന്നു. ഈ രണ്ടു വണ്ടികളിലും എല്ലാ ദിവസവും തിരക്കു കഠിന മായിരിക്കും. ഇതിൽ പഞ്ചാബ് മെയിലിൽ സാധാരണ യായി 1-2. ക്ലാസ്സുകാരുടെ ഭൃത്യന്മാൎക്കല്ലാതെ 3-ാംക്ലാസ്സു ടിക്കററുകൾ കൊടുക്കാറില്ല. പഞ്ചാബ്, ബോമ്പെ മെ യിലുകളിൽ 200 നാഴികയിൽ കുറഞ്ഞു യാത്ര ചെയ്യുന്ന വൎക്കു ഇൻറർ മീഡിയററ ടിക്കററും കിട്ടുന്നതല്ല. ഈ രണ്ടു വണ്ടികളും ഹൌറസ്റ്റേഷനിൽ നിന്നു പുറപ്പെട്ടു് 138 നാഴികവരെ ഒരേ പാതയിൽക്കൂടെ ചെല്ലുന്നു. പിന്നീട് ബോമ്പെമെയിൽ 'ഗയ'വഴിക്കും പഞ്ചാബ്മെയിൽ 'ക്യൂ ൾ', 'ലക്കിസറ', 'പാട്നാ' വഴിയായും പിരിഞ്ഞുപോ യി 'മുഗൾസറ' എന്ന വലിയ ജങ്ക്ഷനിൽ എത്തിച്ചേ ൎന്നു് വീണ്ടും ഒരേ വഴിയിൽക്കൂടെ അലഹബാദിലേക്കുപോ കുന്നു. കല്ക്കത്തയിൽനിന്നു പുറപ്പെടുന്ന മററു വണ്ടികളും ചിലതു ഗയവഴിക്കും ചിലതു പാട്നാവഴിക്കും പോകുന്നു ണ്ടു. പ്രസിദ്ധപ്പെട്ട 'വൈദ്യനാഥ' ക്ഷേത്രത്തിലേക്കുപോ കേണ്ടവർ കല്ക്കത്തയിൽനിന്നു പാട്നാവഴിക്കു പോകുന്ന വണ്ടിയിലാണു കയറേണ്ടതു. ഈ വഴി പോകുമ്പോൾ 'ക്യൂൾ' എന്ന സ്റ്റേഷനിൽ എത്തിയാൽ അവിടെ ഇറങ്ങി 'മോങ്കീറി'ലേക്കുള്ള വണ്ടിയിൽ കയറിപ്പോകുന്നതായാൽ 'അഗ്നിതീൎത്ഥ'മെന്നു സുപ്രസിദ്ധമായ 'സീതാകുണ്ഡം' എന്ന ദിക്കിലേക്കു പോകാം. ബോമ്പെ മെയിൽ കല്ക്ക ത്തയിൽനിന്നു പുറപ്പെട്ടാൽ 67 നാഴിക ദൂരത്തിലുള്ള

'ഭരദപാൻ' എന്ന സ്റ്റേഷനിലാണു പിന്നെ നില്ക്കുന്നതു. ഈ വണ്ടികൾക്കു വളരെ വേഗം കൂടും. 2-ാം ക്ലാസ്സിൽ കൂടിയും ഇളക്കം നല്ലവണ്ണമുണ്ട്. ഭരദപാൻ എന്ന സ്റ്റേഷനിൽ ചൂടുള്ള ചായ കിട്ടും. (വടക്കെ ഇന്ത്യയിൽ ചായയല്ലാതെ കാപ്പി കിട്ടുന്നതല്ല. പാൽ ധാരാളം കിട്ടും) പുലച്ചെ 3 മണിക്ക് 'ഗയ'ജങ്ക്ഷനിൽ എത്തുന്നു. പ്ലാററുഫോറത്തിൽ നല്ല കുഴൽ വെള്ളമുണ്ട്. ഗയയിൽ നിന്നു 50 നാഴിക അകലെയുള്ള 'ശോണഭദ്ര'നദീതീരത്തിൽ $4\frac{1}{2}$ മണിക്കെത്തുന്നു. ഈ നദിയുടെ ഇരുകരക്കും ഓരോ സ്റ്റേഷൻ ഉണ്ട്. അതിന്നു മദ്ധ്യത്തിലുള്ള 3 നാഴിക ദൂരം മുഴവനും ശോണഭദ്രയുടെ പാലമാണ്. ഇന്ത്യയിൽവെച്ചു ഏററവും നീളമുള്ള പാലം ഇതാകുന്നു. നദിക്കു വളരെ ആഴമുണ്ടെന്നു തോന്നുന്നില്ല. വണ്ടി ഈ പാലത്തിൽ കയറിയാൽപിന്നെ ഇരുവശത്തും കണ്ണെത്തുന്ന ദൂരം വരെ പരന്നു കാണുന്ന ജലപ്രവാഹം ആൎക്കും അത്ഭുതകരമായിരിക്കും. വണ്ടി പാലത്തിന്മേൽകൂടെ വളരെ മന്ദഗതിയിലെ പോകുന്നുള്ളു. 3 നാഴിക നീളമുള്ള ഒരു പാലത്തിന്മേൽകൂടെ യാത്ര ചെയ്യുമ്പോൾ ഒരു മാതിരിക്കാൎക്കെല്ലാം ഭയം തോന്നാതിരിക്കയില്ല. മുഗൾസറയിൽ ഈ വണ്ടി എത്തുന്നതു 7 മണിക്കാണ്. ഇവിടെ വണ്ടി മാറണം. കൂലിക്കാരെ ധാരാളം കിട്ടും. മുഗൾസറയിൽനിന്നു കാശീ സ്റ്റേഷനിലേക്കു 7 നാഴികയേ ഉള്ളു. വണ്ടി ഗംഗയുടെ മീതെ കെട്ടിയിരിക്കുന്ന 'ഡഫറിൻ' പാലം കടന്ന ഉടനെ കാശീ സ്റ്റേഷനിൽ എത്തുന്നു.

---

# 4-ാം അദ്ധ്യായം.

## കാശീനഗരം.

'വിശ്രാന്തം സദനംകാശീ കാശീലക്ഷ്മ്യാഃ പരാലയഃ
മുക്തിക്ഷേത്രമിദംകാശീ കാശീസവ്വത്രയീമയി'

കാശീഖണ്ഡം.

ഹിന്തുക്കളുടെ ഉത്തമ ഭക്തിവിശ്വാസങ്ങൾക്കു പാത്രീഭൂതവും, ഹിന്തുമതത്തിന്നു തന്നെ അടിസ്ഥാനവും, അനേക ഭക്തവയ്യന്മാരാൽ സംസേവിതവും, അനവധി യുഗങ്ങൾക്കു മുമ്പുതന്നെ പ്രഖ്യാതവും ആയ ശ്രീകാശിയെന്ന പുണ്യഭൂമിയുടെ വൈശിഷ്ട്യങ്ങളെ വണ്ണിച്ചവസാനിപ്പിപ്പാൻ യാതൊരാൾക്കും സാധിക്കുന്നതല്ല. ഹിന്തുക്കൾക്കിടയിൽ ഈ പട്ടണത്തിന്നു പ്രഥമ സ്ഥാനമുണ്ടെന്നതു നിസ്തക്കമാണ്. ഇതിന്റെ ഉല്പത്തികാലം എപ്പോഴായിരിക്കുമെന്നു ആക്കും അറിവില്ല. 'ബാബിലോൺ,' 'നിനവെ' എന്നീ പ്രശസ്ത പട്ടണങ്ങൾ തമ്മിൽ പ്രഥമസ്ഥാനത്തിന്നായി മത്സരം നടന്നിരുന്ന കാലത്തിന്നും 'ടയർ'രാജ്യം ഉൽഗതിയെ പ്രാപിക്കുന്നതിന്നും, 'ആതൻസി'ന്റെ ശക്തി പൂത്തിയാവുന്നതിന്നും, 'റോമി'നെപ്പററി കേൾക്കുന്നതിന്നും എത്രയോ മുമ്പായിതന്നെ ശ്രീകാശിയുടെ മാഹാത്മ്യം ലോകവിശ്രുതമായി തീന്നിരിക്കുന്നുവെന്നു ഇംഗ്ലീഷു ഗ്രന്ഥങ്ങളിൽ കാണുന്നു. ഈ പട്ടണം 3000ത്തിലധികം കൊല്ലങ്ങൾക്കു മുമ്പ് കാശി രാജാവിനാൽ

സ്ഥാപിക്കപ്പെട്ട ഹിന്ദുസാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്നു. അതിന്നു ശേഷം ഇതു 'ക്യാന്തുജ്'രാജ്യത്തിൻെറ ഒരു ഭാഗമായി തീരുകയും ക്രിസ്തബ്ദം 1193 ൽ മുഹമ്മദ് ഘോരിയാൽ കീഴടക്കപ്പെടുകയും ചെയ്തു. ഉദ്ദേശം 1599 ൽ ഡൽഹിയിലെ പത്താൻ രാജവംശക്കാരുടെ അധഃപതനത്തോടുകൂടി കാശിരാജ്യം മുഗൾ സാമ്രാജ്യത്തിന്നധീനമായിതീൎന്നു. മുഗൾ സാമ്രാജ്യം ഭിന്നമായിത്തീൎന്ന കാലത്തു ഈ രാജ്യത്തിനെ അയോദ്ധ്യയിലെ നവാബ് ആയിരുന്ന 'സഫ്ഡാർജൻഗ്' കയ്യിലാക്കി. അദ്ദേഹത്തിൻെറ പൌത്രനാൽ 1775 ൽ ഈ രാജ്യം ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കായി ഒഴിഞ്ഞു കൊടുക്കപ്പെട്ടു. അതിന്നുശേഷം 1911 വരെ ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലായിരുന്നു. 1911 ൽ അഞ്ചാംജോൎജ്ജ് ചക്രവൎത്തിയുടെ ഇന്ത്യാ കിരീടധാരണ മഹോത്സവം പ്രമാണിച്ച് ഇപ്പോഴത്തെ കാശിമഹാരാജാവിന്നു ഈ രാജ്യഭാരം ഏല്പിച്ചു കൊടുക്കുകയും അദ്ദേഹത്തെ ബ്രിട്ടീഷു കോയ്മയുടെ കീഴിലുള്ള ഒരു നാട്ടു രാജാവായി വാഴിക്കയും ചെയ്തു. അദ്ദേഹം ഇപ്പോഴും അതു ഭരിച്ചുവരുന്നു. എന്നാൽ കാശീപട്ടണം മാത്രം ഇതിൽ അടങ്ങീട്ടില്ല. അതു ഇപ്പോഴും ബ്രിട്ടീഷുഭരണത്തിന്നധീനമാകുന്നു.

ഇന്ത്യാരാജ്യത്തിൻെറ നാനാ ഭാഗങ്ങളിൽ നിന്നും പലേവിധ ജാതിക്കാരും ഇവിടെ വരുന്നതുകൊണ്ടു ഈ സ്ഥലത്തു പലേ വിധ ആചാരങ്ങളുള്ള എല്ലാവിധ ജാതിക്കാരെയും കാണാവുന്നതാണ്. ഈ പുണ്യ ഭൂമിയിൽ

സ്വന്തമായ ഒരു കോവിലകവും ക്ഷേത്രവും ഇല്ലാത്ത രാജാക്കന്മാർ ഇന്ത്യയിൽ ചുരുക്കമൊണ്. ഓരോരോ രാജാക്കന്മാരാൽ നിമ്മിക്കപ്പെട്ട ക്ഷേത്രങ്ങരം ഓരോന്നും നിറഭേദമുള്ള മാർബിരം കല്ലിനാൽ വിചിത്രതരമാംവണ്ണം പണി ചെയ്യപ്പെട്ട ചെറുക്ഷേത്രങ്ങളായിരിക്കും. അതുപോലെ തന്നെ ധനവാന്മാരും തങ്ങളുടെ പേരിൽ ഒരു ക്ഷേത്രവും അന്നശാലയും പണി ചെയ്യിക്കുക പതിവാണ്. കാശിയിൽവെച്ചു ചെയ്യുന്ന കമ്മങ്ങരംക്കു നൂറിരട്ടിച്ച് ഫലം ലഭിക്കുമെന്നു വിശ്വസിച്ചു പോരുന്നതിനാലാണ് ഇവിടെ ഇത്രയധികം ക്ഷേത്രങ്ങളും ധമ്മാന്നശാലകളും കാണപ്പെടുന്നതു.

നാം വാരാണസിയെന്നു പറയുന്ന ഈ കാശിയെ ഇംഗ്ലീഷുകാർ 'ബനാറീസ്' എന്നു വിളിച്ചുവരുന്നു. ഈ സ്ഥലം ഇവിടെ വടക്കോട്ടൊഴുകുന്നതായ ഗംഗാനദിയുടെ പടിഞ്ഞാറെ തീരത്താണു കിടക്കുന്നതു. ഇതിൻെറ വടക്കെ അതൃത്തി ഗംഗയിൽ ചേരുന്നതായ 'വരുണാ'നദിയും, തെക്കെ അതൃത്തി ഗംഗയിൽ ചേരുന്ന 'അസി'നദിയുമാകുന്നു. വരുണക്കും അസിക്കും മദ്ധ്യത്തിലുള്ള പ്രദേശത്തിനെയാണ് വാരാണസിയെന്നു പറയുന്നതു. നാം സാധാരണയായി പറഞ്ഞുവരുന്ന കാശീനഗരത്തിന്നു രണ്ടു ഭാഗങ്ങരം ഉണ്ട്. ഒന്നു സാക്ഷാൽ കാശിയും മറെറാന്നു ബനാറീസ് കൻെറാൻമെൻറും ആകുന്നു. ഇതുകരംക്കനുസരിച്ച് രണ്ടു തീവണ്ടി സ്റ്റേഷനും ഉണ്ട്. കൻെറാൻമെൻറിൽ ഈ നഗരത്തിലെ പ്രധാനപ്പെട്ട ഗവമ്മേ

ണ്ടാഫീസുകളും ഇമ്പീരിയൽ ബാങ്കും ഉള്ളതിന്നു പുറമെ അനേകം യൂറോപ്യന്മാരുടെ ബംഗ്ലാവുകളും ഉണ്ട്. ഇവിടെയുള്ള റോഡുകൾ സാമാന്യം നല്ലവയും വിസ്താരമുള്ളവയുമാകുന്നു. കൺറോൺമെൻറ്, പട്ടണത്തിൻെറ പടിഞ്ഞാറുവശത്തും കാശി കിഴക്കുഭാഗത്തു ഗംഗാതീരത്തുമാകുന്നു. കാശീസ്റ്റേഷനിൽനിന്നു ഉദ്ദേശം രണ്ടു നാഴിക തെക്കായിട്ടാണ് വിശേ്വശ്വരക്ഷേത്രവും പ്രധാന സ്നാനഘട്ടമായ മണികൎണ്ണികയും. ഇവിടേക്കു 1½ ക കൊടുത്താൽ നാലാളുകൾക്കു സുഖമായിരിക്കാവുന്ന 'വിക്ടോറിയാ' കുതിരവണ്ടികൾ കിട്ടും. ഈ ദിക്കിൽ കൂലിക്കാൎക്കു വലിയ കൂലിയൊന്നും ഇല്ല. കുതിർവണ്ടികളിൽ കല്ക്കത്തയിലെന്നപോലെ തന്നെ സാമാനങ്ങൾ വെപ്പാൻ മുകളിൽ അഴികൾ ഇട്ടിട്ടുണ്ട്. ഇതു കൂടാതെ ഡോക്കാർട്ട് മാതിരിയിൽ വണ്ടിക്കാരനോടുകൂടെ 4 ആൾക്ക് ഇരിക്കാവുന്നതും മേൽപ്പുരയില്ലാത്തതും ഒററക്കുതിരയെ കെട്ടുന്നതുമായ 'ടോഗ്'വണ്ടിയും, ഒരാൾക്കു സുഖമായും രണ്ടാൾക്കു കഷ്ടിയായും ഇരിക്കാവുന്ന ഈ ദിക്കിലെ രീതി പ്രകാരമുള്ളതായ 'എക്ക'വണ്ടിയും കിട്ടും.

കാശീസ്റ്റേഷനിൽനിന്നു ഘട്ടങ്ങൾ ഉള്ള. സ്ഥലത്തേക്കു രണ്ടു നാഴിക ദൂരമുണ്ടെന്നു പറഞ്ഞുവല്ലൊ. വണ്ടി ചെന്നു നില്ക്കുന്ന സ്ഥലത്തുനിന്നു പിന്നേയും രണ്ടുമൂന്നു ഫല്ലോങ്ങ് നടക്കണം. അവിടങ്ങളിലുള്ള വഴി ആശാരിക്കോൽക്ക് 1½ കോലിലധികം വീതിയില്ല. വണ്ടികൾക്കു പോകുവാൻ യാതൊരു നിവൃത്തിയും ഇല്ല. അടിയിലെ

ല്ലാം കരിങ്കൽ പതിച്ചിരിക്കുന്നു. രാജപാഥകളും സ്നാനഘട്ടങ്ങളും ഉള്ളതായ ഗംഗാ തീരത്തിന്നും ഇടയിൽ മുഴുവനും ആറും ഏഴും നിലകളുള്ളതായ ഉയൎന്ന കെട്ടിടങ്ങൾ ഇടതിങ്ങി നില്ക്കുന്നു. ഇതിന്നു നടുവിലായി മേല്പറഞ്ഞ ചെറിയ വഴികൾ ഉണ്ട്. ഇരുവശവും വീടുകൾ ഉയൎന്നു നില്ക്കുനാതിനാൽ ഈ ഇടുങ്ങിയ വഴികളിൽ വെയിൽ തട്ടുന്നതു തന്നെ അപൂൎവ്വം. തന്നിമിത്തം എപ്പോഴും വെള്ളവും ചളിയും ആയി കിടക്കുന്നു. സ്നാനദൎശനാദികൾക്ക് ഈ വഴിയിൽകൂടെ നടന്നുതന്നെ പോണം. നടപ്പാൻ സാധിക്കാത്തവൎക്കു ഡോലികൾ കിട്ടും. കാശിയിലെ പ്രധാനപ്പെട്ട എല്ലാ കൈത്തൊഴിലുകളും ഈ ഭാഗത്താണു നടക്കുന്നതു. ഇവിടെയുള്ള ഇടുങ്ങിയ ഓരൊ സന്ധുക്കളിലും പ്രഭുക്കന്മാരായ അനേകം കച്ചവടക്കാർ ഉണ്ട്. ലോകപ്രസിദ്ധമായ 'കാശിപ്പട്ടു'കളും സാൽവകളും ഇവിടെയാണു വില്പനക്കു വെച്ചിരിക്കുന്നതു. പട്ടുകൾ സാൽവകൾ ഇവ നെയ്തുണ്ടാക്കുന്നതിന്നു കാശി ശ്രുതിപ്പെട്ട സ്ഥലമാകുന്നു. ബാലാജി സിൽക്ക് ഹൌസ്, മുത്തയ്യാ കമ്പനി എന്നീ രണ്ടു പേർകേട്ട കച്ചവടസ്ഥലവും വിശ്വനാഥ ക്ഷേത്രത്തിന്നു സമീപമാണ്. വിചിത്ര വേലകളുള്ള പിച്ചളപ്പാത്രങ്ങളും ചെമ്പു പാത്രങ്ങളും വില്ക്കുന്നതും ഇവിടെത്തന്നെ. കരിമ്പട കച്ചവടം ഇവിടെ അതി ധാരാളം ഉണ്ട്. ഉൾനാട്ടുകളിലേക്കു വേണ്ടുന്ന വിദേശസാമാനങ്ങൾ അയച്ചുകൊടുത്ത് ആ ദിക്കിലുള്ള സാമാനങ്ങളെ വരുത്തി അന്യ രാജ്യങ്ങളിലേക്കു കയററി അയക്കയും ഇവിടെ വെ

യ്യുവരുന്നു. ഇവിടുത്തെ ഭാഷ 'ഹിന്ദി'യാണ്. സംസ്കൃത പരിജ്ഞാനമുള്ളവൎക്ക് ഈ ഭാഷ കുറയൊക്കെ മനസ്സിലാകും. അന്യരാജ്യങ്ങളിൽ കാണുന്നേടത്തോളം ഇംഗ്ലീഷ്പരിജ്ഞാനമുള്ള ആളുകളെ ഇവിടെ കാണുന്നില്ല.

കാശിയിൽ തണുപ്പുകാലത്തു അതി ശൈത്യവും, വേനൽകാലത്തു അത്യുഷ്ണവുമാണ്. പട്ടണം ഗംഗാതീരത്താണെങ്കിലും വെള്ളത്തിന്റെ തണുപ്പുകൊണ്ടു മഞ്ഞുകാലത്തും നദിയുടെ പടവിന്റെ ചൂടിനാൽ വേനൽകാലത്തും സ്നാനത്തിന്നു സുഖം പോരാ. സാധാരണയായി കൎക്കടകം, ചിങ്ങം, കന്നി, കുംഭം, മീനം എന്നീ മാസങ്ങളാണു യാത്രക്കു ഏററവും നല്ല കാലം. കൎക്കടകം ചിങ്ങമാസങ്ങളിൽ മഴ ഉണ്ടാകുമെങ്കിലും വലിയ തണുപ്പും അധികചൂടും ഉണ്ടാകുന്നതല്ല. മഞ്ഞുകാലം അപരിചിതന്മാൎക്കു പററില്ലെന്നു തീൎച്ചയാണ്. കാശിയിൽ വീടുകളിൽ കുഴൽവെള്ളമുണ്ട്. ഇതു ശുദ്ധിചെയ്ത ഗംഗാജലം തന്നെയാണ്. ഈ ജലം വളരെ നിൎമ്മലമായിരിക്കും. എന്നാൽ കൃത്യസമയങ്ങളിൽ മാത്രമേ വെള്ളം വരുകയുള്ളു.

കാശിവാസികൾ നാനാ ജാതിക്കാരും തരക്കാരും ആണെന്നു മുമ്പു പറഞ്ഞുവല്ലോ. കാശിയിൽ സ്ഥിരവാസമുള്ളവരൊഴികെ മററു ജനങ്ങളിൽ മിക്കവരും പുണ്യസമ്പാദനാൎത്ഥം അന്യദിക്കിൽനിന്നു വന്നവരാകകൊണ്ടു ഈശ്വരഭക്തിയുള്ളവരാകുന്നു. മിക്ക ജനങ്ങളും പുലൎച്ചെ ഗംഗാസ്നാനവും വിശ്വനാഥ ദൎശനവും കഴിഞ്ഞല്ലാതെ ഭക്ഷണം കഴിക്കയില്ല. ആറു മാസം പ്രായംചെന്ന കുട്ടി

കളെപ്പോലും രാവിലെ ഗംഗയിൽ കൊണ്ടുവന്നു കുളിപ്പിക്കുന്നതു കാണാം. ശിവരാത്രി, ഗ്രഹണങ്ങൾ, ദീപാവലി മുതലായ വിശേഷദിവസങ്ങളിൽ ഗംഗാസ്നാനവും ദൎശനവും കഴിഞ്ഞല്ലാതെ യാതൊരാളും ഭക്ഷണം കഴിക്കയില്ല. സ്നാനത്തിന്നും ദൎശനത്തിന്നും ഇത്ര സുഖമുള്ള സ്ഥലം വേറെ കാണ്മാൻ പ്രയാസം. ഗംഗയിൽ സ്നാനം ചെയ്യുന്നതിലാകട്ടെ ക്ഷേത്രങ്ങളിൽ ദൎശനം ചെയ്യുന്നതിലാകട്ടെ പ്രായമോ, ജാതിയോ വ്യത്യാസമായി ഗണിക്കാറില്ല. സന്യാസികൾക്കും സാധുക്കൾക്കും എവിടെച്ചെന്നാലും ഭക്ഷണം ലഭിക്കും.

"ഗൃഹമേധ്യത്ര വിശ്വേശോ ഭവാനീ തൽകുടുംബിനി
സൎവ്വേഭ്യഃ കാശീസംസ്ഥേഭ്യോഃ മോക്ഷഭിക്ഷാം പ്രയഛതി
ദേവോ ദേവീ നദീഗംഗാമിഷ്ടമന്നം ശുഭാഗതിഃ
വാരാണസ്യാം വിശാലാക്ഷീഃ വാസഃ കസ്യനരോചതേ."

എന്നും മററും പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നതു വാസ്തവംതന്നെയാണ്. എന്നാൽ ഇപ്പോൾ നടന്നുവരുന്ന ധൎമ്മാന്നശാലകളിലെ ധൎമ്മം പാത്രമറിഞ്ഞല്ലാത്തതുകൊണ്ടു ദാനാർഹന്മാരല്ലാത്ത അനേകം വഞ്ചകന്മാരും കൂടി ഈ പുണ്യഭൂമി ഒരു ഇരുപ്പിടമായിത്തീൎന്നിരിക്കുന്നു. പ്രപഞ്ചസുഖങ്ങൾ വെടിഞ്ഞ് ഭക്തിയിൽ മുങ്ങി ഈശ്വരഭജനത്തിൽ മാത്രം ബദ്ധശ്രദ്ധരായി ജീവിച്ചുവരുന്ന യഥാൎത്ഥസന്യാസികളുടെ കൂട്ടത്തിൽ, തങ്ങളുടെ മേലാസകലം ഭസ്മം പൂശി ജടയും വളൎത്തി ഉച്ചത്തിൽ നാമസങ്കീൎത്തനം ചെയ്തു ഭക്തന്മാരെന്ന നാട്യത്തിൽ നടന്നുവരുന്ന ക

ള്ള സ്സന്ന്യാസികളും ധാരാളമുണ്ട്. പക്ഷെ ആ വേഷത്തി ന്നുള്ള മഹത്വത്താൽ അവക്കും ഭക്ഷണം ലഭിക്കുന്നു.

ഭജാറിൽ ഭക്ഷണസാമാനങ്ങളെല്ലാം വലിയ വില കൂടാതെ കിട്ടും. ഇട്ടിക്കകാരുടെ ഭക്ഷണം ഗോതമ്പുംകൊണ്ടുണ്ടാക്കുന്ന ഒരുതരം റൊട്ടി (ചപ്പാത്തി)യാണ്, അരി വാങ്ങുവാൻ കിട്ടുമെങ്കിലും വളരെ നല്ലതല്ല. കയ്പക്ക, വെണ്ടക്ക, വഴുതിനിങ്ങ മുതലായ പച്ചക്കറികളും ചീരയും ധാരാളം കിട്ടും. ചെറുനാരങ്ങ സുലഭം. പാൽ, തൈർ, നൈ ഇവക്കും ബുദ്ധിമുട്ടില്ല. എന്നാൽ കൃത്രിമം കൂടാത്തവ കിട്ടുവാൻ നമ്മുടെ നാട്ടിലേക്കാൾ പ്രയാസം. തൈർ സാധാരണ കട്ടയായിരിക്കും. അപ്പംപോലെ മുറിച്ചുവില്ക്കുകയാണു ചെയ്യുന്നതു. പുളിച്ച തൈർ ഉപയോഗിക്കുന്നവരായ മലയാളികൾക്കു ഇതു രുചിപ്രദമായിരിക്കയില്ല. വൃത്തിയും പോര. പാലിൽ ഗോതമ്പുമാവ് കലക്കിയ വെള്ളം ചേൎത്തുവരുന്നു. ഇതു ചേൎത്തിട്ടുണ്ടെന്നു എത്ര സൂക്ഷിച്ചാലും അറിയുകയില്ല. കാഷ്മീറി ഭജാറിന്നു സമീപം തന്നെയാണ് പുരാണപ്രസിദ്ധമായ ഹരിശ്ചന്ദ്രൻ ഭജാർ. ഹരിശ്ചന്ദ്രൻ ചന്ദ്രമതിയെ വിററതു ഈ സ്ഥലത്തു വെച്ചായിരുന്നുപോലും. ചന്ദ്രമതിയെ വിലക്കു വാങ്ങിയ കാളകണ്ടന്റെ ഉന്നതഗൃഹം ഈ ഭജാറിന്നു നടുവിലാണു. അവരുടെ വംശക്കാർ ഇപ്പോഴും ഉണ്ടെന്നും അതിധനവാന്മാരായിത്തന്നെ കഴിഞ്ഞുവരുന്നുവെന്നും ഇട്ടിക്കകാർ പറയുന്നു. ഇവിടെ വലിയ കച്ചവടം ഇപ്പോഴും നടന്നു

വരുന്നു. സകലവിധ സാമാനങ്ങളും വില്പനക്കു വെച്ചിരിക്കുന്നതു കാണാം. ഇതിന്നടുത്തായി ഇമ്പീരിയൽ ബാങ്കിൻെറ ഒരു ശാഖയും, പോലീസ്സ്റ്റേഷനും കാർമെക്കേൽ ഒരു വായനശാലയും ഉണ്ട്.

ഞങ്ങൾ കാശിയിൽ താമസിച്ചതു വിശ്വനാഥക്ഷേത്രത്തിൻേറയും ഏററവും അടുത്ത 'മേരു'ഘട്ടത്തിലായിരുന്നു. താമസിപ്പാനുള്ള സ്ഥലവും ക്രിയാദികൾക്കു വേണ്ട മററു സൌകര്യങ്ങളും എല്ലാം ഏർപ്പാടു ചെയ്തു തന്നതു ഞങ്ങളുടെ പുരോഹിതനായിരുന്ന രാമകുമാരജിയും മക്കളുമായിരുന്നു. അദ്ദേഹം ഇവിടത്തെ ഒരു പ്രസിദ്ധ തീർത്ഥപുരോഹിതനും ഗംഗാപുത്രന്മാരിൽ ഒരാളും ആണ്. ഇദ്ദേഹത്തിൻെറ മൂത്തമകനായ കൃഷ്ണാജിയാണ് യാത്രക്കാർക്കു വേണ്ടതായ സ്നാനം, ശ്രാദ്ധം, ദർശനം അർച്ചന, അഭിഷേകം മുതലായവ ചെയ്യിക്കുന്നതു. കൃഷ്ണാജിക്കു സംസ്കൃതജ്ഞാനം നല്ലവണ്ണമുള്ളതിന്നുപുറമെ മലയാളവും നന്നായി സംസാരിപ്പാൻ കഴിയും, ഇദ്ദേഹത്തിൻെറ ഏജൻറുമാരും മലയാളികളാണ്. അതിനാൽ ഇദ്ദേഹത്തിൻെറ അന്വേഷണത്തിൻകീഴിൽ കാശിയിൽ താമസിക്കുന്നതു മലയാളികൾക്കു വളരെ സൌകര്യമായിരിക്കുമെന്നതിന്നു സംശയമില്ല.

# 5=ാം അദ്ധ്യായം.

## ഗംഗാസ്നാനം.

'ഗംഗാഗംഗേതിയോബ്രൂയാൽ യോജനാനാം ശതൈരപി
മുച്യതേ സൎവ്വപാപേഭ്യോ വിഷ്ണുലോകം സഗഛതി'

സകല ലോകജനവന്ദ്യയെന്നും പരമപാവനയെന്നും ജന്മാന്തര പാപനാശിനിയെന്നും നാം വിശ്വസിച്ചാരാധിച്ചുപോരുന്ന ഈ പുണ്യനദിയിൽ സ്നാനം ചെയ്യുന്നതു സൎവ്വത്ര ഫലപ്രദായകമാണെങ്കിലും ഉത്തര വാഹിനിയായി പ്രവഹിക്കുന്ന ഈ വാരാണസിയിൽ വിശേഷിച്ച് മണികൎണ്ണികയിൽ ചെയ്യുന്ന സ്നാനത്തേയാകുന്നു ഉത്തമോത്തമമായി കരുതിവരുന്നതു. കാശിയാത്രയുടെ പ്രധാനോദ്ദേശംതന്നെ മണികൎണ്ണികാ സ്നാനമാണല്ലോ.

നമ്മുടെ ഭക്തിബഹുമാനാദരങ്ങൾക്കു പാത്രീഭൂതയായ ഈ ദിവ്യനദിയുടെ ഉത്ഭവം ഹിമാലയപൎവ്വതത്തിങ്കൽ നിന്നുമാകുന്നു. ഹിമാലയത്തിൽ 'ഗംഗോദ്ധരി'യുടെ അടുത്തുള്ള 'ഗോമുഖം' എന്ന സ്ഥലത്തിൽ ഉറച്ചു കിടക്കുന്ന മഞ്ഞിൻ കട്ടകളുടെ അടിയിൽനിന്നാണ് ഗംഗ ഉത്ഭവിക്കുന്നതു. ഉത്ഭവം മുതൽ സമുദ്രസംഗമം വരേക്കുമുള്ള ഇതിന്റെ ഇരു തീരങ്ങളിലും അനവധി പുണ്യ ക്ഷേത്രങ്ങളും പ്രസിദ്ധ പട്ടണങ്ങളും ഉണ്ട്. ഉത്ഭവത്തിന്നു സമീപ

മുള്ളതായ 'ഗംഗോദ്ധരി'യിൽ അതി വിശേഷമായ ഒരു ചെറു ക്ഷേത്രമുണ്ട്. (ഇതു ഗഢ്വാൾ രാജ്യത്തിലാണ്. ഇവിടേക്കു സമുദ്രവിതാനത്തിൽനിന്നും 10300 അടി ഉയരമുണ്ട്) ഇവിടെ ഗംഗക്ക് പതിനഞ്ച് ഇരുപത വാരയിലധികം വിസ്താരമില്ല. 'ഗോമുഖ'ത്തിൽനിന്നു പുറപ്പെടുന്നതായ 'ഭാഗീരഥിഗംഗ' 'ദേവപ്രയാഗ' എന്ന സ്ഥലത്തു വെച്ച്, ഹിമാലയത്തിൻെറ മറെറാരു ഭാഗത്തിൽ നിന്നും ഉത്ഭവിച്ച് ഒഴുകുന്നതായ 'മന്ദാകിനീ' ഗംഗയോടു ചേരുന്നു. ഈ സംഗമസ്ഥലം വളരെ പുണ്യപ്രദമാണ്. അവിടെ നിന്ന് കുറെക്കൂടെ കീഴ്പ്പോട്ടു ഒഴുകി 'ഹരിദ്വാര'ത്തിൽ എത്തുന്നു. ഹരിദ്വാരത്തിൽ എത്തുന്നതുവരേയും ഗംഗാനദിക്ക് വീതിയും ആഴവും നന്നെ കുറയും. അവിടം മുതൽ 'അലഹാബാദ്' (പ്രയാഗ) വരെ വൎഷക്കാലങ്ങളിലൊഴികെ വലിയ പ്രവാഹം ഉണ്ടാകുന്നതല്ല. എന്നാൽ പ്രയാഗയിൽ വെച്ചു 'യമുനാനദി' ഗംഗയിൽ വന്നു ചേരുന്നതോടുകൂടി ഗംഗക്ക് ആഴവും വീതിയും വൎദ്ധിക്കുന്നു. കാശിയിൽ എത്തുമ്പോഴേക്കും ഗംഗ കപ്പലുകൾക്കു കൂടി നിഷ്പ്രയാസം ഗതാഗതം ചെയ്യാവുന്ന വിധത്തിൽ ആഴവും പ്രവാഹവുമുള്ള ഒരു വമ്പിച്ച നദിയായിതീരുന്നു.

കാശിയിൽ ഗംഗാനദിക്ക് 64 സ്നാനഘട്ടങ്ങൾ ഉണ്ട്. ഇതിൽ ഓരോന്നിലും സ്നാനം ചെയ്യേണ്ടതാണ്. എന്നാൽ ഇതു മിക്കവൎക്കും അസാദ്ധ്യമായതുകൊണ്ടും ചില ഘട്ടങ്ങൾ പഴക്കത്താൽ ജീൎണ്ണിച്ച് ജനഗതാഗതത്തിന്നു അസൌകൎയ്യമായ നിലയിൽ കിടക്കുന്നതിനാലും ഈ 64

ഘട്ടങ്ങളിലേയും സ്നാനം അഞ്ചു മുഖ്യ ഘട്ടങ്ങളിൽ ചെയ്തു വരുകയാണ് സാധാരണ പതിവ്. അതിൽ ആദ്യത്തേതു അസ്സീസംഗമഘട്ടമാകുന്നു.

1. അസ്സീസംഗമഘട്ടം—ഇതു ഗംഗയുടെ തെക്കുഭാഗത്തുള്ള അവസാനത്തെ സ്നാനഘട്ടമാണ്. അസ്സീനദി ഇവിടെവെച്ച് ഗംഗയിൽ ചേരുന്നു. ഈ ഘട്ടത്തിൽ ഭക്തിപുരസ്സരം സങ്കല്പസ്നാനം ചെയ്തു് തീരത്തിലുള്ള സംഗമേശ്വരൻ, മാധവൻ, ത്രിവിക്രമൻ, ലോലാൎക്കൻ, അൎക്കവിനായകൻ തുടങ്ങിയ ഈശ്വരന്മാരെ ദൎശനം ചെയ്യണം.

2. ദശാശ്വമേധഘട്ടം—ഈ ദിവ്യസ്ഥലത്തുവെച്ച് 80000 വൎഷങ്ങൾക്കു മുമ്പ് 'ദിവിദാസ'നെന്ന ഒരു കാശിരാജാവ് പത്ത് അശ്വമേധയാഗങ്ങൾ ചെയ്തതുകൊണ്ടാണ് ഈ ഘട്ടത്തിന്നു ദശാശ്വമേധഘട്ടമെന്ന പേർ സിദ്ധിച്ചതു. ഈ ഘട്ടം വളരെ വൈശിഷ്ട്യമുള്ളതാകുന്നു. ഇവിടെ സങ്കല്പപൂൎവ്വകം സ്നാനംചെയ്തു് തീരത്തിലുള്ള ദശാശ്വമേധേശ്വരൻ, വൃന്ദാദേവി, ശൂലടങ്കേശ്വരൻ, ആദിവരാഹേശ്വരൻ, ക്ഷേമേശ്വരൻ, പ്രയാഗമാധവൻ, ശീതളാദേവി തുടങ്ങിയ ഈശ്വരന്മാരെ വന്ദിക്കണം. ഈ ഘട്ടത്തിലേക്ക് വണ്ടികൾ ചെല്ലും.

3. വരുണാസംഗമഘട്ടം—ഇവിടെ വരുണാനദി ഗംഗയിൽ വന്നു ചേരുന്നു. 64 ഘട്ടങ്ങളിൽ വടക്കേ അററത്തുള്ള അവസാനഘട്ടമാണിത്. ഇതു 'ഡഫറിൻ'പാലത്തിന്നു തൊട്ടു പുറത്തായിട്ടാണ്. ഇവിടെ സ്നാനംചെയ്തു്

വരുണതീൎത്ഥേശ്വരൻ, ആദികേശവൻ, സംഗമേശ്വരൻ, ഗൎവ്വവിനായകൻ, കേശവാദിത്യൻ, ശ്വേതദ്വീപതീൎത്ഥേശ്വരൻ, ജ്ഞാനകേശവൻ, നക്ഷത്രേശ്വരൻ, വേദേശ്വരൻ എന്നീ ഈശ്വരന്മാരെ ദൎശിക്കണം.

4. പഞ്ചഗംഗാഘട്ടം (ബിന്ദുമാധവഘട്ടം)

'കിരണാധൂത പാപാച പുണ്യതോയാ സരസ്വതീ
ഗംഗാച യമുനാചൈവ പഞ്ചനദ്യോത്ര കീൎത്തിതാഃ
അതഃ പഞ്ചനദം നാമ തീൎത്ഥം ത്രൈലോക്യവിശ്രുതം
തത്രാപ്ലുതോനഃ ഗൃഹ്ണിയാൽ ദേഹം നഃ പാഞ്ചഭൌ
[തികം'

മേലെഴുതിയ ശ്ലോകത്തിൽനിന്നും ഇവിടെ കിരണ, ധൂതപാപ, സരസ്വതി, ഗംഗ, യമുന എന്നീ അഞ്ചു നദികൾ സംഗമിക്കുന്നുവെന്നു കാണുന്നുണ്ടല്ലോ. ഗംഗയോടുകൂടെ മററു നാലു നദികളും അന്തൎവ്വാഹിനികളായി അവിടെ വന്നുചേരുന്നുണ്ടെന്നാണ് പറയുന്നതു. തന്നിമിത്തം ഇതിന്നു പഞ്ചഗംഗാഘട്ടമെന്നു പേർ സിദ്ധിച്ചു. ഇവിടെ സ്നാനം ചെയ്യുന്നതു മഹാ പുണ്യകരമാണ്. ബിന്ദുമാധവക്ഷേത്രം ഇതിൻെറ തീരത്താകയാൽ ഈ ഘട്ടത്തിന്നെ ബിന്ദുമാധവഘട്ടമെന്നും പറയാറുണ്ട്. ബിന്ദുമാധവൻെറ പ്രതിഷ്ഠ മാളികയുടെ മുകളിലാണ്. വളരെ മനോഹരമായ സ്ഥലം. ബിന്ദുമാധവമൂൎത്തിയുടെ സൌകുമാൎയ്യം വിശേഷിച്ചും ശ്ലാഘനീയമാണ്. കാശീയാത്രക്കാർ

അവശ്യം ദൎശിക്കേണ്ടതായ പത്തു സ്ഥലങ്ങളിൽ ഈ ബിന്ദുമാധവക്ഷേത്രം ഒന്നാകുന്നു. ഈ ക്ഷേത്രത്തിന്നടുത്ത് സീതാലക്ഷ്മണഹനൂമൽസമേതനായ ശ്രീരാമപ്രതിഷ്ഠയും ബിന്ദുമാധവസമീപമായി 'പഞ്ചഗംഗേശ്വരൻ' എന്ന ഒരു ശിവലിംഗപ്രതിഷ്ഠയും ഉണ്ട്. ഈ ശിവലിംഗം ചെമ്പുകൊണ്ടുള്ളതാണ്. ഈ ക്ഷേത്രത്തിന്നു വളരെ അടുത്തായിട്ടാണ് അറംഗസീബിനാൽ കെട്ടപ്പെട്ട അത്യുന്നതമായ പള്ളി സ്ഥിതിചെയ്യുന്നതു. ഇതിൽ കെട്ടി ഉയൎത്തിയിരിക്കുന്ന ഉന്നതഗോപുരങ്ങളിൽ കയറി നോക്കിയാൽ കാശീപട്ടണം മുഴുവനും വ്യക്തമായി കാണാം. മുകളിലേക്കു കയറുവാൻ അകത്തു കോണിപ്പടിയുണ്ട്. പലരും ഈ കാഴ്ചക്കായി അവിടെ ചെല്ലാറുണ്ട്. കാശിയിലേക്കു വരുമ്പോഴും പോകുമ്പോഴും എന്നുവേണ്ട അടുത്ത ദിക്കുകളിൽ യാത്രചെയ്യുമ്പോഴെല്ലാം വളരെ ദൂരത്തിൽനിന്ന് ഈ പള്ളിയുടെ ഗോപുരങ്ങളെ കാണാവുന്നതാണ്. പഞ്ചഗംഗാഘട്ടത്തിൽ സങ്കല്പസ്നാനം ചെയ്ത് തീരത്തിലുള്ള ബിന്ദുമാധവൻ, പഞ്ചഗംഗേശ്വരൻ, കപൎദ്ദീശ്വരൻ, മംഗളഗൌരി തുടങ്ങിയ ഈശ്വരന്മാരെ ദൎശിക്കണം.

5. മണികൎണ്ണികാഘട്ടം:—

'കിമുനിൎവ്വാണപദസ്യ ഭദ്രപീഠം
മൃദുലം തല്പമഥോനു മോക്ഷലക്ഷ്മ്യാ
അഥവാ മണികൎണ്ണികാ സ്ഥലീ
പരമാനന്ദ സുകന്ദ ജന്മഭൂമി' എന്നും

"യസ്യാമധോമജ്ജന മൃൽപ്രസിദ്ധിഃ
യൽപങ്കലേപോവിമലത്വപ്രസിദ്ധി;
യദ്വാരിസംസാരതരോ പ്രഭേദ്യൈ
നമോസ്തുതസ്യൈമണികർണ്ണികായൈ'

എന്നും മററും പുരാണങ്ങളിൽ ഘോഷിച്ചു കാണുന്ന ഈ മണികർണ്ണികാഘട്ടസ്നാനം മഹാ മുഖ്യകരമാകുന്നു. മഹാവിഷ്ണു ഇവിടെ ചക്രത്താൽ ഒരു കുണ്ഡമുണ്ടാക്കി അതിലിരുന്ന് 50000 വർഷം തപസ്സു ചെയ്തുവെന്നും സന്തുഷ്ടനായ പരമശിവൻ പ്രത്യക്ഷമായി വന്ന് ആ കുണ്ഡത്തിൽ എത്തിനോക്കിയസമയം അദ്ദേഹത്തിൻെറ കാതിലുള്ള കുണ്ഡലം അഴിഞ്ഞു വീണുപോയെന്നും തന്നിമിത്തം ഈ ഘട്ടത്തിന്നു 'മണികർണ്ണികാ' എന്ന പേർ സിദ്ധമായെന്നും പറഞ്ഞുവരുന്നു. മേല്പറഞ്ഞ 'ചക്രതീർത്ഥം' ഇപ്പോഴും ഇവിടെ കാണാം. സ്നാനഘട്ടത്തിന്നു തൊട്ടുതന്നെയാണ്. എന്നാൽ വർഷക്കാലത്തു ഗംഗ പ്രവഹിച്ചാൽ ഇതു ഒന്നായിച്ചേർന്നുപോകുന്നു. എങ്കിലും ഇതിന്നു ചുററും ഇട്ടിരിക്കുന്ന ഇരുമ്പഴികളുടെ അഗ്രം ജലത്തിന്മീതെ പൊന്തിക്കാണാവുന്നതുകൊണ്ട് സ്ഥലം തിരിച്ചറിവാൻ പ്രയാസമില്ല. ഇവിടെ വളരെ വലുതായ ഒരു മണി കെട്ടിത്തൂക്കിയിരിക്കുന്നു. മണികർണ്ണികയിൽ സ്നാനംചെയ്തു് മണികർണ്ണികേശ്വരൻ, സിദ്ധിവിനായകൻ മുതലായവരെ ദർശിക്കണം.

ഈ സ്നാനഘട്ടത്തിന്നു തൊട്ട തെക്കുഭാഗത്താണ് കാശിയിലെ പ്രധാനപ്പെട്ട ശ്മശാനം. ഇതു ഗംഗയിൽനിന്നു കരിങ്കല്ലുകൊണ്ടു കെട്ടിപ്പൊക്കിയ ഒരു ചെറിയ സ്ഥലമാകുന്നു. സുമാർ 15-20 വാര വീതിയും അത്രതന്നെ നീളവും ഉണ്ടാവും. ഇവിടെ സദാസമയവും ശവദഹനം നടന്നുകൊണ്ടിരിക്കും. കാശിയിൽ ഏതുഭാഗത്തുനിന്നു നോക്കിയാലും ഇവിടുത്തെ ചിതകളിൽനിന്നു പൊങ്ങുന്ന പുക കാണാം. ഇവിടെവെച്ചു ശവദാഹം ചെയ്യുവാൻ ചില പ്രത്യേക അവകാശങ്ങളും മററും കൊടുക്കേണ്ടതായുണ്ട്. ഇതു വാങ്ങുന്നതു ഇപ്പോഴും പുരാണപ്രസിദ്ധമായ ഹരിശ്ചന്ദ്രചരിതത്തിലെ 'വീരബാഹു'വിന്റെ വംശജന്മാരാണുപോലും. കാശിയിൽവെച്ചു മരിക്കുന്നവൎക്കു മുക്തി ലഭിക്കുന്നുവെന്നതിന്നു 'കാശ്യാന്തുമരണാന്മുക്തി' എന്നും

'അവിമുക്തെ വിപന്നസ്യ സാക്ഷാൽ സാന്നിധ്യമാപ്നുയാൽ
തതശ്ചിദാനന്ദമയെ ബ്രഹ്മണ്യെവ വിലീയതെ
സലോകതാം സരൂപതാം സാന്നിധ്യം ചാപിസത്തമാഃ
കല്പംകല്പമവാപ്നോതി തതോബ്രഹ്മാത്മകോഭവേൽ
ചതുൎത്ഥാവിതതെ ക്ഷേത്രെ സൎവ്വത്ര ഭഗവാൻശിവഃ
വ്യാചഷ്ടെ താരകം വാക്യം ബ്രഹ്മൈക്യപ്രതിബോധകം'

എന്നും മററും പുരാണങ്ങളിൽ അനവധി ഘോഷിച്ചു കാണുന്നുണ്ട്. എന്നാൽ അതു സാധിക്കാത്തവൎക്കു അവരുടെ ശവദേഹത്തെ മണികൎണ്ണികാ ശ്മശാനത്തിൽവെ

ച്ച് ദഹിപ്പിക്കുന്നതുകൊണ്ടു മാത്രം തത്തുല്യമായ മോക്ഷസാമ്രാജ്യം ലഭിക്കുമെന്നാണ് ജനങ്ങൾ ദൃഢമായി വിശ്വസിച്ചുപോരുന്നതു. ഈ വിശ്വാസത്തെ താൻ അനുഭവത്തിൽ കണ്ടറിഞ്ഞതായി ശ്രീരാമകൃഷ്ണപരമഹംസർ പ്രസ്താവിച്ചിരിക്കുന്നു. അതിനെ താഴെ പറയാം.

" * ശ്രീരാമകൃഷ്ണപരമഹംസർ കാശിയിൽ ചെന്ന സമയം ഒരു ദിവസം രാവിലെ ഈ ശ്മശാനത്തിൽ ദഹനം നടന്നുകൊണ്ടിരിക്കെ ഭഗവാൻ മണികർണ്ണികാ സ്നാനം ചെയ്തശേഷം സമാധിയിൽ ലയിക്കയും അപ്പോൾ കണ്ട ദർശനത്തെപ്പററി പിന്നീട് ഇപ്രകാരം ശിഷ്യന്മാരോടു പറയുകയും ഉണ്ടായി. 'പിംഗലവർണ്ണമായ ജടയും ധരിച്ച് വെളുത്ത പൊക്കമുള്ള ജ്യോതിർമ്മയനായ ഒരു പുരുഷൻ സാവധാനത്തിൽ നടന്നു ഓരൊ ചിതയുടേയും അടുത്തു ചെന്ന് ഓരോ ദേഹിയേയും പിടിച്ചെഴുന്നേല്പിച്ച് ഓരോരുത്തരുടേയും കർണ്ണത്തിൽ പരബ്രഹ്മമന്ത്രം ഉപദേശിക്കുന്നു. സർവ്വശക്തിമയിയായ ജഗദംബിക മഹാ കാളീരൂപം ധരിച്ച് ഓരോ ജീവന്റേയും ചിതയുടെ അപ്പുറത്തു ചെന്ന് അവരുടെ സ്ഥൂലം, സൂക്ഷ്മം, കാരണം മുതലായ സകല സംസ്കാരങ്ങളേയും നശിപ്പിച്ച് മോക്ഷദ്വാരം തുറന്ന് ഓരോരുത്തരേയും സ്വഹസ്തംകൊണ്ട് പിടിച്ച് അഖണ്ഡബ്രഹ്മമാകുന്ന മുറിയിൽ കയററി വിടുന്നു. ഇപ്രകാരം അനേക കാലത്തെ തപസ്സുകൊണ്ടു ലഭിക്കുന്ന അ

* പ്രബുദ്ധകേരളത്തിൽനിന്നെടുത്തതു.

MUL
051146

ദ്വൈതാനുഭൂതിയെ ശ്രീ വിശ്വനാഥൻ ഓരോരുത്തൎക്കും മരിക്കുന്ന സമയത്തു ഉടനടൻ വെറുതെ കൊടുക്കുന്നു.”

ഇത്രയും മഹത്വം-ദഹനമാത്രംകൊണ്ടു മോക്ഷസാമ്രാജ്യം ലഭിക്കത്തക്ക മാഹാത്മ്യം-ഈ ശ്മശാനത്തിനുണ്ടെന്നു പുരാതനകാലം തുടങ്ങി വിശ്വസിച്ചു പോരുക നിമിത്തം നഗരത്തിനു പുറമെ ഇരുപതും മുപ്പതും നാഴിക ദൂരത്തിൽനിന്നുകൂടി ശവങ്ങളെ ഇസ്ഥലത്തു കൊണ്ടുവന്നു ദഹനം ചെയ്തുവരുന്നു. അതിന്നും സാധിക്കാത്തവർ ദൎഭയെ ശവമാണെന്നു സങ്കല്പിച്ച് ഈ സ്ഥലത്തുവെച്ച് ദഹിപ്പിച്ച് അതിന്റെ അവശേഷത്തെ ഗംഗയിൽ ഇടുന്നതും സാധാരണയാണ്. ശ്മശാനത്തിൽ ശേഷിക്കുന്ന കരി, വിറക്, മുതലായവയെ ഗംഗയിലേക്കു തട്ടിയിടുകയാണ് പതിവ്. തന്നിമിത്തം സ്നാനഘട്ടങ്ങളിൽ ഇവ ഒലിച്ചുവന്നടിഞ്ഞിരിക്കും. പക്ഷെ ഇവിടെ അതിനെ ആരും അശുദ്ധമായി കരുതാറില്ല. ദഹനാവശേഷങ്ങളുടെ സ്പൎശനം കൂടാതെ കാശിയിൽ ഗംഗാസ്നാനം സാദ്ധ്യമല്ലതന്നെ. ശ്മശാനത്തിന്നുള്ളിൽ വലിയ വൃത്താകാരമായ ഒരു കല്ലുണ്ട്. ഇതിൽ വിഷ്ണുപാദങ്ങളെന്നു വിശ്വസിച്ചു പോരുന്നതായ രണ്ടു കാലടികൾ ഉണ്ട്. പ്രഭുകുടുംബങ്ങളിലേയും രാജകുടുംബങ്ങളിലേയും ശവങ്ങളെ ദഹിപ്പിക്കുന്നതു ഇതിന്മേലാണ്. ഈ ശ്മശാനത്തിന്നടുത്ത് അവിടവിടെയായി ഭൎത്താവിനോടൊപ്പം അഗ്നിപ്രവേശം ചെയ്ത പാതിവ്രത്യശാലിനികളായ ചില സ്ത്രീരത്നങ്ങളുടെ സ്മാരകങ്ങൾ ഉണ്ട്. ഈ ശ്മശാനത്തിൽ ദിവസേന അനവധി

ശവങ്ങൾ ദഹിപ്പിക്കുന്നതുകൊണ്ട് ഇവിടെ സ്നാനത്തിന്നു വരുന്നവൎക്ക ശവം കാണാതിരുപ്പാൻ നിവൃത്തിയില്ല. ഉടമസ്ഥന്മാരില്ലാത്ത ശവങ്ങളെ ഗംഗയിൽ ഒഴുക്കിവിടുന്നതും സാധാരണയാണ്. ഇടുങ്ങിയ വഴികളിൽക്കൂടി ശ്മശാനത്തിലേക്ക കൊണ്ടുവരുന്ന ശവങ്ങൾ മാറിനില്പാൻ സ്ഥലം പോരായ്കകൊണ്ടു കുളിച്ചുപോകുന്നവർ തൊട്ടുതന്നെ കടന്നുപോകേണ്ടിവരുന്നു.

അസ്ഥിസ്ഥാപനം, ശ്രാദ്ധം മുതലായ പിതൃക്രിയകൾ എല്ലാം ചെയ്യുന്നതു ഈ ഘട്ടത്തിൽ വെച്ചാണ്. ഈ ഘട്ടത്തിൽ സങ്കല്പസ്നാനം ചെയ്യിക്കുന്നതു ഗംഗാപുത്രന്മാൎക്കുള്ള ഒരു പ്രത്യേക അവകാശമാകുന്നു. ആൾ 1-ക്ക് 1¼-ക വീതം ഓരോരുത്തരും ഗംഗാപുത്രന്മാൎക്ക അവകാശം കൊടുക്കണം. ഇതിന്നവകാശപ്പെട്ടവരായ ഗംഗാപുത്രന്മാർ വലിയ ഓലക്കുടകൾ നാട്ടി അതിൻ കീഴിൽ ഇരിക്കുന്നതു കാണാം. ഇവൎക്ക ഈമാതിരി 'കുട' ദാനം കൊടുക്കുന്നതും വളരെ പുണ്യമാണ്. കുടകൾ അവിടെ വാങ്ങാൻ കിട്ടും. ഒരു കുടക്ക് 2-കയാണു വില.

ഈ ഘട്ടത്തിൽ ആദ്യമായി ചെയ്യേണ്ടതു ചക്രതീൎത്ഥസ്നാനമാണ്. അതിൻേറയും പ്രായശ്ചിത്തത്തിൻേറയും സങ്കല്പങ്ങൾ താഴെ ചേൎക്കുന്നു. ഇതുപ്രകാരമാണ് ഞങ്ങളുടെ പുരോഹിതൻ ഞങ്ങൾക്ക് പറഞ്ഞുതന്നതു.

തദേവ ലഗ്നം സുദിനം തദേവ താരാബലം ചന്ദ്രബലം
[തദേവ

വിദ്യാബലം ദൈവബലം തദേവ ലക്ഷ്മീപതേ രംഘ്രി
[യുഗം സ്മരാമി
അപവിത്രഃ പവിത്രോവാ സൎവ്വാവസ്ഥാം ഗതോപിവാ
യഃ സ്മരേൽ പുണ്ഡരീകാക്ഷം സബാഹ്യാഭ്യന്തരഃ ശ്ശുചീഃ
മാനസം വാചികം പാപം കൎമ്മണാ സമുപാൎജ്ജിതം
ശ്രീരാമ സ്മരണേനൈവ വ്യപോഹതു നസംശയഃ

ശ്രീരാമ രാമ രാമ

തിഥിൎവ്വിഷ്ണു സ്തഥാവാരം നക്ഷത്രം വിഷ്ണുരേവച
യോഗശ്ച കരണംചൈവ സൎവ്വം വിഷ്ണുമയം ജഗൽ

സ്വസ്തി ശ്രീമുകുന്ദസച്ചിദാനന്ദസ്യ ബ്രഹ്മണോ നിൎവ്വാച്യമായാശക്തി വിജൃംഭതാ വിദ്യായോഗാൽ കാലകൎമ്മസ്വഭാ വാവിൎഭ്രുതമഹാതത്വാൽ അഹങ്കാര ഉൽഭ്രുത വിയദാദി പഞ്ചമഹാഭ്രുതേന്ദ്രിയ ദേവതാ- നിൎമ്മിതെ- അണ്ഡകടാഹെ. ചതുൎദ്ദശലോകാത്മകെ ലീലയാതൽമദ്ധ്യവൎത്തിഭഗവതാ. ശ്രീമൻനാരായണസ്യ നാഭികമലോൽഭ്രുത സകലലോകപിതാമഹസ്യ ബ്രഹ്മണാസ്സൃഷ്ടിം കുൎവ്വതത്. തദ്ദുദ്ധാരണാൎത്ഥായ ·പ്രജാപതിപ്രാൎത്ഥിതസ്യ. സമസ്തജഗദുല്പത്തിസ്ഥിതിലയകാരണസ്യ. ജഗദ്രക്ഷാശിക്ഷാവിചക്ഷണസ്യ. പ്രണതപാരിജാതസ്യ. അച്യുതാനന്ദവീൎയ്യസ്യ ശ്രീമൽഭഗവതോ മഹാപുരുഷസ്യ അചിന്ത്യാപരിമിത ശക്ത്യാ ധ്യേയമാനസ്യമഹാജലൌഘമദ്ധ്യെ. പരിഭ്രമമാണാനാം. അനേകകോടി ബ്രഹ്മാണ്ഡനാം ഏകതമെ അവ്യക്തമഹദഹങ്കാര പൃഥിവ്യപ്പ്തേജവായു ആകാശ ആ

വൃതെ. അസ്മിൻമഹതിബ്രഹ്മാണ്ഡഖണ്ഡെ ആധാരശക്തി. ശ്രീമൽ ആദിവരാഹ ദംഷ്ട്രാഗ്രവിരാജിതെ. ക്രമ്മാനന്തവാസുകിതക്ഷക കുലികകരകോടക കാൎക്കോടക പത്മമഹാശംഖാദി അഷ്ടമഹാനാഗൈ ധ്രിയമാണെ. ഐരാവതപുണ്ഡരീകവാമനകുമുദോ അഞ്ജനാ പുഷ്പദന്തസാൎവ്വഭൌമ സുപ്രതീകഅഷ്ടദിഗ്ഗജോപരിസ്ഥിതെ. അതലവിതല സുതല തലാതല രസാതല മഹാതല പാതാളാഖ്യാനാം ഉപരിഭാഗെ ഭൂല്ലോകഭുവല്ലോക സ്വല്ലോക മഹല്ലോക ജനോലോക സത്യലോകാനാം അധോഭാഗെചക്രവാളശൈല മഹാവലയനാഗമദ്ധ്യവൎത്തിനോ മഹാകാലമഹാഫണിരാജശേഷസ്യ സഹസ്രഫണാനാം മണിമണ്ഡലമണ്ഡിതെ ദിക്ദന്തിശുണ്ഡോത്തംഭിതെ അമരാവതി അളകാവതി യശോവതീതി പുണ്യപുരിപ്രതിഷ്ഠിതെ ഇന്ദ്രാഗ്നിയമനിരൎത്തി വരുണവായു കുബേര ഈശാനാദി അഷ്ടദിക്പാലപ്രതിഷ്ഠിതെ. ലവണേക്ഷുസുരാസൎപ്പിദധിക്ഷീരോദകാദി സപ്താൎണ്ണവ പരിവൃതെ. ജംബുപ്ലക്ഷശാല്മലികുശക്രൌഞ്ചശാകപുഷ്കരാഖ്യ സപ്തദ്വീപയുതെ. ഇന്ദ്രകാംസ്യതാമ്രഗഭസ്തിനാഗസൌമ്യ ഗന്ധൎവ്വചാരണഭാരതേതിനവഖണ്ഡമണ്ഡിതെ. അയോദ്ധ്യാ മധുരാമായാ കാശീ കാഞ്ചീ അവന്തികാ ദ്വാരവതീതി സപ്തപുരിപ്രതിഷ്ഠിതെ ശ്രീശ്വേതവരാഹകല്പേ വൈവസ്വതമന്വന്തരെഅഷ്ടാവിംശതിതമെ കലിയുഗെ കലിപ്രഥമചരണെ ജംബുദ്വീപെ ഭാരതവൎഷെ ഭാരതഖണ്ഡെ ശാലഗ്രാമശംഭലഗ്രാമ നന്ദിഗ്രാമേതി ഗ്രാമത്രയവിരാജിതെ കുരുക്ഷേത്രാദി സമഭൂ

മദ്ധ്യരേഖായാം അധോഭാഗെ വിന്ധ്യസ്യ ഉത്തരദിക്ഭാഗെ ആൎയ്യാവൎത്തൈകദേശെ അവിമുക്തവാരാണസിക്ഷേത്രെ അസീവരുണയോൎമ്മദ്ധ്യെ ആനന്ദവനെ മഹാ ശ്മശാനെ ഗൌരീമുഖെ ത്രികണ്ടകവിരാജിതെ വിക്രമശകെ ബൌദ്ധാവതാരെ ഭാഗീരഥ്യാഃപശ്ചിമെ തീരെ ഉത്തരവാഹിന്യാംബ്രഹ്മനാളെ പ്രഭവാദിഷഷ്ടി സംവത്സരാണാം മദ്ധ്യെ അമുക നാമ സംവത്സരെ-അമുക അയനെ-അമുക ഋതൌ-അമുക മാസെ-അമുക പക്ഷെ-അമുക തിഥൌ-അമുക വാസരെ ശുഭനാമ യോഗെ ശുഭ കണ്ണെ-ശുഭ ലഗ്നെ-ശുഭ നക്ഷത്രെ അമുകരാശിസ്ഥിതെ ശ്രീ സൂൎയ്യെ അമുകരാശിസ്ഥിതെ ചന്ദ്രെ അമുകരാശിസ്ഥിതെ ദേവഗുരൌ-ശേഷേഷു ഗ്രഹേഷു യഥാ യഥാ രാശിസ്ഥാനെ സ്ഥിതേഷു-ഏവം ഗ്രഹഗുണ വിശേഷണ വിശിഷ്ടായാം അമുക ഗോത്രോല്പന്ന അമുക നാമാം മമ ആത്മനാകൃത കായിക വാചിക മാനസിക ജ്ഞാതാജ്ഞാത കാമാകാമ സകൃതഅസകൃത സ്പൃഷ്ടാസ്പൃഷ്ട ഭുക്താഭുക്ത പീതാപീത സന്തിപാതക ഉപപാതക ലഘുപാതക മഹാപാതകാനാം ബുദ്ധിപൂൎവ്വകാനാം കൃതാനാം വാക്പാണിപാദപായൂപസ്ഥ രസനാചക്ഷു സ്പൎശന ശ്രോത്ര മനോഭിശ്ചരിത സഞ്ചിതാനാം പാപാനാം ബ്രഹ്മഹത്യാ സുരാപാന സുവൎണ്ണസ്തേയ ഗുരുതല്പഗമന വിഹിതാകരണ കൎമ്മലോപജനിതാനാം സ്ത്രീവധ ബാലവധ പശുവധ കൃമികീടാദി ജീവവധ അനാദൃഷ്ട ജീവവധാദീനാം സമുപാതകാനാം രസവിക്രയ ഹയവിക്രയ ഗോവിക്രയ കന്യാവിക്രയ ഖരോഷ്ട്രവിക്ര

യ അജാദി പശുയോനിവിക്രയ ജലചരാദി സ്ഥലചരാദി ഖെചരാദി വിക്രയ സംഭൃതാനാം സ്വഗൃഹവിക്രയ നിലീവിക്രയ ദാസീവിക്രയ വ്രാത്യഭാഷണ ദുഷ്ടസംസൎഗ്ഗ നിരൎത്ഥക വൃക്ഷഛേദന ഭ്രൂണവ്യാകരണ. ബ്രഹ്മസ്വാപഹരണ, ദേവസ്വാപഹരണ, രാജസ്വാപഹരണ, ഗുരുനിന്ദാ, ദേവനിന്ദാ, തീൎത്ഥനിന്ദാ, തീൎത്ഥഗുരുബ്രാഹ്മണനിന്ദാ, മിഥ്യാപവാദ, കൂടസാക്ഷിത്വ, പൈശുന്യവാദ, പശുചോരകൎമ്മ, പാഷണ്ഡനാരീലമ്പട, ചണ്ഡാലസ്പൎശന, രജസ്വലാസ്പൎശന, കുഗ്രാമവാസ, കുലഹീനസേവാ, ദുഷ്ടസംസൎഗ്ഗ, സകാമ പരസ്ത്രീസ്പൎശന, അവാച്യവാചന, അഭക്ഷ്യഭക്ഷണ, അഭോജ്യഭോജന, അപോഷ്യപോഷണ, അപേയ്യപേയന, അലേഖ്യലേഖന, അശ്രാവ്യശ്രാവണ, അപൂജ്യപൂജന, അവന്ദ്യവന്ദന, അചിന്ത്യചിന്തന, പൂജ്യപൂജാവ്യതിക്രമണ, മാതൃപിതൃതിരസ്കരണ, സ്ത്രീപുരുഷപ്രീതിഭേദന, ഗണാന്നഭോജന, ഗണികാന്നഭോജന ശൂദ്രാന്നഭോജനപതിതാന്നഭോജന വാമഹസ്തദത്താന്നഭോജന ലസുനപലാണ്ഡുഞ്ചനഭക്ഷണ ഏകാകീമൃഷ്ടാന്നഭക്ഷണ ബാലകൈസ്സഹഭോജനാദിനാം ഉപപാതകനാം രജസ്വലാഗമന പരസ്ത്രീഗമന, ദാസീഗമന, വിധവാഗമന, ബ്രാഹ്മണീഗമന, വേശ്യാഗമന, ചണ്ഡാലാദിഅസ്പൃശ്യയോനീഗമന, ഗുരുതല്പഗമന തൽസംസൎഗ്ഗരൂപാനാം മഹാപാതകാനാം സദ്യഃ അപനോദനാൎത്ഥം സ്വഗ്രാമത്യാഗ, ശ്രോത്രിയത്യാഗ, രാജപ്രതിഗ്രഹ, പരദ്രവ്യാപഹരണ ആത്മസ്തുതിഃ ജനിതരാഗദ്വേഷാദി കാമക്രോധേന

യൽകൃതം മാനസംത്രിവിധപാതകമാർജാരോഛിഷ്ടശ്വാനോച്ഛിഷ്ട പതിതഭോജന അവൎണ്ണിത പാപക്ഷയാൎത്ഥം അനാദ്ധ്യവിദ്ധ്യാവാസനയാ പ്രവൎത്തമാനെ അസ്മിൻമഹതി സംസാരചക്രെ വിചിത്രാഭിഃ കൎമ്മഗതിഭിഃ വിചിത്രാസു കൎമ്മഗതിഷു യോനിഷു അനേകധാജനിതാ കേനാപി പുണ്യകൎമ്മ വിശേഷേണ ഇദാനീന്തന മാനുഷ്യെ ജന്മവിശേഷം പ്രാപ്തവതാ— മമ ജന്മാഭ്യാസാദി ജന്മപ്രഭൃതി ഏതക്ഷണപൎയ്യന്താം മദ്ധ്യെ സംഭാവിതാനാം ബാല്യെവയസി കൌമാരെ യൌവ്വനെ വാൎദ്ധികേഷു ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥാസു മനോവാക്കായ കൎമ്മേന്ദ്രിയ ജ്ഞാനേന്ദ്രിയ വ്യാപാരൈഃ സംഭാവിതാനാം കാമക്രോധലോഭമോഹമദമാത്സൎയ്യാദിഭിഃ ഇഹജന്മനി പൂൎവ്വജന്മനി ജന്മാന്തരേഷു കൃതാനാം ജ്ഞാനതാ സകൃതകൃതാനാം അജ്ഞാനതാ അസകൃതകൃതാനാം സൎവ്വേഷാംപാപാനാം സദ്ധ്യ അപനോദനാൎത്ഥം മമഃ സഹസകുടുംബാനാം ക്ഷേമ സ്ഥൈൎയ്യ വീൎയ്യ വിജയ അഭയ ആയുരാരോഗ്യ ഐശ്വൎയ്യാദി അഭിവൃദ്ധ്യൎത്ഥം അനേകേഭ്യഃ കൎമ്മവിചാരകേഭ്യഃ അനേകയാതനാജനിത ദുഃഖപരിഹാരാൎത്ഥം ശ്രുതിസ്മൃതി പുരാണോക്ത ഫലപ്രാപ്ത്യൎത്ഥം കാശ്യാം അന്നപൂൎണ്ണാ വിശാലാക്ഷി ബിന്ദുമാധവ കാലഭൈരവ ഢുണ്ഢികേശ്വര കേദാരേശ്വര സമേതസ്യ ശ്രീകാശീവിശ്വേശ്വരസ്വാമി സന്നിധൌ ത്രയസ്ത്രിംശതികോടിദേവതാ സമസ്തഹരിഹരാദി ദൈവബ്രാഹ്മണ ഗുരുചരണകമലസന്നിധൌ

മണികർണ്ണികായാം വപനപുരസ്സര ചക്രതീൎത്ഥമാദ്ധ്യാഹ്നിക സചേലസ്നാനഞ്ചകരിഷ്യെ."

## മണികർണ്ണികാ പ്രാൎത്ഥന.

ചക്രപുഷ്കരണീച്ചൈവ ഖ്യാതാഭ്രൽ മണികർണ്ണികാ
ദ്രവരൂപം പരിത്യജ്യ ലളനാരൂപധാരിണീം
പ്രത്യക്ഷരൂപിണീതത്ര മയെക്ഷീമണികർണ്ണികാ
തസ്യാരൂപംപ്രവക്ഷ്യാമി ഭക്താനാംശുഭദംപരം
ചതുൎഭുജാംവിശാലാക്ഷീം സ്മരൽഫാലവിലോചനാം
പശ്ചിമംഭിമുഖീനിത്യം പ്രബദ്ധകരസംപുടാ
ഇന്ദീവരവതീമാലാം ദധതിദക്ഷിണെകരെ
വരോദ്യതകരെസവ്യെ മാതുലിംഗഫലംശുഭം
കുമാരിരൂപിണീനിത്യം നിത്യംദ്വാദശവാൎഷികീം
ശുദ്ധസ്ഫടികകാന്തിശ്ച സുനീലസ്നിഗ്ദ്ധമൂൎദ്ധജാ
ജിതപ്രവാളമാണിക്യ രമണീയരദഛദാ
പ്രത്യഗ്രകേതകീപുഷ്പ ലസദ്ധമ്മിള്ളമസ്തകാ
സൎവ്വാംഗമുക്താഭരണാ ചന്ദ്രകാന്ത്യംശുകാവൃതാ
പുണ്ഡരീകമയീമാലാം സശ്രീകാംവിഭ്രതീഹൃദി
ധ്യാതവ്യാനേനരൂപേന മുമുക്ഷുഭിരഹൎന്നിശം
നിൎവ്വാണലക്ഷ്മീഭവനാ ശ്രീമതീമണികർണ്ണികാ
മണികർണ്ണികെമഹാഭാഗെ ശൂലപാണിസമുത്ഭവെ
പാപംനാശയമെദേവി ദേഹിഭക്തിഃശിവെമമ

ഇതിന്നു ശേഷം നാളികേരം പുഷ്പം മുതലായവയെ കയ്യിൽ എടുത്ത്

ഇദംഫലംമയാദേവി സ്ഥാപിതംപുരതസ്തവ
തേനമേസഫലാവാപ്തി ഭവേജ്ജന്മനിജന്മനി

എന്നു പ്രാൎത്ഥിച്ച് ബ്രാഹ്മണന്നു ദക്ഷിണാസമേതം ദാനം ചെയ്തശേഷം സ്നാനംചെയ്യണം. തദനന്തരംക്ഷൌരം. അതിന്റെ സങ്കല്പം താഴെ ചേൎക്കുന്നു. ബ്രഹ്മദണ്ഡം ശിരസിധാരയിത്വാ-

മേരുമന്ദരതുല്യാനി പാപാനിവിവിധാനിച
കേശമാശ്രിത്യതിഷ്ഠന്തീ തസ്മാൽകേശംവപാമ്യഹം
ആത്മനഃ ശുദ്ധികാമോപാപിതൄണാം മുക്തിഹേ
[തവെ
വപനംകാരയിഷ്യാമി തീരേഹംതവജാഹ്നവി
മഹാപാപൌഘപാപാനാം കേശലോമനഖാഃ
[ദ്വിജാ
ക്ഷുരാദിച്ഛിന്നസൎവ്വാംഗസ്ഥെ മെദോഷാപതന്ത്വ്ഃലാ
ക്ഷൌരം കഴിഞ്ഞശേഷം ആചമനം ചെയ്യുക.

കേശവായനമഃ നാരായണായനമഃ മാധവായനമഃ ഗോവിന്ദായനമഃ വിഷ്ണവെനമഃ പുണ്ഡരീകാക്ഷായനമഃ മധുസൂദനായനമഃ വാമനായനമഃ ഋഷീകേശായനമഃ പത്മനാഭായനമഃ സങ്കൎഷണായനമഃ ദാമോദരായനമഃ വാസുദേവായനമഃ അനിരുദ്ധായനമഃ പുരുഷോത്തമായനമഃ അധോക്ഷജായനമഃ നാരസിംഹായനമഃ അച്യുതായനമഃ ജനാൎദ്ദനായനമഃ ഉപേന്ദ്രായനമഃ ഹരയെനമഃ ശ്രീകൃഷ്ണായനമഃ

ശുക്ലാംബരധരംവിഷ്ണും ശശിവൎണ്ണംചതുൎഭുജം
പ്രസന്നവദനംധ്യായേൽ സൎവ്വവിഘ്നോപശാന്തയെ
വിനായകംഗുരുംഭാനും ബ്രഹ്മവിഷ്ണുമഹേശ്വരം
സരസ്വതിംപ്രണമ്യാദൌ സൎവ്വകാൎയ്യാൎത്ഥസിദ്ധയെ

## ഗംഗാപ്രാൎത്ഥന.

നമോഗംഗെ മഹാഗംഗെ മഹാദേവസ്യവല്ലഭെ
വഹതിത്വാംമഹാദേവോ ഭാഗീരഥിനമോസ്തുതെ
സൎവ്വോപാതകസംഹൎത്രീ സൎവ്വോദുഃഖവിനാശിനീ
സൌഖ്യദാമോക്ഷദാഗംഗാ ഗംഗൈവപരമാഗതീ
ത്വംരാജാസൎവ്വതീൎത്ഥാനാം ത്വമേവജഗതഃപിതാ
യാചിതംതീൎത്ഥമെദേഹി സൎവ്വപാപൈപ്രമുച്യതെ

നമാമിഗംഗെതവപാദപങ്കജം
സുരാസുരൈൎവ്വന്ദിത ദിവ്യരൂപം
ഭക്തിംചമുക്തിംച ദദാതിനിത്യം
ഭാവാനുസാരേണ തദാനരാണാം

ഗംഗെത്വദ്ദൎശനാൽമുക്തി നജാനെസ്നാനജംഫലം
സ്വൎഗ്ഗാരോഹണസോപാന മഹാപുണ്യതരംഗിണി
വിഷ്ണുപാദാബ്ജസംഭൂതെ ഗംഗെത്രിപഥഗാമിനി
ധൎമ്മദ്രവേതിവിഖ്യാതാ പാപംമെഹരജാഹ്നവി
ജാഹ്നവീസൎവ്വദഃപുണ്യാ ബ്രഹ്മഹത്യാപഹാരിണീ
വാരാണസ്യാംവിശേഷേണ ഗംഗാഉത്തരവാഹിനീ

## ധ്യാനം.

സിതമകരനിഷണ്ണാം ശുഭ്രവൎണ്ണാംത്രിനേത്രാം
കരധൃതകലശോദ്യൽ സോല്പലാഭീത്യഭീഷ്ടാം

വിധിഹരഹരിരൂപാം സേന്ദുകോടീരജൂടാം
കലിതസിതദുകൂലാം ജാഹ്നവീംതാംനമാമി
അതിക്രൂരമഹാകായ കല്പാന്തദഹനോപമ
ഭൈരവായനമസ്തുഭ്യം അനുജ്ഞാംദാതുമൎഹസി.

അൎഘ്യം.

ബ്രഹ്മകമണ്ഡലസംഭൂതെ ഗംഗെത്രിപഥഗാമിനീ
ത്രൈലോക്യവന്ദിതെദേവി ഗൃഹാണാൎഘ്യംനമോ
[സ്തുതേ
തപനസ്യസുതെദേവി യമുനെചമഹാനദി
ത്രൈലോക്യവന്ദിതെ പൂൎണ്ണേഗൃഹാണാൎഘ്യം ന
[മോസ്തുതെ
വിരിഞ്ചിതനയെദേവി ബ്രഹ്മരന്ധ്രനിവാസിനി
ശുദ്ധാനാംശുദ്ധദെനിത്യം ഗൃഹാണാൎഘ്യംനമോ
[സ്തുതെ

ഇതെല്ലാം കഴിഞ്ഞ് സചേലസ്നാനം ചെയ്യുക. ഈ സ്നാനസമയം ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ അവകാശം ഗംഗാപുത്രന്മാൎക്കാണ്. തന്നിമിത്തം യാത്രക്കാർ ആദ്യത്തെ സ്നാനദിവസം കോടിവസ്ത്രങ്ങൾ ധരിച്ച് സ്നാനംചെയ്യുകയും തദനന്തരം അവയെ ഗംഗാപുത്രന്മാൎക്കു കൊടുക്കുകയും പതിവാണ്. അസ്ഥിസ്ഥാപനം മുതലായ ക്രിയകൾ ചെയ്യിപ്പാനുള്ള അധികാരം ഗംഗാപുത്രന്മാൎക്കു മാത്രമാണുള്ളതു. പുരോഹിതന്മാരായിരുന്നാൽ കൂടിയും ഒരു ഗംഗാപുത്രൻ മുഖേനയല്ലാതെ ഇവിടെ യാതൊരാൾക്കും യാ

ത്തൊരു കർമ്മവും ചെയ്യിപ്പാൻ പാടില്ല. ഗംഗാപുത്രന്മാർക്ക് ഈ പ്രത്യേക അവകാശം ഹൈക്കോട്ട് സ്ഥിരപ്പെട്ടത്തീട്ടുണ്ടത്രെ.

സേതുക്കരയിൽ നിന്നെടുക്കുന്ന മണൽ ഗംഗയിലിടുന്നതും ഈ ഘട്ടത്തിലാകുന്നു.

ഗംഗാനദിയിൽ നിന്നുള്ള കാശീപട്ടണത്തിൻെറ കാഴ്ച നേത്രാനന്ദകരമായ ഒന്നാണ്. ഇതിന്നു ഗംഗയിൽ കൂടെത്തന്നെ പോകേണ്ടതാണ്. വാടകക്കു തോണികൾ ധാരാളം കിട്ടും. മുൻപറഞ്ഞ അഞ്ചു പ്രധാന ഘട്ടങ്ങൾക്കു പുറമെ നല്ല സ്ഥിതിയിലുള്ള ഘട്ടങ്ങൾ വേറെയുമുണ്ട്. പക്ഷെ മിക്ക സ്ഥലങ്ങളിലും വണ്ടിപോവുകയില്ല. തന്നിമിത്തം നടപ്പാൻ സാധിക്കാത്തവർക്ക് തോണിയിൽതന്നെ പോകേണ്ടിവരും. ഘട്ടങ്ങളെല്ലാം പടിഞ്ഞാറെ കരക്കാണ്. മുൻപ്രസ്താവിച്ച പഞ്ചഘട്ടങ്ങൾക്കു പുറമെ അവശ്യം ദർശിക്കേണ്ടതായ ഘട്ടങ്ങൾ വേറെയുമുണ്ട്. അസീഘട്ടത്തിൻെറ അടുത്തുള്ള തുളസീഘട്ടം സുപ്രസിദ്ധമാണ്. ഹിന്ദിഭാഷയിലുള്ള 'തുളസീരാമായണ' കർത്താവായ 'തുളസീദാസ'ൻെറ ഭവനം ഈ ഘട്ടത്തിലാകുന്നു. ആ ഭക്തശിരോമണിയുടെ രണ്ടു നിലയിലുള്ളതായ ചെറുഗൃഹം ഇപ്പോഴും അവിടെ കാണാം. തുളസീരാമായണത്തെപ്പററിയും തുളസീദാസൻെറ ഭക്തിവൈശിഷ്ട്യത്തെപ്പററിയും കേൾക്കാത്തവർ അധികം പേരുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. കവി തൻെറ 32-ാം വയസ്സിൽ ഈ കൃതി നിർമ്മിപ്പാനാരംഭിച്ച് 10 കൊ

ല്ലംകൊണ്ട് അതായത്ത് 1574ൽ അവസാനിപ്പിക്കയും ചെയ്തുപോലും. അദ്ദേഹത്തിൻെറ ഉപാസനാമൂൎത്തിയായ ഹനുമാൻെറ ഒരു പൂജാവിഗ്രഹവും അദ്ദേഹത്തിൻെറ തോണിയുടെ ഒരു ഭാഗവും അദ്ദേഹം സാധാരണ ഉപയോഗിച്ചിരുന്ന ഒരു മെതിയടിയും അവിടെ ഓൎമ്മക്കായി ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു. ഇതിൻെറ അടുത്താണ് ഭഗീരരാജഘട്ടവും, പ്രഹ്ളദാസഘട്ടവും. ഇതിന്നു വടക്കാണ് ഹനുമന്തഘട്ടം. ഇതു ഒരു ചൂതുകളിക്കാരനാൽ തൻെറ ഒരു രാത്രിയിലെ സമ്പാദ്യംകൊണ്ടു നിൎമ്മിക്കപ്പെട്ടതാണെന്നു പറഞ്ഞുവരുന്നു. ഇവിടെ വളരെ വലുതായ ഒരു ഹനുമൽ ക്ഷേത്രമുണ്ട്. ഈ പ്രദേശം 16-ാം നൂററാണ്ടിലെ ഒരു വിശിഷ്ടവൈഷ്ണവാചാൎയ്യനായ ശ്രീവല്ലഭാചാൎയ്യരുടെ വാസസ്ഥലമായിരുന്നതിനാൽ വളരെ മാഹാത്മ്യമുള്ളതായി കരുതിവരുന്നു. ശ്രീവല്ലഭാചാൎയ്യർ ഒരു ദിവസം ഈ ഘട്ടത്തിലിരുന്നു ശിഷ്യന്മാൎക്ക് പ്രസംഗം ചെയ്തുകൊണ്ടിരിക്കെ പെട്ടെന്നു ഗംഗയിൽ ചാടിയെന്നും ഉടൻ ജലത്തിൽനിന്നു ഒരു അഗ്നി ജ്യോതിസ്സ് പൊങ്ങി ആകാശത്തിൽ ലയിച്ചുവെന്നും ഒരു ഐതിഹ്യമുണ്ട്. ഈ സ്ഥലം വളരെ മനോഹരമായിട്ടുള്ളതാണ്. ഈ ഹനുമന്തഘട്ടത്തിലാണ് 'കേരളീയമഠം'. ഇതിൻെറ ഇപ്പോഴത്തെ മാനേജർ (1921-ൽ) പാലക്കാട്ടുകാരൻ ഒരു അയ്യരാണ്. മലയാളികൾക്കു ഇവിടെ ചെല്ലുന്നതു താമസത്തിന്നും മററും സൌകൎയ്യപ്രദമായേക്കാമെങ്കിലും പ്രധാനഘട്ടമായ മണികൎണ്ണികയിൽനിന്നും വിശ്വനാഥ

വിശാലാക്ഷി അന്നപൂൎണ്ണാക്ഷേത്രങ്ങളിൽനിന്നും വളരെ ദൂരത്താകകൊണ്ട് തീൎത്ഥയാത്രയുടെ പ്രധാനോദ്ദേശമായ മണികൎണ്ണികാസ്നാനം വിശ്വനാഥദൎശനം മുതലായവയെ പ്രതിദിനവും യഥാവിധി നിൎവ്വഹിപ്പാനൊ ക്ഷേത്രത്തിലെ സപ്തൎഷിപൂജ, അൎദ്ധയാമപൂജ, മുതലായവയെ കണ്ടു തൊഴുവാനൊ സാധിച്ചുവെന്നു വരുന്നതല്ല. അതിന്നും പുറമെ ഈ മഠാധിപതികൾ ഒരു ഗംഗാപുത്രന്റെ സഹായം കൂടാതെ മണികൎണ്ണികയിൽ സ്നാനശ്രാദ്ധാദികൾ ചെയ്യിപ്പാനധികാരമില്ലാത്തതുകൊണ്ട് ആ വകകെല്ലാം കൂടെ ഒരു ഗംഗാപുത്രനെത്തന്നെ പുരോഹിതനായി വരിച്ച് ക്ഷേത്രസമീപമുള്ള ഘട്ടങ്ങളിൽ താമസിക്കുന്നതായിരിക്കും അധികസൌകൎയ്യം.

ഹനുമന്തഘട്ടത്തിന്നടുത്തു വടക്കായിട്ടാണ് ഹരിശ്ചന്ദ്രഘട്ടം. ഇതു കാശിയുടെ തെക്കുഭാഗത്തുള്ള ശ്മശാനസ്ഥലമാണ്. കാഴ്ചയിൽ ഇത്രയും ആഹ്ലാദശൂന്യമായസ്ഥലം കാശിയിൽ മറെറങ്ങും ഉണ്ടെന്നു തോന്നുന്നില്ല. ഇതു വളരെ പുരാതനവും ഹരിശ്ചന്ദ്രന്റെ കാവൽസ്ഥലവും ആണ്. ഇതിന്റെ വടക്കാണു കേദാരഘട്ടം. ഇവിടെസ്നാനാദികൾക്കും മററും വളരെ സൌകൎയ്യമുണ്ടു. പ്രസിദ്ധപ്പെട്ട കേദാരേശ്വരമെന്ന ബംഗാളിക്ഷേത്രം ഇവിടെയാകുന്നു. കേദാരേശ്വരശിവൻ സ്വയംഭൂലിംഗമാണ്. ഇതിന്റെ താഴെയായി ഗൌരീകുണ്ഡമെന്ന ഒരു മഹാതീൎത്ഥമുണ്ട്. ഈ തീൎത്ഥജലത്തിന്നു പനിയെ നശിപ്പിപ്പാനുള്ള ശക്തിയുണ്ടുപോൽ. ഇവിടെനിന്നും വടക്കാണ് നാരദഘ

ട്ടവും ചാട്ടാർഘട്ടവും. 'പിഷവാ' കുടുംബത്തിലെ അമൃത റാവു എന്നാളുടെ ഗൃഹം ഇവിടെയാണ്. കുറെക്കൂടെ വടക്കോട്ടു പോയാൽ മുൻഷീഘട്ടവും അഹല്യാഘട്ടവും ആയി. ഇതു പുണ്യകാൎയ്യങ്ങളിൽ പ്രത്യേകിച്ച് കാശിയിൽ അനവധി ലക്ഷം ധനം വ്യയംചെയ്ത് ധൎമ്മശാലിനിയെന്ന ഖ്യാതിസൎവ്വത്രപ്രചരിപ്പിച്ച ഗ്വാളിയർ മഹാറാണി 'അഹല്യാഭായി'യാൽ നിൎമ്മിക്കപ്പെട്ടതാകുന്നു. ഈ മഹാരാജ്ഞിയുടെ പ്രധാന ശാസ്ത്രജ്ഞനായ മുൻഷി ശ്രീധരനാൽ പണി ചെയ്യിക്കപ്പെട്ടതാണ് മുൻഷീഘട്ടം. ഇതിന്റെ ഒരു ഭാഗം ഇപ്പോഴും ദർബങ്ഗാമഹാരാജാവിന്നധീനമാണത്രെ. ഇതിന്നു സമീപമുള്ളതു ശീതളാഘട്ടവും പിന്നേത്തതു ദശാശ്വമേധഘട്ടവും ആണ്. ദശാശ്വമേധഘട്ടത്തിന്നു തൊട്ടുവടക്കാണ് മാന്മന്ദിരഘട്ടം. അക്ബർ മഹാരാജാവിന്റെ കാലത്തു ഒരു പ്രസിദ്ധസൈന്യാധിപതിയായിരുന്ന രാജാമാനസിംഹനാൽ 1600ൽ കെട്ടപ്പെട്ടതായ ഒരു കെട്ടിടം ഇപ്പോഴും അവിടെ കാണുന്നുണ്ട്. ഈ കെട്ടിടം ജയപ്പൂർരാജവംശസ്ഥാപകനും രാജാ മാനസിംഹന്റെ പിൻഗാമിയുമായ 'ജയസിംഹ'നാൽ ഒരു നക്ഷത്രബംഗ്ലാവായി ഉപയോഗിക്കപ്പെട്ടുവെന്ന് ഈ കെട്ടിടത്തിന്റെ മുകളിലുള്ള മാർബൾകല്ലിന്മേൽ എഴുതപ്പെട്ടിരിക്കുന്നു. ഈ രാജാവു ജ്യോതിശ്ശാസ്ത്രത്തിൽ അതി നിപുണനായിരുന്നു. ഈ മന്ദിരത്തിന്നുള്ളിൽ കാണുന്ന കല്ലുകൊണ്ടുള്ള വിശേഷതരമായ ജ്യോതിശാസ്ത്രയന്ത്രങ്ങൾ അദ്ദേഹത്തിന്റെ ബുദ്ധിവിശേഷതയുടെ ഉത്തമലക്ഷ്യങ്ങളായി ഇന്നും പരിലസിക്കുന്നു. ഈ രാജാവു അ

നവധികാലം ഇന്ത്യ, തുക്കി, യൂറോപ്പ്, തുടങ്ങിയ രാജ്യങ്ങളിലെ ജ്യോതിശ്ശാസ്ത്രരീതികൾ പഠിച്ചുവെന്നും തൽഫലമായി ഈ യന്ത്രങ്ങളെ കണ്ടുപിടിച്ചതാണെന്നും പറയുന്നു. 'മുഹമ്മദ്ഷാ' എന്ന മുഹമ്മദീയ രാജാവു രാജാജയസിംഹനോട് പഞ്ചാംഗങ്ങളെ പരിഷ്കരിക്കുവാൻ ആവശ്യപ്പെട്ടതായും അതിന്നുവേണ്ടി ഈ നക്ഷത്രശാല നിമ്മിച്ചതാണെന്നും കേൾക്കുന്നു. ഇദ്ദേഹം ഇതേമാതിരി ഡൽഹി, മധുര, ഉജ്ജയിനി, ജയപ്പൂർ എന്നീ ദിക്കുകളിലും നക്ഷത്രശാലകൾ നിമ്മിച്ചിട്ടുണ്ട്. അവയിൽ ജയപുരം നക്ഷത്രശാലമാത്രം ഇപ്പോഴും നല്ല സ്ഥിതിയിൽ നടന്നുവരുന്നുപോൽ. ഈ നക്ഷത്രശാല നമ്മുടെ പൂർവ്വീകക്കുള്ള ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധതയെ വെളിപ്പെടുത്തുന്നു. ഇതിൻെറ അടുത്താണ് ത്രിപുരഭൈരവീഘട്ടവും മീർ [മേരു] ഘട്ടവും. ഇതാണ് വിശ്വനാഥക്ഷേത്രത്തിന്നു ഏററവും അടുത്ത ഘട്ടം. ഞങ്ങൾ താമസിച്ചതു ഈ ഘട്ടത്തിലായിരുന്നു. ഈ സ്നാനഘട്ടത്തിന്നു മുകളിലായി ഒരു വലിയ കൊട്ടാരം ഉണ്ട്. ഇതു 18-ാം നൂററാണ്ടിൽ കാശി ഗവണ്ണരായിരുന്ന 'മീർറസ്റ്റാം ആലി' താമസിച്ചിരുന്നസ്ഥലമാണത്രെ. ഇദ്ദേഹത്തിനെ 'മാനസരാം' എന്ന രാജാവു ഉദ്യോഗഭ്രഷ്ടനാക്കുകയും ഇപ്പോഴത്തെ കാശീ രാജവംശത്തെ സ്ഥാപിക്കുകയും ചെയ്തു. ഇവിടെനിന്നു ഒരു ഇടുങ്ങിയ വഴിയിൽക്കൂടെ കുറച്ചുദൂരം പോയാൽ ഒരു ചെറിയ ക്ഷേത്രം കാണാം. ഇതു പണ്ടത്തെകാശിരാജാവായ ദിവിദാസനാൽ പണിചെയ്യിക്കപ്പെട്ടതാകുന്നു. അദ്ദേഹം ഇവിടെ പൂ

ജപംചെയ്തുകൊണ്ടിരിക്കുന്ന സമയം ഒരു ദിവ്യവിമാനം ആകാശത്തിൽ നിന്നിറങ്ങി വന്നുവെന്നും രാജാവു അതിൽകയറി മേല്പോട്ടു പോയെന്നും ഒരു ഐതിഹ്യമുണ്ട്. ഇതും കടന്നുചെന്നാൽ നേപ്പാൾ ഘട്ടത്തിൽ എത്തും. ഇവിടെ മരംകൊണ്ടു രണ്ടുനിലയിൽ പണിചെയ്തതും വിചിത്രശില്പവേലകളുള്ളതുമായ ഒരു ക്ഷേത്രമുണ്ട്. ഇതു നേപ്പാൾ രാജാവിനാൽ പണിചെയ്യിക്കപ്പെട്ടതും ഇപ്പോഴും അവരുടെ ഭരണത്തിൻകീഴിൽ ഉള്ളതുമാകുന്നുവത്രെ. ഈ ക്ഷേത്രത്തിന്നു പുറവും ആഭാസമായകൊത്തുപണികളുള്ളതിനാൽ സ്ത്രീകൾക്കു അവിടെ പ്രവേശനം അനുവദിക്കാറില്ല. ഇതിന്നു താഴത്തുള്ളതായ ഒരു ചെറിയ ക്ഷേത്രത്തിൽ മകരവാഹിനിയായ ഗംഗാദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. കുറെക്കൂടെ വടക്കോട്ടു പോയാൽ ജലശയനഘട്ടം കാണാം. ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്ന വിഷ്ണുവിനെ ജലശയനനെന്നു വിളിച്ചുവരുകനിമിത്തം ഈ ഘട്ടത്തിന്നും അതെപേർ സിദ്ധിച്ചു. ഇവിടെ ചെറുതായ ഒരു ശ്മശാനമുണ്ട്. ഈ സ്നാനഘട്ടത്തിന്നു താഴെയായി ഒരു ചെറിയ ശിവക്ഷേത്രം കാണാം. മരണസമയം താരകമന്ത്രം ഉപദേശിക്കുന്ന താരകേശ്വര ശിവനാണ് ഇവിടുത്തെ പ്രതിഷ്ഠ. ഇതിന്നു സമീപമായി ചെറിയതും ഭംഗിയുള്ളതുമായ ഒരു ദുൎഗ്ഗാക്ഷേത്രവും ഉണ്ട്. ഇതു കഴിഞ്ഞാൽ ലോകവിശ്രുതമായ മണികൎണ്ണികാഘട്ടമായി. അതിന്നുശേഷം സിന്ധ്യാഘട്ടം. ഇതു 64 ഘട്ടങ്ങളിൽ വെച്ച് വിശേഷമായിരിക്കേണമെന്നു കരുതി സിന്ധ്യയിലെവിധവയായ് 'ബൈ

ജാഭായി' മഹാറാണിയാൽ പണി തുടങ്ങപ്പെട്ടുവെങ്കിലും അതവസാനിക്കുന്നതിന്ന മുമ്പുതന്നെ ഇടിഞ്ഞുവീണു തകൎന്നുപോയി. വല്ല ഭൂകമ്പത്താലോ അഗ്നിബാധയാലോ പൊട്ടിത്തകൎന്ന വിധത്തിൽ ആ ഘട്ടം ഇന്നും അതേസ്ഥിതിയിൽ കിടക്കുന്നു. ഇതിന്നു വടക്കാണു ഗ്വാളിയർഘട്ടം. ഇവിടെ ഗ്വാളിയർ മഹാരാജാവിൻെറ ഒരു കോവിലകം ഉണ്ട്. ഇതിന്നു തൊട്ടഘട്ടം നാഗപുരം രാജാക്കന്മാരുടെ വകയായ 'ബോൻസല' ഘട്ടമാണ്. ഇതിന്നും വടക്കെ അററത്തെ അവസാനഘട്ടമായ വരുണാസംഗമഘട്ടത്തിന്നും മദ്ധ്യത്തിലായിട്ടാണ് ത്രിലോചനഘട്ടവും, ജയിനമന്ദിരഘട്ടവും.

പേരും വിവരവും തിരിച്ചറിയുവാൻ സാധിക്കാത്ത ഘട്ടങ്ങൾ വേറേയുമുണ്ടു. ഗംഗാസ്നാനത്തിൻെറ പൂൎണ്ണഫലം ലഭിക്കേണമെങ്കിൽ 64 ഘട്ടങ്ങളിലും സ്നാനം ചെയ്യണം. എന്നാൽ അതു സാദ്ധ്യമല്ലാത്തവർ ആദ്യം പറഞ്ഞ അഞ്ചു ഘട്ടങ്ങളിലും അതിന്നും ശക്തിയില്ലാത്തവർ സകല സ്നാനവും പിണ്ഡവും ഒന്നായി സങ്കല്പിച്ച് മണികൎണ്ണികാഘട്ടത്തിലും ചെയ്യാറുണ്ട്. കാൽനടയായി എല്ലാ ഘട്ടങ്ങളിലും ചെന്ന് സ്നാനം ചെയ്യുവാൻ കുറെ ദിവസം വേണ്ടിവരും. വണ്ടി ചെല്ലുന്ന സ്ഥലം ചുരുക്കവുമാണ്. അതിനാൽ 64 ഘട്ടങ്ങളിലും സ്നാനം ചെയ്യേണമെന്നാഗ്രഹിക്കുന്നവർ ഒരു ബോട്ട് വാടകക്കു പിടിച്ചാൽ പ്രയാസം കൂടാതെ എല്ലാം നിൎവ്വഹിക്കാം. വാടകക്ക് അനേകം ബോട്ടുകൾ കിട്ടും. ഗംഗയിൽ വലിയ പ്രവാഹം ഉ

ള്ളപ്പോൾ ഈ യാത്ര അപകടമാണ്. പക്ഷെ പ്രവാഹ സമയങ്ങളിൽ പോലും അനേകം പേർ വഞ്ചിയിൽ നിൎഭയം സഞ്ചരിക്കുന്നതു കാണാം. എങ്കിലും സൂക്ഷിക്കേണ്ടതാവശ്യംതന്നെ. കാശിയിൽനിന്നു കാശീരാജാവിന്റെ തലസ്ഥാനമായ 'രാമനഗര'ത്തിലേക്കു ചെല്ലുന്നതു ഏതു കാലത്തും ഗംഗയിൽക്കൂടെ വഞ്ചിമാൎഗ്ഗമായിത്തന്നേ വേണം. വേനൽക്കാലത്തു ചിലപ്പോൾ വെള്ളത്തിന്മീതെ പൊങ്ങിക്കിടക്കുന്ന ഒരു തരം പാലം ഇടാറുണ്ട്. തോണിയിൽക്കൂടെ ഗംഗയുടെ കിഴക്കെ കരക്കു കടന്നാൽ വ്യാസകാശിയായി. ഇവിടെയാണ് കാശീരാജാവിന്റെ അരമന.

കാശീനഗരത്തിലെ സകല ചാക്കടകളും എല്ലാവിധ അഴുക്കുകളും വലിയ ചില കുഴലുകളിൽക്കൂടി ഗംഗയിലാണു വന്നുവീഴുന്നതു. എന്നാൽ അത്രയും മലിന വസ്തുക്കളുടേയും ദുൎവ്വിഷത്തേയും ദുൎഗ്ഗന്ധത്തേയും നശിപ്പിക്കത്തക്ക ഒരു അത്ഭുതശക്തി ഗംഗാജലത്തിന്നുള്ളതുകൊണ്ടു യാതൊരു മാലിന്യവും ജലത്തിൽ കാണുകയില്ല. പകൎച്ച വ്യാധികളിൽവെച്ച് അതിഭയങ്കരമായ വിഷൂചികയുടെ വിഷകൃമികളെപ്പോലും നശിപ്പിക്കത്തക്ക ദിവ്യത്വം ഗംഗാജലത്തിന്നുണ്ടുപോലും. ചില ഇംഗ്ലീഷുകാർ വിഷൂചികാ കൃമികളെ ഗംഗാജലത്തിലിട്ടു പരീക്ഷിച്ചുവെന്നും 6 മണിക്കൂറിന്നകം അവ നിശ്ശേഷം നശിച്ചുപോയെന്നും ഈയിടെ അറിവായിരിക്കുന്നു. ഇത്തരത്തിലുള്ള പലേ ദിവ്യശക്തികളും ഉള്ളതുകൊണ്ടായിരിക്കാം നമ്മുടെ പൂ

ർഷീകന്മാർ ഇത്രയേറെ മഹത്വം ഗംഗാജലത്തിന്നുണ്ടെന്നു പറഞ്ഞിരിക്കുന്നതു. എത്രകാലം എടുത്തു സൂക്ഷിച്ചാലും ഗംഗാജലത്തിന്നു മാലിന്യം വരുന്നതല്ല.

## 6-ാം അദ്ധ്യായം.

### വിശ്വനാഥദൎശനം

'വാമാംഗേച വിഭ്രതിഭൂധര സുതാം ദേവാപഗാമസ്തകേ
ഫാലെബാലവിധുഗളെചഗരളം യസ്യോരസിവ്യാളരാട്
സോയംഭൂതിവിഭൂഷണം സുരവരം സൎവ്വാധിപം സൎവ്വദാ
ശൎവ്വം സൎവ്വഗതം ശിവം ശശിനിഭം ശ്രീശങ്കരഃ പാതുമാം'

ദ്വാദശജ്യോതിൎല്ലിംഗങ്ങളിൽവെച്ച് അത്യുത്തമവും ഭക്തജനങ്ങളാൽ അനവരതം സേവിതവും കൈവല്യപ്രദായകവുംആയ ശ്രീവിശ്വനാഥദൎശനം പരമാനന്ദജനകമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ലോകവിശ്രുതമായ ഈ ദിവ്യക്ഷേത്രം കാഴ്ചയിൽ വളരേ ചെറുതാകുന്നു. മണികൎണ്ണികാ മേരുഘട്ടങ്ങൾക്കു നടുവിലായി ഗംഗാതീരത്തിൽ നിന്നു ഉദ്ദേശം കാൽനാഴിക പടിഞ്ഞാട്ടു മാറി ആറും ഏഴും നിലയുള്ളതും ജനങ്ങൾ തിങ്ങി താമസിക്കുന്നതുമായ കെട്ടിടങ്ങളാൽ ചുററപ്പെട്ട ഒരു സ്ഥലത്താകുന്നു ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു. രാജപാതകളും ഗം

ഗക്കം നടുവിലുള്ള വീതികുറഞ്ഞ വഴികളിൽക്കൂടെയാണ് ഇവിടേക്കു ചെല്ലേണ്ടതു. മണികൎണ്ണികാസ്നാനം കഴിഞ്ഞ് ഗംഗാജലവും എടുത്തുകൊണ്ട് ഈശ്വരദൎശനാൎത്ഥം ചെല്ലുന്ന ജനങ്ങളാൽ ഈ മാൎഗ്ഗം സദാസമയവും നിറഞ്ഞിരിക്കും. വഴിക്കിരുവശവും രോഗികളും അംഗഹീനരും അനാഥകളുമായ അസംഖ്യം യാചകന്മാർ ഇരിക്കുന്നതുകാണാം. ഘട്ടം മുതൽ ക്ഷേത്രം വരേ എന്നുവേണ്ടാ ഗംഗാതീരത്തിലുള്ള എല്ലാ മാൎഗ്ഗങ്ങളിലും ശിവലിംഗങ്ങൾ നീളേ പ്രതിഷ്ഠിച്ചിരിക്കുന്നു. വഴിയിൽ അവിടവിടേയായി പുഷ്പങ്ങൾ വില്പനക്കു വെച്ചിട്ടുണ്ട്. ക്ഷേത്രത്തിന്നു സമീപം വലിയ ഒരു പുഷ്പക്കച്ചവടസ്ഥലമുണ്ട്. പിച്ചകം, മുല്ല, പനിനീർ തുടങ്ങിയ സുഗന്ധപുഷ്പങ്ങളും മുഖ്യമായി വില്വവും ഇവിടേ യഥേഷ്ടം കിട്ടും. നമ്മുടെ ദിക്കിൽപൂജക്കു ഉപയോഗിക്കാത്തതായ പലേ വിധ പുഷ്പങ്ങൾ ഇവിടേ പൂജക്ക് എടുത്തുവരുന്നു. ദൎശനത്തിന്നു ചെല്ലുന്നവർ സ്നാനംചെയ്തു് ഗംഗയും എടുത്തു് ഇവരുടേ വക്കൽ നിന്നു പുഷ്പവും വാങ്ങി ക്ഷേത്രത്തിന്നകത്തു പ്രവേശിക്കുന്നു. ക്ഷേത്രം കാഴ്ചയിൽ ചെറുതാണെങ്കിലും വളരേ ഭംഗിയുള്ളതും രക്തവൎണ്ണമുള്ള ഒരു തരം മാർബൾ കല്ലിനാൽ നിൎമ്മിക്കപ്പെട്ടതുമാകുന്നു. ഇതിൻേറ മേൽഭാഗം സ്വൎണ്ണത്തകിടുകളാൽ മൂടപ്പെട്ടിരിക്കുന്നു. ഇപ്പോൾ കാണപ്പെടുന്ന ക്ഷേത്രത്തിന്ന് നാലഞ്ചടി ദൂരത്തിലായി 'അറംഗസീബ്' മുഗൾ ചക്രവൎത്തിയാൽ കെട്ടപ്പെട്ട പള്ളി സ്ഥിതി ചെയ്യുന്നു. ഇപ്പോൾ പള്ളിനില്ക്കുന്ന സ്ഥലത്തായിരുന്നു

നമ്മുടേ പുരാതന ക്ഷേത്രം. പഴയക്ഷേത്രത്തിൻേറ ചില അവശിഷ്ടങ്ങൾ ഇപ്പോഴും ആ പള്ളിയിൽ കാണാം. മുഗൾരാജവംശത്തിൻെറ അധഃപതനത്തിന്നായി അവതരിച്ച ക്രൂരനായ അറംഗസീബിൻെറ കാലത്താണ് നമ്മുടെ പുരാതനക്ഷേത്രത്തെ നശിപ്പിച്ചതും തൽസ്ഥാനത്തു മുഹമ്മദീയരുടെ പള്ളി നിമ്മിച്ചതും. ഈ ദുഷ്ടരാജാവിൻെറ മതഭ്രാന്തിന്നു നമ്മുടെ പുരാതനക്ഷേത്രം ഇരയായിതീന്ന സമയം അവിടെ സ്ഥാപിച്ചിരുന്ന വിശ്വനാഥലിംഗം സ്വയമേവ അടുത്തുണ്ടായിരുന്ന 'ജ്ഞാനവാപി'യെന്ന കിണററിൽ ചാടിയെന്നാണ അട്ടിക്കുകാർ പറയുന്നതു. പിന്നീട് 18-ാം നൂററാണ്ടിൽ ഇന്ത്യയിൽ പലേടത്തും ധമ്മസ്ഥാപനങ്ങൾ ചെയ്തു കീത്തിനേടിയ ഇൻഡോർ മഹാറാണി അഹല്യഭായി ഇപ്പോൾ കാണുന്നതായ ക്ഷേത്രം പണി ചെയ്യിച്ചുവെന്നും തദനന്തരം ആ മഹതി മേല്പറഞ്ഞ 'ജ്ഞാനവാപീ'തീരത്തിലിരുന്നു ഭക്തിപൂവ്വം വിശ്വനാഥനെ പ്രാത്ഥിച്ചുവെന്നും തൽസമയം മഹാരാജ്ഞിയുടെ ഭക്തിയാൽ ആകഷിക്കപ്പെട്ട വിശ്വനാഥലിംഗം ജ്ഞാനവാപിയിൽ നിന്നും പൊങ്ങി അഹല്യാഭായിയുടെ മടിയിൽ പതിച്ചുവെന്നും ആണ് ഇതിനെപ്പററിയ ഐതിഹ്യം. ദശ്നത്തിനായിവരുന്നവർ ഈജ്ഞാനവാപീജലത്തെ ദിവ്യതീത്ഥമായി കരുതി ഇപ്പോഴും പാനംചെയ്തുവരുന്നു. വിശ്വനാഥക്ഷേത്രം നിമ്മിച്ചത് അഹല്യാഭായിയാണെങ്കിലും അതിൻെറമുകളിൽകാണുന്ന സ്വണ്ണസ്തൂപി ലാഹൂർ മഹാരാജാവായ രജ്ഞിതസിംഗിനാൽ ദാ

നം ചെയ്യപ്പെട്ടതാണ്. ഈകെട്ടിടത്തിന്നു ഉദ്ദേശം30 അടി നീളവും 10 അടി വീതിയുംഉണ്ടാകും. ഇതിനെ മൂന്നായി വിഭജിച്ചിരിക്കുന്നു. കിഴക്കെ അററത്താണ് വിശ്വനാഥലിംഗ പ്രതിഷ്ഠ.ഈസ്ഥലം 10 അടി നീളവും 10 അടി വീതിയുമുള്ള ഒരു ചെറിയ മുറിയാണ്. ഇതേ മാതിരിത്തന്നെ പടിഞ്ഞാറെ ഭാഗത്തുള്ള മുറിയിലും ഒരു ശിവലിംഗം പ്രതിഷ്ഠിച്ചിട്ടുണ്ടു. പക്ഷെ ഇതിന്നു അത്ര പ്രാധാന്യമില്ല. നടു ഒരു ഒഴിഞ്ഞ തളമാണ്. ഈ തളത്തിൽ നാലുപുറവും വെള്ളികൊണ്ടു കെട്ടിയ ഇരുപ്പിടമുള്ളതായ ഒരു ശിവലിംഗം സ്ഥാപിച്ചിരിക്കുന്നു. ഇതാണ് "വൈകുണ്ഠേശ്വര ശിവൻ". വിശ്വനാഥ ലിംഗം പ്രതിഷ്ഠിച്ചിരിക്കുന്ന മുറിയുടെ മുകളിലുള്ള വിമാനത്തിൻെറ സ്വൎണ്ണസ്തൂപി വളരെ ഉയൎന്നതാണ്. അതിന്നടുത്തുള്ള ഒഴിഞ്ഞ തളത്തിൻെറ വിമാനത്തിന്നു ഒരു ചെറിയവൃത്താകാരമായ സ്വൎണ്ണസ്തൂപിയുണ്ട്. ഈ തളത്തിൽ പലേ വലിപ്പത്തിലുള്ള അനേകം മണികൾ കെട്ടിത്തൂക്കിയിരിക്കുന്നു. ഇവിടെ ദൎശനാൎത്ഥം വരുന്ന എല്ലാ ജനങ്ങൾക്കും ജാതിഭേദംകൂടാതെ ഈ മണികൾ അടിക്കാവുന്നതാണ്. ഇതു മലയാളരീതിക്കു വ്യത്യസ്തമായതാകുന്നു. വിശ്വനാഥലിംഗം പ്രതിഷ്ഠിച്ചിരിക്കുന്ന മുറിയുടെ നാലുഭാഗത്തും വാതിലുകൾ ഉണ്ട്. ഇതിൻെറ കട്ടളകൾ വെള്ളിയും വാതിലുകൾ പിച്ചളയും ആകുന്നു. ഇവ പണ്ട് സ്വൎണ്ണമായിരുന്നെന്നും കളവു നിൎത്താനുള്ള പ്രയാസത്താൽ പിന്നീട് പിച്ചളയാക്കിയതാണെന്നും അറിയുന്നു. ഈ മുറിയുടെകി

ഴക്കു വടക്കെമൂക്കിലായി ഒരടി ആഴത്തിൽ 2¼ അടി സമചതുരമുള്ള ഒരു കുഴിയുണ്ട്. ഇതു മുഴുവനും വെള്ളിത്തകിടുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. ഇതിന്നു നടുവിലായി കറുത്തനിറത്തിൽ സാളഗ്രാമശിലാനിൎമ്മിതവും ഒരടി ഉയരവും ഉള്ളതായ ശ്രീവിശ്വനാഥസ്വാമിയുടെ ജ്യോതില്ലിംഗത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ലിംഗത്തിൻെറ ഒരു ഭാഗത്തിൽ അല്പം പിളൎന്നതുപോലെയുള്ള ഒരു രേഖ കാണാം. ഇതു തപശ്ശക്തിയാൽ വശീകരിക്കപ്പെട്ട തൻെറ പ്രിയതമക്കായി ദത്തംചെയ്യപ്പെട്ട ദേഹാൎദ്ധഭാഗമാണെന്നു പറയപ്പെടുന്നു. ഈ ക്ഷേത്രത്തിൻെറ ചുററും പ്രദക്ഷിണത്തിന്നുള്ള സ്ഥലമുണ്ട്. എന്നാൽ കിഴക്കുവശത്തു ഒരാൾക്കു കടന്നുപോകത്തക്ക വിസ്താരമേ ഉള്ളു. തിരക്കുള്ള സമയങ്ങളിൽ ഈ സ്ഥലത്തുക്കൂടെ പ്രദക്ഷിണം ചെയ്വാൻ വളരെ പ്രയാസംതന്നെ. ക്ഷേത്രത്തിന്നകം മുഴുവനും വെളുത്തതും കറുത്തതുമായ മാർബൾകല്ലുകൾ ഇടകലൎന്നു പതിച്ചിരിക്കുന്നു. ഇതിൽ കറുത്തതായ ഓരൊ കല്ലുകളിലും അയ്യഞ്ചു വെള്ളി ഉറുപ്പികവീതം പതിച്ചിട്ടുണ്ട്. ക്ഷേത്രം കിഴക്കുപടിഞ്ഞാറാണ്. ക്ഷേത്രത്തിന്നുള്ളിൽ അവിടവിടെയായി അനവധി ശിവലിംഗങ്ങൾ ഉണ്ട്.

കാശിയിൽ പ്രധാനമായി ദൎശനം ചെയ്യേണ്ടതു 10 ദിക്കുകളിൽ ആണ്. അവ, 1. വിശ്വനാഥസ്വാമി. 2. ബിന്ദുമാധവൻ. 3. ഢുണ്ഡിഗണപതി. 4. ദണ്ഡപാണി. 5. കാലഭൈരവൻ. 6. കാശീദേവി. 7. ദുൎഗ്ഗാദേവി. 8. ഗംഗാദേവി. 9. അന്നപൂൎണ്ണേശ്വരി. 10. മണികൎണ്ണികാ

എന്നതുകളാണ്. ഇവയെ അതാതു സ്ഥലങ്ങളിൽ ചെന്നു ദൎശനം ചെയ്യണം. എന്നാൽ അതു സാധിക്കാത്തവൎക്കു ദൎശിപ്പാൻവേണ്ടി ഇവയെ വിശ്വനാഥക്ഷേത്രത്തിന്നു ചുററുമായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതു കൂടാതെ തെക്കെ ഗോപുരം കടന്ന ഉടനെ ബദരീനാരായണസ്വാമിയേയും വലത്തുഭാഗത്തു വിശ്വനാഥസ്വാമിയുടെ തെക്കെ നടക്കു നേരായി ശിവഗുരുവിനേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ക്ഷേത്രത്തിന്നകത്തുകാണുന്ന അസംഖ്യം ശിവലിംഗങ്ങൾ ഓരോ മഹാരാജാക്കന്മാരുടേയും മററും വഴിവാടാണ്.

സ്നാനംകഴിഞ്ഞ് ദൎശനത്തിന്നായി വരുന്നവർ പാത്രത്തിൽ കൊണ്ടുവരുന്ന ഗംഗ അവരവർ തന്നെ വിശ്വനാഥസ്വാമിക്ക് അഭിഷേകം ചെയ്യുകയും പുഷ്പംവാങ്ങി അൎച്ചനചെയ്യുകയും ചെയ്യുന്നു. ഗംഗാജലംകൂടെ കൊണ്ടുവരാത്തവൎക്കു ക്ഷേത്രത്തിൽ വാങ്ങുവാൻ കിട്ടും. ഇടങ്ങഴി ജലത്തിന്നു 3 പൈ കൊടുത്താൽ മതി. ഗോപുരവാതില്ക്കൽ 'ഹിന്തുക്കളല്ലാത്തവർ അകത്തു കടക്കരുത്' എന്ന് ഒരു നോട്ടീസ്സ് എഴുതിവെച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു നിബ്ബന്ധം മാത്രമേ ഇവിടേയുള്ളൂ. ഹിന്തുമതത്തിലുള്ള സകലവിധ ജാതിക്കാരും യാതൊരു ഭേദവും കൂടാതെ സമസ്ഥിതിയിൽ ഇവിടെ വന്ന് ഈശ്വരഭജനം ചെയ്യുന്നു. ഏതു ജാതിക്കാരന്നും ക്ഷേത്രത്തിൽ മണിയടിക്കുകയും ബിംബംതൊട്ടു തൊഴുകയും ഇഷ്ടാവസ്തുക്കൾകൊണ്ടു അഭിഷേകനിവേദ്യാദികൾ ചെയ്യുകയും ആവാം. വഴിവാടുകൾ ദീപാരാധന മുതലായവയും യഥേഷ്ടം ചെയ്യാം. ഈ ക്ഷേ

ത്തിൻെറ ഉത്ഭവകാലം മുതൽ ഇപ്രകാരം ജാതിഭേദം കൂടാതെ നടന്നുവരുന്നു. ഇതു നന്തൻചരിത്രം മുതലായ പുരാണകഥകളെപ്പോലെതന്നെ പ്രാചീന ഹിന്ദുമതത്തിൻെറ ഉൽകൃഷ്ടതയെ സൂചിപ്പിക്കുന്ന ഒന്നാകുന്നു. ഈശ്വരസന്നിധിയിൽ ജാതിവ്യത്യാസമില്ലെന്നുള്ളതിലേക്കു ഇതു ഒരു പ്രത്യക്ഷലക്ഷ്യമാണല്ലൊ. യഥേഷ്ടം ക്ഷേത്രത്തിന്നകത്തു കടപ്പാനോ ഈശ്വരബിംബത്തെ തൊടുവാനോ അനർഹന്മാരെന്നു ബ്രാഹ്മണരാൽ വിധിക്കപ്പെട്ട് നിർബ്ബന്ധപൂർവ്വം കീഴടക്കി ഭരിക്കപ്പെടുന്നവരായ തെക്കെ ഇന്ത്യയിലെ അബ്രാഹ്മണക്കു വിശേഷിച്ചും കാശീക്ഷേത്രത്തിലെ ഈ നടവടി വളരെ അത്ഭുതകരമായി തോന്നാം. ഭക്ഷണസാധനങ്ങൾ നിവേദിപ്പാനും, പണം, ചന്ദനമുട്ടി, ആഠംരൂപം, മുതലായ വഴിപാടുകൾ ചെയ്യിപ്പാനുമായി ഈ ക്ഷേത്രഉടമസ്ഥൻ ഒരാളെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം സദാസമയവും ശിവലിംഗത്തിന്നരികെ ഉണ്ടാവും. ഭക്ഷണസാധനങ്ങൾ നിവേദിപ്പാൻ ഇദ്ദേഹത്തെ ഏല്പിച്ചാൽ എളുപ്പമുണ്ട്. നിവേദ്യം എന്തായാലും അതിൽ ഒരോഹരി ക്ഷേത്രം ഉടമസ്ഥന്നുള്ള അവകാശമാണ്.

രാവിലെ മൂന്നുമണി മുതൽ രാത്രി 9 മണിവരെ ഇടവിടാതെ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരിക്കുന്ന ഭക്തന്മാരാൽ അനവരതം ചെയ്യപ്പെടുന്ന അഭിഷേകജലത്തിൽ മഗ്നനായിട്ടാണ് സദാ വിശ്വനാഥസ്വാമിയുടെ സ്ഥിതി. ഈ കുഴിയിൽ നിന്നു അഭിഷേകജലം പുറമെ പോകുന്നതിന്നു ഒരു വഴിയുണ്ട്. കുഴി നിറഞ്ഞാൽ അതു തുറന്നുവി

ടുകയും അൎച്ചനപുഷ്പങ്ങൾ നീക്കപ്പെടുകയുംചെയ്യുന്നു. ഗംഗയും പുഷ്പവും വീണുകൊണ്ടിരിക്കുന്നതോടുകൂടെ പലരും നാണ്യങ്ങളും അരിയും ഇതിൽ വഴിവാടായി ഇടാറുണ്ട്. പുഷ്പങ്ങൾ നീക്കംചെയ്യുന്ന സമയം ക്ഷേത്രഉടമസ്ഥന്റെ ആൾക്കാർ അരി വെള്ളത്തിൽനിന്നെടുത്തു പാത്രങ്ങളിലും നാണ്യങ്ങൾ ചെമ്പുകുടങ്ങളിലും നിറക്കുന്നു. ഇങ്ങിനെ ഒരു ദിവസം പല പ്രാവശ്യവും ചെയ്യേണ്ടതായി വരുന്നു. അൎച്ചനചെയ്ത പുഷ്പങ്ങൾ ശ്രീകോവിലിന്നു പുറമെ ആളെ കരത്തിൽ കൂട്ടംകൂട്ടമായി കൂട്ടിയിരിക്കുന്നതു കാണാം. ക്ഷേത്രംവക കാളകളും പശുക്കളും എപ്പോൾനോക്കിയാലും ഇതു തിന്നുംകൊണ്ടിരിക്കും. ക്ഷേത്രത്തിൽ പുലച്ചെ 3 മണിക്കു നട തുറക്കും. അപ്പോൾ മുതൽ ജനങ്ങളുടെ വരവും തുടങ്ങും. പകൽ 11 മണിവരെ ആൎക്കും സൌകൎയ്യംപോലെ ചെല്ലാം. 11 മണിക്കു നാട്ടുകോട്ടചെട്ടിമാരുടെ വക ഒരു പാൽ അഭിഷേകമുണ്ട്. അതോടുകൂടെത്തന്നെ ക്ഷേത്രമുടമസ്ഥൻ പണ്ടാവിന്റെവക ഉച്ചപൂജയും ഒരു മഹാ നിവേദ്യവും ഉണ്ട്. 10½ മണി ആയാൽ ചെട്ടിയാന്മാരുടെ ആൾക്കാർ വെള്ളിപ്പൂജാപാത്രങ്ങളും വെള്ളിക്കുടങ്ങളിൽ പാലും എടുത്ത് വെള്ളിമണികളും കിലുക്കി ക്ഷേത്രത്തിൽ വന്നെത്തും. ഈ അഭിഷേകം ചെയ്യുന്നതും ഇതു കഴിഞ്ഞ ഉടനെയുള്ള പൂജ കഴിക്കുന്നതും ക്ഷേത്ര ഉടമസ്ഥൻ പണ്ടാതന്നെയാണ്. സാധാരണയായി നിവേദ്യത്തിന്ന് നെയ് ചേൎത്ത ഒരു മധുരച്ചോറും ചപ്പാത്തിയെന്നു പറയുന്ന ഗോതമ്പറൊട്ടിയും ചില കൂ

ട്ടാന്നം, പരുപ്പ്, രസം, ഉഴുന്നപ്പം, ഗോതമ്പപ്പം, പലവിധ മധുരപലഹാരങ്ങൾ ഇവയെല്ലാം ഉണ്ടാവും. 11½ മണിക്കു ശേഷമാണ് നിവേദ്യവിതരണം. ചുററമ്പലത്തിന്നുള്ളിൽ കിഴക്കുവടക്കെ മൂക്കിലുള്ള കോണികയറി മുകളിൽ ച്ചെന്നു ആവശ്യപ്പെട്ടാൽ കുറച്ചു നിവേദ്യം കിട്ടും. അധികം ആവശ്യമുള്ളവർ പണ്ടാവിൻെറ ആപ്പീസിൽച്ചെന്ന് ഉറുപ്പിക കൊടുത്ത് ശീട്ടുവാങ്ങി ഇവിടെ കൊണ്ടുവന്നു കാണിച്ചാൽ മതി. 1കക്കു വാങ്ങിയാൽ 2 ആൾക്ക് ഒരു നേരത്തേക്കുള്ള ഭക്ഷണം കിട്ടും. ഈ അഭിഷേകവും പൂജാനിവേദ്യാദികളും കഴിയുന്നതുവരെ ആൎക്കും അകത്തു പ്രവേശിപ്പാൻ പാടില്ല. എന്നാൽ നാലുപുറവും ഉള്ള വാതിലുകൾ മുഴുവൻ ദ്വാരങ്ങളുള്ളവയായതുകൊണ്ടു നാലുഭാഗത്തും സൌകൎയ്യം പോലെനിന്നു പൂജാദികൾ കാണാം. പൂജസമയങ്ങളിൽ വാദ്യഘോഷങ്ങൾ ഉണ്ട്. ഇതു കഴിഞ്ഞാൽ പിന്നീടു രാത്രി 7 മണിവരെ ക്ഷേത്രത്തിൽ പ്രവേശിപ്പാൻ യാതൊരു തടസ്ഥവും ഇല്ല. സന്ധ്യക്ക് ഒരു പൂജയുണ്ടു. അതിന്നു സപ്തൎഷിപൂജ എന്നു പറഞ്ഞുവരുന്നു. സാക്ഷാൽ സപ്തൎഷിമാർ ഇവിടെ വന്ന് പൂജിക്കുന്നതായിട്ടാണ് സങ്കല്പം. ഓരോ മഹാരാജാക്കന്മാരാൽ നിശ്ചയിക്കപ്പെട്ടവരായ 7 ബ്രാഹ്മണരാണ് ഇതു ചെയ്യുന്നതു. ഇതിൻെറ ചെലവു മുഴുവനും അതാതു രാജാക്കന്മാരുടെ വകയാണ്. സപ്തൎഷിപൂജസമയത്തു വാതിലുകൾ നാലും തുറന്നിട്ടിരിക്കുമെങ്കിലും ആൎക്കും അകത്തു കടപ്പാൻ പാടില്ല. പുറമെനിന്നു യഥേഷ്ടം കാണാം. ഇതു

കാണ്മാൻ പ്രതിദിവസവും അനേകം പേർ വന്നു കൂടാറു ണ്ട്. ക്ഷേത്രത്തിന്നു തെക്കുഭാഗത്തു കാണുന്ന കോണികയറി ടെറസ്സിൻെറ മുകളിൽ ചെന്നിരുന്നാൽ വലിയ തിരക്കു കൂടാതെ സപ്തൎഷിപൂജ മുഴുവനും കാണാം. ഇതു വളരെ വിശേഷമാണ്. ഏകദേശം രണ്ടു മണിക്കൂറോളം ഉണ്ടാവും. അവരുടെ ഏഴു പേരുടേയും ഒരേ ശ്രുതിയിലുള്ള സാമഗാനവും ഒരേ താളത്തിൽ ഒട്ടും പിഴവുകൂടാതേയുള്ള മണി കിലുക്കലും ഒരേ സമയത്തുള്ള അഭിഷേകാദികളും കണ്ടും കേട്ടുമിരിക്കുന്നവൎക്കു ഇഹലോകചിന്ത ഒട്ടുംതന്നെ ഉണ്ടാവുമെന്നു തോന്നുന്നില്ല. ഇത്രയും ചേതസ്സമാകൎഷകവും നേത്രശോത്രങ്ങൾക്കു ഒരുപോലെ ആനന്ദകരവുമായ ഒരു പൂജ ഞങ്ങൾ ഇതേവരെ കണ്ടിട്ടില്ലെന്നു തീൎച്ച തന്നെ.

"പ്രത്യക്ഷലക്ഷ്യങ്ങളിൽ മാത്രം വിശ്വസിച്ചു പോരുന്ന യൂറോപ്യന്മാൎക്കു കൂടി ഈ കാൎയ്യ മനസ്സിൽ അവാച്യമായ ഒരു വികാരത്തെ ജനിപ്പിക്കുമെന്നും ഉറങ്ങിക്കിടക്കുന്ന ഏതോ ചില ഓൎമ്മകളെ ഈ ദിവ്യഗാനം അനുസ്മരിപ്പിക്കുന്നതായി അനുഭവപ്പെട്ടു"മെന്നും 'മേജർന്യൂവൽ' സായ്പവർകൾ തൻെറ കാശീചരിതത്തിൽ പ്രസ്താവിച്ചിരിക്കുന്നു. എത്ര ഉറച്ച നിരീശ്വരവാദിയായിരുന്നാൽകൂടിയും ഈ കാൎയ്യ മനസ്സിനെ അല്പമൊന്നു ഇളക്കിത്തീൎക്കാതിരിക്കില്ലെന്നു തീൎച്ച പറയാം. സപ്തൎഷിപൂജ ഏകദേശം 9 മണിയോടുകൂടി അവസാനിക്കും. അല്പം കഴിഞ്ഞാൽ അൎദ്ധയാമപൂജ തുടങ്ങുകയായി. അതു നാട്ടുകോ

ട്ടു ചെട്ടിമാരുടെ വകയാണ്. പൂജ കഴിക്കുന്നതു പണ്ടാരത്തന്നെ. അതിന്നു വേണ്ടുന്ന സാമാനങ്ങളും പൂജക്കു ശേഷമുള്ള അലങ്കാരങ്ങളും അവർ കൊണ്ടുവന്നിരിക്കും. പൂജ കഴിഞ്ഞ ഉടനെ നാഗാഭരണം, സ്വൎണ്ണക്കുട, അമൂല്യരത്നാഭരണങ്ങൾ മുതലായവ ചാൎത്തി നട അടക്കുന്നു. അനവധി രത്നങ്ങൾ പതിച്ചതായ കിരീടവും ആഭരണങ്ങളും മററും ചാൎത്തി ചെറിയ സ്വൎണ്ണക്കുടയും പിടിപ്പിച്ചു കാണികളുടെ മനസ്സിനെ ആകൎഷിക്കത്തക്ക നിലയിലാക്കിത്തീൎത്തശേഷമേ നട അടക്കുകയുള്ളു. പിന്നീടു പുലച്ചെ 3 മണിവരെ ആരും ക്ഷേത്രത്തിൽ പോവുകയില്ല.

## 7-ാം അദ്ധ്യായം.

### ദശദൎശനം.

"വിശ്വേശംമാധവം ഢുണ്ഡിം ദണ്ഡപാണിഞ്ചഭൈരവം
വന്ദേകാശിം ഗുഹാം ഗംഗാം ഭവാനീം മണികൎണ്ണികാം"

കാശിയിൽ മുഖ്യമായി ദൎശനം ചെയ്യേണ്ടതു മേല്പറഞ്ഞ ശ്ലോകത്തിൽ പ്രസ്താവിച്ചിരിക്കുന്ന പത്തുദിക്കുകളിലാണ്. വേറെയും പ്രധാനപ്പെട്ട സ്ഥലങ്ങൾ ഉണ്ടെങ്കിലും ഈ പത്തു ദിക്കും ദൎശിക്കാതെ കാശിയാത്രപരിപൂൎണ്ണമാവുകയില്ലെന്നാണ് ഇട്ടിക്കുകാർ പറയുന്നതു. അതിൽ ഒന്നാമത്തേതായ വിശ്വനാഥദൎശനത്തെപ്പററി കഴിഞ്ഞ അദ്ധ്യായത്തിലും രണ്ടാമത്തേതായ ബിന്ദുമാധവദൎശന

ത്തെപ്പററിയും അവസാനത്തേതായ മണികൎണ്ണികയെക്കു റിച്ചും അഞ്ചാം അദ്ധ്യായത്തിലും വിവരിച്ചിട്ടുണ്ടല്ലൊ. ബാക്കി 7 എണ്ണത്തിന്റെ വിവരം താഴെ എഴുതുന്നു.

ഢുണ്ഡിരാജഗണപതി.

'ഢുണ്ഡിരാജപ്രിയഃ പുത്രോഭവാന്ന്യാശങ്കരസ്യച
തസ്യപൂജനമാത്രേണ ത്വയോപിവരദാസദാ'

ഇത്രയേറെ മഹത്വമുള്ള ഈ ഗണപതീപ്രതിഷ്ഠ വിശ്വേശ്വരസന്നിധിയിലേക്കു പോകുന്ന മാൎഗ്ഗത്തിലാണ്. ബിംബത്തിന്നു 4 അടി ഉയരമുണ്ട്.

ദണ്ഡപാണി—ഈ ക്ഷേത്രം കാലഭൈരവക്ഷേത്ര ത്തിന്നു സമീപമാണ്. ഇവിടെ ഒരു ശിലാദണ്ഡമാണ പ്രതിഷ്ഠ.

കാലഭൈരവൻ—ഇവിടേക്കുള്ള വഴി വളരെ കുടു ങ്ങിയതാണ്. വണ്ടി പോകുന്നതല്ല. കാശിയിൽവെച്ചു പാപം ചെയ്യുന്നവരെ ശിക്ഷിപ്പാനുള്ള പൂൎണ്ണാധികാരം ഇദ്ദേഹത്തിനാണുപോൽ. കാശിയിൽ 'കാലഭൈരവ കൃതൈകശാസന' തന്നെയാണ്. കൈയ്യിൽ ഒരു വടി യും പിടിച്ച് നില്ക്കുന്നതായ ഈ ബിംബത്തിന്നു ഒരു ഒ ത്ത ആൾ ഉയരം കാണും. മുഖം വെള്ളികൊണ്ടാണ്. പേർ കേൾക്കുമ്പോൾ ഭയം തോന്നുമെങ്കിലും കാഴ്ചയിൽ ഒട്ടും ഭയങ്കരനല്ല. ഇവിടെ സദാസമയവും പൂജയും അ ച്ചനകളും നടന്നുകൊണ്ടിരിക്കും. നിവേദ്യത്തിന്നു 'വട'യാ ണു മുഖ്യം. ഇവിടെ പോകുന്നവർ ക്ഷേത്രപ്രകാരത്തിൽ

വില്പനകക്ക വെച്ചിരിക്കുന്ന ഒരു തരം കറുത്ത പട്ടുചരട് കഴുത്തിന്മേൽ കെട്ടിക്കയും അവർ വശമുള്ള പീലികെട്ടിനാൽ പുറത്ത് അടിപ്പിക്കയും പതിവാണ്. ഇങ്ങിനെ ചെയ്യുന്നതായാൽ മരണശേഷം കാലപാശബന്ധനവും, കാലദണ്ഡപ്രഹരവും കൂടാതെ കഴിയുമെന്നാണ് വിശ്വാസം. ക്ഷേത്രപ്രകാരത്തിന്നുള്ളിലായി കാലഭൈരവൻെറ വിശ്വസ്തഭൃത്യനും വാഹനവുമായ 'ശ്വാവി'നെ പ്രതിഷ്ഠിച്ചിരിക്കുന്നു. ക്ഷേത്രം വലിയതാണ്. ഒരു നൂററാണ്ടിന്നു മുമ്പ് പൂനാരാജാവായ 'ബാജിറാവ്പേഷ്വ'യാൽ കെട്ടപ്പെട്ടതാണുപോൽ. അടുത്തുള്ള കെട്ടിടങ്ങളാൽ ക്ഷേത്രത്തിൻെറ ഭംഗി നല്ലവണ്ണം കാണുവാൻ പ്രയാസം. കാശിയിൽ ഇതു മുഖ്യമായ ഒരു ക്ഷേത്രമാണ്.

കാശീദേവി—ഇവിടേക്ക് മണികൎണ്ണികാഘട്ടത്തിൽനിന്ന് ഉദ്ദേശം 3 നാഴിക ദൂരമുണ്ട്. ഒരു ചെറുതായ ക്ഷേത്രത്തിന്നകത്തു കാശീദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നല്ലാതെ ഇവിടെ യാതൊരു വിശേഷവും ഇല്ല.

ഗുഹ—ഇതും ഈ മാൎഗ്ഗത്തിൽ തന്നെയാണ്. പുരാതനകാലത്തു ഈ ഗുഹക്കുള്ളിൽ പലേ വൈചിത്ര്യങ്ങളും ഉണ്ടായിരുന്നുവെന്നും ജനങ്ങൾ സാധാരണ അതിൽ ഇറങ്ങിയിരുന്നുവെന്നും അതിൻെറ അവസാനം ഇന്ന ദിക്കിലാണെന്നു ആൎക്കും അറിവില്ലെന്നും മററും പറയുന്നുണ്ട്. എന്നാൽ ഇപ്പോൾ ഒരു ഗുഹാദ്വാരം കാണാമെന്നല്ലാതെ ആരും അതിന്നകത്തു ഇറങ്ങിനോക്കുവാൻ ധൈൎയ്യപ്പെടാറില്ല. എങ്കിലും എന്തോ ഒരു വിശേഷം പുരാതന

കാലത്തുണ്ടായിരുന്നുവെന്ന് ഇതിനെ മുഖ്യദൎശനസ്ഥലമായി പറഞ്ഞതിൽനിന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

ആദിഗംഗ—ഇതു ഇപ്പോഠം ഒരു തടാകരൂപത്തിലാണ് കാണപ്പെടുന്നതു. ഭഗീരഥമഹാരാജാവു ആകാശഗംഗയെ ഭൂമിയിലേക്കു വരുത്തുന്നതിന്നു മുമ്പായിത്തന്നെ ഇതു കാശിയിലുണ്ടായിരുന്നതിനാൽ ഇതിനെ 'ആദിഗംഗ' എന്നു പറഞ്ഞുവരുന്നു. ഇവിടെ സ്നാനം ചെയ്യേണ്ടതാണ്. ഇതു 'ഗുഹ'ക്കു സമീപമാകുന്നു.

ഭവാനി (അന്നപൂൎണ്ണേശ്വരി)—കാശിയിൽ വിശ്വനാഥക്ഷേത്രം കഴിച്ചാൽ പിന്നെ പ്രാധാന്യം അന്നപൂൎണ്ണാക്ഷേത്രത്തിന്നാകുന്നു. വിശ്വനാഥക്ഷേത്രത്തിൽ നിന്നു സുമാർ 15 വാര പടിഞ്ഞാട്ടു നടന്നാൽ ഇവിടെ എത്തുന്നതാണ്. ഈ ക്ഷേത്രം 200 സംവത്സരങ്ങഠംക്കു മുമ്പു പൂനാരാജാവിനാൽ പണിചെയ്യിക്കപ്പെട്ടതാകുന്നു. പ്രധാനവാതിൽ വടക്കുവശത്താണ്. ദേവി പടിഞ്ഞാറോട്ടു നോക്കി സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രപ്രാകാരത്തിന്നു വിശ്വനാഥക്ഷേത്രപ്രാകാരത്തേക്കാഠം വിസ്തീൎണ്ണതയുണ്ടു. ഗൎഭഗൃഹം 15 അടി നീളവും 10 അടിവീതിയുമുള്ളതും മാർബഠംകല്ലിനാൽ വിചിത്രതരമായി പണിചെയ്യിക്കപ്പെട്ടതുമാകുന്നു. ഇതിന്നു മുമ്പിൽ മാർബഠം കല്ലുകളാൽ നിൎമ്മിതങ്ങളായ അനേകം തൂണുകളോട്ടുകൂടിയ ഒരു മണ്ഡപം ഉണ്ട്. ദൎശനത്തിന്നു വരുന്ന ജനങ്ങളെക്കൊണ്ടു സദാ സമയവും ഈ മണ്ഡപം നിറഞ്ഞിരിക്കും. വിദ്യുച്ഛക്തി വിളക്കുകഠം ക്ഷേത്രത്തിൽ എല്ലാ ദിക്കുകളിലും ഉ

ണ്ട്. വലുതായ രണ്ടു 'ഗ്യാസ്' ലൈറ്റും തൂക്കിയിരിക്കുന്നു നിത്യത അല്പം വിളക്കുകൾ മാത്രമേ കത്തിക്കാറുള്ളൂ. അഷ്ടമിരോഹിണി, ദീപാവലി മുതലായ വിശേഷ അടിയന്തരങ്ങൾക്കായി കൊല്ലത്തിൽ നാലുതവണ ഈ എല്ലാ വിളക്കുകളും കത്തിക്കാറുണ്ടുപോൽ. ദേവിക്ക് അമൂല്യങ്ങളായ രത്നാഭരണങ്ങൾ അനവധിയുണ്ട്. ഇവയെല്ലാം ചാൎത്തി വൈദ്യുതവിളക്കുകളെല്ലാം ജ്വലിപ്പിച്ചുകാണുവാൻ ആഗ്രഹിക്കുന്നവർ ഒരു പ്രത്യേകസംഖ്യ ക്ഷേത്രമുടമസ്ഥന്നു നൽകുന്നതായാൽ കാണാവുന്നതാണ്. വെള്ളിയാഴ്ച മുതലായ ദിവസങ്ങളിൽ ഇവിടെയുള്ള തിരക്കു പറവാൻ പ്രയാസം. ആ ദിവസങ്ങളിൽ ഈ ദിവ്യസന്നിധിയിൽപരിലസിച്ചു കാണുന്ന ചൈതന്യപ്രവാഹം അനിൎവ്വചനീയംതന്നെ. ക്ഷേത്രത്തിൽ ജാതിവ്യത്യാസം ആചരിക്കാറില്ല; ആൎക്കും ബിംബം തൊട്ടുകയും മണിയടിക്കുകയും ചെയ്യാം. ഇതിൻെറ ഉടമസ്ഥൻ പണ്ടൊ വളരെ മൎയ്യാദക്കാരനും ഈശ്വരഭക്തനുമായ ഒരു ചെറുപ്പക്കാരൻ സന്ന്യാസിയാണ്. ഈ ക്ഷേത്രമുടമസ്ഥന്നു ബ്രഹ്മചൎയ്യം നിൎബ്ബന്ധമാണുപോലും. ഇദ്ദേഹം മിക്കസമയത്തും പകൽ ക്ഷേത്രമണ്ഡപത്തിലും രാത്രി സന്നിധി മുമ്പാകേയും ഇരുന്ന് ദൎശനത്തിന്നു വരുന്നവൎക്കു പ്രസാദം നൽകുന്നു. രാവിലെ ചെല്ലുന്നവർ യഥാശക്തി ഇദ്ദേഹത്തിന്നു ദക്ഷിണ നൽകാറുണ്ടു. ശ്രീകോവിലിൻെറ കിഴക്കുവശത്തെ ക്ഷേത്രപ്രാകാരത്തിൽ ദേവിയുടെ പശുക്കൾ നില്ക്കുന്നു. കറവുള്ളവ എട്ടു പത്തെണ്ണം ഈ തൊഴുത്തിൽ എപ്പോഴും ഉണ്ടാവും. എ

ല്ലാം ഒരുപോലെ ക്രൂരത്തികളംതന്നെ. കറവില്ലാത്തവ യഥേഷ്ടം പുറമെ നടക്കുന്നു. ദൎശനത്തിന്നു വരുന്നവർ ഇ വകക്കു അരിവാങ്ങികൊടുക്കുന്ന പതിവുണ്ട്. ഒരാളം അടു ത്തുചെന്നാൽ ഇവയെല്ലാം എഴുന്നീററുനിന്നു വാ പൊളി ക്കുകയും അപ്പോൾ അരി വായിലേക്കു എറിഞ്ഞുകൊടുക്കു കയും ചെയ്യുന്നു. കിഴക്കുതെക്കെ കോണിലായി സൂൎയ്യനെ പ്രതിഷ്ഠിച്ചിരിക്കുന്നു. തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ സന്ന്യാസിമാൎക്കും മററും ഇരുന്നു ജപിക്കുന്നതിന്നു വിശാല മായ സ്ഥലങ്ങൾ ഉണ്ട്. ഈ ക്ഷേത്രത്തിലും നിലം മുഴുവ ൻ മാർബ്ബിൾകല്ലുതന്നെ. വടക്കുപടിഞ്ഞാറെ കോണിലാ യി ഹനുമാനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രത്തിൽ വഴിവാടായി പാൎവ്വതിപരിണയം ആഘോഷിക്കാറുണ്ടു പോൽ. അന്നപൂൎണ്ണേശ്വരിക്കു കാശിയിൽ ഇത്ര പ്രാധാ ന്യം ലഭിക്കുവാനുള്ള കാരണം താഴെ പറയുന്നു.

ശ്രീപരമേശ്വരൻ ഭിക്ഷാടനം ചെയ്തുകൊണ്ടിരിക്കു ന്ന കാലത്തു ഒരിക്കൽ അത്യധികമായ വിശപ്പിനാൽപീ ഡിതനായി ഭക്ഷണം അന്വേഷിക്കുകയും തൽസമയം ശ്രീമഹാലക്ഷ്മി പ്രത്യക്ഷീഭവിച്ച് ഇപ്പോൾ അന്നപൂൎണ്ണേ ശ്വരി ഇരിക്കുന്ന ദിക്കിൽചെന്നാൽ ഭക്ഷണം ലഭിക്കുമെ ന്നു പറഞ്ഞപ്രകാരം പരമശിവൻ ആ സ്ഥലത്തു ചെന്നാ പ്പോൾ ലോകത്തിലുള്ള സകലവിധഭക്ഷണസംഭാരങ്ങ ളോടുകൂടി ഒരു ഗൃഹനായികയെന്ന നിലയിലിരിക്കുന്ന ശ്രീ പാൎവ്വതിയെക്കണ്ടു് ഭിക്ഷയാചിക്കയും ദേവിയാൽ നൽക പ്പെട്ട ദിവ്യഭക്ഷണത്താൽ തുഷ്ടനായ ഭഗവാൻ ശ്രീകാ

ശീപുരാധീശ്വരിയായി അന്നപൂൎണ്ണയെന്ന നാമത്തിൽ ശ്രീപാൎവ്വതിയെ താൻതന്നെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. ശ്രീപരമേശ്വരന്നു ഭിക്ഷ നൽകിയതിനെ സൂചിപ്പിക്കുന്നതായ സ്വൎണ്ണപ്പാത്രവും കയ്യിലും ഭഗവതിയുടെ കയ്യിൽ കാണാം.

തപ്തസ്വൎണ്ണനിഭാം ശശാങ്കമുകുടാംരത്നപ്രഭാഭാസുരാം
നാനാരത്നവിരാജിതാം ത്രിനയനാംഭ്രമീരമാഭ്യാംയുതാം
ദൎവ്വീഹാടകഭാജനഞ്ചദധതീം രമ്യോച്ചപീനസ്തനീം
തൃപ്ത്യാതച്ശിവമാകലയ്യമുദിതാദ്ധ്യേയാന്നപൂൎണ്ണേ
[ശ്വരിം

മേൽ പ്രസ്താവിച്ച ദശദൎശനം കൂടാതെ കാശീയാത്രയിൽ ദൎശിക്കേണ്ടതായ മററനേകസ്ഥലങ്ങൾ വിശ്വനാഥക്ഷേത്രത്തിന്നു സമീപത്തിലുണ്ടു. അതിലൊന്നാണ 'സാക്ഷിവിനായകൻ'. ഇതു അന്നപൂൎണ്ണാക്ഷേത്രത്തിൻെറ വടക്കെഗോപുരം കടന്നു നേരെ പടിഞ്ഞാട്ടുള്ള വഴിയിൽകൂടെ പോയി അല്പം തെക്കോട്ടു തിരിഞ്ഞാൽ കാണാം. ഈ ബിംബത്തിൻെറ മേലെല്ലാം ചുകന്നചായം പൂശിയിരിക്കുന്നു. ഈ സാക്ഷിവിനായകദൎശനം കൂടാതെ കാശിയാത്ര പൂൎണ്ണമാകുന്നതല്ല. ഈ ദേവൻ ഇരിക്കുന്ന തെരുവിന്നു 'സാക്ഷിവിനായികസ്റ്റീററ്' എന്നാണു പേർ. ഇതു വളരെ നീളമുള്ള തെരുവാണ്. അനേകവിധ കച്ചവടങ്ങൾ ഇവിടെ നടന്നുവരുന്നു.

വിശ്വനാഥക്ഷേത്രത്തിൽനിന്നു പുറത്തിറങ്ങി നാലടി പടിഞ്ഞാട്ടു നടന്നാലുടൻ കാണുന്ന തെക്കോട്ടു മുഖമ

ള്ള മാൎഗ്ഗത്തിൽക്കൂടെ ചെന്നാൽ ഒരു വടവൃക്ഷം കാണാം. ഇതിനെ 'അക്ഷയവടം' എന്നാണു പറയുന്നതു.

വിശാലാക്ഷിക്ഷേത്രം— ഇതു മണികൎണ്ണികയുടെ സമീപമാണ്. ക്ഷേത്രം വളരെ ചെറിയതാണെങ്കിലും ഭംഗിയായും വൃത്തിയായും പണി ചെയ്തിരിക്കുന്നു. നാട്ടുകോട്ടചെട്ടിമാരാൽ 1908 ൽ 70000 ഉറുപ്പികയോളം ചെലവാക്കി തെക്കെഇന്ത്യയിലെ പ്രസിദ്ധശില്പികളെക്കൊണ്ട് പണി ചെയ്യിച്ചതാണ് പ്രസ്തുതക്ഷേത്രം. സന്നിധി വടക്കോട്ടാണ്. ഇവിടെ ദൎശനം ചെയ്യുകയും പൂജ, അൎച്ച്ന മുതലായവ കഴിക്കുകയും അത്യാവശ്യം. അവനവന്നുതന്നെ അൎച്ച്നാദികൾ ചെയ്യാം.

ദുൎഗ്ഗാദേവി—

"ദുൎഗ്ഗേസ്മൃതാ ഹരസിഭീതിമശേഷജന്തോഃ
സ്വസ്ഥൈസ്സ്മൃതാമതി മതീവ ശുഭാംദദാസി
ദാരിദ്ര്യദുഃഖഭയഹാരിണികാത്വദന്യാ
സൎവ്വോപകാരകരണായ സദാൎദ്രചിത്താ"

ദുൎഗ്ഗാക്ഷേത്രം 'ആനന്ദഭാഗ്' എന്ന ഉദ്യാനത്തിൽനിന്നു സുമാർ 150 അടി തെക്കായിട്ടാണ്. ഇവിടെ അനേകം കുരങ്ങുകൾ ഉള്ളതിനാൽ ഇംഗ്ലീഷുകാർ ഇതിനെ 'മങ്കിടെമ്പിൾ' (Monkey Temple) എന്നു വിളിച്ചുവരുന്നു. കാശിയാത്രക്കാർ ഇവിടെ വന്നു ദൎശനം ചെയ്യാതെ മടങ്ങാറില്ല. ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ ഇവിടെ കൂടുന്ന ജനങ്ങൾക്കു കണക്കില്ല. കാശിനഗരനി

വാസികളിൽ മിക്കവരും വെള്ളിയാഴ്ചദിവസം ഇവിടെ ദർനം ചെയ്യല്ലാതെ ഭക്ഷണം കഴിക്കാറില്ലപോലും. ഇതു ബങ്കാളിലെ നാട്ടോർ മഹാറാണിയായ ഭവാനീറാണിയാൽ പണി ചെയ്യിക്കപ്പെട്ടതാണ്. ക്ഷേത്രത്തിൻെറ പിൻഭാഗത്തു നാലുപുറവും കരിങ്കൽകൊണ്ടു ഭംഗിയായി കെട്ടപ്പെട്ട ഒരു മനോഹരതടാകം ഉണ്ട്. അതിന്നു ദുർഗ്ഗാകുണ്ഡം എന്നാണു പേർ. കാശീനഗരത്തിൽ ജീവബലി നടക്കുന്നതു ഈ ഒരു ക്ഷേത്രത്തിൽ മാത്രമാണ്.

ഭാസ്കരാനന്ദസ്വാമി—ദുർഗ്ഗാകുണ്ഡത്തിൻെറ അടുത്ത് കിഴക്കുഭാഗത്ത് ഒരു വിശാലമായ ഉദ്യാനമുണ്ട്. ഇതിന്നാണ് 'ആനന്ദഭാഗ്' എന്നു പറയുന്നതു. ഇതു 'അഹമടി'രാജാവിൻെറ വകയാണ്. ഈ ഉദ്യാനത്തിലാണ് പ്രസിദ്ധപ്പെട്ട സന്ന്യാസിയായ ഭാസ്കരാനന്ദസ്വാമികൾ തൻെറ ജീവകാലത്തിലെ അവസാനത്തെ 26 കൊല്ലം കഴിച്ചതു. ഇദ്ദേഹം സംസ്കൃതത്തിൽ വലിയ പാണ്ഡിത്യമുള്ള ഒരാളായിരുന്നതിന്നു പുറമെ ഇഷ്ടംപോലെ അന്തർദ്ധാനം ചെയ്യുക മുതലായ യോഗസിദ്ധി ലഭിച്ച മഹാനും ആയിരുന്നുപോൽ. ഇദ്ദേഹം മേല്പറഞ്ഞ ഉദ്യാനത്തിൽ വെച്ച് തൻെറ 66-ാമത്തെ വയസ്സിൽ (1899) പരലോകപ്രാപ്തനായി. ഉദ്യാനത്തിൻെറ മദ്ധ്യത്തിലായി ഇദ്ദേഹത്തെ സാംസ്കാരം ചെയ്യുകയും അതിന്നുമീതെ വെള്ളത്ത മാർബൾ കല്ലിനാൽ ഒരു തറ കെട്ടുകയും ചെയ്തിരിക്കുന്നതു ഇപ്പോഴും കാണാം. ഉദ്യാനത്തിൻെറ മറെറാരു

ഭാഗത്ത് വെളുത്ത മാർബൾകല്ലുകൊണ്ടുണ്ടാക്കിയതായ സ്വാമീയാരുടെ ഒരു പ്രതിമയും ഉണ്ടു.

ശ്രീശങ്കരാചാൎയ്യസ്വാമികൾ—തിയോസഫിസംഘക്കാരുടെ സ്ഥലങ്ങൾക്കു അല്പം പടിഞ്ഞാറായി ചെടികൾ നിറഞ്ഞതായ ഒരു തോട്ടത്തിൽ ശ്രീശങ്കരാചാൎയ്യസ്വാമികളെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതു 'നേപ്പാൾ' മഹാരാജാവിനാൽ പണി ചെയ്യിക്കപ്പെട്ടതാണ.

കവിടീഭായി—ദുൎഗ്ഗാക്ഷേത്രത്തിൽനിന്നു ഒരു ഫർല്ലോങ്ങദൂരത്തിലാണ പ്രസ്തുതക്ഷേത്രം. യാത്രക്കാർ കുറച്ചു കവിടിയും വാങ്ങി ഈ ക്ഷേത്രത്തിൽചെന്നു ആ കവിടിദേവിയുടെ മുമ്പാകെ ഇട്ടു 'കാശീഫലം എനിക്കും കവിടീഫലം നിനക്കും' എന്നു പറഞ്ഞു തൊഴുതുപോരുന്നു. കവിടി ക്ഷേത്രസമീപം വില്ക്കുന്നുണ്ടു.

തിലഭാണ്ഡേശ്വരക്ഷേത്രം—ഇതും ഒരു വിശിഷ്ടസ്ഥലമാണ്. ഈ ക്ഷേത്രം സുമാർ 500ൽ പരം വൎഷങ്ങളായി മലയാളസന്ന്യാസിമാരുടെ അധീനത്തിലാകുന്നു. ഇവിടെ ഇപ്പോഴും കുറെ മലയാളികളുണ്ട്. ചിലർ സംസ്കൃതം പഠിച്ചുവരുന്നു. സന്ന്യാസം സ്വീകരിക്കുന്നവൎക്കു പഠിപ്പിന്നും മററുമുള്ള ഏൎപ്പാടുകൾ ഇവിടെത്തന്നെ ചെയ്യുന്നതാണ്. പൂജാദികളും മലയാളികൾതന്നെ. ഈ ലിംഗം ദിനംപ്രതി തിലത്തോളം വളൎന്നുവരുന്നതുകൊണ്ടു 'തിലഭാണ്ഡേശ്വരൻ' എന്നു പേർ സിദ്ധിച്ചതാണപോൽ. ഇപ്പോൾതന്നെ സുമാർ 10 കോൽ ചുററളവു കാണും.

ഇങ്ങിനെ ഓരോ കാരണങ്ങളാൽ പ്രശസ്തങ്ങളായ ക്ഷേത്രങ്ങളും സ്ഥലങ്ങളും കാശിയിൽ അനവധിയുണ്ട്.

എന്നാൽ എല്ലാം ചെന്നു കാണുകയെന്നതു അവിടെ സ്ഥിരതാമസമുള്ളവർക്കല്ലാതെ സാധിക്കയില്ലല്ലോ. എങ്കിലും കാശീനഗരത്തിൽ നിന്ന് സുമാർ 7 നാഴിക ദൂരത്തിലുള്ളതായ 'ഹിന്തുയൂനിവേർസിററി' കെട്ടിടങ്ങൾ കൂടെ അവശ്യം കാണേണ്ടതാണ്. ഞങ്ങൾ ചെന്നകാലത്തു പണി നടന്നുവരുന്നതേയുള്ളൂ. എന്നിരിക്കിലും ഓരോ കോളേജുകളും, ഹോസ്റ്റലുകളും പ്രൊഫസർമാർക്കും മററും താമസിപ്പാനുള്ള സ്ഥലങ്ങളും എല്ലാം ഒരുപോലെ മനോഹരങ്ങളായിരിക്കുന്നു. അടുത്തുതന്നെ ഒരു 'സരസ്വതീ'ക്ഷേത്രവും ഉണ്ട്. കെട്ടിടങ്ങൾ എല്ലാം ഒരേ നിറമാണ്. നടുവിൽക്കൂടെ ഓരോഎടുപ്പുകളിലേക്കുമുള്ള റോഡുകൾ വെട്ടേണ്ടതിലേക്കായി ഇരുവശവും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നു. പണിയെല്ലാം കഴിഞ്ഞാൽ ഈ സർവ്വകലാശാല കാശീയാത്രക്കാർക്കു ഒരു മുഖ്യ കാഴ്ചസ്ഥലമായി തീരുമെന്നതിന്നു സംശയമില്ല. ഈ സ്ഥലം മുഴുവനും കാശീരാജാവ് വിലകൂടാതെ കൊടുത്തതാണുപോൽ. ഇതു ഗംഗയുടെ പടിഞ്ഞാറെക്കരയിലാണ്.

---

# 8-ാം അദ്ധ്യായം.

---

## ഗയാ.

---

കാശീയാത്രയുടെ പ്രധാന ഉദ്ദേശങ്ങളിൽ ഗയാശ്രാദ്ധവും മുഖ്യമായ ഒന്നാണല്ലോ. പിതൃക്കൾക്ക് പുനരാവ

ത്തിരഹിതമായ ശാശ്വതസ്ഥാനം ഗയാശ്രാദ്ധത്താൽലഭിക്കുന്നുവെന്നും അവർ വിഷ്ണുസ്വരൂപികളും വിഷ്ണുലോകവാസികളും ആയി ഭവിക്കുന്നുവെന്നും ഹിന്തുക്കളായ നാം അനേകകാലമായി വിശ്വസിച്ചുപോരുന്നതാണല്ലോ. ഇക്കാരണത്താലാണു ഗയാശ്രാദ്ധം ഊട്ടിയ പിതൃക്കൾക്കു പിണ്ഡദാനം ചെയ്യേണ്ടതില്ലെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നതു. പിതൃക്കൾക്കു ഊൎദ്ധ്വഗതി ലഭിച്ചിരിക്കെ ആൎക്കു വേണ്ടിയാണു ശ്രാദ്ധമൂട്ടുന്നതു? പിന്നേയും പിണ്ഡദാനം ചെയ്യേണ്ടതാണെന്നു പുരോഹിതന്മാരായ ബ്രാഹ്മണർ പറയുന്നതു അവരുടെ ദ്രവ്യലാഭത്തെ മാത്രം കരുതിയാണെന്നു നിസ്സംശയംപറയാം. ശ്രാദ്ധദിവസങ്ങളിൽ വിഷ്ണുപൂജ ചെയ്യുകയും യഥാശക്തി അന്നദാനം ചെയ്യുകയും മാത്രം മതിയാവുന്നതാണ്.

ഗയ കാശിയിൽ നിന്നു 134 നാഴിക കിഴക്കുതെക്കായിട്ടു കിടക്കുന്നു. കാശിയിൽ നിന്നു നേരിട്ട് ഇവിടേക്കു തീവണ്ടിയുണ്ടു. തീവണ്ടിയാപ്പീസ്സിൽ നിന്നു ശ്രാദ്ധം ഊട്ടേണ്ടടിക്കിലേക്കു സുമാർ 3 നാഴിക ദൂരംകാണും. നല്ല കുതിരവണ്ടികൾ കിട്ടും. റെയിൽവെസ്റ്റേഷന്നു വളരെ സമീപമായി ഒരു ധൎമ്മശാലയുണ്ടു്. ഇതു ഹിന്തുക്കൾക്കു പ്രത്യേകമായിട്ടുള്ളതാണു. ഇതുകൂടാതെ സ്റ്റേഷനിൽ നിന്നു രണ്ടുനാഴിക അകലെ സിററിബുക്കിംഗ് ആപ്പീസിന്നടുത്തായി വേറൊരു ധൎമ്മശാലയും ഉണ്ടു. ബുദ്ധമതക്കാൎക്കു പ്രത്യേകമായി മറെറാരു ധൎമ്മശാല ഗയക്കടുത്തുള്ളതായ 'ബുദ്ധഗയ'യിലും ഉണ്ടു. റയിൽവെസ്റ്റേഷനിലെ 'വേററിം

ഗ്രം' വളരെ നല്ലതാണ്. പട്ടണം വളരെ വലിയതാകു ന്നു. ശ്രാദ്ധാദികൾ ചെയ്യേണ്ടുന്നതായ സ്ഥലത്തിന്നു വൃത്തി വളരെ കുറയുമെങ്കിലും പൊതുവിൽ ഗയ ഒരു സുഖ സ്ഥലമാണ്. ഉൾപ്രദേശങ്ങളിലെ റോഡുകൾ വളരെ ചെറിയതാണെങ്കിലും യൂറോപ്യന്മാരുടെ അധിവാസമുള്ള പ്രദേശങ്ങളിൽ നല്ല വിസ്തീൎണ്ണമായ റോഡുകളും കച്ചവടസ്ഥലങ്ങളും മററുമുണ്ടു.

### ഗയാശ്രാദ്ധം.

'ജീവതോൎവ്വാക്യകരണാൽ പ്രത്യബ്ദം ഭൂരിഭോജനാൽ
ഗയായാം പിണ്ഡദാനാച്ച ത്രിഭിഃപുത്രസ്യപുത്രതാ'

എന്നും മററും നമ്മുടെ ശാസ്ത്രങ്ങൾ ഘോഷിക്കുന്നുണ്ട്. ഇതിൽ ഒന്നും രണ്ടും കാൎയ്യങ്ങൾ ആഗ്രഹമുള്ള പക്ഷം സ്വഗൃഹത്തിൽ ഇരുന്നുതന്നെ സാധിപ്പിക്കാവുന്നതാണ്. എന്നാൽ മൂന്നാമത്തേതായ 'ഗയാശ്രാദ്ധം' എല്ലാവൎക്കും എളുപ്പത്തിൽ സാധിക്കാവുന്നതല്ല. ഏതെങ്കിലും ഒരു പുത്രന്നു ഗയാശ്രാദ്ധമൂട്ടുവാൻ സാധിച്ചേക്കുമെന്നു കരുതിയാണ് നമ്മുടെ പൂൎവ്വീകന്മാർ ഒന്നിലധികം പുത്രന്മാർ ഉണ്ടായിരിക്കേണ്ടതാണെന്നു പറയുന്നതു. ഇത്രയേറെ മഹത്വമുള്ള ഒരു കാൎയ്യം സുലഭസാദ്ധ്യമെന്നു വരുന്നതല്ലല്ലോ.

ഗയാശ്രാദ്ധം മൂന്നു പ്രകാരത്തിലുണ്ട്. 1. അഷ്ടഗയ 2. പഞ്ചഗയ 3. ഏകോദിഷ്ടശ്രാദ്ധം (വിഷ്ണുപാദശ്രാദ്ധം) എന്നിവയാണ്. ഇതിൽ ഒന്നാമത്തേതായ അഷ്ടഗയ ഉത്ത

ട്ടേണമെങ്കിൽ പലെ ദിക്കുകളിലും ചെന്ന് പിണ്ഡം വെക്കേണ്ടതാകയാൽ കുറെ ബുദ്ധിമുട്ടുണ്ട്. അതു സാധിക്കാത്തവർ പഞ്ചഗയ ഊട്ടുന്നു. ഇതു മൂന്നു ദിക്കിലാണു ചെയ്തുവരുന്നതു. ആദ്യം ഫൽഗുനീ നദീതീരത്തും പിന്നീട് ഇവിടത്തെ പ്രധാനക്ഷേത്രമായ വിഷ്ണുപാദത്തിലും മൂന്നാമതു അക്ഷയവടത്തിലുമാകുന്നു. ഏകോദ്ദിഷ്ടശ്രാദ്ധം വിഷ്ണുപാദത്തിങ്കൽ മാത്രമാണ്. ഇതുകൂടാതെ ദുർമ്മരണാദികളാലോ മറ്റോ ഗതിവരാത്ത പ്രേതങ്ങളുടെ ഊർദ്ധ്വഗതിക്കു വേണ്ടി 'കൂപഗയ' തുടങ്ങിയ ശ്രാദ്ധാദികളും ചെയ്തുവരാറുണ്ട്.

പഞ്ചഗയ ഊട്ടുന്നതു ആദ്യമായി നദീതീരത്തിലാണെന്നു പറഞ്ഞുവല്ലോ. ഫൽഗുനീനദിയിൽ ജലം സാധാരണയായി വളരെ കുറഞ്ഞിരിക്കും. നല്ല ഒഴുക്കും ഇല്ല. പ്രതിദിവസവും അനവധി ജനങ്ങൾ സ്നാനം ചെയ്യുന്നുമുണ്ട്. തന്നിമിത്തം നദീജലവും നദീതീരവും ഒരുപോലെ വൃത്തി കുറഞ്ഞിരിക്കും. ഈ നദിക്കരയിലാണ് സുപ്രസിദ്ധമായ 'ഗദാധരക്ഷേത്രം.' നദിയിൽ സ്നാനംചെയ്ത് ഈ ക്ഷേത്രസന്നിധിയിൽവെച്ച് ആദ്യമായി പിണ്ഡം വെക്കുന്നു. ഇതിന്നു ശേഷമാണ് വിഷ്ണുപാദശ്രാദ്ധം.

വിഷ്ണുപാദക്ഷേത്രം ഫൽഗുനീനദിക്കും ഗദാധരക്ഷേത്രത്തിന്നും സമീപമാണ്. ക്ഷേത്രത്തിന്റെ പണിക്ക് വളരെ വിശേഷതയുണ്ട്. മുഴുവനും കരിങ്കല്ലുകൊണ്ടാണ് കെട്ടിയിരിക്കുന്നതു. മുൻഭാഗത്തുള്ള മണ്ഡപത്തിന്റെ പണിയും അതിലുള്ള അലങ്കാരങ്ങളും അവർണ്ണനീയംതന്നെ.

മണ്ഡപത്തിൽ അനവധി കൽത്തൂണുകൾ ഉണ്ട്. ആളുയരത്തിലുള്ള വലിയ കണ്ണാടികളാലും പലേവിധ ചിത്രങ്ങളാലും ലസ്റ്റർ ഗ്ലോപ്പ് മുതലായവകൊണ്ടും മണ്ഡപത്തിന്റെ മുകൾഭാഗം അതിവിചിത്രമായി അലങ്കരിച്ചിരിക്കുന്നു. ക്ഷേത്രത്തിന്നകത്തു ഗർഭഗൃഹത്തിന്നു മദ്ധ്യത്തിലായി കറുത്ത ഒരു പാറയുണ്ട്. ഇതിന്നുചുററും ഏകദേശം മുക്കാലടി ഉയരത്തിൽ വെള്ളികൊണ്ടു കെട്ടിയിരിക്കുന്നു. ഈ ശിലയിന്മേൽ വലുതായ രണ്ടു കാലടികൾ കാണാം. ഇതാണു വിഷ്ണുപാദം. ഈ ക്ഷേത്രത്തിൽ വേറെ ബിംബങ്ങളൊ പ്രതിഷ്ഠയോ യാതൊന്നുമില്ല. ഈ പാദങ്ങൾ ഇവിടെ വരുവാനുള്ള കാരണം 'ഗയാമാഹാത്മ്യ'ത്തിൽ കാണുംപ്രകാരം താഴെ പറയുന്നു.

### ഗയാസ്ഥലപുരാണം.

പണ്ട് ഗയൻ എന്നു പേരായ ഒരു അസുരനുണ്ടായിരുന്നു. അവൻ പരമശിവനെ ധ്യാനിച്ചുംകൊണ്ടു ഘോരമായ തപസ്സു ചെയ്തു. ശിവൻ പ്രത്യക്ഷനായി എന്തു വരമാണു് വേണ്ടതെന്നു ചോദിച്ചപ്പോൾ 'ജനങ്ങൾ എന്നോടു എന്തുതന്നെ ചോദിക്കുന്നതായാലും അതിനെ അവൎക്കു ദാനം ചെയ്യത്തക്ക വൈഭവം എനിക്കുണ്ടാവണം' എന്നപേക്ഷിച്ചു. ശിവൻ അതുപ്രകാരം ഭവിക്കുമെന്നു അരുളിച്ചെയ്തു മറഞ്ഞു. ഗയൻ ഗയയിലുള്ള ഫൽഗുനിനദീതീരത്തിൽ താമസിച്ചുവന്നു. പല ദിക്കിൽനിന്നും ജനങ്ങൾ ഗയനെ പ്രാപിച്ച് അഭീഷ്ടദാനം വാങ്ങി പോയ്ത്തുടങ്ങി. ഭൂലോകസുഖത്തിന്നു വേണ്ടുന്ന സാധനങ്ങൾ

വാങ്ങിയതുകൊണ്ടും തൃപ്തിപ്പെടാത്ത ചില വിദ്വാന്മാർ സുലഭമായി സാധിക്കാവുന്ന പരലോകസുഖത്തേയും ഗയനോടു അൎത്ഥിച്ചുതുടങ്ങി. ദേവലോകം, കൈലാസം, വൈകുണ്ഠം എന്നീ ലോകവാസത്തേയും മോക്ഷത്തെത്തന്നേയും നിഷ്പ്രയാസമായി ജനങ്ങൾ അൎത്ഥിച്ചുവാങ്ങിത്തുടങ്ങി. കാൎയ്യം ഈ നിലക്കെത്തിയപ്പോൾ ബ്രഹ്മാവും വിഷ്ണുവുംകൂടെ ഗയനെ സംഹരിപ്പാൻ ആലോചന നടത്തി. സൽപാത്രത്തിങ്കൽ എന്ന നിയമം കൂടാതെ ദുഷ്പാത്രത്തിങ്കൽ കൂടിയും യഥേഷ്ടം ഇങ്ങിനെ ദാനം ചെയ്തു തുടങ്ങിയാൽ സൎവ്വനിയമങ്ങളും തല കീഴ്മറിയുമല്ലോ എന്നു വിചാരിച്ചു ബ്രഹ്മാവ് ഒരു ബ്രാഹ്മണവേഷം ധരിച്ചു ഗയന്റെ സമീപത്തുചെന്നു 'എനിക്കു ഒരു യാഗം ചെയ്യണം, അതിന്നു പരിശുദ്ധമായ ഒരു സ്ഥലം വേണം' എന്നു യാചിച്ചു. ഗയൻ 'ഇഷ്ടം എവിടെയാണെന്നറിയിച്ചാൽ തരാ'മെന്നു പറഞ്ഞപ്പോൾ ഒട്ടും മടികൂടാതെ ബ്രഹ്മാവു നിന്റെ ശിരസ്സിൽവെച്ചാണ് ഞാൻ യാഗം ചെയ്വാനാഗ്രഹിക്കുന്നതു' എന്നു പറഞ്ഞു. ഗയനാകട്ടെ യാതൊരു ഭാവഭേദവുംകൂടാതെ ഉടനെതന്നെ അവിടെ കിടന്നു. 'യാഗം ആരംഭിക്കാം' എന്നു പറഞ്ഞു. ബ്രഹ്മാവു യാഗം തുടങ്ങി. തൽക്കാലം യാഗത്തിന്നു വേണ്ട സാമഗ്രികളും ഋത്വിക്കുകളും കൂടെ ഇല്ലാതിരുന്നതിനാൽ പതിനാലു ബ്രാഹ്മണരേയും യാഗസാമഗ്രികളേയും സൃഷ്ടിക്കുകയും ചെയ്തു.

യാഗം അവസാനിക്കാറായപ്പോൾ വിഷ്ണുഭഗവാൻ പെട്ടെന്നു പ്രത്യക്ഷനായി ഗയൻെറ ശിരസ്സിൽ പാദത്തെ വെച്ചു നല്ലവണ്ണം അമൎത്തുതുടങ്ങി. ഗയൻ പരവശനായി. വിഷ്ണുവിൻെറ പാദഭാരത്തെ സഹിപ്പാൻ കഴിയാതെ മരിക്കുമെന്നായപ്പോൾ ഗയൻ 'എന്നെ കൊല്ലുന്നതിന്നു വിരോധമില്ല. പക്ഷെ എൻെറ അന്ത്യകാലത്തെ അപേക്ഷയെ നിറവേററിത്തരണം' എന്നു പ്രാൎത്ഥിച്ചു. ഭഗവാൻ സമ്മതിക്കയും ചെയ്തു. അപ്പോൾ ഗയൻ എൻെറ ശിരസ്സിൽ വെച്ചതായ ആ വിഷ്ണുപാദങ്ങൾ ആചന്ദ്രതാരം ഇവിടെത്തന്നെ ഉണ്ടാകണം. ഈ പാദത്തിങ്കൽ പിണ്ഡംവെക്കുന്നവരുടെ പിതൃക്കൾക്ക് വൈകുണ്ഠലോകപ്രാപ്തി ലഭിക്കണം' എന്നപേക്ഷിച്ചു. ഭഗവാൻ അപ്രകാരം ഭവിക്കുമെന്നരുളിച്ചെയ്തു് ഗയാസുരവധവും കഴിച്ച് മറഞ്ഞു.

ബ്രഹ്മാവ് താൻ സൃഷ്ടിച്ച 14 ഋത്വിക്കുകളോട് 'നിങ്ങൾ ഇവിടെത്തന്നെ വസിച്ചു് വിഷ്ണുപാദത്തിങ്കൽ പിതൃപിണ്ഡം വെക്കുവാൻ വരുന്നവൎക്ക യാതൊരു പ്രതിഫലവും വാങ്ങാതെ സകല പദാൎത്ഥങ്ങളും തെയ്യാറാക്കി കൊടുക്കണം. ആ വകക്കായി നിങ്ങൾക്കു ഒരു കല്പകവൃക്ഷത്തെത്തരാം' എന്നു പറഞ്ഞു കല്പകവൃക്ഷത്തേയും നൽകി ബ്രഹ്മാവു അന്തൎദ്ധാനം ചെയ്തു.

ആ 14 പേർ അതേപ്രകാരം കല്പകവൃക്ഷത്തിൻെറ സഹായത്താൽ സകലവും ചെയ്തുവന്നു. അങ്ങിനെയിരിക്കെ ഒരു മഹാരാജാവു ഗയാശ്രാദ്ധമൂട്ടേണ്ടതിന്നായി വ

ന്നു. എന്നാൽ അന്ന്യന്റെ ചെലവിന്മേൽ ഒരു കൎമ്മംചെയ്യുന്നതായാൽ അതിന്നു പൂൎണ്ണഫലം ലഭിക്കുകയില്ലെന്നു അദ്ദേഹത്തിന്നറിവുണ്ടായിരുന്നു. ഗയാവാളികളാകട്ടെ പ്രതിഫലം വാങ്ങുകയുമില്ല. ആയതിനാൽ എന്തെങ്കിലും ഒരു വഴിയുണ്ടാക്കുകതന്നെയെന്നു നിശ്ചയിച്ച് ആ രാജാവു സ്വൎണ്ണംകൊണ്ടു വെററിലയും അടക്കയും ഉണ്ടാക്കിതിരിച്ചറിയാത്ത വിധത്തിൽ അതിന്നു ചായം കൊടുത്തു. ശ്രാദ്ധമെല്ലാം കഴിഞ്ഞു പിരിയുന്ന സമയം അവൎക്ക് ഈ കൃത്രിമതാംബൂലം നൽകുകയും പരമാൎത്ഥം അറിയാത്തവരായ ആ ഗയാവാളികൾ അതു സ്വീകരിക്കുകയും ചെയ്തു. ഉടനെതന്നെ അവൎക്കു സത്യാവസ്ഥ മനസ്സിലായി, ദാനംകൊടുത്ത സ്വത്തിനെ തിരികെ വാങ്ങുന്നതു ധൎമ്മമല്ലെന്നു ശഠിച്ചു മഹാരാജാവു അതു വാങ്ങാതെതന്നെ തിരിച്ചുപോയി.

ബ്രഹ്മാവു ഇതറിഞ്ഞു കോപത്തോടെ ഗയാവാളികളെ ശപിച്ചു. 'നിങ്ങൾക്കു ഞാൻ തന്നതായ കല്പകവൃക്ഷം ഇന്നു മുതൽ വടവൃക്ഷമായിതീരും. നിങ്ങൾ ഇവിടെ വരുന്ന ജനങ്ങളോടു ദാനാദികൾ വാങ്ങി ശ്രാദ്ധഭുക്കുകളായി ജീവിക്കുക. എന്നാൽ ആ വടവൃക്ഷ മൂലത്തിൽ പിണ്ഡം വെക്കുകയും ദാനഭോജനാദികളാൽ നിങ്ങളെ സന്തോഷിപ്പിക്കയും ചെയ്യുന്നവരുടെ പിതൃക്കൾക്ക് സൽഗതി ലഭിക്കുന്നതാണ്. ഇപ്രകാരം ശപിക്കപ്പെട്ടവരായ 14 ഗയാവാളികളുടെ വംശജന്മാരാണ് നാം ഇപ്പോൾ കാണുന്ന ഗയാവാളികൾ. അവരെ തൃപ്തിപ്പെടുത്തിയാ

ൽ പിതൃക്കൾ തൃപ്തന്മാരാകുമെന്നു പറയുന്നതിന്നുള്ള കാരണം മേല്പറഞ്ഞതുമാണ്. ആ കല്പകവൃക്ഷമാണത്രേ ഇപ്പോൾ കാണുന്നതായ 'അക്ഷയവടം.'

മേൽ പ്രസ്താവിച്ചവിഷ്ണുപാദത്തിങ്കലാണ് പിണ്ഡം വെക്കേണ്ടതു. കാശിയിലെന്നപോലെതന്നെ ഇവിടേയും ജാതിഭേദമില്ല. എല്ലാവക്കും ക്ഷേത്രത്തിന്നകത്തു ചെന്നു പിണ്ഡം വെക്കാം. സദാസമയവും ഇവിടെ ജനങ്ങൾ തിക്കിത്തിരക്കിക്കൊണ്ടിരിക്കും. എന്നാൽ 3¼ക പ്രത്യേകം കൊടുക്കുന്നതായാൽ ഒരു കൂട്ടക്ക് മാത്രമായി ശ്രാദ്ധമൂട്ടുവാൻ ഈ വിഷ്ണുപാദം ഒഴിച്ചു തരുന്നതാണ്. ഇങ്ങിനെചെയ്യാത്തപക്ഷം തിരക്കുനിമിത്തം ശരിയായി പാദത്തിന്മേൽ പിണ്ഡംവെപ്പാൻ സാധിക്കുകയില്ല. ഇതുകഴിഞ്ഞ ശേഷം മൂന്നാമത്തെ ശ്രാദ്ധസ്ഥലമായ 'അക്ഷയവട'ത്തിലേക്കു പോകുന്നു.

### അക്ഷയവടം.

ഇതു വിഷ്ണുപാദക്ഷേത്രത്തിങ്കൽ നിന്നും ഒരു നാഴിക അകലെയുള്ള ഒരു ചെറിയ കുന്നിന്മേലാണു നില്ക്കുന്നതു. അവിടേക്കു പോകുവാൻ വണ്ടികൾ കിട്ടും. കുന്നിന്നു ഉദ്ദേശം ½ ഫല്ലോങ്ങ് ഉയരമുണ്ടു. അടിവാരംവരെ വണ്ടി ചെല്ലും. കുന്നിൻെറ മുകളിൽ ഒരു മണ്ഡപവും മതില്ക്കെട്ടിന്നുള്ളിൽ വളരെ പഴക്കം തോന്നിക്കുന്ന ഒരു വടവൃക്ഷവും കാണാം. ഇതിനെയാണ് അക്ഷയവടം എന്നു പറയുന്നതു. ഇതിൻെറ നിഴലിൽ വെച്ചാണ് അവസാനം ശ്രാദ്ധമൂട്ടുന്നതു. ആ ശ്രാദ്ധപിണ്ഡം നൽകുമ്പോളുള്ള സങ്ക

ല്ലം വളരെ ഗൌരവമേറിയതാണ് * മാതാപിതാക്കളോ മററു പിതൃക്കളോ ആയി അതുവരേയുള്ള ബന്ധം തീരെ വിടുന്നതായും മേലിൽ അവർ വിഷ്ണുസാരൂപ്യം ലഭിച്ച് വൈകുണ്ഠലോകം പ്രാപിക്കുന്നതായും ആകുന്നു ഇതിന്റെ അൎത്ഥം. അൎത്ഥം മനസ്സിലാകുന്നവൎക്ക് ആ സമയത്ത രോമാഞ്ചവും അശ്രുവൎഷവും കൂടാതെ പിണ്ഡദാനം സാദ്ധ്യമല്ല. ഈ ശ്രാദ്ധാനന്തരം യഥാശക്തി ദാനങ്ങൾ ചെയ്യുണം. അവിടെ ചെല്ലുന്നവർ അതോടുകൂടെ കാമക്രോധാദി ദുൎവ്വികാരങ്ങളെ ത്യജിക്കേണമെന്നാണ് നിശ്ചയം. എന്നാൽ അതു സുലഭസാദ്ധ്യമല്ലാത്തതുകൊണ്ടു അതിന്നു പകരം ഭോജ്യവസ്തുക്കളിൽ തനിക്കു അത്യന്തം പ്രിയപ്പെട്ടതായ ഒരു പഴവും, ഒരു കായയും, ഒരു ഇലയും ത്യജിച്ചതായി മനസ്സിൽ സങ്കല്പിച്ചു അതിനെ ദക്ഷിണയോടുകൂടി ഉദകപൂൎവ്വം പുരോഹിതന്നു ദാനം ചെയ്യുന്നു. ദാനം ചെയ്തു വസ്തു തിരിയെ സ്വീകരിപ്പാൻ പാടില്ലാത്തതുകൊണ്ടു പിന്നീട് ജീവാവസാനംവരെ അവയെ ഭുജിപ്പാൻ പാടില്ല. തങ്ങൾക്കു ഇഷ്ടവും ഉപയോഗവുമില്ലാത്തതായ ഇലയും കായയും പഴവും ഉപേക്ഷിച്ചാൽ മതിയെന്നു പലരും തെററിദ്ധരിച്ചിട്ടുള്ളതായി എനിക്കനുഭവമുണ്ടു. അങ്ങിനെ ആയാൽ ഉദ്ദേശിച്ച ഫലം സിദ്ധിക്കുകയില്ല. ഇതു പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്. അതി പ്രിയങ്ങളായ ഭോജ്യവസ്തുക്കളിൽ നിന്നാണ് ഈ മൂന്നുകൂട്ടം ഉപേക്ഷി

* ആ സങ്കല്പം എഴുതിക്കിട്ടുവാൻ ഞങ്ങൾ ശ്രമിച്ചു നോക്കി. പക്ഷെ സാധിച്ചില്ല.

ക്കേണ്ടതു. ഇതിന്നു ശേഷം അക്ഷയവടത്തെ വന്ദിച്ച് ഇഷ്ടകാമ്യാദികളെ പ്രാൎത്ഥിക്കുന്നു. തദനന്തരം ഗയാവാളിയോടു 'സുഫലം' വാങ്ങണം. ഗയാവാളി ഓരോരുത്തരുടേയും കൈകളെ ഒരു പൂമാലകൊണ്ടു ബന്ധിക്കുന്നു. അദ്ദേഹം ആവശ്യപ്പെടുന്നതു നൽകി തൃപ്തിപ്പെടുത്തിയാൽ ആ മാല അഴിച്ച് കഴുത്തിൽ ഇട്ടുതന്നു അനുഗ്രഹിക്കും. ഇതിന്നാണു സുഫലം വാങ്ങുക എന്നു പറയുന്നതു. ഗയാവാളിയെ തൃപ്തിപ്പെടുത്തിയാൽ മാത്രമേ പിതൃക്കൾക്കു വിഷ്ണുസാലോക്യം ലഭിക്കുകയുള്ളുവെന്നാണ് വിശ്വാസം. അതിനാൽ ഗയാവാളികൾ ആളുകളുടെ തരം നോക്കി നല്ലതായ ഒരു സംഖ്യ ഈ സമയത്തു വസൂൽ ചെയ്യാറുണ്ട്. ഇതിന്നു ശേഷം ഗയാവാളിയോടു 'തൃപ്തിയായോ?' എന്നും 'പിതൃക്കൾക്കു ഗതി ലഭിച്ചില്ലേ'? എന്നും, 'മേലിൽ പ്രേതോപദ്രവമുണ്ടാകുമോ?' എന്നും ചോദിക്കയും അതിന്നു മറുവടിയായി അദ്ദേഹം തൃപ്തിയായെന്നും, ഗതി ലഭിച്ചുവെന്നും, ഇനി പ്രേതോപദ്രവമുണ്ടാകയില്ലെന്നും പറയുകയും ചെയ്യുന്നു. ഇതോടുകൂടി കൎമ്മം സമാപ്തിയായി. അന്നത്തെദിവസം യഥാശക്തി ബ്രാഹ്മണഭോജനവും ചെയ്യിക്കേണ്ടതാണ്.

ഗയാവാളികളുടെ താമസസ്ഥലങ്ങൾക്കു സമീപം ഹോട്ടലുകൾ ഉണ്ടു. പക്ഷെ മറാട്ടി ഭക്ഷണരീതിയായതിനാൽ മലയാളികൾക്കു അത്ര ഹിതകരമായിരിക്കയില്ല. ആളൊന്നുക്ക് 6ണയാണ്.

# 9-ാം അദ്ധ്യായം.

## ശ്രീപ്രയാഗ [അല്ലഹാബാദ്]

"സിതാസിതേയത്ര തരംഗചാമരേ
നദ്ദ്യൌ വിഭാതേ മുനിഭാനുകന്യകെ
നീലാതപത്രം വട ഏവസാക്ഷാൽ
സതീൎത്ഥരാജോ ജയതിപ്രയാഗഃ"
(പ്രയാഗാമാഹാത്മ്യം)

അലഹാബാദ് എന്ന അപരനാമത്താൽ വിശ്രുതമായ ശ്രീപ്രയാഗ അത്യധികം മഹത്വമുള്ള ഒരു പുണ്യഭൂമിയാകുന്നു. ഈ സ്ഥലത്തിൽ വെച്ചു ബ്രഹ്മാവ് അനവധി യാഗങ്ങൾ ചെയ്യുകനിമിത്തം ഇതിന്നു പ്രയാഗം എന്ന നാമംസിദ്ധിച്ചു. ഇവിടെയുള്ള 'അക്ഷയവടം' ലോകവിശ്രുതമാണ്. മഹാ പ്രളയകാലത്തിൽ ശ്രീവിഷ്ണുഭഗവാൻ ബാലരൂപിയായി ശയിക്കുന്നതു പ്രസ്തുത അക്ഷയവടത്തിൻെറ പത്രത്തിലാണെന്നു വിശ്വസിച്ചുപോരുന്നതിനാലാകുന്നു ഇതിന്നു ഇത്രയധികം മഹത്വംസിദ്ധിക്കുവാൻ ഹേതുവായതു. അലഹാബാദ് പട്ടണം, 'ഐക്യസംസ്ഥാനത്തിൻെറ തലസ്ഥാനമായി ഗംഗയും, യമുനയും സംഗമിക്കുന്ന സ്ഥലത്തിൻെറഉള്ളിലായി കിടക്കുന്നു. ഈ രണ്ടു നദികൾക്കൂടിച്ചേരുന്ന സ്ഥലത്തിന്നു 'ത്രിവേണി' എന്നാണു പേർ. ഗംഗക്കും യമുനക്കും പുറമെ സരസ്വതീനദിയും അ

ന്ത൪്വാഹിനിയായി ഇവിടെവന്നു ചേരുന്നതിനാലാണു ത്രി വേണിയെന്നു പേർ സിദ്ധിച്ചതു. യമുന പടിഞ്ഞാറെഭാ ഗത്താകുന്നു. ബൊമ്പായിവഴി വരുന്നവൎക്കു യമുനയുടെ പാലം കടക്കണം. ഈ പാലം സുമാർ രണ്ടുനാഴിക നീള മുള്ളതും 44,46,300 ക ചെലവുചെയ്തു കെട്ടപ്പെട്ടതും ആകുന്നു. ഗംഗ കിഴക്കുഭാഗത്താണ്. ഈ നദികൾ രണ്ടു പാലങ്ങളും ഉണ്ടു.

അലഹാബാദ്, സംസ്ഥാനത്തിൻെറ തലസ്ഥാനമാ ണെങ്കിലും ജനസംഖ്യകൊണ്ട് 5-ാമത്തേതാകുന്നു. ജനങ്ങ ളിൽ ⅘ ഹിന്ദുക്കളും ⅕ മുഹമ്മദീയരും അല്പം ജൈനരും ക്രിസ്ത്യാനികളും ആണ്. ഇവിടുത്തെ പ്രധാനഭാഷ 'ഹി ന്ദി'യാകുന്നു. ബംഗാളികൾ ബംഗാളിയും സംസാരിക്കു ന്നു. തലസ്ഥാനമായതിനാൽ എല്ലാ പ്രധാനപ്പെട്ട ആ ഫീസുകളും ഇവിടെയാണ്. മററു സംസ്ഥാനങ്ങളിലെ ത ലസ്ഥാനത്തെന്നപോലെ ഇവിടേയും ഒരു ഹൈക്കോട്ടും സൎവ്വകലാശാലയും ഉണ്ട്. ഹൈക്കോട്ട് കെട്ടിടം മദ്രാസി ലേതുപോലെ ഭംഗിയോ വലിപ്പമോ ഉള്ളതല്ല. സൎവ്വക ലാശാലയോടു ചേൎന്നതായ വിദ്യാലയങ്ങളും വളരെ അ ധികമില്ല. കാഴ്ചബംഗ്ലാവും ഇല്ല. എന്നാൽ ധാരാളം സ്ഥ ലമുള്ളതായ ഒന്നുരണ്ടു വലിയ ഉദ്യാനങ്ങളും അതിലൊ ന്നിൽ നല്ലതായ ഒരു വായനശാലയും ഉണ്ട്. 'ഭാരതിഭവ ൻ' പുസ്തകശാലയിൽ ദുൎല്ലഭങ്ങളായ വളരെ സംസ്കൃതപു സ്തകങ്ങളും ഹിന്ദിപുസ്തകങ്ങളും ഉണ്ട്. 'ആൽഫ്രഡ്പാ ൎക്ക്' എന്നാ ഉദ്യാനത്തിൽ രണ്ടു വലിയ സ്മാരക കെട്ടിടങ്ങ

ളും വിക്ടോറിയാ മഹാറാണിയുടെ ഒരു പ്രതിമയും ഉണ്ട്. ടൌണിന്റെ മദ്ധ്യത്തിലായിട്ടുള്ള മാക്കറ്റ് വളരെ നല്ലതാകുന്നു. സസ്യവൎഗ്ഗങ്ങളും ഫലവൎഗ്ഗങ്ങളും ഈ മാക്കറ്റിൽ അതിസുലഭമാണ്. വിശേഷിച്ചും ചോളക്കുല കുന്നുപോലെ കൂട്ടിയിരിക്കുന്നു.

ഇവിടുത്തെ പ്രധാന തീവണ്ടിസ്റ്റേഷൻ E. I. R കമ്പിനിക്കാരുടെവകയാണ്. ഇതു കൂടാതെ O. R. കമ്പിനിക്കാരുടെ വകയായും ഒരു സ്റ്റേഷൻ ഉണ്ട്. കാശിയിൽനിന്നു ഇവിടേക്കു നേരിട്ടുള്ള വണ്ടി O. R. കമ്പിനിക്കാരുടെ വയകാണ്. ഈ കമ്പിനിക്കാൎക്ക് ഇവിടെ ഒന്നിലധികം സ്റ്റേഷൻ ഉണ്ട്. ഇവിടെ നിന്നു അയോദ്ധ്യക്കു പോകുന്ന വണ്ടിയും ഇവരുടെ വകയാണ്. തീൎത്ഥയാത്രക്കാരുടെ സൌകൎയ്യത്തിന്നായി ഇവർ ഈയിടെ 'പ്രയാഗയാത്രാവണ്ടി' എന്നു കാശിയിൽനിന്നു അലഹബാദിലേക്കും, 'സരയൂയാത്രാവണ്ടി' എന്നു അലഹാബാദിൽനിന്ന് അയോദ്ധ്യയിലേക്കും, 'കാശീയാത്രാവണ്ടി' എന്നൊന്നു അയോദ്ധ്യയിൽനിന്നു കാശിക്കും ഇങ്ങിനെ മൂന്നുവണ്ടികൾ പുതിയതായി തുടങ്ങീട്ടുണ്ട്. ഇവ രാത്രി 8 മണിക്കു പുറപ്പെടുകയും പുലൎച്ചെ 6 മണിക്ക് അതാതു സ്ഥലങ്ങളിൽ എത്തുകയും ചെയ്യുന്നു. നമ്മുടെ ദിക്കുകളിലേക്കു സാമാനങ്ങൾ അയക്കേണമെങ്കിൽ ഇ. ഐ. ആർ. കമ്പനിക്കാരുടെ പ്രധാന സ്റ്റേഷനിൽ പോകേണം.

പ്രയാഗയുടെ കീൎത്തി വളരെക്കാലങ്ങൾക്കു മുമ്പുതന്നെ ലോകത്തിൽ പരന്നിരിക്കുന്നുവെന്നതിന്നു പലേ ല

ക്ഷേത്രങ്ങളും ഉണ്ട്. നമ്മുടെ പുരാണേതിഹാസങ്ങളിൽ വ ൎണ്ണിച്ചുകാണുന്നതിന്നു പുറമെ രാജ്യസഞ്ചാരിയായ 'ഹ്യൂയ ൻഷാങ്ങ്'' (Hiouen Tsang) എന്ന ചൈനക്കാരൻ ക്രി സ്താബ്ദം 7-ാം ന്തററാണ്ടിൽ ഇന്ത്യയെ സന്ദൎശിക്കയും അ ക്കാലത്തു താൻ കണ്ടതായ പ്രധാന കാൎയ്യങ്ങളുടെ കൂട്ട ത്തിൽ ഇവിടുത്തെ അക്ഷയവടത്തെക്കുറിച്ചും, ത്രിവേണീ സ്നാനത്തെപ്പററിയും വിവരിച്ചെഴുതുകയും ചെയ്തിരിക്കു ന്നു. ഇതുകൊണ്ടു ഇതിന്റെ മാഹാത്മ്യം പുരാതനകാല ത്തുതന്നെ പ്രസിദ്ധമായിരിക്കുന്നൊന്നു സിദ്ധിക്കുന്നുണ്ട ല്ലോ. ഇതിന്നും പുറമെ ബുദ്ധമുനി ക്രിസ്താബ്ദം 6-ാം ന്തററാ ണ്ടിന്നു മുമ്പായി ഈ സ്ഥലത്തുവെച്ച് അനേകം പ്രസം ഗങ്ങൾ ചെയ്തതായും പിന്നീട് മുന്നൂറു കൊല്ലങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ശിഷ്യനായ അശോകചക്രവ ൎത്തി ഈ സ്ഥലം സന്ദൎശിച്ച് ബുദ്ധമതപ്രചാരാൎത്ഥം അ നേകം സഭകൾ കൂട്ടുകയും സ്തൂപികൾ സ്ഥാപിക്കയും ചെ യ്തതായും ചരിത്രങ്ങളിൽ കാണുന്നു. ഇതിലൊന്നു ഇപ്പോ ഴും ഇവിടെ കാണുന്നുണ്ട്. അതു കോട്ടക്കകത്താകുന്നു. ഈ സ്തൂപിക്കു 2200 കൊല്ലത്തെ പഴക്കമുണ്ടുപോലും.

അല്ലഹാബാദ് എന്ന നാമധേയം ഈ പട്ടണത്തി ന്നു നൽകപ്പെട്ടതു അക്ബർ ചക്രവൎത്തിയാകുന്നു. ഇദ്ദേ ഹം ഗംഗായമുനാ സംഗമസ്ഥലത്തു ഒരു കോട്ടയും പണി യിച്ചിട്ടുണ്ട്. ഇതു എ. ഡി. 1584 ൽ ആണ്. കോട്ടക്കു ള്ളിൽ ഒരു അരമനയും ഉണ്ട്. ഈ കോട്ട ഇപ്പോൾ ബ്രിട്ടീഷു ഗവൎമ്മെണ്ടിൽ നിന്നും പട്ടാളക്കാരുടെ പാ ൎസസ്ഥലമായി ഉപയോഗിച്ചുപോരുന്നു. അലഹാബാദ

1833ൽ കുറേക്കാലം സംസ്ഥാനത്തിൻെറ തലസ്ഥാനമായിരുന്നു. 1834ൽ തലസ്ഥാനം 'ആഗ്ര'യിലേക്കു മാററി. 1858ൽ ഉണ്ടായ ശിപ്പായി ലഹളക്കുശേഷം ഇന്ത്യാഭരണം ബ്രിട്ടീഷുകാർ നേരിട്ടു ഏറെറടുത്ത് വിക്ടോറിയാ മഹാരാജ്ഞി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലൊ. ആ സുപ്രസിദ്ധവിളംബരം അന്നത്തെ ഗവൎണ്ണർ ജനറലായിരുന്ന 'കാനിംഗ്പ്രഭു' ആദ്യമായി പരസ്യപ്പെടുത്തിയതു ഈ കോട്ടയിൽ വെച്ചായിരുന്നു. അതോടുകൂടെ തലസ്ഥാനം വീണ്ടും അലഹാബാദിലേക്കുതന്നെ മാറി.

"ത്രിവേണീം മാധവം സോമം
ഭാരദ്വാജഞ്ച വാസുകിം
വന്ദെ അക്ഷയവടം ശേഷം
പ്രയാഗം-തീൎത്ഥനായകം"

പ്രയാഗയിൽ സ്നാനദൎശനങ്ങൾ ചെയ്യേണ്ടതായ മുഖ്യ സ്ഥലങ്ങളെയാണ് മേല്പറഞ്ഞ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു. അതുപ്രകാരം ആദ്യമായി ചെയ്യേണ്ടതു സങ്കല്പപൂൎവ്വകം പ്രയാഗാഘട്ടത്തിൽ സ്നാനം ചെയ്യുകയാകുന്നു. അതിന്നു ശേഷം 'ത്രിവേണീ' സംഗമത്തിൽ സ്നാനം ചെയ്യണം. ഈ സ്ഥലം ഗംഗയും, യമുനയും, അന്തൎവ്വാഹിനിയായി സരസ്വതിയും കൂടിച്ചേരുന്ന സ്ഥലമാണെന്നു മുമ്പെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രയാഗാഘട്ടത്തിൽനിന്നു ത്രിവേണീ സംഗമസ്ഥലത്തിലേക്കു ¾ നാഴിക ദൂരമുണ്ട്. അവിടേക്കു പോകുവാൻ തോണികൾ ധാ

രാളം കിട്ടും. പുഴയിൽക്കൂടെ പോകുന്നതിൽ ഭയപ്പെടാനില്ല. വഴിക്കു വലിയ ആമകളെ ധാരാളം കാണാം. എന്നാൽ അവ ഉപദ്രവിക്കുകയില്ല. ഈ സംഗമസ്ഥലത്തിൽ ഒരു ചെറിയ ദ്വീപുണ്ട്. ഇവിടെവെച്ചാണ് സ്നാനസങ്കല്പം, പിണ്ഡം മുതലായവ ചെയ്യുന്നതു. ത്രിവേണീസ്നാനത്തിന്നു മുമ്പായി ക്ഷൌരം ചെയ്യുന്ന പതിവുണ്ട്. പ്രയാഗയിൽവെച്ചു ശിരോമുണ്ഡനം ചെയ്യുന്നതു മഹാ പുണ്യകരമാണെന്നും തലരോമത്തിന്റെ സംഖ്യ എത്രയാണോ അത്രയും കൊല്ലം അവൎക്കു സ്വൎഗ്ഗവാസം ലഭിക്കുമെന്നും പ്രയാഗാമാഹാത്മ്യത്തിൽ കാണുന്നു. ഇതു നിമിത്തം സ്ത്രീകളും ചെറിയ കുട്ടികളുംകൂടി ഇവിടെ ശിരോമുണ്ഡനം ചെയ്യുന്നു. സാധാരണയായി പുരുഷന്മാർ തലമുടി മുഴുവനും സ്ത്രീകൾ മുടിയിൽ അല്പവും കളയുകയാണു പതിവു. ഇക്കാരണത്താൽ ഇവിടെ സദാസമയവും അനേകം ക്ഷുരകന്മാർ ഉണ്ടായിരിക്കും. ഓരോരുത്തൎക്കും ലൈസൻസ്സിന്നു 4 ക വീതം കൊടുക്കേണം പോലും. 'കുംഭമേല' തുടങ്ങിയ ഉത്സവകാലങ്ങളിൽ അധികാരസ്ഥന്മാൎക്കു ഈ വഴിയായി അനേകായിരം പണം ലഭിക്കുന്നു. ത്രിവേണീസ്നാനം ചെയ്യേണ്ടതിലേക്ക് ക്രിയാദികൾ ചെയ്യിപ്പിക്കുവാൻ 'പ്രയാഗാവാളികൾ' എന്നു പറയുന്ന പുരോഹിതന്മാർ നദിക്കരയിൽ ഹാജരുണ്ടായിരിക്കും. സങ്കല്പവുംമററും പറഞ്ഞുതരുന്നതു ഇവരാണ്. കാശിയിൽ ഗംഗാപുത്രന്മാൎക്കെന്നപോലെയുള്ള അധികാരം പ്രയാഗാവാളികൾക്കു ഇവിടെയുണ്ട്. പ്രയാഗക്കു വരുന്ന യാത്രക്കാരിൽനി

ന്നു ദാനാദികൾ വാങ്ങുവാനും ക്രിയാദികൾ ചെയ്യിപ്പാനും ഉള്ള ഏകാധികാരം ഇവൎക്ക് 'അക്ബർ' ചക്രവൎത്തിയാൽ നൽകപ്പെട്ടിട്ടുള്ളതാണുപോൽ. അതിന്നുള്ള കാരണം താഴെ പറയുന്നു.

അക്ബർ ചക്രവൎത്തി കോട്ട പണിയുവാൻവേണ്ടി അനേക പ്രാവശ്യം അസ്തിഭാരം കെട്ടിച്ചിട്ടും നദികളുടെ ഒഴുക്കിൻെറ ശക്തി നിമിത്തം അസ്ഥിഭാരം ഉറച്ചില്ല. അതു ഉറച്ചു കിട്ടുവാനുള്ള മാൎഗ്ഗം എന്തെന്നറിയാതെ അദ്ദേഹം കുഴങ്ങി. തൽസമയം ആ സ്ഥലത്തു ഒരു ബ്രാഹ്മണനെ ബലി കഴിക്കുന്നതായാൽ നിവൃത്തി കിട്ടുമെന്നു ചിലർ ഉപദേശിക്കയും ചക്രവൎത്തി അപ്രകാരം ചെയ്യാമെന്നു സമ്മതിക്കയും ചെയ്തു. അതറിഞ്ഞ് അവിടുത്തെ പുരോഹിതനായ ഒരു പണ്ഡാ ദാരിദ്ര്യശക്തി നിമിത്തം ചക്രവൎത്തിയുടെ മുമ്പിൽച്ചെന്ന്, പ്രയാഗായാത്രക്കാരിൽനിന്നു ദാനങ്ങൾ വാങ്ങിക്കുവാനുള്ള ഏകാധികാരം ശാശ്വതമായി തൻെറ കുടുംബങ്ങൾക്കു നൽകുന്നപക്ഷം തന്നെ ബലി കഴിക്കുന്നതിന്നു വിരോധമില്ലെന്നു സമ്മതിച്ചു പറയുകയും ചക്രവൎത്തി അപ്രകാരം അദ്ദേഹത്തിൻെറ വംശജന്മാൎക്കു പൂൎണ്ണാധികാരവും അനവധി ധനവും കൊടുത്തു അദ്ദേഹത്തെ ബലി കഴിച്ച് അസ്ഥിഭാരം കെട്ടിയുറപ്പിക്കുകയും ചെയ്തുവെന്നാണ് ഇട്ടിക്കുകാർ പറയുന്നതു. ഇപ്പോൾ കാണുന്ന പ്രയാഗാവാളികളെ ബ്രാഹ്മണരാണെന്നു കാഴ്ചയിൽ ആൎക്കും തോന്നുന്നതല്ല. സങ്കല്പാദികൾ വ്യ

ക്തമായി പറയുവാൻ കഴിയുന്നവർ ചുരുങ്ങും. അതിൻെറ ചുരുക്കം ഇപ്രകാരമാണ്.

ഓം വിഷ്ണുഃ വിഷ്ണുഃ വിഷ്ണുഃ നമഃ പരമാത്മനെ ശ്രീ പുരാണപുരുഷോത്തമായ ഇഹ അഥ വിഷ്ണുപ്രജാപതി ക്ഷേത്രെ ജംബൂദ്വീപെ ഭാരതവർഷെ ഭരതഃ ഖണ്ഡെ ആര്യാവർത്താന്തർഗ്ഗതെ ശ്രീ പ്രയാഗക്ഷേത്രെ ശ്രീ ശ്വേതവരാഹകല്പെ വൈവസ്വതമന്വന്തരെ അഷ്ടാവിംശതിതമെ കലിയുഗെകാലെ പ്രഥമചരണെ ബൌദ്ധാവതാരെ അമുക ശ്രീ വിക്രമശകെ അമുക മാസെ അമുക പക്ഷെ അമുക തിഥൌ അമുക വാസരെ അമുക ഗോത്രോത്ഭവോഹം കായിക വാചിക മാനസിക സകല പാപ പരിഹാരാർത്ഥം ത്രിവേണീസ്നാനമഹം കരിഷ്യേ.

സ്നാനാനന്തരം ശ്രാദ്ധമൂട്ടുന്നു. തദനന്തരം അവസ്ഥാനുസരണം ബ്രാഹ്മണഭോജനവും ദാനങ്ങളും ചെയ്യുന്നു. സംഗമസ്ഥലത്തു സ്നാനം ചെയ്യുന്നതു സൂക്ഷിക്കണം. യമുനയുടെ ഒഴുക്ക് കലശലാണ്. ഗംഗ അഗാധമായതിനാൽ പുറമെ അത്ര ഒഴുക്കു കാണുകയില്ല. സ്നാനം ചെയ്യുന്നവർ ജലത്തിൽ എറിയുന്ന നാണ്യങ്ങളെ ആ അഗാധസ്ഥലങ്ങളിൽ മുങ്ങി ചെറിയ കുട്ടികൾകൂടെ തപ്പിയെടുത്തുകൊണ്ടുവരുന്നതു കണ്ടാൽ ആശ്ചര്യം തോന്നും. ത്രിവേണീസ്നാനം കഴിഞ്ഞാലുടനെ ചെയ്യേണ്ടതു 'വേണീമാധവ'ദർശനമാണ്.

യമുനയുടെ തെക്കെ കരയിൽ ത്രിവേണീസംഗമത്തിനെതിരായി ഒരു 'ആദിമാധവ'ക്ഷേത്രമുണ്ട്. ഇതു ക്ഷേ

ടാതെ ദാരാഗഞ്ചിലും ഒരു മാധവക്ഷേത്രമുണ്ട്. യാത്രക്കാർ ഈ രണ്ടു സ്ഥലത്തും ദൎശനം ചെയ്തുവരുന്നു.

മൂന്നാമതായി ദൎശിക്കേണ്ടതു 'സോമേശ്വര മഹാദേവനെ'യാണ്. ഈ ക്ഷേത്രം ഗംഗയുടെ തെക്കെ കരയിൽ ആദിമാധവ ക്ഷേത്രത്തിന്നു അല്പം കിഴക്കായിട്ടാകുന്നു.

4. ഭരദ്വാജാശ്രമം:—ഇതു അലഹാബാദ് മുൻസിപ്പാൽട്ടിയിൽ 'കത്ര'വാൎഡിൽ 'കൊളോണൽഗഞ്ച്' എന്ന സ്ഥലത്താകുന്നു. ശ്രീരാമൻ സീതാ ലക്ഷ്മണ സമേതനായി കാട്ടിലേക്കു പോകുംവഴി ചിത്രകൂടാചലത്തിൽ എത്തുന്നതിന്നു മുമ്പായി ഭരദ്വാജാശ്രമത്തിൽച്ചെന്ന് ഒരു രാത്രി താമസിച്ചുവെന്നും മററും രാമായണത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥലം ഇവിടമാണ്. ഭരദ്വാജമഹൎഷി 'കുലപതി'മാരിൽ ഒരാളായിരുന്നു. പതിനായിരം ശിഷ്യന്മാരെ സ്വവസതിയിൽ താമസിപ്പിച്ച് സ്വന്ത ചിലവിന്മേൽ ഭക്ഷണാദികൾ നൽകി വിദ്യാഭ്യാസം ചെയ്യിക്കുന്നവരെയാണ് 'കുലപതി'യെന്നു പറയുന്നതു. പുരാതനകാലം മുതല്ക്കുതന്നെ ഇപ്രകാരം വിദ്യാഭ്യാസത്തിന്നു ശ്രുതിപ്പെട്ടതായ ഈ ഭരദ്വാജാശ്രമത്തിന്നു സമീപത്തിലാണു ഇപ്പോൾ അലഹാബാദ് സൎവ്വകലാശാല സ്ഥാപിച്ചിരിക്കുന്നതു. ഇപ്പോൾ കാണുന്ന ആശ്രമം ഒരു ചെറിയ കെട്ടിടമാണ്. ഈ ആശ്രമത്തിൽ ഒരു വലിയ ശിവലിംഗം പ്രതിഷ്ഠിച്ചിട്ടുണ്ട്.

5. വാസുകി:—ഈ ക്ഷേത്രം ദാരാഗഞ്ചിൻെറ വടക്കെ അററത്താണ്. വാസുകിയുടെ പ്രതിഷ്ഠ ഇവിടെയല്ലാതെ മറെറങ്ങും ഉള്ളതായി കേട്ടിട്ടില്ല. മൂന്നു ഭാഗവും ഗംഗാനദിയാൽ ചുററപ്പെട്ട മനോഹരമായ ഒരു സ്ഥലത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു. ഒരു ഭാഗത്തു, ഗംഗാനദിയിൽ ഇറങ്ങി കുളിപ്പാനായി ഒരു സ്നാനഘട്ടവും ഉണ്ട്. എന്നാൽ കാലപ്പഴക്കത്താലും ഗംഗയുടെ അതിരററ പ്രവാഹത്താലും ഘട്ടത്തിന്നു അല്പാല്പം ഉടവു തട്ടിയിരിക്കുന്നു.

6. അക്ഷയവടം:—ഇതു ആരംഭത്തിൽ പറഞ്ഞിരിക്കുന്ന ശ്ലോകത്തിൽ ആറാമത്തേതാണെങ്കിലും പ്രാധാന്യം നോക്കിയാൽ പ്രയാഗയിൽ ഇതിന്നാണ് പ്രഥമസ്ഥാനം. ഈ വടവൃക്ഷത്തിന്നു ക്ഷയമില്ലെന്നുള്ള കാരണത്താൽ ഇതിനെ അക്ഷയവടമെന്നു പറഞ്ഞുവരുന്നു. ഇതിൻെറ ഉത്ഭവം എപ്പോഴാണെന്നു ആക്കും അറിവില്ല. അസംഖ്യം സംവത്സരങ്ങൾക്കു മുമ്പുതന്നെ ഈ വടവൃക്ഷം ഇവിടെ ഉള്ളതായി തെളിഞ്ഞിരിക്കുന്നു. നമ്മുടെ പഴയ സംസ്കൃതഗ്രന്ഥങ്ങളിൽ ഇതിനെപ്പററി പ്രസ്താവിച്ചിരിക്കുന്നതിന്നു പുറമെ 'ഹിയൻഷാങ്ങ്' മുതലായ രാജ്യസഞ്ചാരികളുടെ യാത്രാക്കുറിപ്പുകളിലും വിവരിച്ചു കാണുന്നുണ്ട്. ഇപ്പോൾ ഈ വൃക്ഷം അക്ബറാൽ കെട്ടപ്പെട്ടതും മുൻ വിവരിച്ചതുമായ കോട്ടക്കടിയിലുള്ള ഒരു ക്ഷേത്രത്തിലാണു നില്ക്കുന്നതു. ഇതിന്നു 'അക്ഷയവടക്ഷേത്രം' എന്നാണു പേർ. കോട്ടയിൽ അനേകം സൂ

റോപ്യൻ പട്ടാളങ്ങളും മററുമുണ്ടെങ്കിലും ക്ഷേത്രത്തിലേക്കു പോകുവാൻ ആൎക്കും യാതൊരു തടസ്ഥവും ഇല്ല. കോട്ടയുടെ പുറത്തുള്ള ഗോപുരത്തിൽ ക്ഷേത്രത്തിലേക്കു എല്ലാവൎക്കും പോകാമെന്നും അവിടത്തെ കാവല്ക്കാൎക്കു യാതൊരു പ്രതിഫലവും കൊടുക്കേണ്ടതില്ലെന്നും എഴുതിപ്പുററിച്ചിട്ടുണ്ട്. പക്ഷെ കോട്ടയുടെ ഗോപുരം കടന്ന് ക്ഷേത്രവാതുക്കൽ എത്തിയാൽ അവിടെയുള്ള പൂജകന്മാർ ആളൊന്നുക്ക് ¼ അണ വീതം അവകാശം വാങ്ങുന്നതു പതിവാണ്. ഈ ക്ഷേത്രം ഭൂമിക്കു താഴെയാകുന്നു. ഉള്ളിലേക്കു ഇറങ്ങിപ്പോകുവാൻ നല്ല കല്പടികളുണ്ട്. ഇതിലെ ഇറങ്ങിയാൽ വളരെ വലുപ്പമുള്ളതായ ക്ഷേത്രം കാണാം. വെളിച്ചത്തിന്നും കാററിന്നുമായി മുകളിലേക്ക് ഇടക്കിടെ ഓരോ ദ്വാരം വെച്ചിട്ടുണ്ട്. ഈ കോട്ട പണിഞ്ഞതോടു കൂടിയാണ് അക്ഷയവടം ഇപ്പോൾ കാണുന്ന മാതിരിയിൽ ആയതു. കൊമ്പും ഇലകളും ഒന്നും ഇപ്പോൾ ഇല്ല. രണ്ടു ഭാഗമായി പിരിഞ്ഞ ഒരു വലിയ തടിമരം മാത്രം ഉണ്ടു. അതിന്റെ മുകൾഭാഗം ഈ ക്ഷേത്രത്തിന്റെ മുകൾ തട്ടിന്മേൽ മുട്ടി നില്ക്കത്തക്ക വിധത്തിൽ മുറിച്ചു ശരിപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം മുറിപ്പിച്ചതു അക്ബർ ചക്രവൎത്തിയാണുപോൽ. പ്രയാഗയിൽവെച്ചു മരിക്കുന്നവൎക്കു സ്വൎഗ്ഗതി ലഭിക്കുമെന്നായിരുന്നു പണ്ടുള്ളവരുടെ വിശ്വാസം. തന്നിമിത്തം അനേകം ജനങ്ങൾ മരിപ്പാനായി ഇവിടെ വരുകയും മേല്പറഞ്ഞ അക്ഷയവടത്തിന്റെ ശാഖകളിൽ തൂങ്ങിമരിക്കുകയും പതിവായിരു

ന്നു. ഈ കഠിനകൎമ്മം നിൎത്തൽ ചെയ്യേണമെന്ന ഉദ്ദേശ ത്തിന്മേൽ, ദീൎഘദൎശിയും ഭരണനിപുണനുമായ അക്ബർ ചക്രവൎത്തി, ഹിന്തുക്കൾക്കു തന്നോടു വിരോധം തോന്നാതിരിക്കത്തക്കവണ്ണം കണ്ടുപിടിച്ച ഒരു ഉപായമാണ് കോട്ടയെ ഈ വിധം പണിചെയ്യാൻ ഇടയാക്കിയതു. ഈ അക്ഷയവടത്തിൻെറ കീഴിലായി 'കാമ്യകൂപം' എന്ന ഒരു കിണർ ഉണ്ടായിരുന്നുപോലും. വൃക്ഷത്തിൻെറ കൊമ്പിൽനിന്നു ഈ കിണററിൽ ചാടിയും ജനങ്ങൾ മരിക്കാറുണ്ടായിരുന്നു. ഈ കോട്ട പണിഞ്ഞതോടുകൂടി ആ കിണർ തൂൎന്നുപോകയും തന്നിമിത്തം രണ്ടുവിധത്തിലുമുള്ള ആത്മഹത്യയും ഇല്ലാതാവുകയും ചെയ്തു. ഇങ്ങിനെ താൻ കോട്ട പണിയുകയാണെന്ന ഭാവത്തിൽ ഹിന്തുക്കൾക്കു യാതൊരു വിധ ശങ്കക്കും ഇട കൊടുക്കാതെ ആ ബുദ്ധിമാനായ ചക്രവൎത്തി മേല്പറഞ്ഞ രണ്ടുവിധ ക്രൂരകൎമ്മത്തേയും ഒന്നായി നിൎത്തൽ ചെയ്തു. അക്ബർ ചക്രവൎത്തിക്കു ഈ ക്ഷേത്രം പണി ചെയ്യിപ്പാനും അക്ഷയവടത്തേയും മററും കേടുകൂടാതെ രക്ഷിപ്പാനും തോന്നിയതു പൂൎവ്വജന്മവാസനാബലത്താലാണുപോൽ. അദ്ദേഹത്തെപ്പററി ഇട്ടിക്കിൽ സാധാരണയായി കേട്ടുവരുന്ന ഒരു കഥ താഴെ പറയാം.

വളരെക്കാലംമുമ്പ് 'മുകുന്ദബ്രഹ്മചാരി' എന്ന ഒരു മഹാൻ സ്വകൃത്യത്തിൽ ബദ്ധനിഷ്ഠയോടെ ഇവിടെ ഇരുന്നു തപസ്സു ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ഭക്ഷണം പശുവിൻപാൽ മാത്രമായിരുന്നു. അങ്ങിനെയിരിക്കെ

ഒരു ദിവസം പാൽ കഴിക്കുന്ന കൂട്ടത്തിൽ ഒരു പശുരോമംകൂടെ അകത്തു കടന്നു. പശുവിന്റെ സൎവ്വവും വളരെ പരിശുദ്ധമാണെന്നും പശുവിനെ മാതൃതുല്യം പൂജിച്ചു പോരേണ്ടതാണെന്നും ഹിന്തുക്കൾക്കെല്ലാവൎക്കും അറിവുള്ളതാണല്ലോ. പശുവിന്റെ രോമം ഭക്ഷിച്ചതുകൊണ്ടു ഗോമാംസം ഭക്ഷിച്ച പാപം തനിക്കുണ്ടെന്നു അദ്ദേഹം വിചാരിച്ചു വ്യസനിച്ചു. തൽപ്രായശ്ചിത്താൎത്ഥം സ്വജീവനെ ബലി കഴിപ്പാൻ അദ്ദേഹം ഉറച്ചു. ആത്മഹത്യ ഹിന്തുശാസ്ത്രപ്രകാരം വലിയ പാപമാണെങ്കിലും പ്രയാഗയിൽ വെച്ചു ജീവത്യാഗം ചെയ്യുന്നതു പുണ്യകരമായതിനാൽ ആ വിശിഷ്ടസ്ഥലത്തിൽവെച്ചു അദ്ദേഹം ജീവനെ ത്യജിച്ചു. മരണസമയം താൻ അടുത്ത ജന്മത്തിൽ ഒരു ചക്രവൎത്തിയായി ഭവിക്കേണമെന്നു ആഗ്രഹിച്ചിരുന്നതിനാൽ അദ്ദേഹം അക്ബർ ചക്രവൎത്തിയായി ജനിച്ചു. പക്ഷെ പശുരോമം ഭക്ഷിച്ചതിനാൽ താൻ മ്ലേച്ഛനായി തീൎന്നിരിക്കുന്നുവെന്ന ചിന്ത അദ്ദേഹത്തിന്നു അവസാനസമയം ഉണ്ടായതുകൊണ്ടു അദ്ദേഹം ഒരു മുഹമ്മദനായി തീൎന്നു.

അക്ഷയവടത്തിന്റെ രണ്ടു ശാഖകളിലും അടിയിലുമായി ബ്രഹ്മാ, വിഷ്ണു മഹേശ്വരന്മാരുടെ രൂപങ്ങൾ കൊത്തിയിരിക്കുന്നു. ഈ വൃക്ഷത്തെ ത്രിമൂൎത്തിസ്വരൂപമായിട്ടാണ് ധ്യാനിച്ചുവരുന്നതു. സദാസമയവും ഇതിനെ ഒരു വസ്ത്രത്താൽ മൂടിവെക്കും. ദൎശനത്തിന്നു ജനങ്ങൾ വരുമ്പോൾ വസ്ത്രം നീക്കിക്കളയുന്നു. ദൎശനത്തിന്നു ആളൊ

ന്നുക്ക് 1-ക കൊടുക്കണം. മഹാ പ്രളയകാലത്തിൽ ശ്രീ വിഷ്ണുഭഗവാൻ ബാലരൂപം ധരിച്ച് ആലിലമേൽ പള്ളി കൊള്ളുന്നതു ഈ അക്ഷയവടത്തിന്റെ ഇലമേലാണെന്നും തന്നിമിത്തം ഇതിന്നു യാതൊരു കാലത്തും ക്ഷയമില്ലെന്നും പുരാണങ്ങളിൽ കാണുന്നു. ഇക്കാരണത്താലാണ് ഇതിന്നു ഇത്രയേറെ മഹത്വം സിദ്ധിപ്പാനിടയായതു. ഇപ്പോൾ ഇലകൾ ഒന്നുംതന്നെ കാണ്മാനില്ല. എന്നാൽ മരം പച്ചയായി തോന്നുന്നുണ്ട്. ഇത്രയധികം കാലം ഒരു മരം ഉണങ്ങാതെ നില്ക്കുന്നതുകൊണ്ടുതന്നെ ഇതിന്നു എന്തോ ഒരു അസാധാരണത്വമുണ്ടെന്നു നിശ്ചയിക്കാം. ചിലകാലങ്ങളിൽ ഇതിൽ ഒന്നോ രണ്ടോ ഇലകൾ ഉണ്ടാവാറുണ്ടുപോൽ.

ഈ ക്ഷേത്രത്തിൽ അനേകം ഈശ്വരപ്രതിഷ്ഠകളുണ്ട്. അതിന്നു പുറമെ വാത്മീകി, ദുർവ്വാസാവ്, മാർക്കണ്ഡേയൻ തുടങ്ങിയ മഹർഷിമാരേയും, കുബേരൻ, വായു, ധർമ്മരാജാ, കാലഭൈരവൻ, ജാംബവാൻ, വൈശ്രവണൻ, സൂർയ്യൻ, വാസുകി എന്നിവരേയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

ശേഷൻ—അടുത്ത ദർശനം ശേഷപ്രതിഷ്ഠയാണ്. ഇതു ത്രിവേണീസംഗമസ്ഥലത്തുനിന്ന് മൂന്നുനാഴിക കിഴക്കായി ഗംഗയുടെ വടക്കെ കരയിലായിട്ടാകുന്നു കിടക്കുന്നതു. ഈ സ്ഥലത്തിന്റെ ഇപ്പോഴത്തെപ്പേർ 'ചെത്തഗ' എന്നാണു. ഈ ക്ഷേത്രത്തിൽ സപ്തർഷികളേയും അരുന്ധതീദേവിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇവിടെ ദർശനം ചെയ്യിക്കുന്നതും മററും സ്ത്രീകളാണ്.

ഇതു കൂടാതെ അപ്രധാനങ്ങളായ മററു ചില ക്ഷേത്രങ്ങളും തീർത്ഥങ്ങളും ഉണ്ട്. സമുദ്രകൂപം, ഹൻസതീർത്ഥം മുതലായവയെ യാത്രക്കാരിൽ ചിലരെല്ലാം സന്ദർശിക്കാറുണ്ട്.

പ്രയാഗയിൽ അനേകം ഉത്സവങ്ങൾ ഉണ്ട്. കുംഭമാസത്തിലെ മാഘമേള ഇതിൽ പ്രധാനപ്പെട്ടതാണ്. ഇതു മാഘസംക്രമം മുതല്ക്കാണ് തുടങ്ങുന്നതു. അന്നു മുതൽ ഒരു മാസം ത്രിവേണിയിൽ താമസിക്കുന്നതു മഹാ പുണ്യകരമാണെന്നു പ്രയാഗാ മാഹാത്മ്യത്തിൽ പറഞ്ഞിരിക്കുന്നു. 'കല്പവാസം' എന്നാണു ഇതിന്നു പറയുന്നതു. യോഗികളും തപസ്വികളുമായ അനേക സന്ന്യാസിമാർ ഈ കല്പവാസത്തിന്നായി വന്നു ചേരുന്നതിന്നു പുറമെ വളരെ ദൂരത്തിൽനിന്ന് കഠിനമായ യാത്രാക്ലേശാദികൾ സഹിച്ച് വൃദ്ധന്മാരും സ്ത്രീകളും കുട്ടികളും കണക്കില്ലാതെ വന്നുകൂടാറുണ്ട്. എല്ലാവക്കും വാസഗൃഹങ്ങൾ ലഭിക്കയില്ല. അനേകം പേർ പുല്ലുകൊണ്ടും മററും മേഞ്ഞ ചെറുകുടിലുകളിൽ താമസിക്കുന്നു. എല്ലാ കൊല്ലങ്ങളിലും അനേകം കുടിലുകൾ അഗ്നിക്കിരയാവുകയും തന്നിമിത്തം അനവധി ജനങ്ങൾ മരിച്ചുപോവുകയും സാധാരണയാണ്. ഈ മേള ഉത്സവത്തിലെ പ്രധാന ദിവസങ്ങൾ മാഘസംക്രമം, മാഘഅമാവാസി, മാഘപൌർണ്ണമി, വസന്തപഞ്ചമി എന്നിവയാണ്. 'കുംഭമേള' പന്ത്രണ്ടു കൊല്ലങ്ങൾക്കൊരിക്കൽ മാത്രമെ ഇവിടെവെച്ചുണ്ടാവുകയുള്ളു. ആ അവസരങ്ങളിൽ ഇന്ത്യയുടെ നാനാ ഭാഗങ്ങളി

ൽനിന്നും അനേകം ആളുകൾ ജാതിവ്യത്യാസങ്ങൾ ഒന്നും ഗണ്യമാക്കാതെ ഇവിടെ വന്നുചേരാറുണ്ട്. ജാതിവ്യത്യാസങ്ങൾ നിമിത്തം ഭിന്നിച്ചുകിടക്കുന്ന ഹിന്ദുമതത്തിന്റെ പൊതുവെയുള്ള ഏകീകരണം ഇപ്രകാരമുള്ള സമയങ്ങളിൽ പ്രത്യക്ഷപ്പെട്ടു കാണാം. ഈ വക ഉത്സവാദികളാൽ ഉണ്ടാകുന്ന നന്മകളിൽ മുഖ്യമായതു ഇതാകുന്നു.

ഗംഗയെടുക്കുന്നതു സാധാരണ ഇവിടെ നിന്നാകുന്നു. അതു യമുനാ സംഗമത്തിന്നു മുകളിലുള്ള ഘട്ടങ്ങളിൽനിന്നാണ്. ഹരിദ്വാരം മുതലായ സ്ഥലങ്ങളിലേക്കു പോകുന്നവർ അവിടെ നിന്നാണ് ഗംഗ എടുക്കാറുള്ളത്. എത്രത്തോളം മുകളിൽനിന്നെടുക്കുന്നുവൊ അത്രത്തോളം ശുദ്ധഗംഗ കിട്ടും. യമുന ചേർന്നതിന്നു ശേഷമുള്ള സ്ഥലങ്ങളിൽ നിന്നു ഗംഗ എടുക്കാറില്ല. യമുനാസംഗമശേഷം അധികഭാഗം ജലവും യമുനയുടേതാകകൊണ്ടായിരിക്കാം ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നതു. പ്രയാഗാഘട്ടിൽ നിന്നാണ് ഞങ്ങൾ ഗംഗയെടുത്തതു. ഈ ഘട്ടം കല്ലുകൊണ്ട് കെട്ടീട്ടില്ലാത്തതിനാൽ കരയോരമുള്ള ജലം കലങ്ങിയിരിക്കും. അതിനാൽ കുറെ നടുക്കിൽ ചെന്ന് എടുക്കേണ്ടിയിരിക്കുന്നു. ഗംഗയെടുത്ത് തെളിയിച്ച് കുടങ്ങളിൽ നിറച്ചശേഷം അതിനെ പൂജിക്കുന്നു. പൂജിക്കുന്നതു അവനവൻ തന്നെയാണ്. ശാസ്ത്രികൾ വേണ്ടതെല്ലാം പറഞ്ഞുതരും. പൂജ കഴിഞ്ഞശേഷം ഗംഗ ചെമ്പു പിച്ചളപ്പാത്രങ്ങളിലാക്കി അടപ്പിച്ച് തീവണ്ടി വഴി

സ്വരാജ്യത്തേക്കയക്കയോ കൂടെ കൊണ്ടുപോവുകയോ ചെയ്യുന്നു. ഗംഗ നിറക്കുവാനുള്ള പാത്രങ്ങൾ ഇവിടേയും ധാരാളം കിട്ടും.

രണ്ടു വമ്പിച്ച നദികൾ ഇരുവശത്തുമായി ഒഴുകുന്നതുകൊണ്ട് ഏതു വേനൽക്കാലത്തും അലഹാബാദിൽ അധികം ചൂടു തോന്നുകയില്ല. ആകപ്പാടെ ഒരു സുഖസ്ഥലമാണ്.

## 10-ാം അദ്ധ്യായം.

### അയോദ്ധ്യ.

അലഹാബാദിൽനിന്നു ഞങ്ങൾ അയോദ്ധ്യയിലേക്കു പുറപ്പെട്ടു. അയോദ്ധ്യ കാശിയിൽ നിന്നു ഉദ്ദേശം 100 നാഴിക വടക്കും അലഹാബാദിൽ നിന്നു അത്ര നാഴിക കിഴക്കും ആയിട്ടാണു കിടക്കുന്നതു. ഈ പട്ടണം രാമായണകഥയാൽ സുപ്രസിദ്ധമായ 'സരയൂ'നദിയുടെ പടിഞ്ഞാറെ തീരത്തിലാകുന്നു. അലഹാബാദിൽ നിന്നു രാത്രി 8½ മണിക്കാണു ഞങ്ങൾ വണ്ടി കയറിയതു. സാധാരണ ദിവസങ്ങളിൽ ഈ സ്റ്റേഷനിൽ വലിയ തിരക്കുണ്ടാകയില്ല. എന്നാൽ 'കുംഭമേള' മുതലായ ഉത്സവകാലങ്ങളിൽ അനേകലക്ഷം ജനങ്ങൾ വന്നുകൂടുന്ന പതിവുള്ളതുകൊണ്ട് ആ ആവശ്യത്തിലേക്കായി അനവധി പ്ലാററു

ഫോറങ്ങൾ പണി ചെയ്യിട്ടിരിക്കുന്നു. സാധാരണ ദിവസങ്ങളിൽ 3-ാം ക്ലാസ്സിൽ പോലും തിരക്കില്ല.

ഞങ്ങൾ പുലച്ചെ 6 മണിക്ക് 'അയോദ്ധ്യാഘാട്ട്' എന്ന സ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽ യാത്രക്കാരെ എതിരേല്ക്കുവാനെന്നു തോന്നുംവണ്ണം അനവധി കുരങ്ങന്മാർ വന്നുനില്ക്കുന്നു. സ്റ്റേഷൻ സരയൂ തീരത്തിലാണ്. ഇതിന്റെ വളരെ സമീപത്തിലായി നാട്ടുക്കോട്ട ചെട്ടിയാരുടെ വക ഒരു സത്രമുണ്ട്. ഇതിന്റെ മാനേജർ ഒരു തമിൾ ബ്രാഹ്മണനാണ്. ഞങ്ങൾ ഈ സത്രത്തിൽ ചെന്ന് സ്ഥലം അന്വേഷിച്ചപ്പോൾ അബ്രാഹ്മണരായതിനാൽ താമസിപ്പാൻ പാടില്ലെന്നു പറഞ്ഞു. എന്നാൽ ഞങ്ങൾ വാടക എന്തായാലും കൊടുപ്പാൻ ഒരുക്കമുണ്ടെന്നു പറഞ്ഞപ്പോൾ ഒരു മുറി ഒഴിച്ചുതരാമെന്നും മററും പറഞ്ഞു തുടങ്ങി. പക്ഷെ അപ്പോഴേക്കും ഇതിന്റെ നേരെ എതിർവശത്തു കുറച്ചു കിഴക്കോട്ടു മാറിയുള്ള വേറൊരു സത്രത്തിൽ ഞങ്ങൾക്കു സ്ഥലം കിട്ടിയതിനാൽ ഞങ്ങൾ അങ്ങോട്ടു പോയി. അവർ, ചെന്നു ചോദിച്ച ഉടൻതന്നെ മുകളിൽ, രണ്ടു മുറിയും, ഒരു വെപ്പുമുറിയും ഉള്ള ഒരു സ്ഥലം ഒഴിച്ചുതന്നു. ഈ സത്രം 'പൈസാബാദി'ൽ ഉണ്ടികകച്ചവടം ചെയ്യുന്ന 'ബാബുധണീറാം' എന്ന മഹാന്റെ വകയാണ്. ഇവിടെ നാട്ടുക്കോട്ട സത്രത്തിലെന്നപോലെയുള്ള ജാതിവ്യത്യാസങ്ങൾ ഇല്ല. ആർക്കും താമസിക്കാം. ഈ സത്രത്തിന്റെ താഴത്തെ നില മുഴുവൻ ഒറെറാററ മുറികളായി കെട്ടിയിരിക്കുന്നു. ഇതിൽ സദാ സ

മയവും 'സീതാറാം' എന്നു പാടിക്കൊണ്ടിരിക്കുന്ന അനവധി സാധുക്കൾ താമസിച്ചുവരുന്നു. കിണററിലെ ജലം വളരെ നല്ലതല്ല. പക്ഷെ സരയൂ വളരെ അടുത്തുള്ളതുകൊണ്ട് വെള്ളം അവിടെ നിന്നു കൊണ്ടുവരാം. നാട്ടുക്കോട്ട സത്രത്തിൽ നല്ല വെള്ളമുള്ള കിണർ ഉണ്ടുപോൽ.

വൎഷക്കാലമായിരുന്നതിനാൽ അപ്പോൾ സരയൂ നദിയിൽ വമ്പിച്ച പ്രവാഹം ഉണ്ടായിരുന്നു. വെള്ളം വളരെ കലങ്ങിയുമിരുന്നു. റോഡുകളും മഴ നിമിത്തം നന്നായിരുന്നില്ല. നദീജലം റോഡിലേക്കു കവിഞ്ഞിരുന്നു. പട്ടണം വളരെ ചെറിയതാണ്. തീൎത്ഥയാത്രക്കാരും ഈശ്വരഭജനാൎത്ഥം ഇവിടെ താമസിക്കുന്നവരും കൂടാതെ സ്ഥിരവാസക്കാർ വളരെ ചുരുങ്ങും. ഒരു ചെറിയ അങ്ങാടിയുണ്ട്. അവിടെ അത്യാവശ്യം സാമാനങ്ങൾ കിട്ടും. വിലയും വളരെ അധികമില്ല. പാൽ, തൈർ ഇവയും വലിയ വില കൂടാതെ കിട്ടും. യാത്രക്ക് നല്ല കുതിരവണ്ടികൾ ഉണ്ട്. മണിക്കൂറിന്നു 1 ക വീതം കൊടുത്താൽ മതി. സരയൂ നദിക്കടുത്തുള്ള പ്രധാന റോഡിന്റെ ഒരു വശത്തായി ഭംഗിയുള്ള ഒരു ഉദ്യാനവും അതിന്നു നടുവിൽ വെളുത്ത മാർബൾ കല്ലിനാൽ പണി ചെയ്യപ്പെട്ട ഒരു ചെറു മണ്ഡപവും ഉണ്ട്. ആ മണ്ഡപത്തിൽ മാർബൾ കല്ലിനാൽ അതി മനോഹരമായി പണി ചെയ്യുതായ വിക്ടോറിയാ ചക്രവൎത്തിനിയുടെ പ്രതിമ സ്ഥാപിച്ചിരിക്കുന്നു. ഇവിടെ നിന്നു ¼ നാഴിക ദൂരം പോയാൽ അയോദ്ധ്യാ രാജാവിന്റെ അരമന കാണാം. അരമനയുടെ പണി വള

രെ വിശേഷമായതാണ്. മഹാ രാജാവു മരിച്ചുപോയിരിക്കുന്നു. ഇപ്പോഴത്തെ രാജകുമാരൻ 'ലക്നൌ'വിൽ പഠിക്കുകയാണ്. അരമനയിൽ ഇപ്പോൾ റാണിമാർ മാത്രമേ ഉള്ളൂ. അതു നിമിത്തം അരമനയുടെ പലേ ഭാഗങ്ങളും അനാഥ സ്ഥിതിയിൽ കിടക്കുന്നു. രാജധാനിക്കു തൊട്ട് അതി വിശേഷമായ ഒരു ശിവക്ഷേത്രമുണ്ട്.

ഈ പട്ടണം ഒരു കാലത്ത് വളരെ യോഗ്യതാവസ്ഥയിൽ ആയിരുന്നുവെന്നു ഊഹിക്കത്തക്ക ലക്ഷ്യങ്ങൾ ഇവിടെ ധാരാളം കാണാം. എവിടെ നോക്കിയാലും ഇടിഞ്ഞു പൊളിഞ്ഞുപോയ കെട്ടിടങ്ങളുടേയും മതിലുകളുടേയും അവശിഷ്ടങ്ങൾ കാണ്മാനുണ്ട്. ഒരു കാലത്തു അതി മനോഹരങ്ങളായ ഉദ്യാനങ്ങളും അത്യുന്നതഹർമ്മ്യങ്ങളും നിറഞ്ഞ് ശോഭിച്ചിരുന്ന ഈ സ്ഥലം ഇപ്പോൾ പടുമരങ്ങളും ചെടികളും നിറഞ്ഞ ഒരു കാട്ടുപ്രദേശമായിത്തീന്നിരിക്കുന്നു. എന്നാൽ ശ്രീരാമക്ഷേത്രങ്ങൾ മാത്രം സകല ദിക്കിലും കാണുന്നുണ്ട്. കാശിയിൽ ശിവലിംഗപ്രതിഷ്ഠ എപ്രകാരമോ അപ്രകാരം ഇദ്ദിക്കിൽ അത്രയനവധി ശ്രീരാമക്ഷേത്രങ്ങളുണ്ട്. സുമാർ നാലായിരം ക്ഷേത്രത്തോളം ഉണ്ടാവുമെന്ന് ഇദ്ദിക്കുകാർ പറയുന്നു. 'സീതാറാം' എന്ന എഴുത്തില്ലാത്തതും, 'സീതാറാം' എന്ന ശബ്ദം കേൾക്കാത്തതുമായ ഒരൊററ ഗൃഹംപോലും അയോദ്ധ്യയിൽ കാണുവാൻ പ്രയാസം. സകല ഗൃഹങ്ങളിലും ഒരുപോലെ പ്രതിദിവസവും ശ്രീരാമപൂജ നടക്കുന്നുണ്ടുപോൽ. വൈരാഗികളെ കൂട്ടംകൂട്ടമായി കാണാം. ജ്ഞാനിക

ളും യോഗികളുമായ ചില യഥാൎത്ഥതപസ്വികൾ സരയൂ നദിക്കരയിൽ സ്ഥിരവാസം ചെയ്യുന്നുണ്ടെന്നു ഇട്ടിക്കകാർ പറയുന്നു.

തീൎത്ഥയാത്രക്കാൎക്ക് ഇവിടെ പ്രധാനമായി ചെയ്യാനുള്ളതു 'സരയൂ' സ്നാനവും, ഹനുമൽ ദൎശനവും ആണ്. സരയൂനദിയെന്നു നാം പറഞ്ഞുവരുന്നതു 'ഗോഗ്ര' എന്ന അപരനാമത്താൽ ഇപ്പോൾ അറിഞ്ഞുവരുന്ന ഗംഗയുടെ ഒരു പോഷകനദിയെയാണ്. ഇതിൻെറ തീരത്തിലായി അയോദ്ധ്യയിൽ അനേകം സ്നാനഘട്ടങ്ങൾ ഉണ്ട്. ഇതിൽ പ്രധാനമായതു 'സ്വൎഗ്ഗദ്വാരഘട്ട'മാകുന്നു. ശ്രീരാമൻ ഭരതശത്രുഘ്നന്മാരോടും അയോദ്ധ്യാനിവാസികളായ സ്വഭക്തന്മാരോടും കൂടെ സരയൂനദിയിൽ മുങ്ങി വൈകുണ്ഠലോകം പ്രാപിച്ചതു ഈ ഘട്ടത്തിൽ വെച്ചായതുകൊണ്ട് ഇതിനെ സ്വൎഗ്ഗദ്വാരഘട്ടമെന്നു പറഞ്ഞുവരുന്നു. ധൎമ്മശീലയെന്നു വിഖ്യാതയായ ഇൻഡോർ മഹാറാണി അഹല്യാഭായിയാൽ അതിമനോഹരമായി പണി ചെയ്യിക്കപ്പെട്ടതാകുന്നു മേല്പറഞ്ഞ ഘട്ടം. ഇവിടെ മഹാ ക്രൂരന്മാരായ ആമകൾ അതി ധാരാളം ഉണ്ട്. കണ്ടാൽ ഭയം തോന്നുമെങ്കിലും ജനങ്ങളെ ഉപദ്രവിക്കയില്ല. യാത്രക്കാർ ഈ ആമകൾക്ക് ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊടുക്കുക പതിവുള്ളതിനാൽ ആളുകളെ കാണുമ്പോഴേക്കും ചെറുമത്സ്യങ്ങളെന്നപോലെ ആമകൾ വന്നു നിറയും. ഇവിടെ സങ്കല്പം പറഞ്ഞുതരുവാനും മററുമായി ഒരു ബ്രാഹ്മണൻ ഇരിക്കുന്നുണ്ട്. ഇതിന്നടുത്തതാണ് 'ലക്ഷ്മണഘട്ടം'

ശപഥം മൂലം ശ്രീരാമനാൽ ത്യജിക്കപ്പെട്ട ലക്ഷ്മണൻ ദേഹത്യാഗം ചെയ്തതു ഇവിടെ വെച്ചായതിനാൽ ഇതിന്നു ഇപ്പേർ സിദ്ധിച്ചു. അതിപ്രവാഹം നിമിത്തം മററു ഘട്ടങ്ങളിൽ പോകുവാൻ ഞങ്ങൾക്കു സാധിച്ചില്ല. ഈ ഓരോരോ ഘട്ടങ്ങളിലും ക്ഷേത്രങ്ങൾ ഉണ്ട്.

ഇവിടെനിന്നു ഉദ്ദേശം ഒരു നാഴിക അകലെയാണ് സുപ്രസിദ്ധമായ ഹനുമൽക്ഷേത്രം. ഈ ക്ഷേത്രം മരങ്ങൾ തിങ്ങിനില്ക്കുന്നതായ ഒരു ഉയൎന്ന സ്ഥലത്തിലാണ്. പലേവിധത്തിലുള്ള കുരങ്ങുകൾ സദാസമയവും ഈ ക്ഷേത്രത്തിലും സമീപമുള്ള വൃക്ഷങ്ങളിലും ചാടിക്കളിച്ചു കൊണ്ടിരിക്കുന്നതു കാണാം. ദൎശനത്തിന്നു വരുന്നവരെ ഉപദ്രവിക്കയില്ലെങ്കിലും അവരുടെ കയ്യിലുള്ള നിവേദ്യസാധനങ്ങളെ തട്ടിപ്പറിപ്പാൻ തരംനോക്കിനില്ക്കും. വളരെ ശ്രദ്ധവെക്കാത്തപക്ഷം നിവേദ്യം കഴിയുന്നതിന്നു മുമ്പായിത്തന്നെ അവ കുരങ്ങുകളുടെ കുക്ഷിക്കകത്തായേക്കും. ക്ഷേത്രത്തിലേക്കു കയറുവാൻ നല്ല കല്പടവുകൾ ഉണ്ട്. ക്ഷേത്രത്തിൽ സദാസമയവും രാമായണംവായന ഉണ്ടായിരിക്കും. ഈ സമ്പ്രദായം അനേകം വത്സരങ്ങളായി ഇടവിടാതെ തുടൎന്നുകൊണ്ടിരിക്കുന്നുപോലും. പലേ ഭാഷകളിലുമുള്ള പലവിധ രാമായണങ്ങൾ ഇവിടെ നിത്യത പാരായണം ചെയ്തുവരുന്നു. പ്രതിദിവസവും അനേകം ജനങ്ങൾ ദൎശനാൎത്ഥം ഇവിടെ വന്നുപോകുന്നുണ്ട്. ഹനുമാൻ രാജയോഗ്യമായ പദവികളോടുകൂടിത്തന്നെയാണ് ക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്നതു.

ഇവിടെനിന്നു ഏകദേശം ഒരു നാഴിക പോയാൽ ദശരഥന്റെ രാജധാനി, ശ്രീരാമന്റെ ജനനസ്ഥലം ശ്രീരാമൻ മുതലായവരുടെ ചോറൂൺ കഴിഞ്ഞ സ്ഥലം, സീതയുടെ പാചകശാല തുടങ്ങിയ പലേ സ്ഥലങ്ങളും കാണാം. ഈ സ്ഥലങ്ങളിലെല്ലാം ഓരൊ ചെറിയ കെട്ടിടവും അതിൽ പ്രതിദിനവും ശ്രീരാമപൂജയും നടന്നുവരുന്നു. ശ്രീരാമന്റെ ജനനസ്ഥലത്തിന്നു തൊട്ടതായി വലിയ ഒരു മുഹമ്മദീയ പള്ളിയുണ്ട്. ഇപ്പോൾ കാണുന്നതായ ജനനസ്ഥലം വളരെ ചെറിയതാണ്. ഇതുംകൂടെ മുഹമ്മദീയരുടെ കൈവശമായിരുന്നുവെന്നും വളരെ വ്യവഹാരങ്ങളും മററും നടത്തീട്ടാണ് ഈ സ്വല്പ സ്ഥലമെങ്കിലും വീണ്ടെടുത്തതെന്നും ഇട്ടിക്കുകാർ പറയുന്നു. ഇതിന്നടുത്താണ് സീതാദേവിയുടെ അന്തഃപ്പുരമായ 'കനകഭവനം.' ഇതു ഒരു വലിയ കെട്ടിടമാണ്. വളരെ ഭംഗിയും വലുപ്പവുമുള്ള ലസ്റ്റർകളാലും ഗ്ലോപ്പുകളാലും മനോഹരങ്ങളായ ചിത്രക്കണ്ണാടികളാലും ഈ സ്ഥലം അതി രമണീയമാംവണ്ണം അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഇവിടേയും സീതാസമേതനായ ശ്രീരാമനെ പ്രതിഷ്ഠിച്ചു പൂജിച്ചുവരുന്നു. ഇതിന്നടുത്തായി ശ്രീരാമന്റെ സ്വൎണ്ണവിഗ്രഹമുള്ളതായ 'ബങ്കാരരാമ' ക്ഷേത്രം ഉണ്ട്. ഇവിടെ ദൎശനം ചെയ്യുവാൻ ആളൊന്നുക്ക് 1¼ ക യാണു നിരക്ക്. നിൎബ്ബന്ധിച്ചാൽ അതു കുറെ കുറക്കും. ശ്രീരാമലക്ഷ്മണന്മാരേയും സീതാദേവിയേയും ഹനുമാനേയും ഇവക്കു മുകളിലായി അയോദ്ധ്യാ

ദേവിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. വിഗ്രഹങ്ങളെല്ലാം സ്വൎണ്ണംകൊണ്ടാണ്.

അയോദ്ധ്യ മോക്ഷദായിനികളെന്നു ശ്രുതിപ്പെട്ടതായ സപ്തപുരികളിൽ ആദ്യത്തേതാകുന്നു. പ്രതിദിനം ഇവിടെ ദൎശനത്തിന്നായി വന്നുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു കണക്കില്ല. ശ്രീരാമൻെറ സ്വൎഗ്ഗാരോഹണശേഷം അയോദ്ധ്യാധിപതിയായി കരുതിവരുന്നതു ശ്രീഹനുമാനെയാണ്. തന്നിമിത്തം ഇവിടെ ഇപ്പോഴും കുരങ്ങുകൾക്ക് പൂൎണ്ണ സ്വാതന്ത്ര്യമുണ്ട്. സകല ദിക്കുകളിലും കുരങ്ങുകൾ നിറഞ്ഞിരിക്കും. ഇവക്കു തിന്മാൻ കടല, പൊരി മുതലായവ വാങ്ങി കൊടുക്കുന്നതു വളരെ പുണ്യകരമാണ്. കുരങ്ങുകളുടെ ഉപദ്രവാധിക്യം നിമിത്തം കുറച്ചു കാലം മുമ്പ് ഗവൎമ്മേണ്ടിൽ നിന്നും ഇവിട്ടത്തെ കുരങ്ങുകളെയെല്ലാം പിടിച്ച് അന്യ രാജ്യത്തേക്കയപ്പാൻ ആലോചിക്കുകയും ആ സമയം ഇവിടുത്തെ സന്യാസിമാരുടെ ആവലാധി നിമിത്തം ആ ആലോചന നിൎത്തിക്കളകയും ചെയ്തുപോൽ. കുരങ്ങുകളെ അങ്ങോട്ടുപദ്രവിക്കാത്തപക്ഷം അവ മനുഷ്യരെ ഉപദ്രവിക്കയില്ല. എന്നാൽ ഭക്ഷണസാധനങ്ങളേയും വസ്ത്രാദികളേയും വലിച്ചെടുത്തു നശിപ്പിക്കാറുണ്ട്. ഇവയുടെ ഉപദ്രവത്തെ ഭയന്ന് അങ്ങാടിക്കാർ പകൽസമയം അവരുടെ പീടികകൾ മുഴുവൻ തുറന്നുവെക്കാറില്ല. ഇവിടെ വരുന്നവർ ഇക്കാൎയ്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സരയൂ തീരത്തിൽ നിന്നും ഹനുമൽക്ഷേത്രം മുതലായ സ്ഥലങ്ങളിലേക്കു പോകുവാൻ നല്ല റോഡുണ്ട്. ക

തിരവണ്ടികൾ ധാരാളം കിട്ടും. നാലു ചക്രമുള്ള ഇരട്ടക്കു തിരവണ്ടിക്ക് മണിക്കൂറിന്ന് 1 ക വീതം കൊടുത്താൽ മതി. കൂലിക്കാരേയും ധാരാളം കിട്ടും.

## 11-ാം അദ്ധ്യായം.

### രാമേശ്വരം.

ഇതിഹാസങ്ങളിൽവെച്ച് ഉത്തമോത്തമമായ ശ്രീരാമായണകാലം തുടങ്ങി ഇന്നേവരെ നിരന്തരം ഭക്തജനങ്ങളാൽ സേവിതമായ രാമേശ്വരത്തെപ്പററി കേൾക്കാത്തവർ അധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. തെക്കെ ഇന്ത്യയിൽ ശ്രുതിപ്പെട്ട ക്ഷേത്രങ്ങൾ മററനേകം ഉണ്ടെങ്കിലും, രാമേശ്വരത്തു ചെന്ന് രാമനാഥസ്വാമിക്ക് ഗംഗാഭിഷേകം ചെയ്താൽ മാത്രമേ കാശിയാത്ര പരിപൂൎണ്ണമാവുകയുള്ളുവെന്ന് ഒരു നിശ്ചയമുള്ളതുകൊണ്ട് വടക്കെ ഇന്ത്യക്കാരും മററും നിൎബ്ബന്ധമായി ചെന്നു ദൎശിക്കുന്ന ക്ഷേത്രം രാമേശ്വരം മാത്രമാണ്. സേതുവിങ്കൽ നിന്നും മണൽ എടുത്തു ഗംഗയിൽ കൊണ്ടുചെന്നു നിക്ഷേപിച്ചു അവിടെ നിന്നും ഗംഗാ ജലമെടുത്തു രാമേശ്വരത്തു കൊണ്ടുവന്ന് രാമനാഥന്നു അഭിഷേകം ചെയ്യുന്നതു സാധാരണ തീൎത്ഥയാത്രയുടെ ഒരു മുഖ്യാംഗമായിട്ടാണു

കരുതിവരുന്നതു. ശ്രീരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതായ ഇവിടത്തെ മൂൎത്തി പരമശിവനാണെന്നു ധരിക്കാത്തവർ ഇക്കാലത്തും ചുരുക്കം പേരുണ്ടെന്നു എനിക്കനുഭവപ്പെട്ടിട്ടുണ്ട്. രാമേശ്വരസ്വാമിയെ പററിയും അവിടത്തെ സ്നാനവിധിയെപ്പററിയും രാമായണത്തിൽ തന്നെ വിവരിച്ചു പറഞ്ഞിട്ടുള്ളതിനെ താഴെ ഉദ്ധരിക്കാം:—

“വ്യോമകേശം പരമേശ്വരം ശങ്കരം
രാമേശ്വരമെന്ന നാമമരുൾചെയ്തു
ശോഭനമായ മുഹൂൎത്തേനസംസ്ഥാപ്യ
പാപഹരായ ത്രിലോകഹിതാൎത്ഥമായ്
പൂജിച്ചുവന്ദിച്ചു ഭക്ത്യാ നമസ്കൃത്യ
രാജീവലോചനനേവ മരുൾചെയ്തു
യാതൊരുമൎത്ത്യനിവിടെവന്നാദരാൽ
സേതുബന്ധം കണ്ടു രാമേശ്വരനേയും
ഭക്ത്യാഭജിക്കുന്നതപ്പോളവൻ ബ്രഹ്മ-
ഹത്യാദിപാപങ്ങളോടു വേർപെട്ടതി
ശുദ്ധനായ്വന്നുകൂടും മമാനുഗ്രഹാൽ
മുക്തിയും വന്നീടു മില്ലൊരു സംശയം
സേതുബന്ധത്തിങ്കൽ മജ്ജനവും ചെയ്തു
ഭൂതേശനാകിയ രാമേശ്വരനെയും
കണ്ടുവണങ്ങി പുറപ്പെട്ടു ശുദ്ധനായ്
കുണ്ഠത കൈവിട്ടു വാരാണസീപുക്കു
ഗംഗയിൽ സ്നാനവും ചെയ്തു ജിതശ്രമം
ഗംഗാസലിലവും കൊണ്ടുപോന്നാദരാൽ

രാമേശ്വരന്നഭിഷേകവും ചെയ്തഥ
ശ്രീമൽ സമുദ്രേ കളഞ്ഞു തൽഭാരവും
•മജ്ജനം ചെയ്യുന്ന മൎത്ത്യനെന്നോടു
സായൂജ്യം വരുമതിനില്ലൊരു സംശയം."

ഇപ്രകാരം ശ്രീരാമചന്ദ്രൻ തന്നെ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇവിടുത്തെ മാഹാത്മ്യത്തെ പററി വിസ്തരിക്കേണ്ടതില്ലല്ലോ. ഇവിടുത്തെ രാമനാഥലിംഗം ഇന്ത്യയിലെ ദ്വാദശജ്യോതില്ലിംഗങ്ങളിൽ പെട്ട ഒന്നാണ്.

രാമേശ്വരം മുമ്പെ ഇന്ത്യയുടേയും സിലോൺ എന്നു പറയപ്പെടുന്ന ലങ്കയുടേയും മദ്ധ്യത്തിലുള്ള ഒരു ദ്വീപായിരുന്നു. എന്നാൽ ഇപ്പോൾ S. I. R. കമ്പനിക്കാർ ഈ ദ്വീപിനെ പാലത്താൽ മറുകരയോടു കൂട്ടിച്ചേൎത്തു 'ധനുഷ്കോടി'വരെ തീവണ്ടി നടപ്പാക്കിയിരിക്കുന്നു. തന്നിമിത്തം രാമേശ്വരയാത്ര ഇക്കാലത്തു വളരെ സുഗമമായി തീൎന്നിട്ടുണ്ടു. രാവണവധത്തിന്നു ലങ്കയിൽ ചെല്ലേണ്ടതിലേക്കായി സമുദ്രബന്ധനം ചെയ്തു കെട്ടാണ് രാമേശ്വരദ്വീപിന്നും ലങ്കക്കും നടുവിൽ കിടക്കുന്ന 'മന്നാർതുരുത്ത്' എന്നു പറഞ്ഞുവരുന്നു. രാമേശ്വരത്തെ പാലത്താൽ കരയോടു യോജിപ്പിച്ചതുപോലെ തന്നെ മന്നാർതുരുത്തിനെ ലങ്കാദ്വീപിനോടും പാലത്താൽ കൂട്ടിച്ചേൎത്തിരിക്കുന്നു. ഇതിന്നു രണ്ടിന്നും നടുവിൽ 18 നാഴിക വിസ്താരം ഇപ്പോഴും കടൽ തന്നെയാണ്. രാമേശ്വരം പാലം പണി കഴിഞ്ഞതോടുകൂടി 'കുളമ്പി'ലേക്കുള്ള വഴി ഇതിലെ ആക്കി. S. I. R. കമ്പനിക്കാരുടെ ഇപ്പോഴത്തെ

അറ്റത്തിയായ ധനുഷ്കോടിയിൽ ചെന്നിറങ്ങി അവിടെ നിന്നും സിലോൺ റയിൽവെയുടെ പടിഞ്ഞാറെ അറ്റത്തിയായ 'തലൈമന്നാറി'ലേക്കു കപ്പൽയാത്ര ചെയ്യണം. അവിടെ നിന്നു സിലോൺ റയിലിൽ പോകാം.

രാമേശ്വരം ടൌൺ വളരെ ചെറിയതാണ്. ക്ഷേത്രമാഹാത്മ്യത്താൽ അവിടെ വന്നുകൂടുന്ന തീർത്ഥയാത്രക്കാർക്കു പുറമെ സ്ഥിരവാസക്കാർ വളരെ ചുരുക്കംതന്നെ. കുടിപ്പാൻ തക്ക ശുദ്ധജലം അപൂർവ്വം. എന്നാൽ ഈയിടെയായി കുഴൽവെള്ളം നടപ്പിൽ വന്നിട്ടുണ്ട്. പക്ഷെ ശുദ്ധജലത്തിൻെറ ദുർഭിക്ഷം നിമിത്തം വീടുകളിലേക്കു കുഴൽ വെച്ചിട്ടില്ല. ആവശ്യമുള്ളവർ റോഡിൽ പോകേണ്ടിയിരിക്കുന്നു. ഇവിടെ ഒരു ചെറിയ അങ്ങാടിയുണ്ട്. അതിൽ അത്യാവശ്യം സാമാനങ്ങൾ കിട്ടും. റയിൽവെ സ്റ്റേഷനു സമീപമായുള്ള സത്രത്തിൽ ജാതിഭേദം കൂടാതെ എല്ലാവർക്കും ചെന്നു താമസിക്കാം. ക്ഷേത്രത്തിലേക്കു അവിടെനിന്നു ഏകദേശം അരമുക്കാൽ നാഴിക ഉണ്ടാവും. കാളവണ്ടികൾ ധാരാളം കിട്ടും. 4 അണ വാടക കൊടുത്താൽ മതി. യാത്രക്കാരെ അന്വേഷിച്ചുംകൊണ്ട് അവിടുത്തെ പുരോഹിതന്മാരായ ശാസ്ത്രിമാർ സ്റ്റേഷനിൽ വന്നു നില്ക്കുന്നതു പതിവാണ്.

### തീർത്ഥസ്ഥാനങ്ങൾ.

രാമേശ്വരത്തേക്കു വരുന്ന യാത്രക്കാർ ആദ്യമായി ചെയ്യേണ്ടതു ഇവിടെ ക്ഷേത്രത്തിന്നകത്തും പുറത്തുമുള്ളതായ തീർത്ഥങ്ങളിൽ സ്നാനം ചെയ്യുകയാണ്. ഗയാശ്രാ

ദ്ധമൂട്ടാത്തവൎക്കു ചില തീൎത്ഥങ്ങളിൽ തീൎത്ഥശ്രാദ്ധവുംവേണ്ടിവരും. എല്ലാംകൂടെ ഇവിടെ 35 തീൎത്ഥങ്ങൾ ഉണ്ടു. ഇതിൽ 23 എണ്ണം ക്ഷേത്രത്തിന്നകത്തും 12 എണ്ണം പുറത്തും ആകുന്നു. ഇതിൽ ആദ്യമായി സങ്കല്പസ്നാനം ചെയ്യേണ്ടതു ലക്ഷ്മണതീൎത്ഥത്തിലാണ്.

1. ലക്ഷ്മണതീൎത്ഥം. ഇതു ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലുള്ള ഒരു കുളമാണ്. 4ഭാഗവും കല്ലുകൊണ്ടു കെട്ടിയ പടവുകളുണ്ടു. ശുദ്ധജലമല്ല. ഇവിടെ സ്നാനത്തിന്നു മുമ്പായി ക്ഷൌരം വേണം. അടുത്തുള്ള ക്ഷേത്രത്തിൽ ആളൊന്നുക്കു 1ണ വീതം വഴിവാടു കൊടുക്കുക പതിവാണ്.

2. രാമതീൎത്ഥം;—ഇതു ലക്ഷ്മണതീൎത്ഥത്തിന്നു കിഴക്കാകുന്നു. ലക്ഷ്മണതീൎത്ഥം മാതിരിതന്നെ. ഇവിടേയുംസ്നാനം പിണ്ഡം മുതലായവ ചെയ്യണം.

3. സുഗ്രീവതീൎത്ഥം:—ഇതു പടിഞ്ഞാറെ നടയിൽ നിന്നും വടക്കോട്ടുള്ള വഴിയിലാകുന്നു. ഈ വഴി വണ്ടി പോകും. മുഴുവൻ മണൽതന്നെ. വേനൽകാലങ്ങളിൽ നടന്നുപോകുവാൻ വളരെ പ്രയാസം. ഇതു ഒരു ചെറിയ കുളമാണ്. ഇവിടേയും സ്നാനം പിണ്ഡം മുതലായവ ചെയ്യണം.

4. അംഗദതീൎത്ഥം }
5. ജാംബവതീൎത്ഥം } ഇവ രണ്ടും ഈ വഴിക്കുതന്നെയാണ്. തൽസമയം വെള്ളം വററിയിരുന്നു. ഇവിടേക്കു ക്ഷേത്രത്തിൽ നിന്നു 1 നാഴികയിൽ അധികമില്ല.

6. ഗന്ധമാദനം:—ഇതു ജാംബവതീൎത്ഥത്തിൻെറ കാൽനാഴിക വടക്കുള്ള ഒരു ചെറിയ മണൽ കുന്നാണ്. ഇതിൻെറ മുകളിൽ ഒരു ചെറിയ അമ്പലം ഉണ്ടു്. അതിൽ ശ്രീരാമൻെറ കാലടികളെവെച്ചു പൂജിച്ചുവരുന്നു. ഇവിടെ ശ്രാദ്ധം ഊട്ടണം. ഇതിൻെറ മുകളിൽ നിന്നുനോക്കിയാൽ നാലുഭാഗവും സമുദ്രം കാണാം.

7. പാണ്ഡവതീൎത്ഥം:—ഇതു അടുത്തടുത്തുള്ള അഞ്ചു കുളങ്ങളാണ്. ഇതിൽ ആദ്യത്തേതായ ധൎമ്മതീൎത്ഥം ഗന്ധമാദനപൎവ്വതത്തിൻെറ അടുത്താകുന്നു. ഇതിൽ വെള്ളം ധാരാളമുണ്ടു. ശുദ്ധജലവും ആണ്. സാധാരണ ഇട്ടിക്കിലെ കിണറുകളിലും കുളങ്ങളിലും ഒട്ടും ഉപ്പുരസക്കലൎപ്പില്ലാത്ത ശുദ്ധജലം അപൂൎവ്വമായതുകൊണ്ടു ഈ കുളത്തിലെ വെള്ളം അനേകം കന്നുകാലികൾക്കു ഉപയോഗപ്രദമായി ഭവിച്ചിരിക്കുന്നു. കുളം കേടുതീൎത്തു നന്നാക്കേണ്ടതിലേക്കുള്ള പണം പിരിവിന്നായി ഒരു ചെറിയ ഭണ്ഡാരം ഇവിടെ വെച്ചിട്ടുണ്ടു. ഇവിടെ സ്നാനവും പിണ്ഡവും വേണം.

8. ദ്രൌപദീതീൎത്ഥം—ഇതും പാണ്ഡവതീൎത്ഥത്തിന്നു സമീപം തന്നെ.

9. ബ്രഹ്മകുണ്ഡം (ബ്രഹ്മതീൎത്ഥം) ഇതു വളരെ മാഹാത്മ്യമുള്ളതാണ്. ബ്രഹ്മാവ് ഈ സ്ഥലത്തുവെച്ച് അനേകം യാഗങ്ങൾ ചെയ്തിട്ടുണ്ടുപോൽ. ഇവിടെ സ്നാനം ശ്രാദ്ധം മുതലായവ ചെയ്യണം. രാമേശ്വരയാത്രക്കാർ

പ്രസാദമായി കൊണ്ടുവരുന്ന ന്തുറിൻകട്ട പോലെയുള്ള ഭസ്മം ഇവിടെ നിന്നും എടുക്കുന്ന മണ്ണാണ്.

10. ഹനുമൽതീൎത്ഥം—ഇതു സമുദ്രതീരത്തുള്ള ഒരു ചെറിയ കുളമാണ്. വെള്ളം നല്ലതല്ല. സ്നാനവും ശ്രാദ്ധവും വേണം. ഇതിന്നടുത്തായി ഹനുമാനെ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു ചെറു ക്ഷേത്രം ഉണ്ട്. ഹനുമാൻ രാമനാഥലിംഗത്തെ പറിച്ചെടുപ്പാൻ ശ്രമിച്ചപ്പോൾ വാൽ പൊട്ടി രക്തത്തിൽ മുഴുകി ചെന്നു വീണതു ഇസ്ഥലത്താണപോൽ. അപ്പോൾ ഹനുമാൻെറ വാലിൽ നിന്നും പ്രവഹിച്ച രക്തം നിമിത്തം ആ അടുത്ത ദിക്കിലുള്ള മണൽ മുഴുവനും ചുകപ്പു വൎണ്ണമായ്പ്പോയയത്രെ. (ഇപ്പോൾ ആ സ്ഥലമാണെന്നു പറഞ്ഞു ഇട്ടിക്കുകാർ കാട്ടിതരുന്നതായ ദിക്കിലെ മണൽ കുറെ ദൂരം ചുകപ്പു വൎണ്ണമായി കാണ്മാനുണ്ട്.)

11. അഗസ്ത്യതീൎത്ഥം:— ഇതും സമുദ്രസമീപം തന്നെ.

12. അഗ്നിതീൎത്ഥം:—ഇതു സമുദ്രത്തിലുള്ള ഒരു സ്നാനഘട്ടം തന്നെയാണ്. രാമേശ്വരക്ഷേത്രത്തിൻെറ കിഴക്കു നടക്കുള്ള സ്ഥലത്തെയാണ് അഗ്നിതീൎത്ഥമെന്നു പറയുന്നതു. ഇവിടെയും സ്നാനശ്രാദ്ധാദികൾ ചെയ്യണം. ഇസ്ഥലത്തു വലിയ അലകൾ ഇല്ലാത്തതിനാലും വെള്ളം വളരെ നിൎമ്മലമായിരിക്കകൊണ്ടും സ്നാനത്തിന്നു വളരെ സുഖമുണ്ട്.

മേൽ പറഞ്ഞ 12 തീൎത്ഥങ്ങൾ കഴിച്ച് ബാക്കിയു ള്ള 23 തീൎത്ഥങ്ങൾ ക്ഷേത്രത്തിന്നകത്താണ്. അവ്വയിൽ രണ്ടെണ്ണം മാത്രം ചെറിയ കുളങ്ങളും ബാക്കിയെല്ലാം കി ണറുകളും ആകുന്നു. ഇവയിലെല്ലാം ശുദ്ധ ജലമാണ്. അ വയുടെ പേർ വിവരം താഴെ ചേൎക്കുന്നു.

1. ലക്ഷ്മീതീൎത്ഥം
2. ഗായത്രിതീൎത്ഥം
3. സാവിത്രിതീൎത്ഥം
4. സരസ്വതീതീൎത്ഥം
5. ചക്രതീൎത്ഥം
6. സേതുമാധവതീൎത്ഥം
7. നളതീൎത്ഥം
8. നീലതീൎത്ഥം
9. ഗവയതീൎത്ഥം
10. ഗവാക്ഷതീൎത്ഥം
11. ഗന്ധമാദനതീൎത്ഥം
12. ബ്രഹ്മഹത്യാവിമോ [ചനതീൎത്ഥം
13. സൂൎയ്യതീൎത്ഥം
14. ചന്ദ്രതീൎത്ഥം
15. ഗംഗാതീൎത്ഥം
16. യമുനാതീൎത്ഥം
17. ഗയാതീൎത്ഥം
18. ശങ്കരതീൎത്ഥം
19. ശിവതീൎത്ഥം
20. സത്യതീൎത്ഥം
21. സൎവ്വതീൎത്ഥം
22. ജടാതീൎത്ഥം
23. കോടീതീൎത്ഥം

ഇവയിൽ അവസാനത്തേതായ കോടീതീൎത്ഥമൊ ഴികെ ശേഷമെല്ലാം സേതുസ്നാനത്തിന്ന മുമ്പായി സ്നാ നം ചെയ്യേണ്ടവയാണ്. കോടീതീൎത്ഥസ്നാനം മാത്രം രാ മേശ്വരത്തെ മറ്റെല്ലാ ക്രിയകളും കഴിഞ്ഞ് തിരിച്ചുപോ രുന്ന ദിവസം മാത്രമേ പാടുള്ളൂ. രാമേശ്വരത്തു നിന്നും

കൂടെ എടുത്തുകൊണ്ടു പോകുന്ന തീൎത്ഥം കോടിതീൎത്ഥം മാത്രമാകുന്നു. മററെല്ലാ തീൎത്ഥങ്ങളും എല്ലാ ജാതിക്കാൎക്കും തൊടാവുന്നതാണ്. എന്നാൽ കോടിതീൎത്ഥം ബ്രാഹ്മണൎക്കു മാത്രമേ തൊടുവാൻ പാടുള്ളു. മററുള്ള അബ്രാഹ്മണൎക്കു കുടം ഒന്നിന്നു ½ അണ വീതം കൊടുത്താൽ പുറത്തേക്കു ഒരു ഓവിൽകൂടെ ഒഴിച്ചു തരും. ക്ഷേത്രത്തിൽനിന്നും ഇതിലേക്കായി ഒരാളെ നിയമിച്ചിരിക്കുന്നു. എത്ര കാലം സൂക്ഷിച്ചാലും കേടു വരാതെ ഗംഗാജലമെന്നപോലെ തന്നെ പരിശുദ്ധമായിരിപ്പാനുള്ള ഒരു അത്ഭുതശക്തി ഈ തീൎത്ഥജലത്തിന്നും ഉണ്ടു്.

## 12-ാം അദ്ധ്യായം.

### ശ്രീരാമനാഥദൎശനം.

സുപ്രസിദ്ധമായ രാമേശ്വരക്ഷേത്രം കാഴ്ചയിൽ വളരെ വലുപ്പവും ഭംഗിയുമുള്ളതാകുന്നു. ഇതു രാമേശ്വരദ്വീപിന്റെ ഉത്തരാൎദ്ധത്തിൽ കിഴക്കെ സമുദ്രതീരത്തു അല്പം ഉയൎന്ന ഒരു സ്ഥലത്താകുന്നു സ്ഥിതി ചെയ്യുന്നതു. ക്ഷേത്രത്തിന്റെ നാലു ഭാഗത്തും പ്രത്യേകിച്ച് കിഴക്കും പടിഞ്ഞാറും അനേകം ഗൃഹങ്ങളുണ്ട്. റയിൽവെസ്റ്റേഷനിലേക്കു മുക്കാൽ നാഴികയിലധികം ദൂരമുണ്ടാവും. ഈ

ക്ഷേത്രം തെക്കുവടക്കു 675—0 കിഴക്കു പടിഞ്ഞാറ് 865—0 അടി നീളമുള്ളതായ കൽമതിലുകളാൽ ചുററപ്പെട്ടിരിക്കുന്നു. ഇതിന്നു ഇപ്പോൾ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഓരോ ഗോപുരം ഉണ്ട്. പടിഞ്ഞാറെ ഗോപുരത്തിൻെറ അടുത്തായി പടിഞ്ഞാറെ ഭാഗത്തുള്ള റോഡിൽ 1911 ഡിസെമ്പർ 12-ാംനു- ഉണ്ടായ അഞ്ചാംജോർജ്ജ് ചക്രവത്തിയുടെ കിരീടധാരണമഹോത്സവം പ്രമാണിച്ച് 5 വിളക്കുകളോടുകൂടിയ ഒരു സ്മാരകദീപസ്തംഭം സ്ഥാപിച്ചിരിക്കുന്നു. ഈ ഗോപുരം ഏകദേശം 70-80 അടി ഉയരമുണ്ട്. ഗോപുരത്തിൽ രാമായണകഥ മിക്കതും കൊത്തിയിരിക്കുന്നു. ഈ ഗോപുരവും മതിലും 'നേഗോറി'ലെ ഒരു കച്ചവടക്കാരനാൽ 1734-ൽ പണി ചെയ്യിക്കപ്പെട്ടതാണുപോൽ.

ഈ ഗോപുരം കടന്ന് 10 അടി നടന്നാൽ ക്ഷേത്രത്തിൻെറ 3-ാം പ്രാകാരത്തിൽ എത്തും. ഇതു ഇരു ഭാഗത്തും ഉയന്നതും, ചിത്രപ്പണികളുള്ളതായ കൽത്തൂണുകളാൽ അലങ്കരിക്കപ്പെട്ടതുമായ ഒരു ചിററമ്പലമാണ്. അടിയിലും മുകളിലും കരിങ്കൽ തന്നെ. പടിഞ്ഞാറെ ഗോപുരം കടന്ന ഉടനെ ഇരുവശത്തുമുള്ളതായ ഉയന്ന സ്ഥലങ്ങളിൽ ശംഖ്, കവിടി, മാല, ചായകൊണ്ടുണ്ടാക്കിയ പലവിധ കൊട്ടകൾ, പലവിധ ചിത്രപടങ്ങൾ, പുസ്തകങ്ങൾ മുതലായവ പലേ ജാതിമതസ്ഥന്മാരുമായ വ്യാപാരികൾ വില്പന ചെയ്തുവരുന്നു. നടുവിലുള്ള വഴിയിൽ കൂടെ കടന്ന് വടക്കോട്ടു നടന്നാൽ, 'ശ്രീരാമനാഥ

സ്വാമി പ്രതിഷ്ഠ കാണാം. ഇതു ക്ഷേത്രത്തിന്നകത്തു കടപ്പാൻ പാടില്ലാത്ത യൂറോപ്യന്മാൎക്കും മററും കാണ്മാനായി വെച്ചിരിക്കുന്നതാണ്. ഈ സ്ഥലംവരെ ക്ഷേത്രത്തിൽ മുഹമ്മദീയൎക്കും ക്രിസ്ത്യാനികൾക്കും വരാം.

ശിവലിംഗപ്രതിഷ്ഠ.

രാമനാഥസ്വാമിയുടെ പ്രതിഷ്ഠയെക്കുറിച്ചു കേട്ടുവരുന്നതായ ഒരു ഐതിഹ്യത്തെ താഴെ ചേൎക്കുന്നു. ശ്രീരാമൻ സേതുബന്ധത്തിന്നു മുമ്പായി ഈ സ്ഥലത്തു ഒരു ശിവലിംഗം പ്രതിഷ്ഠിക്കേണമെന്നു കരുതി ശ്രേഷ്ഠതരമായ ശിവലിഗം കൊണ്ടുവരുവാനായി തൻെറ വിശ്വസ്തഭൃത്യനായ ഹനുമാനെ കാശിയിലേക്കയച്ചു. ഇവിടെ പ്രതിഷ്ഠക്കുള്ള സംഭാരങ്ങളെല്ലാം ഒരുക്കി ഹനുമാനെയും കാത്തിരിപ്പായി. മുഹൂൎത്തസമയം അടുത്തിട്ടും ഹനുമാൻ വന്നുകാണായ്കയാൽ ആ ശുഭസമയം തെററരുതെന്നു കരുതി ശ്രീരാമൻ മണൽകൊണ്ടു് ഒരു ശിവലിംഗത്തെ ഉണ്ടാക്കി അതിനെ അവിടെ പ്രതിഷ്ഠിച്ചു. തൽക്ഷണം തന്നെ കാശിയിൽനിന്നു ലിംഗവുംകൊണ്ടു് ഹനുമാനും എത്തി. തൻെറ പ്രയത്നം വ്യൎത്ഥമായതായി കണ്ടു് അത്യധികം വ്യസനാക്രാന്തനായ ഹനുമാൻ രാമചന്ദ്രനോടു ആവലാധി പറയുകയും അദ്ദേഹം ഇപ്പോൾ പ്രതിഷ്ഠിച്ചിരിക്കുന്ന ലിംഗത്തെ മാററിക്കളയുന്നതായാൽ താൻ കാശീലിംഗത്തെ പ്രതിഷ്ഠിക്കാമെന്നു മറുവടി പറയുകയും ചെയ്തു. ഈ ഉറപ്പില്ലാത്ത സൈകതലിംഗത്തെ എടുത്തു മറിപ്പാൻ നിഷ്പ്രയാസം സാധിക്കുമെന്നുള്ള അഹങ്കാര

ത്തോടുകൂടെ ഹനുമാൻ തൻെറ വാൽ രാമനാഥലിംഗത്തിൽ ചുററി മേല്പോട്ടു പൊങ്ങിവലിച്ചു. എന്നാൽ ആ മണൽകൊണ്ടുള്ള ലിംഗം അണു മാത്രം പോലും ചലിച്ചില്ല. ഹനുമാൻ പിന്നേയും പിന്നേയും അത്യധികം ശക്തിയോടുകൂടി വലിക്കുക നിമിത്തം വാൽ മുഴവനും മുറിഞ്ഞ് ഹനുമാൻ ദൂരെച്ചെന്നു വീണു. സ്വദേഹത്തെ അനക്കുവാൻപോലും സാധിക്കാതെ അവിടെക്കിടന്ന് ശ്രീരാമചന്ദ്രനെ വിളിച്ചു കരഞ്ഞുതുടങ്ങി. ഇപ്രകാരം ഭഗ്നഗൎവ്വനായ ഹനുമാൻെറ പരവശസ്ഥിതി കണ്ട് മനസ്സലിഞ്ഞ് ശ്രീരാമൻ ഹനുമാനെ അനുഗ്രഹിക്കുകയും ഹനുമാൻ കൊണ്ടുവന്ന ലിംഗത്തെ അടുത്തുതന്നെ ഒരു സ്ഥലത്തു പ്രതിഷ്ഠിക്കുകയും അവിടെ പൂജ കഴിഞ്ഞല്ലാതെ രാമനാഥസ്വാമിയെ പൂജിപ്പാൻ പാടില്ലെന്നു നിശ്ചയിക്കുകയും ചെയ്തു് സ്വഭക്തനെ സമാധാനിപ്പിച്ചു.

മേൽപറഞ്ഞ ശിവലിംഗമാണ് ഇപ്പോഠം കാശിവിശ്വനാഥസ്വാമി എന്ന പേരിൽ കണ്ടുവരുന്നതു. ഇപ്പോഴും അവിടെ പൂജ കഴിഞ്ഞല്ലാതെ രാമനാഥസ്വാമിയെ പൂജിക്കാറില്ല. രാമനാഥപ്രതിഷ്ഠ കഴിഞ്ഞ ഉടനെതന്നെ ശ്രീപാൎവ്വതീവിഗ്രഹത്തേയും 'പൎവ്വതവൎദ്ധിനി' എന്ന പേരിൽ പ്രതിഷ്ഠിക്കപ്പെട്ടു.

ഈ ക്ഷേത്രം പുതിയതായി പണിചെയ്യിക്കപ്പെട്ടതാകുന്നു. മുഴവനും കരിങ്കൽതന്നെ. നല്ല കാററും വെളിച്ചവും അകത്തു പ്രവേശിക്കത്തക്കവണ്ണം വളരെ വൃത്തിയായി പണിചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന്നു മുമ്പിലായി ഒ

രു വലിയ മണ്ഡപം ഉണ്ട്. മണ്ഡപത്തിന്റെ കിഴക്കുഭാഗത്തായി ഒരു വലിയ നന്ദികേശ്വര പ്രതിഷ്ഠയും ഉണ്ട്. രാമനാഥസ്വാമി സന്നിധിക്കു തെക്കായി ഉത്സവവിഗ്രഹവും പിൻവശത്തു നവഗ്രഹങ്ങളും ദക്ഷിണാമൂർത്തിയും വടക്കുവശത്തു കാശീവിശ്വനാഥസ്വാമിയും ഇതിന്റെയെല്ലാം തെക്കുവശത്തായി ശ്രുതിപ്പെട്ട ഭക്തശ്രേഷ്ഠന്മാരായ 63 ശിവഭക്തന്മാരേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതു കൂടാതെ നടരാജ പ്രതിഷ്ഠയും ഉണ്ട്.

ഈ ക്ഷേത്രം രാമനാഥപുരം രാജാവിന്റെ വകയായിരുന്നുപോലും. എന്നാൽ ഇപ്പോൾ മദിരാശി ഹൈക്കോർട്ടിൽ നിന്നും 1912-ൽ 65-ാം നമ്പ്ര് സീവിൽ റിവിഷൻ ഹരജിയുടെ മറുവടി പ്രകാരം നിശ്ചയിക്കപ്പെട്ട ഒരു കമ്മിററിക്കാരാണ് ക്ഷേത്രഭരണം നടത്തിവരുന്നതു. ഈ കമ്മിററിയിൽ സേതുപതി രാമനാഥപുരം രാജാവ്, ദേവക്കോട്ട സെമിണ്ടാർ അരുണാചലം ചെട്ടിയാർ, ദിവാൻബഹദൂർ വി. രാമഭദ്രനായഡു, കെ. രാമയ്യങ്കാർ (ഹൈക്കോട്ടുവക്കീൽ, മധുര) എ. രങ്കസ്വാമി അയ്യങ്കാർ എന്നവരാണ് ഇപ്പോൾ ഉള്ളതു. ഈ കമ്മിററിയുടെ കീഴിൽ, ക്ഷേത്രവും തൽസംബന്ധമായ സ്വത്തുക്കളും നോക്കി ഭരിപ്പാൻ 400 ക. ശമ്പളത്തിൽ ഒരു ട്രസ്റ്റിയേയും 100-150ക ശമ്പളത്തിൽ ഒരു ഖജാൻജിയേയും നിയമിച്ചിരിക്കുന്നു. രാമേശ്വരത്തുള്ള പ്രധാന ക്ഷേത്രഉദ്യോഗസ്ഥൻ ഈ ഖജാൻജിയാണ്. ക്ഷേത്രത്തിൽ നടക്കുന്ന അച്ചന, അഭിഷേകം മുതലായവ നോക്കാനായി ഒരു പേ

ഷ്കാരും ഒരു ഡിപ്യൂട്ടി പേഷ്കാരും ഉണ്ട്. ഇതു കൂടാതെ ക്ഷേത്രസംബന്ധമായ ഭരണത്തിൽ ഗവൎമ്മെണ്ടിന്നു യാതൊരു പ്രവേശനവും ഇല്ല. തിരുവാഭരണങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം കാവലിന്നായി സൎക്കാരിൽ നിന്നും ദേവസ്ഥാനത്തിലേക്കു 6 കാൺസ്റ്റബിൾമാരെ നൽകപ്പെട്ടിരിക്കുന്നു. ഇവരുടെ ശമ്പളം പ്രതിമാസവും ദേവസ്വത്തിൽനിന്നു സൎക്കാരിലേക്കു അടക്കുന്നുമുണ്ട്. ഇവിടുത്തെ ശാസ്ത്രിമാൎക്ക് ക്ഷേത്രത്തിലെ പൂജാദികളിലും മററും യാതൊരവകാശവും ഇല്ല. പൂജകന്മാർ മഹാരാഷ്ട്ര ബ്രാഹ്മണരാണ്. ഇവരെ തക്ക ശമ്പളത്തിന്മേൽ ദേവസ്ഥാനത്തുനിന്നും നിയമിക്കുകയാണ് പതിവ്. വെള്ളികൊണ്ടോ സ്വൎണ്ണംകൊണ്ടോ ഉള്ള വില്വപത്രം, ത്രിശ്ശൂലം, ഛത്രം മുതലായ വഴിവാടുകൾ ചെയ്യേണ്ടുന്നവർ ആദ്യമായി പേഷ്കാരെ കണ്ട് വഴിവാടുകളുടെ വിവരമടങ്ങിയ ടിക്കററു വാങ്ങി വഴിവാടു ചെയ്യേണ്ട സന്നിധിയിൽ ചെന്ന് പ്രധാന പൂജകൻ വശം കൊടുക്കേണ്ടതാകുന്നു. പൂജ കഴിഞ്ഞശേഷം പൂജകൻ അവയെ പേഷ്കാർ വശം ഏല്പിക്കയും അദ്ദേഹം ദേവസ്വം കണക്കിൽ വരവു ചേൎക്കുകയും ചെയ്യുന്നു. വഴിവാടുടമസ്ഥന്മാൎക്കു അവരുടെ വഴിവാടുകൾ കണക്കിൽ ചേൎത്തിട്ടുണ്ടോ എന്നു നോക്കുന്നതിന്നു വിരോധമില്ല.

രാമനാഥസ്വാമിക്ക് ഗംഗാഭിഷേകം ചെയ്താൽ മാത്രമേ കാശിയാത്ര പരിപൂൎണ്ണമാകയുള്ളുവെന്നു മുമ്പു പ്രസ്താപിച്ചിട്ടുണ്ടല്ലോ. ഇതിന്നായി ദിനംപ്രതി അനേകാ

യിരം ജനങ്ങൾ ഗംഗയുംകൊണ്ടു വരുന്നു. ഗംഗാഭിഷേകം നടക്കാത്തതായ ദിവസം രാമേശ്വരത്തില്ലെന്നു തന്നെ പറയാം. എന്നാൽ അഭിഷേകാൎത്ഥം കൊണ്ടുവരുന്ന ഗംഗ പിച്ചളകൊണ്ടോ ചെമ്പുകൊണ്ടോ ഉള്ള പാത്രങ്ങളിലായിരിക്കേണമെന്നു നിൎബ്ബന്ധമുണ്ട്. പാത്രം ഇരുമ്പോ, തകരമോ, കുപ്പിയോ ആയിരുന്നാൽ അതു മാററി ആ ഗംഗയെ ചെമ്പോ പിച്ചളയോ ആയ പാത്രങ്ങളിൽ ആക്കിക്കൊടുത്താൽ മാത്രമേ അഭിഷേകാൎത്ഥം സ്വീകരിക്കയുള്ളൂ. ഗംഗാഭിഷേകത്തിന്നു കൊണ്ടുവരുന്ന പാത്രങ്ങൾ വെള്ളിയോ, സ്വൎണ്ണമോ ആയിരുന്നാൽ കൂടിയും മടക്കിക്കൊടുക്കുന്ന പതിവില്ല. അവയെല്ലാം കണക്കിൽ ചേൎത്ത് ക്ഷേത്രത്തിൽ സൂക്ഷിക്കുന്നു. ചെമ്പു പിച്ചള് പാത്രങ്ങൾ ക്ഷേത്രത്തിൻെറ മൂന്നാം പ്രാകാരത്തിൽ ആവശ്യപ്പെട്ടാൽ വാങ്ങുവാൻ കിട്ടുന്നതാണ്. അവിടെ പലെ തരത്തിലും വലുപ്പത്തിലുമുള്ള അനവധി പാത്രങ്ങൾ കൂട്ടിയിരിക്കുന്നു. നമുക്കാവശ്യമുള്ളവ തിരഞ്ഞെടുക്കാം. വിലക്കും അല്പം ചുരുക്കമുണ്ട്. ഗംഗാഭിഷേകത്തിന്നു പാത്രമൊന്നിന്നു 2 ക വീതം ഫീസ് കൊടുക്കണം. അപ്രകാരമുള്ള സംഖ്യ ക്ഷേത്രത്തിന്നകത്തുള്ള ദേവസ്വം പേഷ്കാരാഫീസിൽ കൊടുത്തു രശീതി വാങ്ങി അതുംകൊണ്ട് സന്നിധിയിലേക്കു ചെല്ലേണ്ടതാകുന്നു. ഗംഗ കൈവശമില്ലാത്തപക്ഷം പേഷ്കാരോടാവശ്യപ്പെട്ടാൽ വിലക്കു വാങ്ങിത്തരുന്നതാണ്. ¼ പടി ഗംഗക്കു രണ്ടുറുപ്പികയാണു വില. ഇങ്ങിനെ ഗംഗ വാങ്ങുന്നവരും അഭിഷേകഫീസ്

2 കയും ഗംഗ നിറപ്പാനുള്ള പാത്രവും വേറെ കൊടുക്കണം. മലയാളികൾക്കു രാമേശ്വര ക്ഷേത്രത്തിന്നകത്തു പ്രവേശിക്കേണമെങ്കിൽ ആളൊന്നുക്ക് 1 ക ഫീസ് കൊടുത്തു രശീതി വാങ്ങണം. എന്നാൽ ഗംഗാഭിഷേകം ചെയ്യുന്നവർ ഈ പ്രവേശന ഫീസ് വേറെ കൊടുക്കേണ്ടതില്ല. രാമേശ്വരത്തു ചെല്ലുവാൻ സാധിക്കാത്തവർ ഗംഗയെ ഫീസോടുകൂടി പാർസലായി ദേവസ്വം പേഷ്കാർക്കയച്ചു കൊടുത്താൽ അവർ അഭിഷേകം നടത്തും. ഇങ്ങിനെ അയക്കുന്നവർ അവരുടെ നാളും പേരും ഗോത്രവുംകൂടെ അറിയിക്കേണ്ടതാണ്. 1 ണ തപാൽ മുദ്രകൂടെ അയച്ചാൽ രശീതിയും അയച്ചുകൊടുക്കും.

അഭിഷേകം ഇവിടെ നാലുതരത്തിലുണ്ട്. 1. ഉഭയാഭിഷേകം 2. ഇതരഉഭയാഭിഷേകം 3. പഞ്ചാമൃതാഭിഷേകം 4. രുദ്രാഭിഷേകം എന്നിവയാണ്. അഭിഷേകം കഴിച്ചവർ പാചകശാലയിൽ ചെന്നാൽ അതാതിന്നനുസരിച്ച പ്രസാദം കിട്ടും. ഇതു ദേവീസന്നിധിക്കടുത്താണ്. പഞ്ചാമൃതാഭിഷേകത്തിന്നു 4-കയും രുദ്രാഭിഷേകത്തിന്നു 6 കയും വിലക്കുള്ള ഗംഗാതീർത്ഥം ദേവസ്വത്തിൽനിന്നും വില കൂടാതെ കൊടുക്കും. ഇവിടെ നടക്കുന്ന അർച്ചന, അഭിഷേകം മുതലായവയുടെ തോത് താഴെ കാണിക്കുന്നു.

| | ക. | ണ. | പ. |
|---|---|---|---|
| 1. ഗംഗാഭിഷേകം (പാത്രമൊന്നുക്ക്) | 2 | 0 | 0 |
| 2. പാൽ അഭിഷേകം പടി 1ന്ന് | 1 | 0 | 0 |

| | | | | |
|---|---|---|---|---|
| 3. | സഹസ്രനാമാൎച്ചന (വട, പായസനിവേദ്യസഹിതം 8 ണ അൎച്ചനക്കും 1 ക നിവേദ്യത്തിന്നും) | 1 | 8 | 0 |
| 4. | അഷ്ടോത്തരാൎച്ചന | 0 | 5 | 0 |
| 5. | നാളികേരം 1 ന്ന് | 0 | 1 | 0 |
| 6. | ഉഭയാഭിഷേകം (പ്രസാദത്തോടുകൂടി) | 5 | 4 | 0 |
| 7. | ഇതരഉഭയാഭിഷേകം ടി | 10 | 8 | 0 |
| 8. | പഞ്ചാമൃതാഭിഷേകം ടി | 22 | 8 | 0 |
| 9. | രുദ്രാഭിഷേകം ടി | 50 | 0 | 0 |

പുഷ്പം, മാല മുതലായവക്കു യാതൊരു ഫീസും ഇല്ല. അൎച്ചന ചെയ്യിക്കുന്നവർ അങ്ങാടിയിൽനിന്നും നാളികേരം, പഴം, വെററിലടക്ക, കൎപ്പൂരം, കുങ്കുമം ഇതുകൾ വാങ്ങി തട്ടിൽ വെച്ചു കൊടുക്കണം. അൎച്ചനയും അഭിഷേകവും പേഷ്കാരാഫീസിൽ പണമടച്ച് രശീതി വാങ്ങിയ ശേഷമേ നടത്തുവാൻ അനുവദിക്കയുള്ളു.

ഇവിടെ ദേവന്നും ദേവിക്കും അനേകം വില പിടിച്ച തിരുവാഭരണങ്ങളും സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള വാഹനങ്ങളുമുണ്ട്. ഇവ ആൎക്കും കാണാം. വാഹനങ്ങൾ കാണേണ്ടവർ 5 കയും ആഭരണങ്ങൾ കാണേണ്ടവർ 15 ക യും അടച്ച് പേഷ്കാർവക്കൽനിന്നു ടിക്കററു വാങ്ങണം.

സാധാരണ സന്ധ്യാസമയങ്ങളിലുള്ള ദൎശനങ്ങൾക്കു പുറമെ ഒരു വിശേഷദൎശനം സ്ഫടികലിംഗമാണ്. ഇതിന്നു വളരെ മാഹാത്മ്യമുണ്ട്. ദിവസത്തിൽ ഒരിക്കൽ മാ

ത്രമേ അതു സാധിക്കയുള്ളൂ. പുലൎച്ചെ 4 മണിക്കും 5 മണിക്കും മദ്ധ്യെയാണ് ആ സമയം. രാവിലെ നടതുറന്ന ഉടനെ സ്ഫടികലിംഗത്തിന്നു പാൽ അഭിഷേകം ചെയ്യുന്നതും മററും കാണാം. മറെറാരു വിശേഷം ദേവീദേവന്മാരുടെ പുരാതനമായ സ്വൎണ്ണവിഗ്രഹദൎശനമാണ്. ഇതു അൎദ്ധയാമപൂജ കഴിഞ്ഞ ഉടൻ കാണാം. ദൎശനത്തിന്നായി അൎദ്ധമണ്ഡപത്തിലേക്കു ബ്രാഹ്മണരെ മാത്രമേ പ്രവേശിപ്പിക്കയുള്ളൂ. അതിന്നു അവർ ആളൊന്നുക്ക് 1 ക ഫീസ് കൊടുക്കണം.

## സേതുസ്നാനം.

മേൽവിവരിച്ചപ്രകാരം കോടിതീൎത്ഥമൊഴികെയുള്ള മററു തീൎത്ഥസ്നാനങ്ങളും ശ്രാദ്ധാദികളും രാമനാഥസ്വാമി തുടങ്ങിയ സന്നിധികളിലെ ദൎശനവും കഴിഞ്ഞ ശേഷമാണ് സേതുസ്നാനം ചെയ്യേണ്ടതു. രാമേശ്വരത്തുനിന്നും 12 നാഴിക അകലെ രാമേശ്വരദ്വീപിന്റെ കിഴക്കെ അററമാണ് ധനുഷ്കോടി. ഇവിടേക്കു തീവണ്ടിയുണ്ട്. എസ്. ഐ. ആർ വക സിലോൺ ബോട്ട്മെയിൽ അവസാനിക്കുന്നതു ധനുഷ്കോടിയിലാണ്. 'തലൈമന്നാർ' എന്ന സ്ഥലത്തേക്കു പോകുവാനുള്ള കപ്പൽ ഇവിടെ വന്നു നില്ക്കുന്നതു കാണാം. രാമേശ്വരത്തുനിന്നു ധനുഷ്കോടിയിലേക്കുള്ള വഴി ഉദ്ദേശം നാലുനാഴിക വീതിയുള്ള ഒരു മുനമ്പുമാതിരിയാണ്. ധനുഷ്കോടിയിൽതാമസിപ്പാൻ സ്ഥലവും മററും കിട്ടുവാൻ വളരെ പ്രയാസം. നാട്ടുകോട്ടചെട്ടികളുടെ വക ഒരു സത്രവും ബ്രാഹ്മണ

ഹോട്ടലും ഉണ്ട്. ഈയിടെയായി ഗവൎമ്മേണ്ടാഫീസുകളാലും മററും ധനുഷ്കോടി ഒരു പട്ടണമായിതീൎന്നിരിക്കുന്നു. തീവണ്ടിയാപ്പീസിൽനിന്നും സ്നാനഘട്ടത്തിലേക്കു 2 നാഴികയിലധികം ദൂരമുണ്ട്. വണ്ടിപോകും. സ്നാനം ചെയ്യാനുള്ള സ്ഥലം വളരെ സുഖപ്രദമായതാണ്. വിശേഷദിവസങ്ങളിൽ ദുസ്സഹമായ തിരക്കുണ്ടായിരിക്കും. തീവണ്ടിയാപ്പീസിൽനിന്നു സേതുക്കരക്കു പോകുവാൻ കാളവണ്ടികൾ യഥേഷ്ടം കിട്ടും. 4 മണിക്കൂർ നേരത്തിന്നു 2ക കൂലികൊടുത്താൽമതി. ധനുഷ്കോടിയിൽ ഒരു ആസ്പത്രിയുമുണ്ടു.

സങ്കല്പാദികൾ പറഞ്ഞുതരുവാനും മററും പുരോഹിതന്മാർ അവിടെ ധാരാളം ഉണ്ടായിരിക്കും ആദ്യമായി സ്നാനം ചെയ്യേണ്ടതു പടിഞ്ഞാറെ സമുദ്രത്തിലാണ്. ഇതിൽ അല കലശലായുണ്ട്. കിഴക്കെ സമുദ്രം അല ഒട്ടുമില്ലാതെ ശാന്തമായിരിക്കുന്നു. ഒരു ഭാഗം കലശലായ അലയും മറെറാരുഭാഗം ഒട്ടും അലയില്ലാതേയും കിടക്കുന്നതു കണ്ടാൽ വളരെ അത്ഭുതം തോന്നും. സങ്കല്പത്തോടുകൂടെ തങ്ങളുടെ ഇഷ്ടപ്രകാരം എത്രയെങ്കിലും സ്നാനം ചെയ്യാം. 12. 36. 108. ഇങ്ങിനെ ഓരോരുത്തർ പലവിധത്തിലും സ്നാനം ചെയ്യാറുണ്ടു. അതിന്നുശേഷം തീൎത്ഥക്കരയിൽവെച്ചു ശ്രാദ്ധാദികളും യഥാശക്തി ദാനവും ചെയ്തു കഴിഞ്ഞാൽ തിരിച്ചുപോകാം. ദുരിതശാന്തിക്കു സേതുസ്നാനംപോലെ മുഖ്യം മറെറാന്നുമില്ലെന്നാണ് ശാസ്ത്രങ്ങളിൽ കാണുന്നതു.

സേതുസ്നാനാനന്തരം അന്നുതന്നെ രാമേശ്വരത്തേക്കു മടങ്ങി രാമനാഥസ്വാമിയേയും സേതുസ്നാനഫലദായകനായ സേതുമാധവനേയും ദർശനം ചെയ്യേണമെന്നാണ് വിധി. അതു കഴിഞ്ഞാൽ അവസാനമായി ചെയ്യേണ്ടതു കോടിതീർത്ഥസ്നാനമാണ്. ഈ തീർത്ഥസ്നാനം കഴിച്ചു കോടിതീർത്ഥം എടുത്തു പൂജിക്കണം. എന്നാൽ തിരിച്ചുപോരുന്ന ദിവസം മാത്രമേ കോടിതീർത്ഥം എടുക്കുവാൻ പാടുള്ളൂവെന്നാണ് നിശ്ചയം.

# അനുബന്ധം.

(1924 ആഗസ്റ്റ് 5-ാംനു-ത്തെ 'മനോരമ'യിൽ നിന്ന്)

ശ്രീമതി തരവത്ത് അമ്മാളുഅമ്മ തന്റെ സഹോദരൻ പരേതനായ ഡോക്ടർ ടി. എം. നായരുടെ അസ്ഥിയുംകൊണ്ട് കാശിക്കു പോകും വഴി ഇപ്പോഴത്തെ രണ്ടാം മന്ത്രിയായ ബഹുമാനപ്പെട്ട കെ. വി. റഡ്ഡിനായഡുഗാരുവിന്റെ ക്ഷണം സ്വീകരിച്ച് ജൂലായി മാസം 23-ാംനു-മദ്രാസ്സിൽ എത്തി. കൂടെ അവരുടെ ഒടുവിലത്തെ മകളുടെ മരുമകൻ കെ. ഗോവിന്ദൻനായരവർകളും വേറെ രണ്ടു ബ്രാഹ്മണരും ഉണ്ടായിരുന്നു. അവരെ എതിരേല്പാനായി റഡ്ഡിനായഡുഗാരു തുടങ്ങിയ അനേകം മഹാന്മാർ റയിൽവെ സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. വണ്ടി ഇറങ്ങിയ ഉടനെ ഡാക്ടർ നായരുടെ അസ്ഥിപ്പെട്ടിയെ കെ. വി. റഡ്ഡിയവർകൾ പൂമാലകളാൽ അലങ്കരിച്ചു. അവരുടെ അപ്പോഴത്തെ വ്യസനഭാവവും പ്ലാററ്ഫാറത്തിലെ നിശ്ശബ്ദതയും കാണികളുടെ മനസ്സിനെ അലിപ്പിക്കത്തക്കതായിരുന്നു. അതിന്റെ ശേഷം അവിടെ വന്നുകൂടിയ മഹാന്മാരെ ഓരോരുത്തരെയായി മന്ത്രിയവർകൾ അമ്മാളു അമ്മക്കു പരിചയപ്പെടുത്തുകയും തദനന്തരം അവരെ സ്വവസതിയിലേക്കു കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു. പിന്നീട് പ്രതിദിനവും ഡാക്ടർ നായരുടെ സ്നേ

ഹിതന്മാരായ മന്ത്രിമാർ തുടങ്ങിയുള്ള അനേകം ഗവ
ർമ്മെണ്ടുദ്യോഗസ്ഥന്മാരും ജമീൻദാർമാർ തുടങ്ങിയ അനേ
അനുദ്യോഗസ്ഥന്മാരും ആ ബംഗ്ലാവിൽ പുഷ്പങ്ങളും
ാണ്ടുചെന്നു ആ അസ്ഥിപ്പെട്ടിയെ സന്ദർശിച്ചു പോന്നു.

30-ാംനു- വൈകുന്നേരം ജസ്റ്റീസ്സാഫീസിൽ വെച്ചു സർ പി. ടി. ചെട്ടിയാരുടെ അദ്ധ്യക്ഷതയിൻ കീഴിൽ ഒരു മഹാജനയോഗം കൂടുകയും ഡോക്ടർ നായരുടെ അസ്ഥിപ്പെട്ടി പ്രസിഡൻറവർകൾ സബഹുമാനം എതിരേററ് ഒരു മാന്യസ്ഥാനത്തു വെക്കുകയും അനേകം പേർ പുഷ്പമാലകളെക്കൊണ്ടും മററും അതിനെ അലങ്കരിക്കുകയും വന്ദിക്കുകയും ചെയ്തു. അതിൻെറ ശേഷം അലംകൃതമായ അസ്ഥിപ്പെട്ടിയുടേയും സഭാവാസികളുടേയും ഒരു ഫോട്ടോ എടുത്തു. തദനന്തരം ഡോക്ടർ നായരുടെ ഗുണഗണങ്ങളെ പററിയും ആ ശ്രേഷ്ഠനേതാവിൻെറ വിയോഗത്താൽ തങ്ങൾക്കുണ്ടായിരിക്കുന്നനഷ്ടത്തെക്കുറിച്ചും അദ്ധ്യക്ഷനും ബഹുമാനപ്പെട്ട രാജാരാമരായനിങ്കാർ, വെങ്കിടറഡ്ഡിനായഡു അവർകൾ, പത്രോ അവർകൾ എന്നീ മന്ത്രിമാരും സി. രാമലിംഗറഡ്ഡി അവർകൾ, എ. രാമസ്വാമി മുതലിയാർ, ഡോക്ടർ ഉസ്മാൻ മുതലായ മഹാന്മാരും പ്രസംഗിക്കയും, ദിവാൻ ബഹദൂർ വെങ്കിടരത്നനായഡു അവർകൾ ഒരു പ്രാർത്ഥന നടത്തുകയും, തങ്ങളുടെ അപേക്ഷയനുസരിച്ച് ഡോക്ടർ നായരുടെ സ്വല്പം അസ്ഥിയും അതടക്കംചെയ്ത പെട്ടിയും തങ്ങൾക്കു നൽകിയതിന്നു അമ്മാളുഅമ്മയോടു വന്ദനം പറയുകയും ചെയ്തശേഷം അമ്മാളുഅമ്മ അവർകൾ അവിടെ കൂടി

യിരുന്ന മഹാജനങ്ങളോടു വന്ദനം പറഞ്ഞു പിരിഞ്ഞു. ഇവരെ യാത്ര അയപ്പാനായി അവിടെ കൂടിയിരുന്ന വരിൽ പലരും സ്റ്റേഷനിലേക്കു ചെന്നിരുന്നു. അതു കൂടാതെ ഈ ആവശ്യാൎത്ഥം മററു പലേ മഹാന്മാരും സ്റ്റേഷനിൽ സന്നിഹിതരായിരുന്നു. ഇവരുടെയെല്ലാം ആശീൎവ്വാദത്തോടുകൂടെ അമ്മാളുഅമ്മയും മററും 7 മണിക്കു ജഗന്നാഥത്തേക്കു പോയി.

---

## പരേതനായ ഡാക്ടർ ടി. എം. നായർ,

### മദ്രാസ്സിലെ പൊതുയോഗം.

(1921 ആഗസ്റ്റ് 9-ാംനു-ത്തെ മനോരമയിൽനിന്ന്)

പരേതനായ ഡാക്ടർ നായരുടെ അസ്ഥിയുംകൊണ്ട് ശ്രീമതി തരവത്ത് അമ്മാളുഅമ്മ കാശിക്കു പോകും വഴി മദിരാശിയിൽഅബ്രാഹ്മണസംഘക്കാർ അവരെ എതിരേററതുംമററും മുമ്പുപ്രസ്താപിച്ചിരുന്നുവല്ലോ. ജൂലായി 30 ാംനു- ജസ്റ്റീസ്സാഫീസിൽവെച്ചു സർ. പി. ത്യാഗരാജചെട്ടിയാരുടെ അദ്ധ്യക്ഷതയിൽ കൂടിയ അബ്രാഹ്മണയോഗത്തിൽ പലേ മഹാന്മാരും സന്നിഹിതരായിരുന്നു. ഈ സംസ്ഥാനത്തിൽ പലേ ഭാഗങ്ങളിലുമുള്ള അബ്രാഹ്മണ സംഘങ്ങളിൽനിന്നും ഈമീററിങ്ങിൻെറ ഉദ്ദേശത്തെ ആദരിക്കുന്നതായ പലെ കമ്പികളും വന്നിരുന്നു. അദ്ധ്യക്ഷൻെറ പ്രാരംഭപ്രസംഗത്തിൽ ഡാക്ടർ നായർ അബ്രാഹ്മ

ണസംഘത്തിന്നു ചെയ്ത വിലയേറിയ സഹായങ്ങളെപ്പററി പ്രത്യേകം പ്രസ്താപിച്ചിരുന്നു. അദ്ദേഹത്തെ തുടൎന്നു പലരും പ്രസംഗിക്കുകയുണ്ടായി. അവസാനം ഡാക്ടർ നായരുടെ പ്രതിനിധിയെന്ന നിലയിൽ എന്തെങ്കിലും രണ്ടു വാക്കു ആ സഭയിൽ പറഞ്ഞാൽകൊള്ളാമെന്നു പലരും ആവശ്യപ്പെട്ടപ്രകാരം ശ്രീമതി അമ്മാളുഅമ്മ താഴെപറയുംപ്രകാരം മറുവടി പറഞ്ഞു.

മാന്യസഹോദരന്മാരെ, ഇത്തരത്തിലുള്ള പൊതുജനസദസ്സുകളിൽ സംസാരിച്ചിട്ടുള്ള പരിചയം എനിക്ക് ഒട്ടുംതന്നെ ഇല്ല. എങ്കിലും എൻെറ പ്രിയ സഹോദരൻെറ സ്മരണക്കായി ഇന്നു ഇവിടെ കൂടുന്ന ബഹുജനയോഗത്തിൽ ഞാനും സന്നിഹിതയായിരിക്കേണമെന്നു എൻെറ മാന്യസുഹൃത്തുക്കളായ നിങ്ങൾ സ്നേഹപുരസ്സരം എന്നോടാവശ്യപ്പെട്ട സ്ഥിതിക്ക് അതിനെ ആദരിക്കാതിരിക്കുന്നതു മൎയ്യാദകേടായി തീരുമെന്നു മാത്രം കരുതി ഞാനിവിടെ വന്നതാണ്. എൻെറ പ്രിയ സഹോദരൻെറ അകാലനിൎയ്യാണത്തെപ്പററി അനുശോചിപ്പാനും അദ്ദേഹത്തെ സബഹുമാനം ഓൎമ്മിപ്പാനുമായി തങ്ങൾക്കുള്ള ഭാരമേറിയ ജോലികളേയും നിൎത്തിവെച്ച് ഇവിടെ കൂടിയ മഹാജനങ്ങളോടു എൻെറ അനുജൻെറ പ്രതിനിധിയെന്ന നിലയിൽ വന്ദനം പറയേണ്ടതു എൻെറ ബാദ്ധ്യതയാണെന്നു എനിക്കറിയാം. എന്നാൽ എൻെറ ഹൃദയത്തിൽ നിറഞ്ഞൊഴുകുന്ന സഹോദരവാത്സല്യത്താലും അദ്ദേഹത്തിൻെറ വിയോഗത്താലുള്ള അപാരപാരവശ്യത്താലും ഞാൻ അതിനു തീരെ അശക്തയായിതീൎന്നിരി

ക്കൊണ്ട് എനിക്കു പറവാനുള്ളതിനെ എഴുതി അറിയിക്കുന്നതാണ്.

1914-ൽ ഞങ്ങളുടെ പ്രിയ ജ്യേഷ്ഠൻ ഗോപാലൻ നായരവർകളും ആറുമാസം കഴിയുന്നതിന്നു മുമ്പ് ഞങ്ങളുടെ പ്രിയ മാതാവും മരിച്ചുപോയതോടുകൂടി എനിക്കും എൻെറ പെൺകുട്ടികൾക്കും ഏകാവലംബമായിരുന്നതു ഞാൻ ബാല്യകാലം മുതല്ക്കു ഒരുമിച്ചു വളൎന്ന് അന്യോന്യം അനിതരസാധാരണമായി സ്നേഹിച്ചു വന്ന എൻെറ പ്രിയ സഹോദരനായ ഡാക്ടർ നായരായിരുന്നു. കാൎയ്യപരിചയംകൊണ്ടും വിദ്യാഭ്യാസംകൊണ്ടും എന്നേക്കാൾ പ്രാപ്തി തനിക്കുണ്ടായിരുന്നുവെങ്കിലും ഏതു കാൎയ്യത്തിൽ പ്രവേശിക്കുമ്പോഴും അതിൻെറ ഗുണദോഷത്തെപ്പററി എൻെറ അനുജൻ എന്നോടാലോചിക്കുക പതിവായിരുന്നു. അബ്രാഹ്മണസംഘത്തിൻെറ ആരംഭദശയിലും അദ്ദേഹം ഈ പതിവനുസരിച്ച് ആ പുതിയ സംഘം ചെയ്യാനുദ്ദേശിച്ചിരുന്ന അഭിവൃദ്ധികരങ്ങളായ കാൎയ്യങ്ങളെപ്പററി എന്നോടാലോചിക്കുകയുണ്ടായി. "പക്ഷഭേദം കൂടാതെ നമ്മെ രക്ഷിച്ചുപോരുന്ന ബ്രിട്ടീഷുഗവൎമ്മേണ്ടിനോടു യാതൊരു വിധത്തിലും നന്ദികേടു വരാത്ത രീതിയിൽ നടക്കേണ്ടതു നമ്മുടെ ബാദ്ധ്യതയാണെന്നുള്ള ഓൎമ്മയോടുകൂടി സ്വാൎത്ഥരഹിതമായും പരഗുണത്തെക്കരുതിയും ആരംഭിക്കപ്പെടുന്ന ഉദ്യമങ്ങളിൽ ഏൎപ്പെട്ട് അവയെ ഫലപ്രാപ്തിവരെ നിൎവ്വഹിക്കുന്നതുതന്നെയാണു പുരുഷധൎമ്മമെന്നും, യാതൊരുത്തൻെറ ജനനം ഹേതുവായി ഒരു സമുദായമോ വംശമോ സമുന്നതിയെ പ്രാപിക്കുന്നുവോ

ആൾ മാത്രമേ യഥാൎത്ഥജീവിതത്തിന്നൎഹനായി ഭവിക്കുന്നുള്ളൂ" എന്നുമാണ ഞാൻ മറുവടിപറഞ്ഞതു. അതിന്നു ശേഷം എന്റെ അനുജനും അബ്രാഹ്മണസംഘക്കാരും ചെയ്തുപോന്ന കൃത്യങ്ങളെല്ലാം മിക്കവാറും ഞാൻ ശ്രദ്ധിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നു. അന്നുമുതൽ ഡാക്ടർ നായർ മരിക്കുന്നതുവരെ അദ്ദേഹത്തെ സഹായിപ്പാനായി ഞാൻ നഷ്ടപ്പെട്ടതും ബുദ്ധിമുട്ടിയതും എനിക്കും എന്റെ അനുജനും ഈശ്വരനും മാത്രമേ അറിഞ്ഞുകൂടു. അതു അപരിഹാൎയ്യമായ ഒരു സംഗതിയാകകൊണ്ടു ആ വൎത്തമാനങ്ങൾ പറഞ്ഞ് നിങ്ങളെ വേദനപ്പെടുത്തുവാൻ ഞാൻ വിചാരിക്കുന്നില്ല. അബ്രാഹ്മണ സംഘം ഏൎപ്പെട്ടതോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ ആരോഗ്യത്തിന്നു ഏറക്കുറെ ക്ഷീണം ബാധിച്ചിട്ടുണ്ടെന്നു എനിക്കു മനസ്സിലായിരുന്നു. 1919 മെ മാസത്തിൽ ഇംഗ്ലണ്ടിലേക്കു പോകുമ്പോൾ യാത്ര ചോദിക്കുവാനായി ഡാക്ടർ നായർ പാലക്കാട്ടു വന്നപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യക്ഷയം എന്നെ വല്ലാതെ അസ്വസ്ഥയാക്കി. എങ്കിലും ആരംഭിച്ചുവെച്ച കൃത്യം കലാശം വരെ നിൎവ്വഹിക്കേണ്ടതു സ്വധൎമ്മമാണെന്നു വിചാരിച്ചും തനിക്കു അത്രയധികം ക്ഷീണമൊന്നും തോന്നുന്നില്ലെന്നു എന്നോടു പറഞ്ഞതുകൊണ്ടും ഞാൻ ഒരുവിധം സമാധാനിച്ച് യാത്രാനുവാദം നൽകി. അന്നത്തെ ആ യാത്ര ചോദിക്കൽ ഒടുവിലത്തേതായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. എന്റെ പ്രിയ സഹോദരന്റെ സ്നേഹപ്രസന്നമായ മുഖം അതിന്നു ശേഷം ഒരു ദനാക്കെങ്കിലും കാണ്മവാൻ സാധിക്കയില്ലെന്നു ഞാൻ

സംശയിക്കുക കൂടി ചെയ്തിരുന്നില്ല. എന്റെ ജീവിതത്തിനെ അന്ധകാരത്തിൽ വിട്ടുകൊണ്ട് ആ പ്രിയ സഹോദരദീപം അണഞ്ഞുപോയി. എന്നാൽ ഈ ദുസ്സഹമായ അന്ധകാരത്തിനിടയിലും നിങ്ങളുടെ അനുതാപപ്രകടനങ്ങൾ ഒരു രജതരേഖപോലെ എന്നെ ഏറക്കുറെ സമാധാനപ്പെടുത്താതിരുന്നിട്ടില്ല. എനിക്കു നേരിട്ട സങ്കടത്തിൽ എന്നോടു സഹതപിച്ചുകൊണ്ട് കത്തെഴുതിയും കമ്പികളയച്ചും എന്നെ സമാധാനിപ്പിച്ച മാന്യസഹോദരന്മാരോടു ഞാൻ ഒരിക്കൽകൂടെ വന്ദനം പറഞ്ഞുകൊള്ളുന്നു. "നിങ്ങളുടെ ഒരു സഹോദരൻ മരിച്ചുപോയതിനാൽ നിങ്ങൾ ഇത്രയധികം സന്തപിക്കരുതെന്നും ആയിരക്കണക്കായ സഹോദരന്മാരെ നിങ്ങൾക്കുണ്ടാക്കിവെച്ചിട്ടാണ് അദ്ദേഹം പോയിരിക്കുന്നതെ"ന്നും ബഹുമാനപ്പെട്ട കെ. വി. റഡ്ഡിനായഡു അവർകൾ കുറെ ദിവസം മുമ്പെ എന്നോടു പറകയുണ്ടായി. അന്നു അദ്ദേഹം പറഞ്ഞ വാക്കു എത്രയോ യഥാർത്ഥമാണെന്നു ഇന്നു ഈ സഭ കണ്ടതിൽ എനിക്കു ബോദ്ധ്യമായിരിക്കുന്നു. എനിക്കു സംഭവിച്ച സങ്കടത്തിന്നു ഇതൊരാശ്വാസം മാത്രമാണുള്ളതു. എന്റെ അനുജൻ ജീവിതസന്ധാരണം ചെയ്തതു മാതൃതുല്യമായ ജന്മഭൂമിക്കും സഹോദരതുല്യരായ സഹജീവികൾക്കും വേണ്ടിയായിരുന്നുവെന്നും ജീവാവസാനം വരെ എന്റെ സഹോദരൻ ആ പരമോദ്ദേശത്തെ വിസ്മരിക്കാതേയും അതിൽനിന്നു അണുമാത്രം വ്യതിചലിക്കാതെയും ആണ് പ്രവൎത്തിച്ചിരുന്നതെന്നും ഉള്ള വിശ്വാസമാണ് ഈ ദുഃഖസഹനത്തിനുള്ള ശക്തിയെ എനിക്കു നൽകിക്കൊണ്ടിരിക്കുന്നതു.

"ന ജായതേ മ്രിയതേ വാ കദാചിൽ
നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോ നിത്യഃ ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ."

എന്ന ഗീതാവാക്യമനുസരിച്ച് ആത്മാവു അനശ്വരമാണെന്നും ഭൌതികമായ ദേഹത്തിന്നു മാത്രമേ വിലയം സംഭവിക്കുന്നുള്ളുവെന്നും മരണാനന്തരം മനുഷ്യചൈതന്യം ഈശ്വരചൈതന്യത്തിൽ ലയിച്ച് ലോകവ്യവഹാരങ്ങളെ വ്യവസ്ഥപ്പെടുത്തുന്ന മഹൽകൃത്യത്തിൽ ഭാഗഭാക്കായി തീരുന്നുണ്ടെന്നും മററും ഞാൻ വളരെക്കാലമായി വിശ്വസിച്ചുപോരുന്ന തത്വങ്ങളാണ്. അതനുസരിച്ച് എൻെറ പ്രിയ സഹോദരൻെറ ആത്മാവ് പരമാത്മാവിൽച്ചെന്നു ചേൎന്ന് ഇരുട്ടിൽ പെട്ട യാത്രക്കാരന്നു നക്ഷത്രമെന്നപോലെ നമ്മുടെ ഉദ്യമങ്ങളെ പ്രാപ്യസ്ഥാനത്തേക്കുള്ള പദ്ധതിയിൽക്കൂടെ കൊണ്ടു നടത്തുന്നുണ്ടെന്നാണ് എൻെറ വിശ്വാസം.

ഞാൻ ഇപ്പോൾ കാശിക്കു യാത്ര പുറപ്പെട്ടിരിക്കയാണ്. ഡോക്ടർ നായർ ദേഹത്യാഗം ചെയ്തതു ഇംഗ്ലണ്ടിൽ വെച്ചാണെങ്കിലും അവിടെ ഉണ്ടായിരുന്ന സഹോദരന്മാർ ശവസംസ്കാരവും മററും വേണ്ടതുപോലെ ചെയ്യുകയും ഡാക്ടർ രാമനുണ്ണിമേനോൻ ആ അസ്ഥികളെ മനോഹരമായ ഒരു പെട്ടിയിലടക്കം ചെയ്ത് എനിക്കെത്തിച്ചു തരുകയും ചെയ്തിരിക്കുന്നു. മരിച്ചുപോയവരുടെ അസ്ഥികളെ പുണ്യ തീൎത്ഥത്തിൽ അൎപ്പണം ചെയ്യുന്നതു ആത്മീ

യമായ നിവൃതിക്കു ഉതകുന്ന ഒരു ക്രിയയാണെന്നു ഹിന്തു ശാസ്ത്രങ്ങൾ പറയുന്നുണ്ടല്ലോ. അതിലെനിക്കു ചിര പ്രതിഷ്ഠിതമായ വിശ്വാസമുള്ളതിന്നു പുറമെ എന്റെ അനുജനും ഏറക്കുറെ വിശ്വാസമുണ്ടായിരുന്നുവെന്നു ഞാൻ പല സംഗതികളിൽ നിന്നും മനസ്സിലാക്കീട്ടുണ്ട്. അതുകൊണ്ട് ഈ അസ്ഥികളെ ഗംഗാജലത്തിൽ സമൎപ്പിക്കേണമെന്ന പ്രധാന ഉദ്ദേശത്തോടു കൂടിയാണ് എന്റെ ഈ തീൎത്ഥയാത്ര.

ഈ അസ്ഥികളോടുകൂടി ഞാൻ മദ്രാസിൽ എത്തിയതു മുതൽ ഇതേവരെ പലരും സ്റ്റേഷനിൽവെച്ചും വീട്ടിൽ വെച്ചും ഇതിനെ ബഹുമാനിച്ചുകൊണ്ട് പുഷ്പമാലകളും പുഷ്പങ്ങളും അയക്കുകയുണ്ടായി. മദ്രാസിലെ ജനങ്ങൾക്കു ഡാക്ടർ നായരോടുള്ള നിൎവ്യാജസൌഹാൎദ്ദത്തിന്റെ പ്രത്യക്ഷലക്ഷണമായിട്ടാണ് ഞാൻ ഈ പുഷ്പങ്ങളെ കരുതുന്നതു. ആ സഹോദരന്മാരോടെല്ലാം ഞാനിതാ ഒരിക്കൽക്കൂടെ വന്ദനം പറഞ്ഞുകൊള്ളുന്നു. എന്റെ ഈ യാത്രയിൽ വാസത്തിന്നുവേണ്ട സകല സൌകൎയ്യങ്ങളും ചെയ്തു തന്നു സ്വന്തസഹോദരനെപ്പോലെ വൎത്തിച്ചുവന്ന ബഹുമാനപ്പെട്ട കെ. വി. റെഡ്ഡിനായഡു അവർകളോടു എത്രതന്നെ വന്ദനം പറയുന്നതായാലും മതിയാകുന്നതല്ല. സഹോദരഭാവത്തിൽ എന്നെ വന്നുകണ്ട് സാന്ത്വനോക്തികളാൽ സമാധാനിപ്പിച്ച ബഹുമാനപ്പെട്ട രാജാരാമരായനിംഗാർ അവർകൾ, ബഹുമാനപ്പെട്ട പത്രോ അവർകൾ എന്നീ മാന്യന്മാരോടും എന്റെ കുശലാദികളെപ്പററി അന്വേഷണം ചെയ്യാൻ ബദ്ധശ്രദ്ധരായി സ

*

മയവും സൌകൎയ്യവും വ്യയംചെയ്ത മററനേകം മാന്യന്മാൎക്കും എനിക്കുള്ള അപാരമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊണ്ടും എന്റെ സഹോദരന്റെ ആത്മാവ് ശാശ്വതമായ പരമാനന്ദപദത്തിൽ ലയിക്കട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടും ഞാൻ നിങ്ങളോടു അനുജ്ഞ വാങ്ങിക്കൊള്ളുന്നു.

ഡാക്ടർ നായരുടെ സ്മാരകമായി ഒരു ഹാൾ കെട്ടുവാനും ഒരു പ്രതിമ സ്ഥാപിപ്പാനും ശ്രമിച്ചുവരുന്നുണ്ടെന്നും ആ ഉപയോഗത്തിന്നായി കുറച്ചു അസ്ഥി ആവശ്യമുണ്ടെന്നും നിങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ ഡാക്ടർ നടേശമുതലിയാരവർകൾ എന്നോടാവശ്യപ്പെട്ട പ്രകാരം ആ പെട്ടിയും കുറെ അസ്ഥിയും ഇതാ പ്രസിഡേണ്ടവർകളെ ഏല്പിച്ചിരിക്കുന്നു.

---

C 86

7 NOV 1942